www.keralapravasisangham.com

# പ്രവാസലോകം

വിശേഷാൽ പതിപ്പ്

ത്രൈമാസിക



## ലോക കേരള സഭ 2020

നാട്ടികയിൽ നിന്നും സ്കോട്ട്ലന്റ് യാർഡ് വരെ

പ്രവാസി ഡിവിഡന്റ് പദ്ധതി

മലയാള സിനിമ 2019

ശബരിമല വിമാനത്താവളം യാഥാർത്ഥ്യമാകുന്നു



കേരള സർക്കാർ



**ശ്രീ. പിണറായി വിജയൻ**
ബഹു. കേരള മുഖ്യമന്ത്രി,
& ചെയർമാൻ, നോർക്ക റൂട്ട്സ്

# തൊഴിൽ തേടി വിദേശത്തേക്കോ?

**നോർക്ക റൂട്ട്സ്** വഴികാട്ടും.

വിദേശജോലി എന്ന സ്വപ്നത്തിലേക്കുള്ള വഴിയിൽ റിക്രൂട്ടിംഗ് തട്ടിപ്പുകളിൽ വീഴാതെ സൂക്ഷിക്കുക.



## വിദേശ തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾ നിർബന്ധമായും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- തൊഴിൽദാതാവിനെ കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി മനസ്സിലാക്കിയിരിക്കണം.
- റിക്രൂട്ടിംഗ് ഏജൻസിയുടെ വിശദാംശങ്ങൾ കേന്ദ്രസർക്കാരിന്റെ **www.emigrate.gov.in**-ൽ പരിശോധിച്ച് ഉറപ്പ് വരുത്തണം.
- ഇ–മൈഗ്രേറ്റ് വെബ്പോർട്ടലിൽ രജിസ്റ്റർ ചെയ്യ്തിട്ടുള്ള റിക്രൂട്ടിംഗ് ഏജൻസികൾ മുഖേന മാത്രമേ വിദേശ കുടിയേറ്റം നടത്തുവാൻ പാടുള്ളൂ.
- അനധികൃത റിക്രൂട്ടിംഗ് ഏജൻസികൾ നൽകുന്ന സന്ദർശക വിസ പ്രകാരമുള്ള കുടിയേറ്റം നിർബന്ധമായും ഒഴിവാക്കുകയും ഇക്കാര്യത്തിൽ ജാഗ്രത പുലർത്തുകയും വേണം.
- ഉദ്യോഗാർത്ഥികൾ തൊഴിൽ ദാതാവിൽ നിന്നുള്ള ഓഫർ ലെറ്റർ കരസ്ഥമാക്കിയിരിക്കണം.
- തൊഴിൽ ദാതവ് വാഗ്ദാനം ചെയ്ത ജോലി അവരവരുടെ യോഗ്യതയ്ക്കും കഴിവിനും ഉതകുന്ന രീതിയിൽ ആണെന്ന് ഉറപ്പ് വരുത്തണം.
- ശമ്പളം മുതലായ സേവന വേതന വ്യവസ്ഥകൾ അടങ്ങുന്ന തൊഴിൽ കരാർ വായിച്ചു മനസ്സിലാക്കിയിരിക്കണം.
- വാഗ്ദാനം ചെയ്ത ജോലിയാണ് വിസയിൽ കാണിച്ചിരിക്കുന്നതെന്ന് ഉറപ്പ് വരുത്തണം.
- വിദേശതൊഴിലിനായി യാത്ര തിരിക്കുന്നതിന് മുമ്പ്, എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള പാസ്സ്പോർട്ട് ഉടമകൾ, നോർക്കയുടെ പ്രീ–ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലന പരിപാടി ഉപയോഗപ്പെടുത്തേണ്ടതാണ്.
- എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമുള്ള 18 ഇ.സി.ആർ രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടി പോകുന്ന ഇ.സി.ആർ പാസ്സ്പോർട്ട് ഉടമകൾക്ക്, കേന്ദ്രസർക്കാരിന്റെ ഇ–മൈഗ്രേറ്റ് വെബ് പോർട്ടൽ മുഖാന്തിരം തൊഴിൽ കരാർ നിർബന്ധമാണ്. സന്ദർശക വിസ നൽകിയാണ് അനധികൃത റിക്രൂട്ടിംഗ് ഏജന്റുകൾ ഇവരെ കബളിപ്പിക്കുന്നത്.
- വിദേശതൊഴിലുടമ ഇവരുടെ സന്ദർശക വിസ തൊഴിൽ വിസയാക്കി നൽകുമെങ്കിലും, തൊഴിൽ കരാർ ഇ–മൈഗ്രേറ്റ് സംവിധാനം വഴി തയ്യാറാക്കുന്നില്ല. ഇക്കാരണത്താൽ തൊഴിലുടമ ഇവരെ അനധികൃത കുടിയേറ്റക്കാരായി കണക്കാക്കുകയും പലർക്കും വേതനം, താമസം, മറ്റ് അർഹമായ ആനുകൂല്യങ്ങൾ എന്നിവ നിഷേധിക്കുകയും തൊഴിലിടങ്ങളിൽ വ്യത്തിഹീനമായ സാഹചര്യത്തിൽ ജോലി ചെയ്യേണ്ടി വരികയും ചെയ്യുന്നു.

**വിദേശജോലിയിലേക്കുള്ള നിങ്ങളുടെ ഓരോ ചുവടുവയ്പ്പും ശ്രദ്ധാപൂർവമാകട്ടെ**

NORKA ROOTS
A Government of Kerala Undertaking
*എന്നും പ്രവാസികൾക്കൊപ്പം*

**നോർക്ക റൂട്ട്സ്**, നോർക്ക സെന്റർ, തൈക്കാട്, തിരുവനന്തപുരം - 695014
ഫോൺ: **0471 2770500** | ഫാക്സ്: **0471 2326263** | ടോൾ ഫ്രീ നമ്പർ ഇന്ത്യയിൽ നിന്നും: **1800 425 3939**
വിദേശത്ത് നിന്നും മൊബൈലിലൂടെ മിസ്ഡ് കാൾ ചെയ്യൂ: **0091 88020 12345**
ഇ–മെയിൽ: mail@norkaroots.org | വെബ്സൈറ്റ്: **www.norkaroots.org**
**മേഖലാ ഓഫീസുകൾ**
തിരുവനന്തപുരം: **0471 2329950/2770561, 568, 553** | കൊച്ചി: **0484 237 1810/1830** | കോഴിക്കോട്: **0495 230 4882/4885**

**നോർക്ക റൂട്ട്സ് എന്നും പ്രവാസികൾക്കൊപ്പം**

പ്രവാസിലോകം
വിശേഷാൽ പതിപ്പ്



# ലോക കേരള സഭ
## 2020

അഭിവാദ്യങ്ങൾ

## കേരള പ്രവാസി സംഘം



# contents


പ്രവാസി ഡിവിഡന്റ് പദ്ധതി
*പി.റ്റി. കുഞ്ഞുമുഹമ്മദ് Ex. MLA* 06

ജനറൽ സെക്രട്ടറിയുടെ കുറിപ്പ്
*കെ.വി. അബ്ദുൾഖാദർ MLA* 09

ശുഭചിന്തകൾ
*വിജോയ് സ്കറിയ* 20

ചേക്കുട്ടിപ്പാവ
*ഷാഫിജ വേങ്ങേരി* 24

മാതംഗി
*രവി കണ്ണൂർ* 25

ലോക കേരള സഭ: പ്രവാസികൾക്ക്
ആഗോള അസംബ്ലി
*പി.കെ. അബ്ദുള്ള* 26

ഒരു ഇന്ത്യൻ ചിത്രം
*അനിൽ ശ്രായി* 27

അപ്പുവിന്റെ മകൻ
*കെ.കെ.രാജേന്ദ്രൻ* 28

ഒരു പ്രവാസിയുടെ
ഓർമ്മച്ചെപ്പ്
*തിരുവല്ല രാജഗോപാൽ* 31

സമ്പദ്ഘടനയുടെ ഘടന
*തോമസ് മാത്യു കടവിൽ* 32

ചൂഷണവും പ്രവാസവും
സാമ്പത്തിക ശാസ്ത്രവും
*ഡോ. മുബാരക് സാനി* 35

വർഷാന്തമാസങ്ങളിലെ
ലാഭനഷ്ടങ്ങൾ
*പ്രൊഫ. ജി. രാജശേഖരൻ* 38

സ്വപ്നം
*ജയശ്രീ രാജേഷ്* 45

50 ആണ്ടുകൾ പിന്നിട്ട്
ആയിരം പാദസരങ്ങൾ
*സുബ്രഹ്മണ്യൻ അമ്പാടി* 46

പാരീസ്
*ഫൈറോസ് ബീഗം* 50

തഴുതാമ
*എ.സി. ആനന്ദൻ* 53

10 **ലോക കേരള സഭ 2020**
**പുത്തൻപ്രതീക്ഷകളോടെ**
പീറ്റർ മാത്യു തിരുവല്ല

12 **മടങ്ങിവരുന്ന പ്രവാസികളും**
**കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയും**
ഡോ. തോമസ് ഐസക്

15 **നാട്ടികയിൽ നിന്നും**
**സ്കോട്ട്ലന്റ്യാർഡ് വരെ**
എം.സി. അബു

19 **ശബരിമല വിമാനത്താവളം**
**യാഥാർത്ഥ്യമാകുന്നു**
പി. സെയ്താലികുട്ടി

23 **കേരളം ജീവിക്കാൻ**
**കൊള്ളാവുന്ന നഗരം**
ബെന്യാമിൻ

44 **ഇന്ത്യ 2019**
**പിന്നിടുമ്പോൾ**
അഡ്വ. സുരേഷ് പരുമല

48 **മലയാള സിനിമ 2019**
**ഒരു തിരിഞ്ഞുനോട്ടം**
എം.എ.ലത്തീഫ്





*ചീഫ് എഡിറ്റർ*
പി.റ്റി. കുഞ്ഞുമുഹമ്മദ് Ex. MLA
*മാനേജിംഗ് എഡിറ്റർ*
കെ. വി. അബ്ദുൾഖാദർ MLA
*എഡിറ്റർ*
പീറ്റർ മാത്യു തിരുവല്ല
*പ്രിന്റർ & പബ്ലിഷർ*
എം.സി. അബു

**PRAVASALOKAM**
TC. 25/1955 (4) 2nd Floor, Manjalikulam Road,
Thampanoor, Trivandrum.
Tel: 0471-2333366. Mob: 9526047177
Email: keralapravasi2002@gmail.com
*Layout and Design:* Global, Tiruvalla Ph: 0469-2634355




# ആശംസകൾ...
# Message

**പിണറായി വിജയൻ**
*മുഖ്യമന്ത്രി*

സെക്രട്ടേറിയറ്റ്
തിരുവനന്തപുരം - 695 001

കേരളാ സർക്കാർ

നം 1075/പ്രസ്/സി.എം.ഒ/2019

ഡിസംബർ 20, 2019



## സന്ദേശം

ലോക കേരള സഭയുടെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി പ്രവാസലോകം മാസിക ഒരു വിശേഷാൽ പതിപ്പ് പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

സർക്കാർ നടപ്പിലാക്കി വരുന്ന പ്രവാസിക്ഷേമ-പുനരധിവാസ പദ്ധതികളെക്കുറിച്ചുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്നതാകും ഈ പ്രത്യേക പതിപ്പ് എന്നു പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

ടെലിഫോൺ: 0471 2333812 & 2333682 ഫാക്സ് 0471-2333489
ഇ-മെയിൽ chiefminister@kerala.gov.in വെബ്സൈറ്റ് www.keralcm.gov.in

# editorial



പ്രവാസി ഡിവിഡന്റ് പദ്ധതി നാല് പതിറ്റാണ്ടായി പ്രവാസി സമൂഹവും സാമ്പത്തിക വിദഗ്ദ്ധരും മാറി മാറി വന്ന കേരള ഗവൺമെന്റും ചർച്ച ചെയ്ത വിഷയമാണ് പ്രവാസി നിക്ഷേപം കേരളത്തിന്റെ വികസനത്തിനും മറ്റ് പുരോഗമന പ്രവർത്തനങ്ങൾക്കും എങ്ങനെ ഉപയോഗിക്കുവാൻ കഴിയും എന്നുള്ളത്. 1996-ലെ നയനാർ ഗവൺമെന്റാണ് ആദ്യമായി പ്രവാസികൾക്ക് ഒരു വകുപ്പുണ്ടാക്കുന്നത്. അക്കാലത്ത് ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ചെയർമാനും ശ്രീ. തോമസ് ഐസക്, പി.എം. ശ്രീധരൻ നമ്പൂതിരിപ്പാട്, വിനോദ് റോയ്, അമിതാഭ് കാന്ത്, ഈ എളിയ ഞാനും ചേർന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. അന്നുമുതലാണ് ഗവൺമെന്റ് ഈ വിഷയം ചർച്ച ചെയ്ത് തുടങ്ങുന്നത്. മാറി മാറി വന്ന പല ഗവൺമെന്റുകളും ഈ ചർച്ചകൾ മുന്നോട്ട് കൊണ്ടു പോയി. എന്നാൽ ഒരു ഉചിതമായ തീരുമാനം എടുക്കാൻ കഴിഞ്ഞില്ല. പ്രവാസി സമൂഹം കേരളത്തിന്റെ മുഖ്യ സാമ്പത്തിക സ്രോതസ്സായി മാറുന്നത് എഴുപതുകൾ മുതലാണ്. കേരളീയ സമൂഹം അതിന്റെ അതിജീവന ത്തിന്റെ മുഖ്യ ഉപാധിയായി പ്രവാസം സ്വീകരിക്കപ്പെട്ടു എന്ന് ബോധ്യമായത് മുതൽ ഈ സമൂഹം ആശങ്കയോടെയാണ് തങ്ങളുടെ ഭാവി നോക്കി കണ്ടത്. എഴുപതുകളുടെ പ്രവാസം മുഖ്യമായും കേന്ദ്രീകരിച്ചത് ഗൾഫ് മേഖലകളിലായിരിന്നു. കർഷക തൊഴിലാളികളും, മത്സ്യ തൊഴിലാളികളും, ബീഡി തൊഴിലാളികളും, ആതുര ശുശ്രൂഷ രംഗത്ത് പ്രവർത്തിക്കുന്നവരും, കുറച്ച് അഭ്യസ്ഥവിദ്യരുമാണ് ഈ കുടിയേറ്റത്തിന് മുഖ്യ പങ്കാളിയാവർ. സാമ്പത്തികമായി വളരെ പിന്നിൽ നിൽക്കുന്ന ഒരു സമൂഹമായിരുന്നു ഇതിൽ ബഹു ഭൂരിപക്ഷവും. ഇവർ കുടിയേറിയ ഗൾഫ് മേഖല ജീവിതത്തിന്റെ സമസ്ഥ മേഖലക്കളിലും പിന്നോക്കം നിന്ന പ്രദേശങ്ങളായിരുന്നു. ആഫ്രോ- ഏഷ്യൻ രാജ്യങ്ങളിലെ പിന്നോക്കക്കാർ മുഴുവൻ ഒത്തുചേരുന്ന ഒരു ആശയ കേന്ദ്രമായി ഗൾഫ് മേഖല മാറി. തങ്ങളുടെ കയ്യിൽ വന്ന ഈ സമ്പത്ത് എങ്ങനെ വിനിയോഗിക്കണം എന്ന് ആർക്കും അറിയില്ലായിരുന്നു. പൊതുവെ കുടിയേറ്റ സമൂഹം അവർക്ക് കിട്ടിയ സമ്പത്ത് സൂക്ഷ്മമായി നിക്ഷേപിക്കാൻ അപ്രാപ്തരായിരുന്നു. ആർഭാടങ്ങളും, ധൂർത്തും, ദാനവും എല്ലാം നിർലോഭം അവർ വാരി വിതറി. പ്രത്യുദ്പാതന ക്ഷമമല്ലാത്ത രമ്യ ഹർമ്മങ്ങളും മറ്റു വിവിധ ധൂർത്തുകളും എല്ലാം കൂടി ചേർന്നപ്പോൾ തിരിച്ചുവരേണ്ട സമയത്തേയ്ക്ക് കാര്യമായൊന്നും കരുതി വെയ്ക്കേണ്ടി വന്നില്ല. ചെറിയ ചെറിയ നിക്ഷേപമായി മടങ്ങി വന്നവർ ബാങ്കുകളിലെ ഫിക്സഡ് ഡിപ്പോസിറ്റുകളും സ്വർണ്ണ ക ട കൾ



പോലുള്ള സ്ഥാപനങ്ങളിൽ ഉയർന്ന പലിശയുള്ള നിക്ഷേപവും നടത്തി കൂടാതെ തങ്ങൾക്ക് പരിചയമില്ലാത്ത മേഖലകളിൽ ചെറിയ ചെറിയ വ്യാപരങ്ങളിലും വ്യവസായങ്ങളിലും പങ്കാളികളാവുകയും അതെല്ലാം സാമ്പത്തിക ദുരന്തമായി മാറുകയും ചെയ്തു. ഫിക്സഡ് ഡിപ്പോസിറ്റുകൾ പലവിധ പ്രലോഭന ങ്ങ ൾ കൊണ്ടും മിത്യാഭിമാന ചെലവുകൾ കൊണ്ടും വളരെ വേഗം സീറോ ബാലൻസിലേയ്ക്ക് കൂപ്പ് കുത്തി. തിരിച്ചുവന്ന ലക്ഷകണക്കിനാളുകൾ മറ്റു ജീവതോപാധികൾ ഇല്ലാതെ വലയുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. വാർദ്ധക്യ സഹജമായ രോഗങ്ങളുള്ള ഈ വിഭാഗം ചെറിയ ചെറിയ തൊഴിൽ അന്വേഷകരായി നമ്മുടെ മുന്നിൽ വന്ന് നിൽക്കുന്നു, വർത്തമാനകാലത്തിന്റെ ഒരു ദുരന്തകാഴ്ചയാണ് ഇത്. ഇത്തരത്തിലുള്ള ലക്ഷകണക്കിന് ആളുകളുടെ ദുരന്ത ജീവിതമാണ് ഈ ഗവൺമെന്റ് പ്രവാസി ഡിവിഡന്റ് പദ്ധതിയ്ക്ക് ഗൃഹപാഠമായി സ്വീകരിച്ചത്. ഇത്തരത്തിലുള ള ഒരു പദ്ധതിയെക്കുറിച്ച് കേരളം ഇന്നും ഇന്നലെയുമല്ല ആലോചിച്ചത്. വർഷങ്ങളായി അവരെക്കുറിച്ച് ആകുലപ്പെടുന്ന സമൂഹം ഗഹനമായി ആലോചിച്ച് 2008-ൽ അന്നത്തെ വൈദ്യുതി മന്ത്രിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കണ്ണൂരിൽ വെച്ച് ചേർന്ന കേരള പ്രവാസി സംഘം സംസ്ഥാനസമ്മേളനത്തിൽ ഇത്തരം ഒരു പദ്ധതിയെക്കുറിച്ച് ആലോചിക്കേതുണ്ട് എന്ന് പ്രഖ്യാപിക്കുകയുണ്ടായി. അദ്ദേഹം മുഖ്യമന്ത്രിയായി കേരളത്തിൽ ഒരു പുതിയ ഗവൺമെന്റ് അധികാരമേറ്റപ്പോൾ പ്രവാസത്തെക്കുറിച്ച് നല്ല ധാരണയും അവരുമായി സുദൃഢമായ ബന്ധവുമുള്ള മുഖ്യമന്ത്രി തന്നെ ആ വകുപ്പ് ഏറ്റെടുക്കുകയും ഒരു പ്രധാനപ്പെട്ട വകുപ്പായി നോർക്ക മാറുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. ലോക കേരള സഭ പോലുള്ള പുത്തൻ ആശയങ്ങൾ അന്തരാഷ്ട്ര രംഗത്ത് പോലും വലിയ മതിപ്പും ആശ്ചര്യവുമാണ് ഉളവാക്കിയത്. ലോക പ്രവാസത്തെക്കുറിച്ചുള്ള പുതിയ കാഴ്ചപ്പാടും അന്വേഷണവും കേരളം അതിന്റെ പ്രധാന അജണ്ടകളാക്കി മാറ്റി. നിരവധി പദ്ധതികൾ, സന്ത്വനം, NDPREM, പ്രവാസി സഹകരണ സംഘങ്ങൾ അങ്ങനെ എണ്ണമറ്റ പുതിയ പദ്ധതികൾ, ആശയങ്ങൾ എല്ലാം മുന്നോട്ട് വന്നുകൊണ്ടിരിക്കുന്നു. ഈ സന്ദർഭത്തിലാണ് പ്രവാസി ഡിവിഡന്റ് പദ്ധതി മുഖ്യമന്ത്രി 2019 ഡിസംബർ 14 ന് തൃശ്ശൂരിൽ വെച്ച് ഉദ്ഘാടനം ചെയ്തത്. എന്താണ് പ്രവാസി ഡിവിഡന്റ് പദ്ധതി:
- ഈ പദ്ധതി പ്രവാസികളുടെ നിക്ഷേപം സുരക്ഷിതമാക്കുകയും അത് നാടിന്റെ വികസനത്തിനും പുരോഗതിക്കും വേണ്ടി ശരിയായി ഉപയോ



ഗിക്കുക എന്നാണ് ഇതിന്റെ പ്രാഥമിക ദൗത്യം. ഒന്നര ലക്ഷം കോടിയോളം രൂപ പ്രതിവർഷം ബാങ്കുകൾ വഴി പ്രവാസികളിൽ നിന്നും കേരളത്തിൽ എത്തുന്നു. സ്വർണ്ണമായും വസ്ത്രമായും മറ്റ് ആഡംഭര വസ്തുക്കളായും വരുന്നത് വേറെയും. ഹവാല വഴിയും ധാരാളം പൈസ ഇന്ത്യയിലേയ്ക്കും കേരളത്തിലേയ്ക്കും എത്തുന്നു. ഭീമമായ ഒരു സംഖ്യയാണ് പ്രതിവർഷം കേരളത്തിൽ എത്തുന്നത്. ദേശസാത്കൃത ബാങ്കുകളിലും മറ്റ് ധനകാര്യ സ്ഥാപനങ്ങളിലുമായി നിക്ഷേപിക്കുന്ന ഈ തുക കേരളത്തിൽ നിക്ഷേപിക്കാതെ അത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകുന്ന ഒരു സംവിധാനമാണ് ഇപ്പോഴുള്ളത്. നമ്മുടെ ബാങ്കുകളുടെ ക്രെഡിറ്റ് റേഷ്യോ പരിശോധിച്ചാൽ ഇത് വ്യക്തമാക്കുന്നതാണ്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് കേരള ഗവൺമെന്റും പ്രവാസി വെൽഫെയർ ബോർഡും ചേർന്ന് ഇത്തരം ഒരു പദ്ധതി ആവിഷ്കരിച്ചത്. ഈ പദ്ധതിയിൽ മൂന്ന് ലക്ഷം മുതൽ 51 ലക്ഷം വരെ പ്രവാസി കേരളീയ ക്ഷേമ ആക്ടിൽ നിർവ്വചിക്കുന്ന വിഭാഗത്തിൽപ്പെട്ട പ്രവാസികൾക്ക് ഒറ്റത്തവണയായി നിക്ഷേപിക്കാവുന്നതാണ്. നിക്ഷേപിച്ച് മൂന്ന് വർഷം കഴിഞ്ഞാൽ 4-ാം വർഷം മുതൽ 10% ഡിവിഡന്റ് ഇവർക്ക് ലഭിക്കുന്നതാണ്. ഒരു വർഷത്തിൽ 10% ഡിവിഡന്റ് 12 കൊണ്ട് ഹരിച്ച് കിട്ടുന്ന തുക എല്ലാ മാസവും നിക്ഷേപകന്റെ അക്കൗണ്ടിലേയ്ക്ക് പ്രവാസി വെൽഫെയർ ബോർഡ് അയച്ചുകൊടുക്കും. ഇത് നിക്ഷേപകന്റെ മരണം വരെ തുടർച്ചയായി അദ്ദേഹത്തിന് ലഭിക്കുന്നതാണ്. അദ്ദേഹത്തിന്റെ മരണശേഷം ഇതേ തുക ജീവിതപങ്കാളിക്ക് ലഭിക്കുന്നതാണ്. അവരുടെ മരണശേഷം നോമിനിക്കോ നിയമപരമായ അവകാശിക്കോ നിക്ഷേപിച്ച തുകയും ആദ്യ മൂന്ന് വർഷത്തെ തുകയും ചേർത്ത് നല്കുന്നതാണ്. പിന്നെ ഒരു ആനുകൂല്യം ലഭിക്കുന്നതല്ല. ഉദാഹരണം 5 ലക്ഷം രൂപ നിക്ഷേപിക്കുന്ന ഒരു വ്യക്തിയ്ക്ക് 3 വർഷം കഴിഞ്ഞാൽ ഏകദേശം 5500/- രൂപയോളം ലഭിക്കുന്നു. നിക്ഷേപകനും ജീവിത പങ്കാളിയുടെയും മരണശേഷം ഏകദേശം ആറര ലക്ഷത്തോളം രൂപ നിയമ പരമായ അവകാശിക്കോ നോമിനിക്കോ ലഭിക്കു ന്നു. ഈ പദ്ധതിയിൽ നിക്ഷേപിച്ച തുക ഒരു കാരണവശാലും നിക്ഷേപകന്റെയോ ജീവിത പങ്കാളിയുടെയോ ജീവിതക്കാലത്ത് തിരിച്ച് എടുക്കുവാൻ കഴിയില്ല. ഈ നിക്ഷേപ തുക ഇടാക്കി ഒരു ലോണും എടുക്കുവാൻ കഴിയില്ല. ഈ നിക്ഷേപത്തിലോ അതിന്റെ വരുമാനത്തിലോ ഒരു തരത്തിലുള്ള അറ്റാച്ച്മെന്റും ആർക്കും കൊണ്ടു വരുവാൻ കഴിയില്ല. ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടവും ഇതു തന്നെയാണ്. നിക്ഷേപകനും ജീവിതപങ്കാളിയും മക്കളും സുരക്ഷിതമാകുന്ന അപൂർവ്വങ്ങളിൽ അപൂർവ്വമായ ഒരു പദ്ധതി. കിഫ്ബിയുടെയും കേരള ഗവൺമെന്റിന്റെയും സഹായത്തോടുകൂടിയാണ് ഈ പദ്ധതി കേരള പ്രവാസി





## മുൻ മന്ത്രിയും
## പ്രവാസി വ്യാവസായിക
## പ്രമുഖനും
## കുട്ടനാട് എം. എൽ. എയുമായ
# തോമസ് ചാണ്ടിക്ക്
## പ്രവാസലോകം
## എഡിറ്റോറിയൽ ബോർഡിന്റെ
## ആദരാഞ്ജലികൾ

വെൽഫെയർ ബോർഡ് നടപ്പാക്കുന്നത്. ബോർഡിന് ഇതിൽ യാതൊരു ലാഭവുമില്ല. ബോർഡിന്റെ അക്കൗണ്ടിൽ വരവ് വെയ്ക്കുന്ന അതേ സമയത്ത് തന്നെ നോ പാർക്കിംഗ് സിസ്റ്റത്തിൽ കിഫ് ിക്ക് നല്കുന്നതാണ്. കിഫ് ിയും കേരളഗവൺമെന്റും ചേർന്നുള്ള 10% ഡിവിഡന്റ് ബോർഡ് വഴി നിക്ഷേപകന്റെ അക്കൗണ്ടിലേയ്ക്ക് എത്തുന്നു. ഈ പദ്ധതി കേരള നിയമസഭ ഐക്യകണ്ഠമായും, മന്ത്രിസഭയും എല്ലാം അംഗീകരിച്ചതാണ്. ഈ പദ്ധതിക്ക് നിക്ഷേപകന് അവന്റെ നിക്ഷേപത്തിന് ഉറപ്പ് കേരള ഗവൺമെന്റ് തന്നെയാണ്. ഈ പദ്ധതി ഏതെങ്കിലും ഒരു ഘട്ടത്തിൽ ഗവൺമെന്റിന് നിർത്തലാക്കണം എന്ന് തോന്നിയാൽ നിർത്തലാക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. എന്നാൽ നിർത്തലാക്കുന്നത് വരെ ഈ പദ്ധതിയിൽ അംഗമായ എല്ലാവർക്കും അതിൽ ചേരുന്ന സമയത്ത് ലഭിച്ച എല്ലാ ഉറപ്പുകളും പൂർണ്ണമായും ഗവൺമെന്റ് പാലിക്കുന്നതാണ്. അതായത് നിക്ഷേപകന്റെയും ജീവിത പങ്കാളിയുടെയും മക്കളുടേയും മേൽ വിവരിച്ച എല്ലാ അവകാശങ്ങളും അവർക്ക് ഒരു ഉപേക്ഷയും കൂടാതെ ലഭ്യമാകുന്നതാണ്. ഇത് പലിശ ആയിട്ടല്ല ഗവൺമെന്റും ബോർഡും നിക്ഷേപകന് കൊടുക്കുന്നത്. ഈ സംഖ്യ പലിശയായിട്ട് പെരുപ്പിക്കലല്ല ഉദ്ദേശിക്കുന്നത്. നാടിന്റെ ദീർഘകാലത്ത വികസനത്തിനും അതുപോലെ മറ്റ് ഉചിതമായ മേഖലകളിലും ഉപയോഗിച്ച് നാടിന്റെ സമ്പത്ത് വർദ്ധിപ്പിക്കാനാണ് ശ്രമിക്കുന്നത്. ഇത് ഇന്ത്യയിലെ ഒരു സംസ്ഥാന ഗവൺമെന്റോ യൂണിയൻ ഗവൺമെന്റോ ഇതുവരെ ആലോചിക്കാത്ത ഒരു പദ്ധതിയാണ്. ഇന്ന് ലോകമെമ്പാടും പ്രവാസികൾ ഈ പദ്ധതിയെക്കുറിച്ചുള്ള ചർച്ചകളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഈ പദ്ധതി വിജ്ഞാപനമായി വന്നതിന് ശേഷം യു.എ.ഇ. യിൽ ഉള്ള ഡോക്ടർ റീമോൾ അലക്സും അവരുടെ ഹസ് ൻഡും ഞങ്ങളുടെ ഓഫീസിൽ വരികെയും പോസ്റ്റ് ഡേറ്റഡ് ചെക്ക് നല്കി ഡിവിഡന്റ് പദ്ധതിയിൽ അംഗമാവാൻ ഉള്ള അപേക്ഷ നല്കി തിരികെ പോകുകയും ചെയ്തു. ഇങ്ങനെ നൂറ് കണക്കിനാളുകളാണ് ഞങ്ങളെ ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നത്.

ഭാവിയിൽ കേരളത്തിന്റെ വികസനത്തിനുള്ള ഒരു സ്ഥിരം വരുമാന മാർഗ്ഗമായി ഈ പദ്ധതിയെ മാറ്റാൻ കഴിയുന്നതാണ്. ഈ പദ്ധതിയുടെ ഒരു പ്രത്യേകത ഇതിൽ നിക്ഷേപിക്കുന്ന മുഴുവൻ സംഖ്യയും നിക്ഷേപകന് കിട്ടുന്ന വരുമാനവും ഈ നാട്ടിൽ തന്നെ ചെലവിടുന്നു എന്നുള്ളതാണ്. ഗവൺമെന്റിനോ കിഫ് ിക്കോ സുരക്ഷിതമെന്നുതോന്നുന്ന ഏതു മേഖലയിൽ വേണമെങ്കിലും ഇതിൽ നിന്നും ലഭിക്കുന്ന പണം ഉപയോഗിക്കാവുന്നതാണ്. ഒരു ഉപാധിയും പ്രവാസി സമൂഹം മുന്നോട്ട് വെയ്ക്കുന്നില്ല. അങ്ങനെ ചരടുകളില്ലാത്ത ഈ ധനാഗമന മാർഗ്ഗം ഒരു പുത്തൻ ആശയം തന്നെയാണ് കേരളീയ സമൂഹത്തിന് മുന്നിൽ തുറന്നിട്ടുള്ളത്. സ്വപ്നങ്ങൾ ചിലപ്പോഴൊക്കെ യാഥാർത്ഥ്യമാകുമെന്ന് എന്നെ ബോദ്ധ്യപ്പെടുത്തിയത് പ്രവാസി ഡിവിഡന്റ് പദ്ധതിയാണ്.

പാവപ്പെട്ട പ്രവാസി സമൂഹം ഏതുകാലത്തും ആകുലതയോടെ ആലോചിച്ചിരുന്ന ഒരു വിഷയമായിരുന്നു ഭാവി ജീവിതം സുരക്ഷിതമാക്കുന്ന ഒരു പദ്ധതി. കിട്ടിയ കാലങ്ങളെല്ലാം ആർഭാടങ്ങളും ധർമ്മങ്ങളും ഉദാരതയും കൊണ്ട് മനുഷ്യ സമൂഹത്തെ സ്നേഹിച്ച് ജീവിക്കാൻ മറന്നുപോയ ലക്ഷകണക്കിന് പ്രവാസികളുടെ ഓർമ്മയ്ക്കായ് ഈ പദ്ധതി സമർപ്പിക്കുന്നു. അവരുടെ കണ്ണീരിൽ നിന്നും കിനാവിൽ നിന്നും വിയർപ്പിൽ നിന്നും ഉയർത്തെഴുന്നേറ്റതാണ് ഈ നിക്ഷേപ സുരക്ഷാ പദ്ധതി. എല്ലാവരും ഈ പദ്ധതിയിൽ അഭയം തേടണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വാസപൂർവ്വം,

**പി.റ്റി. കുഞ്ഞുമുഹമ്മദ് Ex. MLA**

## ജനറൽ സെക്രട്ടറിയുടെ കുറിപ്പ്

2020 – ലോക കേരള സഭയുടെ രണ്ടാം സമ്മേളനത്തിൽ പങ്കെടുക്കുന്ന എല്ലാ പ്രവാസി പ്രതിനിധികൾക്കും സാമാജികർക്കും അഭിവാദ്യങ്ങൾ. ഈ ഒത്തുചേരൽ കേരള ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലാകുകയാണ്. വിവിധ മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള പ്രവാസി പ്രതിനിധികളിൽ നിന്ന് പ്രവാസികളുടെ മുന്നോട്ടുള്ള സുഗമമായ പ്രയാണത്തിനുതകുന്ന മികച്ച നിർദ്ദേശങ്ങൾ ഉണ്ടാകുമെന്നതിൽ സംശയമില്ല.

രണ്ടു വർഷ കാലയളവിൽ തന്നെ കുറേ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുവാൻ ഈ സമിതിക്കു സാധിച്ചു. അര നൂറ്റാണ്ട് കാലമായി കേരളത്തിന്റെ സമ്പത്ത് ഘടനയെ പരിപോഷിപ്പിച്ച് പോരുന്ന പ്രവാസി സമൂഹത്തോടൊപ്പം എക്കാലവും നിൽക്കുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുന്ന ഇടതു പക്ഷ സർക്കാരിനും അതിനു നേതൃത്വം നല്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അഭിവാദ്യങ്ങൾ.

നാം കൂടുതൽ വെല്ലുവിളി നേരിടുന്ന കാലഘട്ടമാണിത്. ആയിരങ്ങൾ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിയെത്തി കൊണ്ടിരിക്കുകയാണ്. മടങ്ങിയെത്തുന്നവരുടെ പുനരധിവാസം എന്നത് സർക്കാർ മാത്രം വിചാരിച്ചാൽ തീരുന്നതല്ല. മറിച്ച് പ്രവാസി കൂട്ടായ്മകളുടെ കൂടി കൂട്ടായ ശ്രമവും അനിവാര്യമാണ്. സംഘടന മുമ്പോട്ടു വച്ച ബ്ലോക്കുതല സഹകരണ സംഘങ്ങളുടെയും, സ്വയം തൊഴിൽ സഹായ സഹകരണ സംഘങ്ങളുടേയും രൂപീകരണം സമയ ബന്ധിതമായി പൂർത്തികരിക്കണം. പ്രവാസി കുടുംബങ്ങൾക്ക് അത്താണിയായി സംഘടന മാറണം. യൂണിറ്റു തലത്തിലുള്ള സംഘടന പ്രവർത്തനം ശക്തമാക്കണം. പ്രവാസിക്ഷേമനിധിയിൽ അംഗങ്ങളെ ചേർക്കുന്നതിൽ പ്രവർത്തകർ വേണ്ടത്ര ജാഗ്രത കാണിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

നോട്ട് നിരോധനം, ജി.എസ്.ടി. ഇങ്ങനെയുള്ള ഭരണവൈകല്യം മൂലം ഇന്ത്യൻ സമ്പത്ഘടന താറുമാറായിരിക്കയാണ്. തൊഴിലില്ലായ്മ എക്കാലത്തേക്കാളും രൂക്ഷമാണ്. തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ കൊണ്ടോ അനുകൂലമല്ലാത്ത മറ്റ് സാഹചര്യങ്ങൾ കൊണ്ടോ പ്രവാസി സുഹൃത്തുക്കൾ ജോലി ഉപേക്ഷിക്കാതെ പരമാവധി പിടിച്ചു നിൽക്കുകയോ മറ്റേതെങ്കിലും ജോലിക്കു ശ്രമിക്കുകയോ ചെയ്യണം.

കേന്ദ്ര സർക്കാർ പൗരത്വ ഭേദഗതി ബിൽ പാസ്സാക്കിയതിലൂടെ ഭരണഘടന വിഭാവനം ചെയ്തിരുന്ന മതേതരത്വ റിപ്പബ്ലിക്ക് എന്ന അടിസ്ഥാന ആശയം തന്നെ ഇല്ലാതായിരിക്കയാണ്. രാജ്യം ഇന്നോളം നേടിയെടുത്ത യശസ്സ് ആഗോളതലത്തിൽ ഇല്ലാതായി. ജനങ്ങളെ വർഗീയമായി ചേരിതിരിച്ച് രാഷ്ട്രീയ നേട്ടം ഉണ്ടാക്കുക എന്നതാണ് ബി. ജെ. പി യുടേയും സംഘപരിവാർ സംഘടനകളുടേയും ലക്ഷ്യം. ഈ നിയമം നടപ്പിലാകുന്നതോടെ പാശ്ചാത്യ രാജ്യങ്ങളിൽ കുടിയേറി പാർക്കുന്ന ഇന്ത്യാക്കാരുടെ വിദേശ ഇന്ത്യാ കാർഡ് (OCI) റദ്ദാക്കാനുള്ള ഉപാധിയാക്കി മാറ്റാം. ചെറിയ നിയമലംഘനം പോലും കാരണമാക്കി പൗരത്വ നിക്ഷേധം നടപ്പിലാക്കാം. ഈ ബില്ലിനെതിരെ ലോക വ്യാപകമായി നടക്കുന്ന പ്രതിക്ഷേധങ്ങളിൽ കേരള പ്രവാസി സംഘവും പങ്കു ചേരുന്നു. പ്രതിക്ഷേധ സമരങ്ങൾ കേന്ദ്ര സർക്കാരിന്റെ വിവാദ പൗരത്വ ഭേദഗതി ബിൽ നടപ്പാക്കാനുള്ള തീരുമാനത്തിൽ മാറ്റം വരുത്തുമെന്ന് നമുക്ക് പ്രത്യാശിക്കാം.

അഭിവാദനങ്ങളോടെ,

**കെ.വി. അബ്ദുൾഖാദർ**
*എം.എൽ.എ*





ലോക കേരള സഭ

2020

# പുത്തൻപ്രതീക്ഷകളോടെ



**പീറ്റർ മാത്യു തിരുവല്ല**
*എഡിറ്റർ*

ലോക കേരള സഭ രണ്ടാം വാർഷിക സമ്മേളനം ഡെലിഗേറ്റുകൾക്ക് പ്രതീക്ഷാനിർഭരവും ഐശ്വര്യ സമ്പൂർണവുമായ പുതുവർഷാശംസകൾ.

കേരള സർക്കാരിന്റെ ക്രിയാത്മകവും ഭാവനാപൂർണ വുമായ തീരുമാനത്തിലൂടെ ലോകമെങ്ങുമുള്ള പ്രവാസി മലയാളികളുടെ ചിരകാലസ്വപ്നമാണ് ലോക കേരള സഭയിലൂടെ യാഥാർത്ഥ്യമായത്. കേരളത്തിന്റെ വളർച്ചയിൽ നിർണായക പങ്കു വഹിക്കുന്ന പ്രവാസ സമൂഹത്തെ അംഗീകരിക്കാനും കേരളത്തിന്റെ കുതിപ്പിന് കരുത്തേകുവാനുള്ള ക്രിയാത്മക പങ്കാളിത്തത്തിന് അവസരമൊരുക്കുവാനും ലോകകേരളാ സഭയിലൂടെ സാധിക്കുമെന്നതിൽ സംശയമില്ല. പുതിയ ആശയങ്ങൾക്കും, നിർദ്ദേശങ്ങൾക്കും, ചർച്ചകൾക്കും കാതോർക്കാം. അതിലൂടെ ഉരുത്തിരിയുന്ന സാധ്യതകൾ നവകേരള നിർമ്മാണത്തിനും പ്രവാസി സമൂഹത്തിനും ഗുണകരമാകുമെന്ന് പ്രതീക്ഷിക്കാം.

കേരള സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും സമയോചിതമായ ഇടപെടലുകളും നോർക്കാ റൂട്ട്സ്, പ്രവാസി ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രവർത്തനങ്ങളും പ്രവാസി സമൂഹത്തിന് നൽകുന്ന പ്രത്യാശയും പ്രതീക്ഷയും ഉറപ്പും വിലമതിക്കാനാവാത്തതാണ്. അപ്പോൾ തന്നെ ലോക കേരളാ സഭാ ഡെലിഗേറ്റുകളുടെ ശ്രദ്ധ പതിയേണ്ടുന്ന നിരവധി പ്രശ്നങ്ങൾ നമുക്ക് മുന്നിലുണ്ട്.

കേരളത്തിനും പ്രവാസി സമൂഹത്തിനും ഏറെ വേദനാജനകമായ ഓർമ്മകൾ നൽകിയാണ് 2019 വിടവാങ്ങിയത്. ആവർത്തിക്കപ്പെട്ട പ്രകൃതി ദുരന്തങ്ങൾ, ആയിരക്കണക്കിന് പ്രവാസി കുടുംബങ്ങളെയും ദുരിതത്തിലാക്കി. ജീവൻ നഷ്ടപ്പെട്ടവരും കിടപ്പാടവും ജീവിത സമ്പാദ്യങ്ങളെല്ലാം നഷ്ടമായവരുമെല്ലാം നമുക്ക് മുന്നിലുണ്ട്. ലോകമെങ്ങുമുള്ള പ്രവാസികൾ ഒറ്റക്കും കൂട്ടായും സർക്കാരിനോട് ചേർന്നും ദുരിതത്തിൽ ആശ്വാസമെത്തിച്ചത് കേരള സമൂഹം നന്ദിയോടെ ഓർക്കും. കേരളാ പ്രവാസിസംഘവും മാതൃകാപരമായി ദുരന്തമേഖലകളിൽ സഹായവുമായി ഓടിയെത്തിയെന്നതും എടുത്തു പറയട്ടെ.

ലോകമെങ്ങും മലയാളി പ്രവാസികൾ നിരവധി വെല്ലുവിളികൾ നേരിടുന്ന കാലഘട്ടമാണിത്. ആയിരങ്ങൾക്ക് ജോലി നഷ്ടമാകുന്നു. ജോലി തട്ടിപ്പിലും, വിസാ തട്ടിപ്പിലുമൊക്കെ പെട്ട് നിരവധി മലയാളി ചെറുപ്പക്കാർ യൂറോപ്പിലടക്കം പല രാജ്യങ്ങളിലും ജയിലിലും മറ്റുമുണ്ട്. ഇവരുടെ മോചനത്തിനും, നിയമ സഹായത്തിനുമൊക്കെ സമയോചിതമായ ഇടപെടലുകൾ അനിവാര്യമാണ്.

വർഷങ്ങളായി പ്രവാസികൾ ഉന്നയിക്കുന്ന പ്രശ്നമാണ് അമിതമായ നിരക്ക് ഏർപ്പെടുത്തി പ്രവാസിയെ കൊള്ളയടിക്കുന്ന വിമാന കമ്പനികളെക്കുറിച്ച് ഇതുവരെ ഈ പ്രശ്നത്തിന് പരിഹാരമായിട്ടില്ല. പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ കഠിനാധ്വാനം ചെയ്ത് പാവപ്പെട്ട സാധാരണക്കാരായ തൊഴിലാളികൾ സമ്പാദിക്കുന്ന പണമാണ് വിമാനക്കമ്പനികൾ കാലങ്ങളായി കൊള്ളയടിക്കുന്നത്. കേരളത്തിൽ നിന്നുള്ള ഏകമന്ത്രിയും വിദേശകാര്യ സഹമന്ത്രിയുമായ ശ്രീ. വി. മുരളീധരൻ ഈ രംഗത്ത് സ്വാധീനം ചെലുത്തി പ്രവാസികൾക്ക് അനുകൂലമായ നിലപാട് കേന്ദ്ര ഗവർമെന്റിനെക്കൊണ്ട് എടുപ്പിക്കണമെന്ന നിർദേശം കൂടെ മുന്നോട്ടുവയ്ക്കട്ടെ. കൂടാതെ എമിഗ്രേഷൻ തുകയായി പിരിച്ചെടുത്ത ശതകോടികളാണ് കേന്ദ്രഖജനാവിൽ കെട്ടിക്കിടക്കുന്നത്. പ്രവാസികളുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഈ ഫണ്ട് ഉപയോഗിക്കണം. ഈ ആവശ്യം ഉന്നയിച്ച് കേരള പ്രവാസി സംഘം പാർലമെന്റ് മാർച്ച് ഉൾപ്പെടെയുള്ള സമരപരിപാടികൾ നടത്തിയിരുന്നു.

സുപ്രീംകോടതി വിധിയിലൂടെ മരടിലെ ഫ്ളാറ്റുകൾ പൊളിക്കുന്നു. ആരൊക്കെയോ ചെയ്ത പാപത്തിന്റെ അനന്തരഫലം പാവം പ്രവാസിയാണ് അനുഭവിക്കേണ്ടി വന്നതെന്ന യാഥാർത്ഥ്യം നാം മറന്നു പോകരുത്. സ്വന്തനാട്ടിൽ ഒരു ഭവനം എന്ന സ്വപ്നമാണ് ഓരോ പ്രവാസിയുടെയും കഠിനാധ്വാനത്തിന്റെ പ്രചോദനം. അങ്ങനെ സമ്പാദിച്ചു കൊണ്ടുവന്ന പണം ഇതുപോലുള്ള കെണികളിൽ നഷ്ടമാകുന്നു. പ്രവാസിക്ക് കൃത്യമായ മാർഗനിർദ്ദേശം യഥാസമയം ലഭിച്ചിരുന്നെങ്കിൽ ഇത്തരം ദുരന്തങ്ങൾ ഒഴിവാക്കാമായിരുന്നു.

വിദേശരാജ്യങ്ങളിൽ അപകടങ്ങളിൽപ്പെട്ട് മരിക്കുന്നവർ, ജീവച്ഛവമായി നാട്ടിൽ മടങ്ങേണ്ടി വന്നവർ. ഇങ്ങനെയുള്ള നൂറുകണക്കിനാളുകൾക്ക് ന്യായമായ, അർഹമായ നഷ്ടപരിഹാരങ്ങൾ അതത് രാജ്യങ്ങളിൽ നിന്ന് ലഭിക്കുന്നില്ലന്നതാണ് ദുഃഖകരം. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനുള്ള ക്രിയാത്മകമായ ഇടപെടലുകൾ അത്യാവശ്യമാണ്.

വിദേശത്ത് ജോലി ചെയ്യുന്നവർ, മടങ്ങി നാട്ടിലെത്തിയവർ, ഇങ്ങനെയുള്ള പ്രവാസികളുടെ കുടുംബാംഗങ്ങൾ, കേരളാ സമൂഹത്തിന്റെ 30% ജനങ്ങൾ ഈ വിഭാഗത്തിൽ വരും. ഈ വിഭാഗത്തിന് മതിയായ പ്രാതിനിധ്യം ജനാധിപത്യപ്രക്രിയകളിലുൾപ്പെടെ ലഭിക്കേണ്ടിയിരിക്കുന്നു.

കേരളത്തിലെ പ്രതിപക്ഷമാകട്ടെ എന്തിനും ഏതിനും രാഷ്ട്രീയ വിമർശനം ഉന്നയിക്കുകയാണ്. ഈ നാടിനുവേണ്ടി അധ്വാനിക്കുന്ന പ്രവാസികളുടെ വിഷയങ്ങളിലെങ്കിലും രാഷ്ട്രീയം കലർത്തരുതെന്ന അപേക്ഷയാണ് ഞങ്ങൾക്കുള്ളത്. ആന്തൂർ കൺവെൻഷൻ സെന്ററിന്റെ ഉടമ ശ്രീ. സാജന്റെ ആത്മഹത്യയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ലോക കേരളസഭയുടെ ഉപാദ്ധ്യക്ഷൻ സ്ഥാനം രാജിവെച്ച നടപടി വില കുറഞ്ഞതായിപ്പോയി. ഉദ്യോഗവൃന്ദത്തിന്റെ അനാസ്ഥയിൽ സംഭവിച്ച ഈ ദൗർഭാഗ്യകരമായ സംഭവത്തിൽ കർശനമായ നടപടി സംസ്ഥാന സർക്കാർ കൈക്കൊണ്ടു. മറിച്ച് ക്രിയാത്മകമായ നിർദ്ദേശങ്ങൾ പ്രതിപക്ഷ നേതാവ് മുമ്പോട്ട് വച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ സ്വീകാര്യത പ്രവാസി സമൂഹത്തിൽ വർദ്ധിക്കുമായിരുന്നു. ലോക കേരള സഭയോടുള്ള പ്രതിപക്ഷ അംഗങ്ങളുടെ നിസ്സഹകരണം തികച്ചും അധാർമ്മികമാണ്. രാഷ്ട്രീയ താല്പര്യങ്ങൾ മാറ്റിവെച്ച് പ്രവാസികളുടെ പൊതുനന്മക്കായി നമുക്ക് പ്രയത്നിക്കേണ്ടവരുടെ ഈ നിലപാടുകൾ പ്രതിഷേധാർഹമാണ്.

ലോകത്തിന്റെ അഞ്ചുവൻകരയിൽ നിന്നും ഈ സമ്മേളനത്തിന് എത്തിയിരിക്കുന്ന മുഴുവൻ പ്രവാസി പ്രതിനിധികൾക്കും പ്രവാസലോകത്തിന്റെ അഭിവാദ്യങ്ങൾ. ●





# മടങ്ങിവരുന്ന പ്രവാസികളും കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയും



**ഡോ. തോമസ് ഐസക്**

ഗൾഫിലെ പ്രവാസികൾ ഇന്നല്ലെങ്കിൽ നാളെ നാട്ടിലേക്ക് തിരിച്ചുവന്നേ തീരൂ പടിഞ്ഞാറൻ നാടുകളിലേക്ക് പോയവരാകട്ടെ, അവിടെ സ്ഥിരതാമസമാക്കാനാണ് ശ്രമിക്കുക. ഇപ്പോൾ കേരളത്തിലുള്ള മടങ്ങിവന്ന പ്രവാസികളിൽ 95 ശതമാനവും ഗൾഫ് രാജ്യങ്ങളിൽ നിന്നാണ്. കേരളത്തിലെ തൊഴിൽ പ്രായത്തിലുള്ള ഒമ്പത് പുരുഷന്മാരിൽ ഒരാൾ വീതമെങ്കിലും പ്രവാസിജീവിതം അവസാനിപ്പിച്ച് തിരിച്ചുവന്നവരായുണ്ട്. അതുകൊണ്ട് പ്രവാസികളുടെ തിരിച്ചുവരവിൽ പരിഭ്രാന്തിയോ അതിരുകവിഞ്ഞ ആശങ്കയോ വേണ്ട എന്ന് വാദിക്കുന്നവരുണ്ട്. 2008 ലെ ആഗോളമാന്ദ്യത്തിന്റെ പ്രത്യാഘാതമായി വലിയ തോതിൽ ഗൾഫിൽ നിന്ന് തിരിച്ചുവരവ് ഉണ്ടാവില്ല എന്ന് അക്കാലത്തു തന്നെ ശരിയായി വിലയിരുത്തിയ പണ്ഡിതനാണ് സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ എന്റെ സുഹൃത്ത് ഡോ. ഇരുദയ രാജൻ. ദുബായിൽ നിന്നു മാത്രമേ വലിയതോതിലുള്ള പ്രവാസി മടക്കപ്രവാഹം ഉണ്ടായുള്ളു. അവരാകട്ടെ, മറ്റു ഗൾഫ് രാജ്യങ്ങളിലേയ്ക്കോ മാന്ദ്യം അവസാനിച്ചതോടെ ദുബായിലേക്കു തന്നെയോ തിരിച്ചുപോയി. ഇന്ന് അദ്ദേഹം പോലും അഭിപ്രായം മാറ്റിയിട്ടുണ്ട്.

**കുടിയേറ്റവും മടങ്ങി വരവും**

കേരളത്തിൽ നിന്നുള്ള പ്രവാസി മലയാളികളെക്കുറിച്ചുള്ള ഏറ്റവും സവിസ്തരമായ വിവരശേഖരം പ്രൊഫ. കെ. സി. സക്കറിയയും, ഡോ. ഇരുദയ രാജനും ചേർന്നു നടത്തിയിട്ടുള്ള എട്ട് സർവ്വേകളാണ്. 1998 ൽ 10,000 കുടുംബങ്ങളെയാണ് അവർ

**പട്ടിക 1**

**കേരളത്തിൽ നിന്നുള്ള വിദേശ പ്രവാസികളുടെ എണ്ണത്തിലുള്ള വർദ്ധന**

| *വർഷം* | *കുടിയേറ്റക്കാരുടെ എണ്ണം* | *വർദ്ധന/ഇടിവ്* | *% വർദ്ധന/ ഇടിവ്* |
|---|---|---|---|
| 1998 | 1361919 | | |
| 2003 | 1838478 | 476559 | 25.9 |
| 2008 | 2193412 | 354934 | 16.2 |
| 2011 | 2280543 | 87131 | 3.8 |
| 2013 | 2400375 | 119832 | 5.0 |
| 2016 | 2271725 | 128650 | 5.7 |
| 2018 | 2121887 | 149838 | 7.1 |

*അവലംബം:- പ്രൊഫ. കെ. സി. സക്കറിയയും ഡോ. ഇരുദയ രാജനും തയ്യാറാക്കിയ സർവ്വേ റിപ്പോർട്ടുകൾ*




സർവ്വേ ചെയ്തത്. തുടർന്ന് 2018 വരെ എട്ട് സർവ്വേകൾ നടത്തി. ഈ 10000 കുടുംബങ്ങൾക്കു പുറമേ മറ്റൊരു 5000 കുടുംബങ്ങളെക്കൂടി പടിപടിയായി സർവ്വേയിൽ ഉൾപ്പെടുത്തുകയു ണ്ടായി. അതുകൊണ്ട് താരതമ്യപഠനത്തിന് ഏറ്റവും അനുയോജ്യമായാണ് ഇവരുടെ റിപ്പോർട്ടുകൾ.

1998 ൽ 14 ലക്ഷം മലയാളികളാണ് വിദേശത്ത് ഉണ്ടായിരുന്നത്. 2003 ൽ അത് 18 ലക്ഷമായും 2008 ൽ 21 ലക്ഷമായും 2013 ൽ 24 ലക്ഷമായും ഉയർന്നു. എന്നാൽ 2016 ൽ പ്രവാസികളുടെ എണ്ണം 23 ലക്ഷമായും 2018 ൽ 21 ലക്ഷമായും കുറഞ്ഞു. ഏതാണ്ട് 1.7 ലക്ഷം പ്രവാസികൾ അതായത് 12 ശതമാനം എണ്ണത്തിൽ അഞ്ചു വർഷം കൊണ്ട് കുറവുണ്ടായി. ഇതിനുള്ള കാരണം പലതാണ്.

ഈ ഇടിവിന് പ്രധാനപ്പെട്ട കാരണം സ്വദേശിവത്ക്കരണമാണ്. 10 തൊഴിലാളികളേക്കാൾ കൂടുതൽ ആളുകളെ പണിയെടുപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഒരു നിശ്ചിത ശതമാനം തൊഴിൽ തദ്ദേശീയർക്ക് നീക്കിവെക്കണം എന്ന നിബന്ധന പണ്ടേ ഉണ്ടായിരുന്നു. പക്ഷേ, അത് നടപ്പാക്കാനാവില്ല എന്ന് സൗദി അധികൃതർക്ക് ബോധ്യപ്പെട്ടു. അറബികൾക്കും സ്വന്തം നാട്ടിൽ പല പണികളും ചെയ്യുന്നതിന് വൈമനസ്യമാണ്. പല ഉന്നത സാങ്കേതിക മേഖലകളിലും ആവശ്യത്തിന് സ്വദേശി തൊഴിലാളികളെ കിട്ടാത്ത സ്ഥിതിയുമുണ്ടായി. എല്ലാവർക്കും ഒരേ നിബന്ധന പറ്റില്ല. അങ്ങനെയാണ് സൗദി അധികൃതർ സ്ഥാപനങ്ങളെ തരം തിരിക്കാൻ തുടങ്ങിയത്. നിതാഖാത് എന്നാൽ, തരംതിരിക്കുക എന്നാണ് അർത്ഥം 2009 ലാണ് ഈ പുതിയ നയത്തിന് രൂപം നല്കിയത്. തുടർന്ന് തൊഴിലുകളെ 41 മേഖലകളായി തിരിച്ചു. ഓരോന്നിലും സവിശേഷതകൾ കണക്കി ലെടുത്ത് എത്ര ശതമാനം സൗദി അറേബ്യൻ പൗരന്മാർക്ക് ചുരുങ്ങിയത് ജോലി നല്കണം എന്ന നിബന്ധനയുണ്ടാക്കി. സ്ഥാപനങ്ങളെ തൊഴിലാളികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചായി തിരിച്ചു. വലിപ്പം കൂടുന്തോറും സ്വദേശി തൊഴിലാളി പങ്കാളിത്തത്തിന്റെ ശതമാനം കൂടും. സൗദി അറേബ്യയിൽ തുടങ്ങിയ ഈ സമീപനം എല്ലാ ഗൾഫ് രാജ്യങ്ങളിലും ഏറിയും കുറഞ്ഞും വ്യാപിച്ചിട്ടുണ്ട്.

രണ്ടാമത്തെ പ്രധാനപ്പെട്ട കാരണം ഗൾഫിലെ സാമ്പത്തിക മാന്ദ്യമാണ്. ഒപ്പക് രാജ്യങ്ങൾ തമ്മിലുള്ള തർക്കം മൂലം പണ്ടത്തെപ്പോലെ യോജിപ്പോടെ വില ഉയർത്തി നിർ ത്താൻ കഴിയുന്നില്ല. അമേരിക്കയാണെങ്കിൽ ഷെൽ ഓയിൽ വികസിപ്പിച്ചെടുത്ത് അറബ് രാജ്യങ്ങളുടെ പെട്രോൾ കുത്തക ദുർബലപ്പെടുത്തി. ഇത് രണ്ടും മൂലം പെട്രോളിന്റെ അന്തർദേശീയ വില കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെയായി. താഴ്ന്നിരിക്കുകയാണ്. ഇത് ഗൾഫ് മേഖലയിൽ സാമ്പത്തിക മാന്ദ്യത്തിന് രൂപം നൽകി. നിർമ്മാണ പ്രവർത്തനങ്ങൾ മന്ദീഭവിച്ചു. സാമ്പത്തിക വളർച്ചയും മുരടിച്ചു. സ്വഭാവികമായും ഇത് തൊഴിലവസരങ്ങളെയും പ്രതികൂലമായി ബാധിച്ചു.

തിരിച്ചുവരുന്നവരുടെ എണ്ണം സ്ഥിരമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. 1998ൽ 7.3 ലക്ഷം പേർ പ്രവാസം അവസാനിച്ചു തിരികെ വന്നവരായി ഉണ്ടായിരുന്നു. 2003ൽ 8.3 ലക്ഷവും 2008ൽ 11.6 ലക്ഷവും 2018ൽ 12.9 ലക്ഷവുമായി. തിരിച്ചുവരുന്നവരിൽ 30 ശതമാനം പേർ ജോലി നഷ്ടപ്പെട്ട് തിരിച്ചുവന്നവരാന്. മറ്റൊരു 9 ശതമാനം പേർ താഴ്ന്ന ശമ്പളം, സാമ്പത്തിക പ്രതിസന്ധിയെല്ലാം മൂലമാണ്. കേവലം 4 ശതമാനം മാത്രമാണ് സംതൃ പ്തിയോടെ മടങ്ങുന്നത്. റിട്ടയർ ചെയ്തവരും കേരളത്തിലെ ജോലി ഇഷ്ടപ്പെടുന്നതു കൊണ്ട് തിരിച്ചുവരുന്നവരും ഏതാണ്ട് 7 ശതമാനം വരും.

**മടങ്ങി വരവും വിദേശപണ വരുമാനവും**

കുടിയേറ്റക്കാർ മാതൃരാജ്യങ്ങളിലേയ്ക്ക് അയക്കുന്ന മൊത്തം വരുമാനത്തിൽ ഏതാണ്ട് 11 ശതമാനം അതായത് 7000 കോടി ഡോളർ ഇന്ത്യയിലേയ്ക്കാണ് വരുന്നത് (2017). ചൈനയ്ക്കുപോലും 6500 കോടി ഡോളറേ ലഭിക്കുന്നുള്ളൂ. ഇന്ത്യയിലേയ്ക്ക് വരുന്ന വരുമാനത്തിന്റെ 19 ശതമാനം കേരളത്തിലേയ്ക്കാണ് വരുന്നത്. 17 ശതമാനം വരുന്ന മഹാരാഷ്ട്ര വിദേശപണത്തിന്റെ ശതമാനത്തിൽ ചെറിയൊരു ഇടിവ് ഉണ്ടായിട്ടുണ്ടെ ങ്കിലും ബാങ്കുകളിലെ എൻ ആർ ഐ ഡെപ്പോസിറ്റും റെമിറ്റൻസും വർദ്ധിച്ചിട്ടേയുള്ളു. ഗൾഫിൽ നിന്നും ഗണ്യമായി തിരിച്ചു വരവു നടന്ന 2015 നും 2017 നും ഇടയ്ക്ക് എൻ ആർ ഐ ഡെപ്പോസിറ്റുകൾ ഏതാണ് 43000 കോടി രൂപയും 18000 കോടി രൂപയും വർ ദ്ധിച്ചു. ഇതിനു രണ്ട് കാരണങ്ങളുണ്ട്. തിരിച്ചുവരുന്നവർ അവരുടെ എല്ലാ സമ്പാദ്യവു മായിട്ടാണ് തിരികെ വരുന്നത്. രണ്ട്, കൂടുതൽ മലയാളികൾ തിരിച്ചു വരുന്നുണ്ടെങ്കിലും ഉയർന്ന ജോലിയും വരുമാനവുമുള്ളവരുടെ കുടിയേറ്റം വർദ്ധിക്കുന്നുമുണ്ട്. പ്രത്യേകിച്ച് പാശ്ചാത്യരാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റം ഈ കലയളവിൽ വർദ്ധിച്ചിട്ടുണ്ട്.

കേരളത്തിലേയ്ക്ക് വരുന്ന വിദേശപണ വരുമാനം സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ഏതാണ്ട് മൂന്നിലൊന്നു വരും. ഇത് കേരള സമ്പദ്ഘടനയ്ക്ക് വലിയൊരു ഉത്തേ ജകമായിട്ടുണ്ട്. ഒന്ന്, കേരളത്തെ ഇന്ത്യയിലെ ഏറ്റവും ഉയർന്ന പ്രതിശീർഷ ഉപഭോഗമുള്ള ആദ്യത്തെ മൂന്നു സംസ്ഥാനങ്ങളിൽ

ഒന്നായി ഉയർത്തി. പ്രതിശീർഷ ആഭ്യന്തര വരുമാനത്തെക്കാൾ ഉയർന്നതാണ് കേരളത്തിലെ ഉപഭോഗം. ഏറ്റവും കൂടുതൽ കൺസ്യൂമർ ഡ്യൂറബിൾസ് ഉപയോഗിക്കുന്ന സംസ്ഥാനം കേരളമാണ്. ഗൾഫ് പണ വരുമാനത്തിൽ നല്ലൊരു പങ്ക് ഭൂമി വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും മറ്റുമാണ് കുടിയേറ്റക്കാർ ചെലവഴിച്ചിട്ടുള്ളത്. രണ്ട്, ഉയർന്ന ചെലവിനുശേഷവും ഗണ്യമായ ഒരു വിഹിതം സമ്പാദ്യമാക്കി മാറ്റുന്നതിനു കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ എൻ ആർ ഐ ഡെപ്പോസിറ്റിന്റെ കണക്ക് പട്ടിക (3) ൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. പഞ്ചാബ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ആസ്തിയുള്ള ഗ്രാമീണ കുടുംബങ്ങൾ കേരളത്തിലാണുള്ളത്. മൂന്ന്, വ്യവസായ മേഖലയിലേയ്ക്ക് നിക്ഷേപങ്ങൾ പോയില്ലെങ്കിലും ഉപഭോക്തൃ സേവനങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാന ആഭ്യന്തര വരുമാന വളർച്ചയിൽ കുതിപ്പുണ്ടായി. 1987 മുതൽ സമീപ വർഷങ്ങൾ വരെ ദേശീയ ശരാശരിയേക്കാൾ കേരളത്തിന് സാമ്പത്തിക വളർച്ചയുണ്ടായി. 2017-18 ൽ കേരളത്തിന്റെ പ്രതിശീർഷ ആഭ്യന്തര ഉൽപ്പാദനം 1.79 ലക്ഷം രൂപയാണ്. ദേശീയ പ്രതിശീർഷ ആഭ്യന്തര ഉൽപ്പാദനം 1.27 ലക്ഷം രൂപയാണ്.

ഗൾഫിൽ നിന്നുള്ള പണവരുമാനം വർദ്ധിക്കുന്നുണ്ടെങ്കിലും തിരിച്ചുവരവ് ഇതുപോലെ തുടർന്നാൽ വരുമാനത്തിലും ഇടിവ് സംഭവിക്കുമെന്നത് തീർച്ചയാണ്. മാത്രമല്ല, തിരിച്ചു വരവ് പണം ചെലവാക്കുന്നതിനെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഭൂമി ഇടപാടുകൾ ഇടിഞ്ഞു, ഭൂമി വില ഉയരുന്നില്ല. ഇത് സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിൽ പ്രതിഫലിച്ചു കാണാം. നിർമ്മാണ പ്രവൃത്തികൾ മന്ദീഭവിച്ചു. ഉപഭോക്തൃ ഉൽപ്പന്നങ്ങൾ പണ്ടത്തെപ്പോലെ ചെലവാകുന്നില്ല. സംസ്ഥാന നികുതി വരുമാനം ഏതാണ്ട് 10 ശതമാനം മാത്ര മായി വർദ്ധിക്കുന്നതിന് പ്രധാനപ്പെട്ട ഒരു കാരണം കമ്പോളത്തിലെ ഈ മുരടിപ്പാണ്. ഉപഭോഗ കമ്പോളത്തെ ഒരു ഭയാശങ്ക പിടികൂടിയിരിക്കുകയാണ്. ഈ കമ്പോള മാന്ദ്യം ഉൽപ്പാദനത്തെയും പ്രതികൂലമായി ബാധിച്ചു തുടങ്ങി. സംസ്ഥാനത്തിന്റെ വരുമാന വളർച്ച 2013-14 ൽ 3.9 ശതമാനവും 2014-15 ൽ 4.3 ശതമാനവും മാത്രമായിരുന്നു. 2015-16 ൽ അത് 7.4 ശതമാനമായി ഉയർന്നെങ്കിലും പിറ്റേവർഷം 602 ശതമാനമായി താഴ്ന്നു.

**കേരളത്തിന്റെ മാന്ദ്യവിരുദ്ധ പാക്കേജ്**

നമ്മുടെ മുന്നിലുള്ള ഭയാശങ്ക ആഗോളമാന്ദ്യമാണ്. ഈ ആഗോള മാന്ദ്യം 2008 ലെ പോലെ ആയിരിക്കില്ല. ഇപ്പോൾ തന്നെ ദുർബലമായിരിക്കുന്ന ഗൾഫ് സമ്പദ്ഘടനകൾക്ക് അത് വലിയ ആഘാതമായിരിക്കും. വലിയ തോതിൽ പ്രവാസികൾ മടങ്ങി വരുന്നതിന് ഇടയാക്കും. അത് ഇപ്പോൾ തന്നെ മുരടിപ്പ് ബാധിച്ചിരിക്കുന്ന കേരള സമ്പദ്ഘടനയ്ക്ക് വലിയ തിരിച്ചടി സൃഷ്ടിക്കും. പ്രവാസി പ്രതിസന്ധി മറ്റേത് സംസ്ഥാനത്തേക്കാളും നമ്മെയാണ് രൂക്ഷമായി ബാധിക്കുക. ഈ സർക്കാരിന്റെ 2016-17 ലെ ആദ്യ ബജറ്റിൽ ഇത്തരമൊരു സാഹചര്യത്തെ മുൻകൂട്ടി കണ്ടുകൊണ്ട് ഒരു മാധ്യവിരുദ്ധ പാക്കേജ് തന്നെ പ്രഖ്യാപിക്കുകയുണ്ടായി. ബജറ്റ് പ്രസംഗത്തിലെ പ്രസക്തമായ ആ ഭാഗം പൂർണ്ണമായും ഇവിടെ ഉദ്ധരിക്കുന്നതായിരിക്കും ഉചിതം.

'..... ഭീതിജനകമായ സാമ്പത്തിക അന്തരീക്ഷമാണ് നിലവിലുള്ളത്. ഗൾഫിലെ പ്രതി സന്ധി ശമിച്ചില്ലെങ്കിൽ ഇപ്പോൾ പ്രത്യക്ഷപ്പെട്ടിരിക്കുന്ന സാമ്പത്തികമാന്ദ്യം അതീവരൂ ക്ഷമാകും. റബർവിലയുടെ കാര്യത്തിലെന്നപോലെ ഗൾഫ് പ്രതിസന്ധിയും നമ്മുടെ പ്രദേശത്തെ മാത്രം കേന്ദ്രീകരിച്ചിട്ടുള്ള ഒന്നായതിനാൽ ദേശീയ പരിഗണന ലഭിക്കണ മെന്നില്ല. എന്നാൽ വിധിക്കു വഴങ്ങാൻ നാം തയ്യാറല്ല. രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാമ്പത്തികമാന്ദ്യം നേരിടുന്നതിന് 2008 ലെന്നപോലെ ഒരു മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. റിസർവ്വ് ബാങ്കിന്റെ റിപ്പോർട്ടിലടക്കം നാം അന്ന് എടുത്ത നടപടി ശ്ലാഘിക്കപ്പെട്ടു. യഥാർത്ഥത്തിൽ കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 2008 നേക്കാൾ ഗുരുതരമായ ഒരു അവസ്ഥയാണ് നിലവിലുള്ളത്. അതുകൊണ്ട് അന്ന് 5,000 കോടിയുടെ പാക്കേജായിരുന്നെങ്കിൽ ഇന്ന് 12,000 കോടി രൂപയുടെ പാക്കേജാണ് പ്രഖ്യാപിക്കുന്നത്. ഈ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കു 30കൾ തുടങ്ങിയ മൂലധന ചെലവുകൾ മാത്രമാണ് ഉൾ പ്പെടുത്തിയിട്ടുള്ളത്. നടപ്പുവർഷത്തിൽ ഇതിൽ 2500 കോടി രൂപയെങ്കിലും ചെലവാ കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുപുറമേ ഭൂമി ഏറ്റെടുക്കുന്നതിന് 8,000 കോടി രൂപ അടുത്ത വർഷം അവസാനിക്കുമ്പോഴേയ്ക്കും വേണ്ടി വരും. അങ്ങനെ മൊത്തം 20,000 കോടി രൂപ. ഇവ സംബന്ധിച്ച വിശദാംശങ്ങൾ ഓരോ മേഖലയുമായി ബന്ധപ്പെട്ട് തുടർന്ന് നല്ക്കുന്നുണ്ട്..

എങ്ങനെയാണ് ഇത്ര ഭീമമായ ഒരു പാക്കേജിനുള്ള വിഭവം സമാഹരിക്കുക? ഇതിനുള്ള സമീപനം 2011 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ബജറ്റിൽ വിശദീകരിച്ചിരുന്നു. സുസ്ഥിരമായ വരുമാനം സർക്കാരിൽ നിന്ന് ഉറപ്പുവരുത്തപ്പെട്ട ഒരു പ്രത്യേക കമ്പനിയുടെ മുൻകൈയിൽ കമ്പോളത്തിൽ നിന്നു പണം സമാഹരിച്ച് സർക്കാർ നിയന്ത്രണത്തിലുള്ള സ്വതന്ത്ര ഏജൻസികൾ വഴി റോഡും മറ്റും പണിയണമെന്നതാ യിരുന്നു നിർദ്ദേശം. 40,000 കോടി രൂപയുടെ ബൃഹത്തായ ഗതാഗത നിർമ്മാണ പദ്ധതിയാണ് അന്നു മുന്നോട്ടുവച്ചത്. എന്നാൽ ദൗർഭാഗ്യവശാൽ തുടർന്ന് അധികാരത്തിൽ വന്നവർ ഇതിനെ പരിഹസിച്ച് തള്ളിക്കളയുകയാണു ചെയ്തത്. ഇടതുപക്ഷ സർക്കാരിന്റെ ഈ സമീപനം യാഥാർത്ഥ്യമായിരുന്നെങ്കിൽ കേരളത്തിൽ എന്തു വലിയ മാറ്റം കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഉണ്ടാകുമായിരുന്നു! ഈ അഞ്ചു വർഷത്തെ നഷ്ടം നികത്താൻ കൂടി ഉതകുന്ന രീതിയിൽ ശക്തമായി ബജറ്റിന് പുറത്ത് മൂലധനച്ചെലവ് വർദ്ധിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കേരള ഇൻഫ്രാ സ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കിഫ്ബി)1999 ൽ സ്ഥാപിതമായ ഒരു ധനകാര്യസ്ഥാപനമാണ്. 1999 ലെ കിഫ്ബി ആക്ടിന്റെ ചട്ടങ്ങൾ സമഗ്രമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുകയാണ്. ഇത് വഴി സെബിയും ആർബിഐയും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയെ സജ്ജമാക്കും. സമൂലമായ നിയമ ഭേദഗതികൾ വഴി കടം വാങ്ങുന്ന പ്രക്രിയയുടെ വിശ്വാസ്യത ഉറപ്പിക്കുവാനും നിക്ഷേപകർക്ക് അവരുടെ മുതലും പലിശയും താമസം വിനാ നല്കുമെന്നും ഉറപ്പ് നല്കുവാൻ കഴിയും. *(തുടരും)*

# നാട്ടികയിൽ നിന്നും സ്കോട്ട്ലൻ്റ് യാർഡ് വരെ



എം.സി. അബു

തൃശൂരിലെ ഒരു കൊച്ചുഗ്രാമത്തിൽ നിന്ന് ലോകത്തിന്റെ നെറുകയിലേക്ക് ഉയർന്നുവന്ന **യുസഫ് അലി.**

കേവലമൊരു ബിസിനസുകാരൻ എന്നതിനപ്പുറം പിറന്ന മണ്ണിനോട് വൈകാരികമായ അടുപ്പം സൂക്ഷിക്കുന്ന അദ്ദേഹത്തിന്റെ ജീവിതം ഓരോ മലയാളിക്കും പ്രചോദനവും ആവേശവുമാണ്. പ്രവാസി ഇന്ത്യാക്കാർക്ക് താങ്ങും തണലുമായ യുസഫ് അലി പ്രവാസലോകത്തോട് ഹൃദയം തുറക്കുന്നു

● *തൃശ്ശൂരിലെ നാട്ടികയിൽ നിന്ന് ലോകത്തിന്റെ നെറുകയിലേക്കുള്ള യാത്രയിൽ തുണയായ ജീവിത പാഠങ്ങൾ എന്തൊക്കെയാണ്?*

ഈശ്വര വിശ്വാസം, നിശ്ചയദാർഢ്യം, ആത്മവിശ്വാസം, കഠിനാധ്വാനം, സത്യസന്ധത, കാലത്തിനനുസരിച്ചുള്ള മാറ്റങ്ങൾ, പ്രതിസന്ധികളിൽ തളരാതെയുള്ള പ്രവർത്തനം എന്നിങ്ങനെയുള്ള കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയുമില്ലാതെയാണ് ഇന്നും മുന്നോട്ട് പോകുന്നത്.

● *താങ്കളുടെ ബിസിനസ് വളർച്ചാ കാലഘട്ടത്തിൽ പലപ്പോഴും ലോകം സാമ്പത്തിക മാന്ദ്യത്തിലൂടെ പോയിട്ടുണ്ട്. അത്തരം സന്ദർഭങ്ങൾ എങ്ങനെ അതിജീവിച്ചു?*

2008 ൽ ലോകം ആഗോള സാമ്പത്തിക മാന്ദ്യത്തെ അഭിമുഖീകരിച്ചപ്പോൾ ഒട്ടുമിക്ക കമ്പനികളും ജീവനക്കാരെ പിരിച്ചു വിട്ടും ശമ്പളം വെട്ടിക്കുറച്ചുമാണ് അതിനെ നേരിട്ടത്. പക്ഷെ ഇത്തരത്തിലുള്ള കടുത്ത തീരുമാനങ്ങൾ എടുക്കാതെ പ്രവർത്തനം വ്യാപിപ്പിക്കുകയുണ്ടായിരുന്നു ഞങ്ങൾ. അത് എങ്ങനെ സാധിച്ചു എന്നതിന് ഒരു ചെറിയ ഉത്തരം മാത്രമേയുള്ളു. വൈവിധ്യവത്കരണത്തിന് മുതിരാതെ ഏത് ബിസിനസിലാണോ ഉള്ളത് അതിൽ തന്നെ ഉറച്ച് നിൽക്കുക. മറ്റുള്ളവർ എന്ത് ചെയ്യുന്നു എന്ന് കണ്ട് ശരിയായ ആലോചനകളില്ലാതെ എടുത്ത് ചാടി ലോകം കീഴടക്കാൻ മുതിരാതിരിക്കുക. റിയൽ എസ്റ്റേറ്റ് ബിസിനസ് അതിന്റെ മൂർധന്യാവസ്ഥയിൽ എത്തിയപ്പോൾ ഗൾഫിൽ അതിലാഭം കിട്ടിയവർ ഏറെയാണ്. പക്ഷെ ഞങ്ങൾ അത്തരത്തിലുള്ള വൈവിധ്യാത്കരണത്തിന് ഒരുങ്ങാതെ ഞങ്ങളുടെ മേഖലയിൽ തന്നെ ശ്രദ്ധ കേന്ദ്രീകരിക്കുകയാണുണ്ടായത്. ഈ തീരുമാനം സാമ്പത്തിക മാന്ദ്യം പോലുള്ള പ്രതിസന്ധി ഘട്ടങ്ങളിൽ ഞങ്ങൾക്ക് കൂടുതൽ വളർച്ച കൈവരിക്കുവാൻ സഹായിച്ചു.




**മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽ കലാമിൽ നിന്ന് പ്രവാസി ഭാരതീയ സമ്മാൻ ഏറ്റുവാങ്ങിയപ്പോൾ**

● *അരലക്ഷത്തോളം സംതൃപ്തരായ തൊഴിലാളികൾ. അങ്ങയുടെ സഹപ്രവർത്തകരോടുള്ള കരുതലിന്റെ കഥകളേറെ കേട്ടിട്ടുണ്ട്. തൊഴിലാളികളെ കൂടെ നിർത്തുന്നതിൽ വിജയിച്ചതെങ്ങനെ?*

മുഴുവൻ ആളുകളും സംതൃപ്തരാണോ എന്ന് എനിക്ക് പറയാൻ സാധിക്കുകയില്ല. 58,936 സഹപ്രവർത്തകരാണ് ഗൾഫ് രാജ്യങ്ങൾ, യു.എസ്. സ്പെയിൻ, യു.കെ. ഈജിപ്ത്, ഇന്ത്യ, കിഴക്കനേഷ്യൻ രാജ്യങ്ങൾ, ചൈന, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിലായി ലുലു ഗ്രൂപ്പിൽ ജോലി ചെയ്യുന്നത്. തൊഴിൽ ചെയ്യുന്നതിനാവശ്യമായ ഏറ്റവും മികച്ച ഭൗതിക സാഹചര്യങ്ങളാണ് കമ്പനിയിൽ നിലനിൽക്കുന്നത്. എന്നോട് എന്തും പറയുവാനുള്ള സ്വാതന്ത്ര്യം ആർക്കും ഞാൻ നൽകിയിട്ടുണ്ട്. വലിപ്പ ചെറുപ്പമില്ലാതെ ഏതൊരാൾക്കും എന്റെ തിരക്കുകൾക്കിടയിലും ഓഫീസിൽ കടന്ന് വന്ന് എന്നെ നേരിട്ട് കാണാൻ കഴിയുന്ന സംവിധാനമാണ് ഇവിടെയുള്ളത്. അവരുടെ ഏത് വിഷമങ്ങളും മറ്റും പരിഹരിക്കുന്നതിനാവശ്യമായ നടപടികളാണ് കൈക്കൊള്ളുന്നത്. എന്നിരുന്നാലും എന്നാൽ കഴിയുംവിധം അവർക്ക് വേണ്ടി ഞാൻ പരിശ്രമിക്കാറുണ്ട്. കമ്പനിയിൽ ജോലി ചെയ്യുന്ന ഒരുവിധം എല്ലാവരേയും അവരേയും അവരുടെ കുടുംബങ്ങളെയും എനിക്ക് നേരിട്ടറിയാം. ഒരു പക്ഷെ അവരോടുള്ള എന്റെ ഇത്തരത്തിലുള്ള ഒരു സമീപനമായിരിക്കാം മറ്റുള്ള കമ്പനികളിൽ നിന്നും വ്യത്യസ്തമായി വിട്ടുപോകുന്ന ഒരു രീതി ഇവിടെ അങ്ങനെ കാണാൻ സാധിക്കാത്തത് (കേവലം 1.6% മാണ് വിട്ടുപോകുന്നവരുടെ കണക്ക്)

● *ഗൾഫിൽ ചുവടുറപ്പിച്ചിട്ടും കേരളത്തിലേക്ക് എത്താൻ വൈകിയെന്ന തോന്നലുണ്ടോ?*

ഒരിക്കലുമില്ല. ശരിയായ സമയത്ത് തന്നെയാണ് കേരളത്തിലേക്കും പ്രവർത്തനം വ്യാപിപ്പിച്ചത് വെറും ഒരു മാൾ എന്നതിലുപരി ഏറെ സവിശേഷതകളുള്ള ഒരു ലാൻഡ്മാർക്ക് ഷോപ്പിംഗ് മാൾ ആരംഭിക്കുന്നതിനാവശ്യമായ ചില മുന്നൊരുക്കങ്ങൾ ഉറപ്പ് വരുത്തിയാണ് കൊച്ചിയിൽ ലുലു മാൾ പദ്ധതിക്ക് തുടക്കം കുറിച്ചത്. മാൾ ആരംഭിച്ച് പിന്നീട് അത് കേരളം ഏറ്റെടുത്തു എന്നത് ഒരു വ്യവസായിയെ സംബന്ധിച്ചിടത്തോളം ഏറെ സംതൃപ്തി നൽകുന്ന ഒരു കാര്യമാണ്. പക്ഷെ കേരളത്തിൽ ഞാൻ അനുഭവിച്ചതും അനുഭവിച്ചു കൊണ്ടിരിക്കുന്നതുമായ മാനസിക സംഘർഷം ലോകത്ത് ഒരിടത്തും ഞാൻ അനുഭവിച്ചിട്ടില്ല.

● *പൊതുവെ വിദേശമലയാളികൾ കേരളത്തിൽ ബിസിനസ് തുടങ്ങാൻ അറച്ചു നിൽക്കുന്നവരാണ്. താങ്കളും കേരളത്തിൽ ബിസിനസ് തുടങ്ങിയത് ഭയത്തോടെയാണോ?*

തീർച്ചയായും അല്ല. കേരളത്തിലെ സ്വകാര്യ മേഖലയിലെ ഒരു നിക്ഷേപകനായ എനിക്കും ചില അവസരങ്ങളിൽ വിഷമങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു എന്നത് വാസ്തവമാണ്. ഏതൊരു പുതിയ പദ്ധതി വരുമ്പോഴൊക്കെ അതിനെപ്പറ്റി വിവാദമുണ്ടാക്കുന്നതാണ് ഇപ്പോഴത്തെ ഒരു രീതി. പക്ഷെ അതിനെയൊക്കെ ധീരമായി നേരിടുകയും മറിച്ചാണെങ്കിൽ ഇന്ന് കൊച്ചിയിലെ ഏകദേശം പതിനായിരക്കണക്കിന് ആളുകൾക്ക് നേരിട്ടും അല്ലാതെയും തൊഴിൽ നൽകുന്ന ഒരു സാഹചര്യം ഉണ്ടാകു

മായിരുന്നില്ല.

● *യുവ സംരഭകരോടും നാട്ടിൽ മുതൽ മുടക്കുവാൻ പ്ലാൻ ചെയ്യുന്ന പ്രവാസികളോടും ചില വാക്കുകൾ?*

നിയമങ്ങളും മറ്റും ശരിയായ വിധം പാലിക്കുകയാണെങ്കിൽ മുതൽ മുടക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് ഒട്ടേറെ സാധ്യതകളാണ് നമ്മുടെ നാട്ടിലുള്ളത്. കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി നിക്ഷേപാനുകൂല അന്തരീക്ഷമാണ് ഇപ്പോൾ നാട്ടിൽ നിലവിലുള്ളത്. ബിസിനസിൽ വിജയം വരിക്കാൻ യാതൊരു കുറുക്ക് വഴികളും ഇല്ല എന്ന സത്യം ആദ്യമേ മനസ്സിലാക്കുക. സത്യസന്ധത, ആത്മാർത്ഥത, കഠിനാധ്വാനം, നല്ല പെരുമാറ്റം, എളിമ ഇവകൊണ്ട് നേടാൻ കഴിയാത്തതായി ഒന്നുമില്ല. ഏതൊരു സ്ഥാപനത്തിന്റെയും സുഖകരമായ നടത്തിപ്പിന് സമൂഹത്തിലെ എല്ലാ ആളുകളുമായും നല്ല ബന്ധം ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഇക്കാര്യത്തിൽ മുൻവിധിയോടെ യാതൊന്നും പാടില്ല. ആയതു കൊണ്ട് എല്ലാവരുമായും നല്ല സൗഹൃദാന്തരീക്ഷത്തിൽ കാര്യങ്ങൾ മുന്നോട്ട് കൊണ്ട് പോകണമെന്നാണ് എന്റെ അഭിപ്രായം. ബിസിനസും വ്യക്തിബന്ധവും ഒരുപോലെ കൊണ്ടു നടക്കാൻ സാധിക്കുന്ന ആളുകൾക്ക് മാത്രമേ വിജയം കൈവരിക്കുവാൻ സാധിക്കുകയുള്ളു.

● *ഈസ്റ്റിന്ത്യാ കമ്പനി, സ്കോട് ലാൻഡ് യാർഡ് കീഴടക്കിയ വമ്പന്മാരുടെ നിരതന്നെയുണ്ട് മുന്നിൽ. ഓരോ ഇന്ത്യാക്കാരും താങ്കളെയോർത്ത് അഭിമാനിക്കുന്നുണ്ടാകാം. എന്താണ് അടുത്ത പദ്ധതികൾ?*



**മുൻ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ പത്മശ്രീ പുരസ്കാരം സമ്മാനിക്കുന്നു**

പ്രീമിയം ഉല്പന്നങ്ങളുടെ വിപണനമാണ് ഈസ്റ്റ് ഇന്ത്യാ കമ്പനി യൂറോപ്പിലെ വിവിധ നഗരങ്ങളിൽ നടത്തുന്നത്. ലണ്ടനിലെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കോട്ട് ലാൻഡ് യാർഡ് പൈതൃക മന്ദിരം ഡിസംബർ ആദ്യവാരം പ്രവർത്തനം ആരംഭിച്ചു. അന്താരാഷ്ട്ര ഹോട്ടൽ ഗ്രൂപ്പായ ഹയാത്തിനാണ് ഇതിന്റെ നടത്തിപ്പ് ചുമതല.

ഗൾഫ് രാജ്യങ്ങൾ, ഈജിപ്ത്, കിഴക്കനേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ കൂടുതൽ ഹൈപ്പർമാർക്കറ്റുകൾ ആരംഭിക്കുന്നതിനു



**ലണ്ടനിൽ എലിസബത്ത് രാജ്ഞിക്കൊപ്പം**



പ്രധാനമന്ത്രി യുഎഇ സന്ദർശിച്ചപ്പോൾ അബുദാബി കിരീടാവകാശി ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനൊപ്പം

ള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈജിപ്തിൽ അവിടുത്തെ സർക്കാരാണ് 5 ഹൈപ്പർമാർക്കറ്റുകൾ നിർമ്മിച്ച് ഞങ്ങൾക്ക് കൈമാറുന്നത്. ഇത് സംബന്ധിച്ചുള്ള കരാർ ഈജിപ്ത് പ്രധാനമന്ത്രിയുടെ സാന്നിധ്യത്തിൽ കഴിഞ്ഞ ആഗസ്റ്റിൽ ഒപ്പ് വെച്ചു. ഇത് കൂടാതെ തിരുവനന്തപുരം, ലഖ്നോ എന്നിവിടങ്ങളിലെ പുതിയ ലുലു ഷോപ്പിംഗ് മാളുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കർണ്ണാടക, തമിഴ്നാട്, ഗുജറാത്ത്, ജമ്മുകാശ്മീർ എന്നിവിടങ്ങളിലും പുതിയ പദ്ധതികൾ ആലോചനയിലാണ്.

● *ലോക കേരള സഭയെക്കുറിച്ച്?*

നമ്മുടെ നാടിന്റെ യശസ്സ് ആഗോള തലത്തിലെത്തിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചിട്ടുള്ളവരാണ് പ്രത്യേകിച്ച് മലയാളികളായ പ്രവാസികൾ. കഠിനാധ്വാനം കൊണ്ടും തങ്ങളുടെതായ വ്യക്തിപ്രഭാവം കൊണ്ടും ശോഭിച്ച പ്രവാസികളുടെ സജീവ പങ്കാളിത്തം നാടിന്റെ സമഗ്ര വികസനത്തിന് ഏറെ ആവശ്യമാണ്. ഇത്തരത്തിൽ സംസ്ഥാനത്തിന്റെ വ്യാവസായികവും വിദ്യാഭ്യാസപരമായും സാംസ്കാരികവുമായ വികസന പദ്ധതികളിൽ പ്രവാസികളുടെ സാന്നിധ്യം ഉറപ്പ് വരുത്തുന്നതിനുവേണ്ടി രൂപീകരിച്ച സർക്കാർ ആഭിമുഖ്യത്തിലുള്ള ഒരു പൊതു നേതൃത്വമാണ് ലോക കേരള സഭ.

ലോകകേരള സഭ രൂപീകരണം മുതൽ വിവിധ തലങ്ങളിലുള്ള പ്രവാസികളുടെ സജീവ സാന്നിധ്യമാണ് നാം കണ്ടത്. സാമൂഹികമായും സാമ്പത്തികമായും വ്യത്യസ്ത തലങ്ങളിലുള്ള എല്ലാ വിഭാഗം പ്രവാസികളെയും നമ്മുടെ നാടിന്റെ സമഗ്രവികസനത്തിനുവേണ്ടി ഒരേകുടക്കീഴിൽ കൊണ്ടുവരാൻ സാധിച്ചു എന്നതാണ് ലോക കേരളസഭയുടെ ഏറ്റവും വലിയ വിജയം. ഇത്തരത്തിലുള്ള ഒരു പൊതുനേതൃത്വം രൂപീകരിക്കുന്നതിനാവശ്യമായ നടപടികളെടുത്ത ബഹു. മുഖ്യമന്ത്രിക്കും സർക്കാരിനും അഭിനന്ദനം അർഹിക്കുന്നു.

വിഭിന്ന രാഷ്ട്രീയ കാരണങ്ങളാൽ രാജി വെക്കാൻ പറഞ്ഞ പലരും അവരെ ലോക കേരളസഭയിൽ നിലനിർത്തണമെന്ന് എന്നോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിൽ രാഷ്ട്രീയം കാണുന്നത് തെറ്റാണ്.

● *മലയാളിയുടെ അംബാസിഡർ ആയാണ് താങ്കളെ മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചത്. എന്ത് തോന്നുന്നു?*

പ്രവാസി മലയാളികൾ ഏറ്റവും അധിവസിക്കുന്നത് ഗൾഫ് രാജ്യങ്ങളിലാണ്. പ്രവാസികളുടെ വിശേഷിച്ച് മലയാളികളുടെ കാര്യങ്ങളിൽ ഗൾഫ് രാജ്യങ്ങളിൽ ഭരണാധികാരികൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കാറുണ്ട്. പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട നിരവധി പ്രശ്നങ്ങളിൽ ഞാൻ ഇടപെടാറുണ്ട്. ഗൾഫ് രാജ്യങ്ങളിലെ ഭരണാധികാരികളുമായുള്ള കൂടിക്കാഴ്ചകളിലൊക്കെ പ്രവാസി സമൂഹവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളാണ് ഞാൻ ചർച്ച ചെയ്യാറുള്ളത്. ഇങ്ങനെയുള്ള കൂടിക്കാഴ്ചകൾ നിരവധി പ്രവാസികളുടെ പ്രതിസന്ധിഘട്ടങ്ങൾ തരണം ചെയ്യാൻ സഹായകരമായിട്ടുണ്ട്. ഇത് മുഖ്യമന്ത്രിക്ക് തന്നെ നേരിട്ട് അനുഭവമുള്ളതാണ്.

15 വർഷമായി കേസുകൾ നിമിത്തം നാട്ടിൽ പോകാൻ സാധിക്കാതെ ബുദ്ധിമുട്ടിയ പട്ടാമ്പി സ്വദേശി മൂസക്കുട്ടി നാട്ടിലെത്തിയതാണ് ഇതിൽ ഏറ്റവും അവസാനത്തേത്. ഇതിനുവേണ്ടി റാസൽ ഖൈമ ഭരണാധികാരിയുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. കൂടാതെ കോടതിയിൽ 80 ലക്ഷത്തോളം രൂപ കെട്ടിവെക്കുകയും ചെയ്തിരുന്നു. ഇതിന്റെയൊക്കെ ഫലമായാണ് മൂസക്കുട്ടിക്ക് നാട്ടിൽ എത്തിച്ചേരാൻ സാധിച്ചത്.

ഇതിലുപരി ഇന്ത്യയും വിശേഷിച്ച് കേരളവും ഗൾഫ് രാജ്യങ്ങളും തമ്മിലുള്ള ബന്ധം ഊഷ്മളമാക്കുന്നതിനും വാണിജ്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടുതൽ നിക്ഷേപാവസരങ്ങൾ ഉണ്ടാകുന്നതിനും ഞാൻ നിമിത്തമാകാറുണ്ട്. ഇതുകൊണ്ടൊക്കെയാവാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങനെ വിശേഷിപ്പിച്ചത്. ●

# ശബരിമല വിമാനത്താവളം യാഥാർത്ഥ്യമാകുന്നു



പി. സെയ്താലികുട്ടി

ഏറെക്കാലമായി മദ്ധ്യതിരുവിതാംകൂറിലെ പ്രവാസി സമൂഹം ആഗ്രഹിക്കുകയും, പൊതുസമൂഹത്തിന് മുമ്പിൽ വയ്ക്കുകയും ചെയ്ത വിഷയമാണ് പത്തനംതിട്ട ജില്ലയിൽ വിമാനത്താവളം എന്നത്. ഇത് യാഥാർത്ഥ്യമാകാൻ പോകുന്നു എന്ന ശുഭവാർത്തയാണ് അറിയാൻ സാധിച്ചത്.

സംഘടനയുടെ ഭാരവാഹി എന്ന നിലയിൽ ജില്ലയിൽ പങ്കെടുത്ത യോഗങ്ങളിലൊക്കെ വിമാനത്താവളത്തിന്റെ ആവശ്യകതയെക്കുറിച്ച് പ്രവർത്തകർ ചർച്ചചെയ്യുമായിരുന്നു. തടസവാദങ്ങൾ ഒക്കെ അതിജീവിച്ച് ഈ തീരുമാനം യാഥാർത്ഥ്യമാക്കാൻ ശ്രമിച്ച കേരള സർക്കാരിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അഭിവാദ്യം അർപ്പിക്കുന്നു.

പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലയിലുള്ള പ്രവാസികളാണ് ഇതിന്റെ മുഖ്യ ഗുണഭോക്താക്കൾ. നൂറും നൂറ്റൻപതും വരെ കിലോമീറ്റർ ദൂരം യാത്രചെയ്തു വേണം ഇപ്പോൾ എയർപോർട്ടിൽ എത്താൻ. അന്താരാഷ്ട്ര സർവ്വീസുകൾ എല്ലാം അതിരാവിലെ പുറപ്പെടുന്നവയായതുകൊണ്ട് രാത്രി മുഴുവനും ഉറക്കമില്ലാതെ യാത്ര ചെയ്യേണ്ട സാഹചര്യമാണ് നിലവിൽ.

ഇൻഡ്യൻ എക്കണോമിയുടെ നട്ടെല്ലായ വിദേശനാണയ വരുമാനത്തിന്റെ ഗണ്യമായ പങ്ക് മദ്ധ്യതിരുവിതാംകൂറിലുള്ള പ്രവാസികളുടെ സംഭാവനയാണ്. അമേരിക്ക, യൂറോപ്പ്, ഗൾഫ് തുടങ്ങിയ നാടുകളിലെല്ലാം ലക്ഷകണക്കിന് മലയാളികൾ തൊഴിലെടുക്കുന്നു.

ലോകരാജ്യങ്ങൾ ഇന്ത്യയുടെ കുതിപ്പിനെ ശ്രദ്ധിക്കുകയാണ്. സമസ്ത മേഖലകളിലും വികസനം നടക്കുന്ന കാലമാണിത്. ഇവിടെയെല്ലാം മലയാളിയുടെ സാന്നിധ്യവും ശ്രദ്ധേയമാണ്. വേഗതകൊണ്ട് മനുഷ്യന്റെ മുമ്പിൽ ലോകം ചെറുതായി. മലയാളിയും ഒട്ടും പിന്നിലല്ല. അതിനു പുതിയ വിമാനത്താവളങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്.

ശബരിമല വിമാനത്താവള പദ്ധതിക്ക് അനുകൂലമായ ഘടകങ്ങൾ പലതാണ്. സ്ഥല ലഭ്യതയാണ് അതിൽ പ്രധാനം. സ്ഥലം നികത്തൽ, പ്രകൃതി വിഭവ നശീകരണം പോലുള്ള പ്രശ്നങ്ങൾ ഒന്നുമില്ല. ആറന്മുളയിൽ ഉന്നയിച്ച തടസ്സവാദങ്ങൾ ഒന്നുമിവിടെയില്ല. കോടികണക്കിന് ഭക്തർ ശബരിമലയിൽ എത്തുന്നുണ്ട്. ഇതിൽ അധികവും അന്യസംസ്ഥാനത്തുനിന്നുള്ളവരാണ്. ഇവരിൽ നല്ല പങ്ക് വിമാന സർവ്വീസുകൾ ഉപയോഗിക്കും എന്നതിൽ സംശയമില്ല. അമേരിക്ക, യൂറോപ്പ് തുടങ്ങിയ വിദേശ രാജ്യങ്ങളിൽ നിന്നും കൂടുതൽ ഭക്തർ ദർശനത്തിനായി എത്തും. നിരവധി തീർത്ഥാടന, ടൂറിസം കേന്ദ്രങ്ങൾ ഈ പ്രദേശങ്ങളിൽ ഉള്ളതുകൊണ്ട് ടൂറിസത്തിൽ വലിയനേട്ടം ഉണ്ടാക്കാൻ കഴിയും.

നിർദ്ദിഷ്ട വിമാനത്താവളത്തോട് ചേർന്ന് നൂറുകണക്കിന് ഏക്കർ സ്ഥലം ലഭ്യമാണ്. ഇവിടെ പൊതുമേഖലയിലും, സ്വകാര്യമേഖലകളിലുമായി തുടങ്ങാവുന്ന സംരംഭങ്ങളിലൂടെ നൂറുകണക്കിന് തൊഴിലവസരങ്ങൾ പ്രവാസികൾക്ക് ലഭിക്കും. അനുബന്ധ അവസരങ്ങൾ വേറെ.

കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയും, കേരളത്തിലെ പ്രതിപക്ഷവും സഹകരിച്ചാൽ 2020ൽ പ്രവാസികളുടെ വിമാനത്താവളമെന്ന സ്വപ്നം യാഥാർത്ഥ്യമാകും.

ഇന്ന് വിദേശയാത്രക്കൊപ്പം ആഭ്യന്തര യാത്രകൾക്കും മലയാളികൾ വിമാന സർവ്വീസുകളെയാണ് ആശ്രയിക്കുന്നത്. രണ്ടും മൂന്നും മണിക്കുറുകൾ യാത്ര ചെയ്ത് എയർപോർട്ടിൽ എത്തുന്നത് ദുഷ്കരമാണ്. അതുകൊണ്ട് തന്നെ ട്രെയിനുകളിലും ബസ്സുകളിലും യാത്ര ചെയ്യേണ്ടിവരുന്നു. മാറിയ സാഹചര്യത്തിൽ സമയത്തിന് വലിയ വിലയാണ്. കേരളത്തിലെ പ്രധാന സിറ്റികൾ കണക്ട് ചെയ്യുന്ന ചെറുവിമാന സർവ്വീസുകൾക്കും വലിയ സാധ്യതയാണുള്ളത്.

ഇനിയും ഒരു അന്താരാഷ്ട്ര വിമാനത്താവളം വേണോ എന്ന് തർക്കിക്കുന്നവരുണ്ട്. ഇതിന് യാതൊരു അടിസ്ഥാനവുമില്ല. അരക്കോടിയിൽ താഴെ ജനസംഖ്യകളുള്ള ന്യൂസിലാന്റിൽ മൂന്നു അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. ചെറു വിമാനത്താവളങ്ങൾ വേറെയും. ഇത് ആ രാജ്യത്തിന്റെ പുരോഗതിയെയാണ് കാണിക്കുന്നത്. തൊട്ടതിനെല്ലാം വിമർശനം കാണുന്ന രാഷ്ട്രീയ പാർട്ടികളുടെ നിലപാട് മാറേണ്ടകാലം അധികരിച്ചിരിക്കുകയാണ്.

രണ്ടു ദശാബ്ദങ്ങൾ മുമ്പ് നയനാർ സർക്കാരിന്റെ കാലത്ത് പണി തുടങ്ങിയ കണ്ണൂർ വിമാനത്താവള പദ്ധതി കാലതാമസമേറിയെങ്കിലും ഈ സർക്കാരിന്റെ കാലത്ത് അത് പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങി. ഏറെ പിന്നോക്കം നിന്നിരുന്ന മലബാർ മേഖലയ്ക്ക് പുരോഗതിയുടെ പുത്തൻ ഉണർവ്വ് ഉണ്ടായിരിക്കയാണ്. ●







വിജോയ് സ്കറിയ

# ശുഭചിന്തകൾ

പ്രതീക്ഷിക്കാൻ എന്തെങ്കിലുമൊക്കെ ഇല്ലെങ്കിൽ പിന്നെന്തിനാണ് ജീവിതം? പ്രതീക്ഷകളുടെ തേരിലേറി, യാഥാർത്ഥ്യങ്ങളിലേക്കുള്ള യാത്രയിൽ നെല്ലും പതിരും തിരിച്ചറിയുന്നതിലാണ് ജീവിതത്തിന്റെ മാറ്റുരയ്ക്കപ്പെടുന്നത്. പ്രതീക്ഷിക്കാനാവാത്തതും നാം ചിലപ്പോൾ പ്രതീക്ഷിക്കാറുണ്ട്. അസംഭ്യമെന്ന് തോന്നിയാലും പ്രത്യാ ശയുടെ ഒരു നറുവെട്ടം അതിൽ കണ്ടെത്താൻ നമ്മുടെ മനസ്സ് കിണഞ്ഞു പരിശ്രമിക്കാറുണ്ട്. യാഥാർത്ഥ്യങ്ങളോടു പൊരുത്തപ്പെടാതെ അറിഞ്ഞോ അറിയാതെയോ കാല്പനികരാകുന്നവർ ധാരാളമുണ്ട്. എന്നാൽ ഭാവനകൾക്ക് സാഫല്യം ആശംസിക്കാനാണ് മനസിനിഷ്ടം. നമ്മുടെ മനസിന്റെ ഒരു പ്രത്യേകതയാണത്. മനുഷ്യനെന്നാൽ മനനം ചെയ്യുന്നവൻ. നാം മനനം ചെയ്യുന്ന കാര്യങ്ങൾക്ക് ശുഭകരമായ നിവർത്തി പ്രതീക്ഷിക്കുന്നതിൽ എന്താണ് തെറ്റ്?

നിലവിലുള്ള വ്യവസ്ഥിതികൾക്കു വിരുദ്ധമായി പ്രതീക്ഷകൾക്ക് വർണ്ണം ചാർത്തുന്നവരുണ്ട്. മനസിൽ വിരിയുന്ന പൂക്കൾക്ക് മറ്റാരും കാണാത്ത നിറങ്ങൾ കല്പിച്ചു നൽകുന്നവരുണ്ട്. സ്വകാര്യമായ അനുഭൂതിയാണ് ഭാവനയുടെ ലോകം. അടുത്തുള്ളതിനെ നാം ചിലപ്പോൾ കാണ്ടെന്നു വരില്ല. നിത്യവും ഇടപെടുന്നവരെ അറിഞ്ഞെന്നു വരില്ല. അനന്തവിദൂരതയിലുള്ള 'ഇഷ്ടങ്ങൾ' തേടിയാകാം നമ്മുടെ മനസ്സ് കുതിച്ചു പായുന്നത്. പലതും തട്ടിമെതിച്ചാകാം ഈ യാത്ര. 'അപക്വമായ' ഇടപെടൽ എന്നൊക്കെ പലരും ഇതിനെ വിശേഷിപ്പിക്കാം. എന്നാൽ മാനസിക സംതൃപ്തിക്കായി ഭാവന കാണുന്നവരെ സംബന്ധിച്ചിടത്തോളം ചുറ്റുപാടുകൾക്കതീതമായ ഒരു ലോകമാണ് അപ്പോൾ മനസിൽ തെളിഞ്ഞു നിൽക്കുക.

'പ്രതീക്ഷിച്ചതുപോലെ ഭവിച്ചു' എന്നൊക്കെ ചിലർ പറയാറുണ്ട്. പ്രതീക്ഷിക്കുന്നതു പോലെ സംഭവിക്കാത്ത എന്തെന്തു കാര്യങ്ങളാണുള്ളത്. പ്രതീക്ഷകൾ സഫലമാകാത്തതിനാൽ ജീവിതം നശിപ്പിക്കുന്നവരുമുണ്ട്. എന്നാൽ 'സംഭവിക്കുന്നവയിൽ' ആനന്ദം കണ്ടെത്തി അവയ്ക്കപ്പുറം പ്രതീക്ഷിക്കുന്നതിലാണ് നാം മഹത്വം തേടേണ്ടത്. കാര്യങ്ങൾ രണ്ടു രീതിയിൽ വിലയിരുത്താം. ഓരോരോ കാര്യങ്ങളെ അവയിൽ തന്നെ വിശകലനം ചെ യ്യാം. എന്നാൽ സംഭവങ്ങൾക്കപ്പുറമുള്ള യാഥാർത്ഥ്യങ്ങൾ കണ്ടെത്തുന്നതിലാണ് മനസ് ആനന്ദം കണ്ടെത്തേണ്ടത്.

പ്രതീക്ഷകൾ രണ്ടുവിധമുണ്ടെന്ന് പറയുന്നവരുണ്ട്. ശുഭമെന്നും അശുഭമെന്നും വേർതിരിച്ച് വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ പ്രതീക്ഷ ഒന്നേയുള്ളൂ. നമ്മുടെ മനസിലാണ്. ശുഭവും അശുഭവും രൂപപ്പെടുന്നത്. പ്രതീക്ഷകൾക്ക് ഇവയിലേതെങ്കിലുമൊന്നിന്റെ ആവരണം നൽകുന്നതും നമ്മൾ തന്നെയാണ്. അശുഭ ആവരണങ്ങൾക്കുള്ളിൽ പ്രതീക്ഷകൾ വീർപ്പു മുട്ടാറുണ്ട്. അതിനാലാണ് മനസിൽ ചില നേരങ്ങളിൽ വിങ്ങൽ ഉണ്ടാകുന്നത്.

വിശ്വാസവും പ്രതീക്ഷയും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്. ആശിക്കുന്നതിന്റെ ഉറപ്പാണ് വിശ്വാസമെങ്കിൽ ആശകളുടെ കൂമ്പാരമാണ് പ്രതീക്ഷ. ഒന്നില്ലെങ്കിൽ മറ്റൊന്നില്ല. വിശ്വാസത്തിലാണ് നാം ദൈവത്തെ അനുഭവിക്കുന്നത്. പ്രതീക്ഷകൾക്ക് ദൈവവുമായി ബന്ധമുണ്ടെന്ന് വരുന്നതും ഇതിനാലാണ്. 'നല്ല ആഗ്രഹങ്ങൾ സാധിക്കും' എന്നാണ് ദൈവം പറയുന്നത്. ആഗ്രഹങ്ങൾക്ക് 'നല്ല'തിന്റെ ആവരണം നൽകുക എങ്കിലവ സഫലമാകും.

നമ്മുടെ പല ആഗ്രഹങ്ങളും സാധിക്കാത്തത് അവയ്ക്ക് നാം നൽകുന്ന 'തിന്മയുടെ' ആവരണം നിമിത്തമാണ്. പ്രതീക്ഷകൾക്ക് ചിറകു മുളപ്പിക്കുന്നതിനു മുമ്പ് അവയെ നാം മനസിന്റെ ഏതു കോണിൽ വയ്ക്കുന്നു എന്നു ശ്രദ്ധിക്കുക. നമ്മുടെ മനസിൽ നന്മയും തിന്മയും കുടികൊള്ളുന്നുണ്ട്. നന്മയുടെ ഇരിപ്പിടങ്ങളിൽ വിരിയുന്ന ചിന്തകൾക്ക് ദീർഘായുസുണ്ടാകാം. തിന്മയുടെ മൂടുപടമിടുന്ന ഭാവനകൾക്ക് സൗന്ദര്യമേറുമെങ്കിലും അവ ജീർണ്ണിച്ചു പോകാം.

നമ്മുടെ ജീവിതത്തെക്കുറിച്ച് ഉദാത്തമായ ധാരാളം പ്രതീക്ഷകൾ വച്ചു പുലർത്തുന്നവരാകാം നമ്മൾ. ഒരെളുപ്പമാർഗ്ഗമുണ്ട്; അവയ്ക്ക് നന്മയുടെ ആവരണം നൽകുക. നന്മയെന്നാൽ തിന്മയുടെ ശത്രു എന്നുമാത്രമല്ല, സ്വാർത്ഥ രഹിതമാണത്.ജീവിതത്തിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം സ്വാർത്ഥതയാണെന്ന് ചിലർ പറയും. പക്ഷേ സ്വാർത്ഥതയല്ലേ നമ്മുടെ പ്രതീക്ഷകളുടെ ഗതിയെ നിയന്ത്രിക്കുന്നത്.

നമ്മുടെ ചിന്തകൾ നിയന്ത്രിക്കുന്നതെന്താണ്? നാം തന്നെയാണോ നമ്മുടെ ചിന്തകളെ നിയന്ത്രിക്കുന്നത്, അതോ ചിന്തകളാണോ നമ്മെ നിയന്ത്രിക്കുന്നത്?

ശുഭചിന്തകൾ കൊണ്ട് നമ്മുടെ ഉള്ളം നിറയട്ടെ. അസംഭവ്യമെന്നു പലരും കരുതുന്നതും ഫലവത്താകാൻ നമ്മുടെ ചിന്തകൾക്ക് നന്മയുടെ കുപ്പായം അണിയിക്കാൻ ശ്രമിക്കാം. ●




# ലോകമേ തറവാട്



**കെ. വിജയകുമാർ**

'തനിക്കീ ചെടികളും,
പുൽക്കളും കൂടിത്തൻ
കുടുംബക്കാർ
ത്യാഗമെന്നതേനേട്ടം
താഴ്മതാനഭ്യുന്നതി യോഗവിത്തെവം
ജയിക്കുന്നിതെൻ
ഗുരുനാഥൻ'

61 വർഷം മുമ്പ് നമ്മോട് വിടപറഞ്ഞു പോയ മഹാകവി വള്ളത്തോൾ എന്റെ ഗുരുനാഥൻ എന്ന കവിത രചിച്ചത് മഹാത്മാഗാന്ധിയെ ഗുരുസ്ഥാനീയ നായി കണ്ടു കൊണ്ടാണല്ലോ. അദ്ദേഹത്തിന്റെ പ്രവാസ ജീവിതത്തെയും അക്കാലയളവിൽ പ്രകടിപ്പിച്ച മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ സമരോത്സുകതയേയും കവി സങ്കല്പത്തിൽ കണ്ടിട്ടുണ്ടാവണം. ആഫ്രിക്കയിലെ അടിച്ചമർത്തപ്പെട്ട ജനതക്ക് വേണ്ടിയായിരുന്നല്ലോ ഇന്ത്യയിലേക്ക് തിരിച്ചുവന്ന 1915 കാലംവരെ അദ്ദേഹം പോരാടിയത്.

നാം, മലയാളികൾ എവിടെയായാലും സത്യസന്ധതയും മതനിരപേക്ഷമൂല്യവും ആത്മാർത്ഥതയുമൊക്കെ മുറുകെപ്പിടിക്കുന്നത് കൊണ്ടാവണം മറ്റാർക്കും അവകാശപ്പെടാനാവാത്ത തരത്തിൽ അന്തർദേശിയ മലയാളിയെന്ന അത്യുന്നത പദവിയിലേക്ക് നമ്മെ കൊണ്ടുചെന്നെത്തിച്ചത്. അത് വിദ്യാഭ്യാസം നേടിയതു കൊണ്ട് മാത്രമല്ല , അക്ഷരാഭ്യാസം തീരെയില്ലാത്ത വരുടെ പങ്ക് വളരെ വലുതാണ്.

1979 കാലഘട്ടം. അബുദാബിയിലെ അൽ ഐൻ പ്രവിശ്യയിൽ ഒരു പാലസ് സമുച്ചയത്തിന്റെ നിർമ്മാണം നടക്കുന്നിടത്തേക്ക് ഷേഖ് കുടുംബത്തിലെ മുത്തശ്ശി ഒരു പെൺകുട്ടിയുമായി കടന്നുവരുന്നു. മലയാളികളാരെങ്കിലും ഉണ്ടോ എന്ന് ചോദ്യം. പ്രാതലിൻറെ സമയമായതിനാൽ എല്ലാ പേരുമായി അടുത്തേക്ക് ചെന്നു. കൂടെയുള്ളത് പേരക്കുട്ടി. 2025 പ്രായം വരും. ബുദ്ധിമാന്ദ്യം ഒറ്റനോട്ടത്തിൽ പ്രകടം. കയ്യിലൊരു കഷ്ണം പീറക്കടലാസ്, അതിലൊരു അഡ്രസ്സും ഫോൺ നമ്പരും എഴുതിയിരിക്കുന്നു. അക്ഷരാഭ്യാസം തീരെയില്ലാത്ത മലയാളി. പേര് അലിയാണെന്നും കോഴിക്കോടുകാരന്റേതാണെന്നും ഞങ്ങളെല്ലാമായി കണ്ടെത്തി. 15 വർഷം വീട്ടു ജോലിക്കാരനായി (അല്ല, പെൺകുട്ടിയുടെ അംഗരക്ഷകനും രക്ഷിതാവുമായി) കൂടെയുണ്ടായിരുന്നു. പത്ത് വർഷമായി വിട്ടു പോയിട്ട്. ഏത് മലയാളിയെക്കണ്ടാലും അലിയെക്കുറിച്ചന്വേഷിക്കുന്ന മുത്തശ്ശിയും ചെറുമോളും.

ഒരുദാഹരണം കൂടി. ചില വികസിത രാജ്യങ്ങളിൽ പ്രാദേശിക ഭരണ സമിതികളിൽ തെരഞ്ഞെടുക്കപ്പെട്ട മലയാളികളുണ്ടല്ലോ. അതിലൊരു സുഹൃത്ത് പറഞ്ഞത്.

'വികസിത രാജ്യമെന്നതെല്ലാം ശരി തന്നെ. എന്നാൽ, വരുമാനമില്ലാതെയും കെട്ടുറപ്പുള്ള വീടില്ലാതെയും ദുരിതമനുഭവിക്കുന്നവർ അവിടെയുമുണ്ട്. നിരക്ഷരരായവരെയും കാണാം. അതൊക്കെ കാണുമ്പോൾ മിച്ചഭൂമി സമരവും, സാക്ഷരതാ പ്രവർത്തനവും, ജനകീയാസൂത്രണവുമൊക്കെയാണ് ഞങ്ങളുടെ മനസ്സിൽ ഓടിയെത്തുക'.

മലയാളി എവിടെയാണോ, അവന്റെ ആത്മാർത്ഥതയും പ്രതിബദ്ധതയും അവിടെ പ്രകടമാകും.

ജയിലിൽക്കിടക്കുന്ന പാവപ്പെട്ട നിരപരാധികളെ മോചിപ്പിച്ചാൽ ഉപകാരമാകുമെന്ന നമ്മുടെ മുഖ്യമന്ത്രിയുടെ അഭ്യർത്ഥനക്ക് നിമിഷങ്ങൾക്കകം പരിഹാരം കാണാൻ ഷാർജയുടെ ഭരണാധികാരി തീരുമാനമെടുത്തതിന്റെ ചേതോവികാരവും മലയാളിയുടെ നന്മ മനസ്സിനു ലഭിച്ച പ്രതിഫലമാണ്. ഉദാഹരണങ്ങൾ ആയിരം പറയാനുണ്ട്.

**പ്രവാസി ക്ഷേമത്തിനായി എത്രയെത്ര പുത്തൻ നടപടികൾ. ലോക കേരള സഭയിലും അനുബന്ധ പരിപാടികളിലും ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ മിക്കവയും നടപ്പിലാക്കിക്കഴിഞ്ഞു. ഉരുത്തിരിഞ്ഞ ആശയങ്ങൾ പദ്ധതികളായി രൂപപ്പെട്ടു.**

### ലോക കേരളസഭ

വീട്ടുജോലിക്കാർ, തോട്ടം തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ, തെരുവ് കച്ചവടക്കാർ, പ്രൊഫഷണലുകൾ, വിദ്യാഭ്യാസ വിചക്ഷണർ എന്നു തുടങ്ങി ലോകം അറിയപ്പെടുന്ന കലാകാരന്മാർ ബിസ്സിനസുകാർ എന്നിവരെയെല്ലാം അണിനിരത്തിയാണല്ലോ ലോക കേരളസഭയുടെ ആദ്യ സമ്മേളനം 2018 ജനുവരി 12, 13 തീയ്യതികളിലായി നടന്നത്. സഭയിൽ മുഖ്യമന്ത്രി അവതരിപ്പിച്ച കരട് പ്രമേയവും രണ്ടു ദിവസമായി നടന്ന വിഷയാധിഷ്ഠിത ചർച്ചക്ക് ശേഷം രൂപം നല്കിയ അന്തിമ റിപ്പോർട്ടും വിശകലനം ചെയ്യുകയും, കഴിഞ്ഞു പോയ രണ്ട് വർഷക്കാലത്തെ പുരോഗതി വിലയിരുത്തുകയും ചെയ്യുകയെന്നത് വലിയൊരു സാഹസമായിരിക്കും. ഞാനിത് കുറിക്കുമ്പോൾ തീരുമാനങ്ങൾക്കുമപ്പുറം പ്രവർത്തന പുരോഗതി കൈവരിച്ചോയെന്നും ആശങ്കയില്ലാതില്ല.

ലോകമലയാളികളുടെ കൂടിച്ചേരലെന്ന ആശയം ഉരുത്തിരിഞ്ഞ ഘട്ടത്തിലോ അന്തിമമായി തീരുമാനമെടുക്കുന്ന 2016 ലോ സ്വപ്നവും യാഥാർത്ഥ്യവും തമ്മിൽ ഇത്രത്തോളം പൊരുത്തപ്പെട്ടു പോകുമെന്ന് ഉപജ്ഞാതാക്കൾ പോലും കരുതിയിട്ടുണ്ടാവില്ല. അത്രത്തോളമുണ്ട് സംസ്ഥാന സർക്കാരിന്റെ ദീർഘ വീക്ഷണവും പ്രവാസ ലോകത്തിന്റെ സഹകരണവും.

ഗൾഫെന്നോ, യൂറോപ്പെന്നോ, ആഫ്രിക്കയെന്നോ, മാലിദ്വീപെന്നോ, തമിഴ് നാടെന്നോ വിത്യാസമില്ലാത്ത സഹകരണം. ഒരേയൊരു ലക്ഷ്യം മാത്രം. നമ്മുടെനാട് ലോക ഭൂപടത്തിൽ രക്തനക്ഷത്രമായി തിളങ്ങി നില്ക്കണം, പ്രവാസ ജീവിതശേഷം മടങ്ങിയെത്തിയാൽ ശിഷ്ടജീവിതത്തിനൊരു അത്താണിയുണ്ടാവണം, അനന്തര തലമുറ വിദ്യാഭ്യാസത്തിനോ തൊഴിലിനോ ബുദ്ധിമുട്ടാത്ത സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ടാവണം. ആളാലും അർത്ഥത്താലും ജീവിതത്തിൽ നേടിയ അറിവ് പകർന്ന്നൽകിയും അതിനായി കഴിയുന്നത്ര സംഭാവന നല്കുക.

### രണ്ടാം സമ്മേളനത്തിലേക്ക്

'ലോകത്തെവിടെയാണെങ്കിലും പ്രവാസികൾക്കൊപ്പം ഈ നാടുണ്ട്'. എന്ന മുഖ്യമന്ത്രിയുടെ 2018 ലെ സമാപന സമ്മേളന പ്രസംഗം അന്വർത്ഥമാകുന്ന നടപടികളാണ് ഇക്കഴിഞ്ഞ രണ്ടു വർഷ കാലത്തിനിടയിൽ സംഭവിച്ചത്.

പ്രവാസി ക്ഷേമത്തിനായി എത്രയെത്ര പുത്തൻ നടപടികൾ. ലോക കേരള സഭയിലും അനുബന്ധ പരിപാടികളിലും ഉന്നയിക്കപ്പെട്ട ആവശ്യങ്ങൾ മിക്കവയും നടപ്പിലാക്കിക്കഴിഞ്ഞു. ഉരുത്തിരിഞ്ഞ ആശയങ്ങൾ പദ്ധതികളായി രൂപപ്പെട്ടു. അതിൽ പലതും നടപടിക്രമങ്ങളിലൂടെ കടന്നുപോകുന്നു. ഇതൊക്കെ അനുഭവിക്കുന്ന പ്രവാസികളും ഇങ്ങനെ പ്രഖ്യാപിക്കുന്നു. 'ഞങ്ങൾ നാടിനൊപ്പം തന്നെയുണ്ട്'.

### വെല്ലുവിളികൾ നിറഞ്ഞ ലോക സാഹചര്യം

ഇക്കഴിഞ്ഞ രണ്ടു വർഷങ്ങൾ സംഭവബഹുലങ്ങളായിരുന്നു. കുടിയേറ്റക്കാർ ഒരു വശത്താണെങ്കിൽ അഭയാർത്ഥികൾ മറ്റൊരു വശത്ത്. രണ്ടിനെയും സാമ്രാജ്യത്വ വലതുപക്ഷ ശക്തികൾ നോക്കിക്കാണുന്നത് ഒരേകണ്ണുകൊണ്ട്. ഇപ്പോളത് മറ്റൊരു തലത്തിലേക്കും അതി തീവ്രതയോടെ എത്തപ്പെട്ടിരിക്കുന്നു. ചില മതവിഭാഗങ്ങളെ തീവ്രവാദമുദ്രചാർത്തി പടിയടക്കുന്ന നടപടികൾ പല ലോകരാഷ്ട്രങ്ങളിലുമെന്നപോലെ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന് മേനിനടിക്കുന്ന ഇന്ത്യൻ ഭരണാധികാരികളും അതേ പാത പിന്തുടരുന്നു .അതിനായി പ്രത്യേക നിയമം പാസ്സാക്കുന്ന അവസ്ഥ. അന്താരാഷ്ട്ര മര്യാദകളേയും നിലവിലുള്ള സൗഹാർദ ഉടമ്പടികളെപ്പോലും വെല്ലുവിളിക്കുകയും വ്യപിചരിക്കുകയും ചെയ്ത കറുത്ത ദിവസങ്ങളാണ് കടന്നു പോയത്. അതിനിയും വർദ്ധിക്കാനേ സാധ്യതയുള്ളു. ഇതെല്ലാം തന്നെ കുടിയേറ്റത്തിന്റെ സാധ്യതകൾക്കുള്ള തിരിച്ചടി മാത്രമല്ല, ഇതു വരെയുണ്ടായ നേട്ടങ്ങൾക്കുമേൽ കരിനിഴൽ വീഴ്ത്തുകയും ചെയ്യും.

### പച്ചത്തുരുത്ത്

ലോകത്തിലെ ഏത്കോണിലോ ആകട്ടെ, മലയാളിക്ക് അവന്റെ ആവശ്യങ്ങൾ പറയാനും ഒരു പരിധിവരെ പരിഹരിക്കാനും കേരളത്തിൽ സംവിധാനമുണ്ട്. എന്നാൽ പുതിയ ലോക സാഹചര്യങ്ങൾ കുടിയേറ്റ സാധ്യതക്ക് പോറലേല്പിക്കുമോ എന്ന കടുത്ത ആശങ്കയുമുണ്ട്. ചില പച്ചപ്പുകൾ കാണുന്നുണ്ടെങ്കിലും പ്രവാസികളെ സംബന്ധിച്ച് പഴയകാല സാധ്യതകൾ ഭാവിയിലുണ്ടാവുമെന്ന് പ്രതീക്ഷ വേണ്ട. കഴിഞ്ഞ ലോക കേരള സഭ ചേരുമ്പോൾ പുതിയ ചില പ്രതീഷകൾ പ്രതിനിധികൾ പങ്കു വച്ചിരുന്നു. ഒരു കാര്യം ഉറപ്പാണ്. പ്രവാസമെന്നത് തുടരുക തന്നെ ചെയ്യും. അത് ലോകത്തെവിടേക്കായാലും. എന്നാൽ, പൂർണ്ണാർത്ഥത്തിൽ അവരുടെ വിശ്വാസം നേടിയെടുക്കുകയെന്നതും സുരക്ഷിതമായ ഭാവികാല ജീവിതത്തിന് അടിത്തറയൊരുക്കിക്കൊടുക്കുകയെന്നതും ഓരോ മലയാളിയുടേയും കടമയും ഉത്തരവാദിത്വവുമാണ്. കഴിഞ്ഞുപോയ രണ്ടുവർഷത്തെ അനുഭവങ്ങളും പഠനങ്ങളും രണ്ടാം സമ്മേളനവേദി കൂടുതൽ ആഴത്തിലുള്ള ചർച്ചകൾക്കും തീരുമാനങ്ങൾക്കും വഴിതുറക്കുകതന്നെ ചെയ്യും.

# കേരളം

## ജീവിക്കാൻ കൊള്ളാവുന്ന നഗരം



ബെന്യാമിൻ

കേരളത്തിൽ വന്ന് ജീവിക്കണമെന്നത് ഓരോ പ്രവാസിയുടെയും ഒടുങ്ങാത്ത സ്വപ്നമാണ്. എന്നാൽ അങ്ങനെ ഒരു സ്വപ്നം കേരളത്തിൽ ജീവിക്കുന്ന ആരെങ്കിലുമായി പങ്കുവച്ചാൽ ഉടൻ അവർ നമ്മെ നിരുത്സാഹപ്പെടുത്തും. കേരളത്തിൽ സ്ഥിരമായി ജീവിച്ചു വന്നവരെക്കാൾ ഏറെക്കാലം പ്രവാസ ജീവിതം കഴിഞ്ഞുവന്നവരാണ് ആ നിരുത്സാഹപ്പെടുത്തലിൽ മുന്നിൽ നിൽക്കുന്നത്. കേരളം ആർക്കും ജീവിക്കാൻ കൊള്ളാത്ത ഒരു സ്ഥലമാണെന്ന് നമ്മെ ബോദ്ധ്യപ്പെടുത്താൻ അവർ കിണഞ്ഞു പരിശ്രമിച്ചുകൊണ്ടേയിരിക്കും. കേരളത്തിലെ അസമാധാന കാലങ്ങൾ പറഞ്ഞ് അവർ നമ്മെ ഭീഷണിപ്പെടുത്തും. വർദ്ധിക്കുന്ന ജീവിതച്ചെലവിനെ ഓർമ്മിപ്പിച്ച് ആശങ്കയിലാഴ്ത്തും. രാഷ്ട്രീയക്കാരുടെ കുബുദ്ധികളെക്കുറിച്ച്, സർക്കാർ ഓഫീസുകളിലെ അഴിമതികളെക്കുറിച്ച്, മാലിന്യം നിറഞ്ഞ തെരുവുകളെക്കുറിച്ച്, കറണ്ടില്ലാത്ത രാത്രികളെക്കുറിച്ച്, മാലിന്യം നിറഞ്ഞ തെരുവുകളെക്കുറിച്ച്, രോഗബാധിതമായ മഴക്കാലങ്ങളെക്കുറിച്ച് ഒക്കെ അവർ നമ്മോടു വാതോരാതെ സംസാരിക്കുകയും എത്ര കാലം പ്രവാസഭൂമിയിൽ ജീവിക്കാമോ അത്രയുംകാലം അവിടെതന്നെ തുടരാൻ ഉപദേശിക്കുകയും ചെയ്യും.

ഭീതിയോടെ, നിരാശയോടെ, സങ്കടത്തോടെ ഒക്കെയാണ് ഓരോ പ്രവാസിയും തന്റെ അവധിക്കാലം കഴിഞ്ഞ് മടങ്ങിപ്പോവുക. തനിക്കുകൂടി ജീവിക്കാൻ കൊള്ളാവുന്ന ഒരു കേരളം സംജാതമാകുന്ന നല്ലകാലത്തിനെ സ്വപ്നം കണ്ടുകൊണ്ട്.

സത്യത്തിൽ അത്രയ്ക്കും ജീവിക്കാൻ കൊള്ളാത്ത ഒരു ഭൂമിയാണോ നമ്മുടെ കേരളം? കേരളത്തിൽ ജീവിക്കുന്നവർ മുഴുവൻ മനസ്സാക്ഷിയില്ലാത്തവരും വഞ്ചകരും കുബുദ്ധികളുമാണോ....? ഞാൻ എന്റെ ഓരോ വരവിലും കേരളത്തെ അങ്ങനെ വിമർശനബുദ്ധിയോടെ നിരീക്ഷിക്കാനും പഠിക്കാനും ശ്രമിച്ചിട്ടുണ്ട്. എന്നാൽ അത്തരമൊരു തോന്നൽ ഒരു കാലത്തും എന്റെ മനസ്സിൽ കുടിയേറിയിട്ടില്ല. എന്ന് മാത്രമല്ല, ജീവിക്കാൻ കൊള്ളാവുന്ന ലോകത്തിലെ മികച്ച നഗരങ്ങളിൽ ഒന്നാണ് കേരളം എന്ന അഭിപ്രായം ഓരോ തവണയും ബലപ്പെട്ടു വരുകയും ചെയ്യുന്നു. (നഗരം, പട്ടണം, ഗ്രാമം എന്നിങ്ങനെയുള്ള അതിർവരമ്പുകൾ ഇല്ലാത്ത ഒരു ഇടത്തരം നഗരമാണ് കേരളം എന്ന വിശ്വാസത്തിൽ നിന്നാണ് നഗരം എന്ന വിശേഷണം).

ശരിയാണ് നമ്മുക്ക് കുറവുകളുണ്ട്. നമുക്ക് രാഷ്ട്രീയ സങ്കുചിതത്വങ്ങളുണ്ട്. നമ്മുക്ക് ജാതിചിന്തകളുണ്ട്. നമുക്ക് ഡെങ്കിപ്പനിയും റാകിപ്പറക്കുന്ന കൊതുകുകളും ഉണ്ട്. എന്നാലും മാധ്യമങ്ങൾ നമ്മെ പേടിപ്പെടുത്തുന്നതുപോലെ മോശം നഗരമല്ല കേരളം. നന്മയുടെ ഉറവിടങ്ങൾ നമ്മിൽനിന്ന് ഇനിയും പൂർണ്ണമായും വറ്റിപ്പോയിട്ടില്ല. എല്ലാ വെട്ടിപ്പിടുത്തങ്ങൾക്കു ശേഷവും പച്ചയുടെ ഒരു വലിയ തുരുത്തായി ഇന്നും കേരളം അവശേഷിക്കുന്നു. ഓരോ സംഭവങ്ങളെയും ജാഗ്രതയോടെ നോക്കിക്കാണാനും സമഗ്രമായി വിലയിരുത്താനും നമ്മളിന്നും ബദ്ധശ്രദ്ധാലുക്കളാണ്. അനീതിക്കെതിരെ, പൈശാചികതകൾക്കെതിരെ എപ്പോഴും ജാഗ്രതയോടെ തുറന്നിരിക്കുന്ന ഒരു കണ്ണ് നമുക്കുണ്ട്.

കലാപങ്ങളുടെയും ബോംബ് സ്ഫോടനങ്ങളുടെയും വംശീയ വിദ്വേഷങ്ങളുടെയും വെറിപിടിച്ച പല നഗരങ്ങളുമായി തട്ടിച്ചു നോക്കിയാൽ ഇന്നും നമ്മുടെ കേരളം ഒരു സ്വർഗ്ഗംതന്നെയാണ് എന്ന് സമ്മതിക്കേണ്ടിവരും.

ബസിനടിയിൽ അകപ്പെട്ടുപോയ ഒരു ആട്ടിൻകുട്ടിയെ രക്ഷിക്കാനായി തന്റെ ബൈക്കുപേക്ഷിച്ചുപോയ ചെറുപ്പക്കാരൻ, കുട്ടികളെ വഴി മുറിച്ചു കടക്കാൻ സഹായിക്കുന്ന ട്രാഫിക് പോലീസുകാരൻ, രാത്രി യാത്രയിൽ ബസ്സ്റ്റാന്റിൽ കയറി അവിടെ നിൽക്കുന്ന യാത്രക്കാരെക്കൂടി എടുത്തുകൊണ്ടു പോകാമെന്ന് ഡ്രൈവറോടു പറയുന്ന കണ്ടക്ടർ, വൃദ്ധയായ യാത്രക്കാരിയെ കൈപിടിച്ച് ബസ്സിറക്കി വിടുന്ന കോളേജ് പയ്യൻ, രാത്രിയുടെ വൈകിയ യാമത്തിലും ധീരതയോടെ തനിച്ച് യാത്ര ചെയ്യുന്ന ചില പെൺകുട്ടികൾ... കഴിഞ്ഞ അവധിക്കാലത്ത് കണ്ട ഇത്തരം ചില കാഴ്ചകൾ, നന്മയും കരുണയും ധീരതയും പൂർണ്ണമായും വറ്റിപ്പോയവരൊന്നുമല്ല കേരളത്തിലുള്ളവർ എന്ന ചിന്തയെ ഒരിക്കൽ കൂടി അരക്കിട്ടുറപ്പിക്കുന്നു.

കേരളത്തിലെ ഒരു മോശം സ്ഥലമായും കേരളത്തിലെ ജനതയെ ഒരു മോശം സമൂഹമായും ചിത്രീകരിക്കപ്പെട്ടതിനു മുഖ്യകാരണക്കാർ മാധ്യമങ്ങൾ ആണെന്നു പറയേണ്ടിവരും. നമ്മുടെ നന്മകൾ പറയുന്നതിനേക്കാൾ കൂടുതൽ സമയം നാം നമ്മുടെ തിന്മകൾ പറയാൻ ചെലവഴിച്ചു കഴിഞ്ഞു. സ്വയം ജാഗ്രതപ്പെടലിന്റെ ഭാഗമായാണ് നാം നമ്മെ ഇങ്ങനെ തരംതാഴ്ത്താൻ ശ്രമിച്ചത് എന്ന് തോന്നുന്നു.

ഇനിയെങ്കിലും നാം ലോകത്തിനെ നോക്കേണ്ടതുണ്ട്. ഓരോ നഗരങ്ങളിൽനിന്നും വരുന്ന ഭീതിപ്പെടുത്തുന്ന വാർത്തകൾ കേൾക്കേണ്ടതുണ്ട്. അപ്പോഴെ നമുക്ക് കേരളം എത്ര സുന്ദരമായ ഭൂമിയാണെന്ന് ബോധ്യമാകൂ. •





# ചേക്കുട്ടിപ്പാവ



**ഷാഫിജ വേങ്ങേരി**

പെരുമണ്ണൂർ എന്ന ഗ്രാമത്തിലാണ് ഞാനുണ്ടായിരുന്നത്. വീടിനകത്ത് ഉമ്മയും വല്ലിയമ്മയും കൂടി ഉണ്ടാകുന്ന ലഹളക്കിടയിൽ, കേട്ട് സുപരിചിതമായ ഒരു വാക്കാണ് ചേക്കുട്ടിപ്പാവ.

എടീ ജാനുവമ്മേ .... ഓൾക്ക് ചേക്കുട്ടിപ്പാവയുണ്ടെടീ'വല്ലിമ്മാനേക്കാളും പ്രായക്കുറവാണെങ്കിലും അവരെ ജാനുവമ്മ എന്നാണ് വല്ലിമ്മ വിളിച്ചിരുന്നത്.

ഓ ..... പിന്നേ.... നിങ്ങൾക്കു ഭ്രാന്താ......'

ഒന്നുകൂടി അടുത്തേക്കു നീങ്ങി വല്ലിമ്മ സ്വകാര്യത്തിൽ.

അതേയ് ങ്ങള് ആരോടും പറയര്ത്ട്ടാ. ഓള് കിടക്കണ തലേണന്റെ ഉള്ളിലാ ചേക്കുട്ടിപ്പാവ. ഞാ പല പ്രവസിയം കണ്ട്ക്ക്ണ് ഓളതിനെ പൂജിക്ക്ണത് മൂക്കത്ത് വിരൽ  വച്ച് ജാനുവമ്മ. കാളിരി വീട്ടിലെ രാധയുടെ അമ്മയോടും പറയുന്നതു കേട്ടു.

ഓക്ക് ബല്യ സക്തിണ്ട് ചേക്കുട്ടീപ്പാവേടെ,ല്യാന്ന്ങ്ങ് ബിചാരിക്ക്ണ്ടാ? ഓളറിയാണ്ട് ങ്ങക്ക് തന്ന അരീന്റേം കോയീമുട്ടന്റേം ബിബരം ഓളങ്ങനെ അറിഞ്ഞി?

അങ്ങിനെ പറഞ്ഞ് പറഞ്ഞ് നാട്ടിലൊക്കെ പാട്ടായിരിക്കുന്നു. ചേക്കുട്ടിപ്പാവയുള്ള വിവരം. അതുകൊണ്ടു തന്നെ വീട്ടിൽ നിന്ന് ഒന്നും കളവ് പോകാറില്ല.

പൊളിഞ്ഞ വേലിക്കുള്ളിൽ നീണ്ട പറമ്പിൽ വീണു കിടക്കുന്ന തേങ്ങ, അടക്കം മാങ്ങ, പറങ്കിമാങ്ങയുടെ അണ്ടി തുടങ്ങി ഒരൊറ്റ വസ്തുക്കളും ആരും എടുക്കാറില്ല.പുറത്ത് വച്ച കിണ്ടി ഓട്ടുപാത്രങ്ങൾ, ചട്ടി, കലം തുടങ്ങിയവയും. എനിക്ക് ഭയങ്കര അതിശയമായിരുന്നു. അങ്ങിനെ ഒരു ശക്തിയുണ്ടോ? ഉമ്മ കാണാതെ തലയിണകളെല്ലാം തപ്പി നോക്കി. എനിക്കൊന്നും കാണാൻ കഴിഞ്ഞില്ല. വല്ലിമ്മാനോട് ചോദിച്ചു നോക്കാം.

വല്ലിമ്മാ... ശരിക്കും ചേക്കുട്ടിപ്പാവയുണ്ടോ?

വല്ലിമ്മ എന്റെ വായ പെട്ടെന്ന് പൊത്തി പക്ഷെ അപ്പോഴേക്കും ഉമ്മ തു കേട്ടു വന്നിരുന്നു. പൊതിരെ തല്ലും കിട്ടി. പോരാത്തതിന് രണ്ടു പേരും ലഹളയും തുടങ്ങി.പിന്നീട് വീട്ടിൽ വരുന്ന ബീരാങ്ക്കായോട് ചോദിച്ചു. ഉമ്മാക്ക് ചേക്കൂട്ടിപ്പാവയുണ്ട് എന്ന് പറയുന്നുണ്ടല്ലോ,അത് ശരിയാണോ ബീരാങ്ക്കാ? നിങ്ങൾ കണ്ടിട്ടുണ്ടോ? ഉമ്മയില്ലാത്ത തക്കം നോക്കിയാണ് ചോദിച്ചത്. ബീരാങ്ക്ക പറയാൻ തുടങ്ങി.

ഞ്ജെജ മോളെ ഉണ്ടെന്നോ? അനക്ക് ഓർമയുണ്ടോന്നറിയില്ല. ങ്ങളൊക്കെ ഗൾഫിൽ പോയ സമയത്ത് ബീട് കാബല് ഞാനായിരുന്നല്ലോ? ഒരീസം അബിടെ ചെന്നപ്പോ നിറയെ മാങ്ങ ബീണ് കിടക്ക്ണ്. ഒരു നാലഞ്ചണ്ണം  പെറുക്കി ഞാനങ്ങ്ട്ട് തിന്ന്. ഒന്നും പറയണ്ട. ബയറ്റ്ല് ങ്ങട്ട് എത്തീലാ. പീടീയേലുള്ളോരും കാണുന്നോരും ഒക്കെ ചോ്ണ്ട്. എന്താ ബീരാങ്ക്കാ..... എന്താ ബീരാൻക്കാന്ന്. നിക്ക്ണ്ടാ ഉത്തരം പറയാൻ കയ്യാ. തിരിച്ചു ബന്നിട്ടു പറയാന്ന് ബിചാരിച്ചിട്ടും കയ്ഞ്ഞില്ല. രണ്ടീസം അങ്ങിനെ തന്നെ. ഒക്കെ കയ്ഞ്ഞ് പീടീയേല് ബന്നിട്ട് ഞാനങ്ങ് കൊള്ളി മുറിച്ച്ട്ട്. പുയ്യ് ബന്ന് നസിച്ചാലും ബേണ്ടില്ല. ആ പൊരേന്ന് ഞാനൊരു സാതനും തൊടൂലാന്ന്.

അതും കൂടി കേട്ടപ്പോൾ എനിക്കൊരു സംശയം ഇല്ലാതില്ല. പതുക്കെ ചേക്കുട്ടിപ്പാവ എനിക്കൊരു പടച്ചോനായി. എന്തെങ്കിലും വികൃതിയോ കുരുത്തക്കേടോ കാണിച്ചാൽ ഉമ്മ കണ്ടു പിടിക്കാതിരിക്കാൻ ചേക്കൂട്ടിപ്പാവയെ വിളിക്കും. ക്ലാസിൽ ഹോം വർക്ക് ചെയ്യാതെ പോയാൽ റ്റീച്ചർ ചോദിക്കാതിരിക്കാൻ, ഇഷ്ടപ്പെട്ടവർ വിരുന്നു വരാൻ, ഉയരത്തിൽ നിൽക്കുന്ന പഴുത്ത പറങ്കിമാങ്ങ വീണൂ കിട്ടാൻ അങ്ങിനെ ആഗ്രഹങ്ങൾക്കോപ്പം ചേക്കുട്ടിപ്പാവയും വളർന്നൂ. പിന്നീടത് ഇഷ്ടപ്പെട്ടവനെ സ്വന്തമാക്കാനും മൂപ്പരാളെ കൂട്ടുപിടിച്ചു. ചുറ്റുഭാഗത്ത് കള്ളന്മാരുടെ ശല്യം വല്ലാതെ കൂടിയിരുന്നു. അപ്പോഴൊന്നും ഞങ്ങളുടെ വീട്ടിൽ മ ത്രം കള്ളന്മാർ കയറില്ല എന്ന ആത്മവിശ്വാസം എല്ലാവരെക്കാളും കൂടുതലെനിക്കുണ്ടായിരുന്നു. അതുകൊണ്ട് ഒരു ഭയവും തോന്നാത്ത കാലമായിരുന്നു അത്. ഇനി അഥവാ കാക്കാൻ കയറിയാലും ഒരാൾക്കും ഒന്നും കൊണ്ടു പോകാനും കഴിയുമായിരുന്നില്ല എന്ന ബോധം ഉണ്ടാകുന്ന തരത്തിലുള്ള ഒന്നു രണ്ടു സംഭവങ്ങളും നടന്നു. തെങ്ങ മോഷ്ടിച്ചത് അത്ര അകലെ അല്ലാത്ത വീട്ടിൽ നിന്ന് പൊളിച്ച പച്ച ചകിരിയോടെ പിടിക്കപ്പെട്ടു. റ്റൈപ്പ് റിക്കാർഡർ മോഷ്ടിച്ച് ഓടുന്നതിനിടയിൽ (പ്ലക്ഷിൽ കുത്തിവച്ചതറിയാതെ) റ്റൈപ്പ് റിക്കോർഡും സ്പീക്കറും താഴെ വീണ് ഓടി രക്ഷപ്പെട്ടത്, രണ്ട് ദിവസം കഴിഞ്ഞ് കുത്തി പഴുത്ത കൈയ്യുമായി തെറ്റ് ഏറ്റ് പറഞ്ഞ് സങ്കടം പറഞ്ഞത്.

പിന്നീട് മീൻ പിടിക്കാൻ ചൂണ്ടലിടുമ്പോൾ കിട്ടിയാൽ ആ മീന് ചേക്കുട്ടിപ്പാവക്ക്, ദോശ ചുടുന്ന സമയത്ത് ദോശച്ചട്ടി കരി

ഞ്ഞ് അടിപിടിക്കുമ്പോൾ അടുത്തത് നന്നായാൽ അത് ചേക്കുട്ടിപ്പാവക്ക്!

അങ്ങിനെ ജീവിഹത്തിൽ ഒഴിച്ചുകൂടാനാവാത്ത സുഹൃത്തായി ചേക്കുട്ടിപ്പാവ. പക്ഷെ ഇതിനിടയിൽ അല്ലറ ചില്ലറ സാധനങ്ങളൊക്കെ വീട്ടിൽ നിന്ന് കളവ് പോകാൻ തുടങ്ങിയിരുന്നു. വാച്ച്, പുറത്ത് ചൂടാറൻ വച്ച ഉരുളി തുടങ്ങി ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടത്. അല്ലാത്തത് എന്തൊക്കെയാണാവോ? അപ്പോഴൊക്കെ ഓർത്തു എവിടെപ്പോയീ ഈ ചേക്കുട്ടിപ്പാവയെന്ന്.

ചേക്കുട്ടിപ്പാവയുമായുള്ള സമ്പർക്കം മൂലമാണോ എന്നറിയില്ല കാലങ്ങൾ കൊഴിഞ്ഞു പോയപ്പോൾ എന്റെ ആത്മാർത്ഥമായ എല്ലാ കാര്യസാധ്യതകൾക്കും സ്വാർത്ഥതാൽ പര്യങ്ങൾക്കും ചേക്കുട്ടിപ്പാവ സഹായിയായി, അതുകൊണ്ടു തന്നെ ചിലപ്പോൾ ചേക്കുട്ടിപ്പാവയുടെ പ്രവർത്തനങ്ങൾ ക്രൂരമാകാനും തുടങ്ങി.

ഇഷ്ടപ്പെട്ടവർ ദൂരെയാണെങ്കിലും അവർ ധരിച്ച ഡ്രസ്സ് മുതൽ വിചാരവികാരങ്ങളും അനുഭവിക്കാൻ കഴിയാൻ തുടങ്ങി...

സംസാരമധ്യേ ഞാനവനോട് പറഞ്ഞു.

ടാ.... എന്നോടധികം കളിക്കണ്ട. എനിക്ക് ചേക്കുട്ടിപ്പാവയുണ്ട്.

ഉം... ചേക്കുട്ടിപ്പാവ. ചേക്കുട്ടിമ്മാമയാണ്

അവനെന്നെ കളിയാക്കി.

കളിയാക്കിയതു മതി. നീ ഇപ്പോ ദൂരെയല്ലെ? ഞാനിവിടെ ഇരുന്ന് നീ ഇപ്പോൾ ഇട്ട ഷർട്ടിന്റെ കളർ പറയാം . എന്നാൽ നീ വിശ്വസിക്കുമോ?

ഓകെ എന്ന് അവനും.

നീല

ഹൊ അവൻ അമ്പരന്നിട്ടുണ്ടാകണം.

പിന്നീടൊരു ദിവസം അവൻ ഗൾഫിലെക്ക് വിസ കാത്തു നിൽക്കുന്ന സമയം ദിവസങ്ങളോളം പിണക്കത്തിലായിരുന്നു. വിസ കിട്ടാത്തതിന്റെ വിഷമം അവനും പോകുന്നതിന്റെ വിഷമം എനിക്കും.

എനിക്കു നിന്നോട് പിണങ്ങാൻ വയ്യ. നിനക്ക് വിസ വന്നതായി ഫീൽ ചെയ്യുന്നു. ദൂരെ ഇരുന്നു തന്നെ പിണക്കം മാറി ഞാൻ ഒരു മെസ്സേജാണ് അയച്ചത്. ഉടനെ ഒരു വോയ്സ് മെസ്സേജ്. SSS ഫീൽ ചെയ്തതു ശരിയാണ്.

അതുകൊണ്ട് ഞാൻ പറയുന്നത് കേൾക്ക്,

നിങ്ങളുടെ പനി ഞാൻ മാറ്റി തരാം. എന്റെ ചെക്കുട്ടിപ്പാവയെ കൊണ്ട്. സുഹൃത്തിനോട് പറഞ്ഞു.

“ഓഹൊ. അപ്പൊ ശരിക്കും നിങ്ങൾക്ക് ചേക്കുട്ടിപ്പാവ ഉണ്ട് അല്ലെ? ശക്തിയുള്ള ചേക്കുട്ടിപ്പാവ.”

FB സുഹൃത്ത് കാര്യമായിട്ടു തന്നെ പറഞ്ഞു.

കുറച്ചു നേരം ആലോചിച്ചു. എന്നിട്ട് ഞാനിങ്ങനെ തുടങ്ങി.

“ഹും.... സുഹൃത്തെ അങ്ങിനെ ഒരു ചെക്കുട്ടിപ്പാവ ഉണ്ടായിരുന്നെങ്കിൽ! എനിക്കെന്റെ....”

മുഴുവനാക്കാൻ ആ സുഹൃത്ത് സമ്മതിച്ചില്ല.

മതി. കഥ പറഞ്ഞതു മതി.....



# മാതംഗി

ചുട്ടുപൊള്ളുന്ന
മണൽപാത,
സൂര്യൻ പൊട്ടിച്ചിരിക്കുന്നു,
മണൽകാറ്റിന്റെ സീൽക്കാരം,
അവനു ഭയമായി,
എങ്കിലും അവൻ യാത്ര തുടർന്നു,
ശ്രാവന്തിയുടെ ചുട്ടുപൊള്ളുന്ന
മണൽപ്പാതയിലൂടെ,....
മാതംഗിയെ കാണാൻ.
സഹസ്രാബ്ദങ്ങൾക്കപ്പുറത്ത്
ദാഹജലം ചോദിച്ച
ബുദ്ധഭിക്ഷുകിക്ക്
ഭയന്നുവിറച്ച്
ദാഹനീർ നൽകിയ
മാതംഗിയുടെ
ദർശനത്തിന്....
അവൻ യാത്ര തുടർന്നു
ഒരു തീർഥാടനം പോലെ,
ബുദ്ധഭിക്ഷുകിയുടെ പാദസ്പർശമേറ്റ,
ഭൂമിയെ ചുംബിക്കാൻ,....
അങ്ങകലെ ഒരു പച്ചപ്പ്,
അതൊരൽമരമായിരുന്നു, അവിടെയൊരു കിണർ,
രാജാരവിവർമ്മ നൽകിയ സാരിയുമണിഞ്ഞ്,
സുന്ദരിയായി...
കുടത്തിൽ വെള്ളം നിറച്ച്,
മാതംഗി അവന്റെ കൈകുമ്പിളിലേക്ക്
ദാഹജലം പകർന്നുനൽകി.,
അവൻ ചോദിച്ചു.
മാതംഗിയല്ലേ?
അവൾ
പുഞ്ചിരിച്ചുകൊണ്ട്
അങ്ങകലെ കാണുന്ന
കുടിലേക്ക്
നടന്നു നീങ്ങി.,
വളഞ്ഞു പുളഞ്ഞു പോകുന്ന
ഒരു വള്ളിപ്പടർപ്പായി...



രവി കണ്ണൂർ





പി.കെ. അബ്ദുള്ള

## ലോക കേരള സഭ

# പ്രവാസികൾക്ക് ആഗോള അസംബ്ലി

ലോക കേരള സഭ ഇന്ത്യൻ രാഷ്ട്രീയ ഭൂമണ്ഡലത്തിലെ നാളിതുവരെ കേട്ടു കേൾവിപോലുമില്ലാത്ത ഒരാശയത്തിന്റെ ചരിത്ര യാഥാർത്ഥ്യം ഭൂഗോളത്തിലെ പാലായനത്തിന്റെയും കുടിയേറ്റത്തിന്റെ ചരിത്രയാഥാർഥ്യം മാനവകുലത്തിന്റെ ആവീർഭാവത്തോടെ രൂപപ്പെട്ട യാഥാർഥ്യം ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് അന്നം തേടി പ്രാകൃത മനുഷ്യ സമൂഹം യാത്ര തുടർന്നിരുന്നു. അവന്റെ അന്വേഷണത്തിന്റെ ചിന്തയുടെ അനുഭവത്തിന്റെ പരിണിത ഫലമായി സമൂഹം ഇന്ന് കാണുന്ന വളർച്ച രൂപപ്പെട്ടു. എന്നിട്ടും പ്രതീക്ഷയും സ്വപ്നങ്ങൾ തേടി പ്രവാസം തുടർന്നു. കേരള സാമൂഹ്യചരിത്രം കുടിയേറ്റത്തിന്റെ തുരുത്തായി തന്നെ രൂപപ്പെട്ടു. സ്വാതന്ത്ര പൂർവ കേരളത്തിൽനിന്നും ആദ്യം പ്രവാസം ആരംഭിച്ചത് ഇന്ത്യയുടെ മഹാനഗരങ്ങൾ തേടിയാണ് അക്കൂട്ടത്തിൽ ഭാരതത്തിന്റെ ഭാഗമായ പാകിസ്ഥാനിൽ പോലും മലയാളി കുടിയേറി. ഇന്ത്യ പാക്ക് വിഭജനകാലത്ത് മഹാജിറുകളർ (കുടിയേറ്റക്കാർ) എന്ന നിലയിൽ രണ്ടാം പൗരൻമാരായി അവർക്ക് അവിടെ തങ്ങേണ്ടി വന്നു. അത് പലരാജ്യങ്ങളിലെയും വസ്തുതയായിരുന്നു എന്നിട്ടും ഇന്ത്യൻ പാർലമെന്റിലെ ഇരു സഭകളും ഇന്നേവരെ ചർച്ച ചെയ്തില്ല, കാരണം സമഗ്രമായ ഒരു കുടിയേറ്റ നിയമം ഇന്ത്യൻ ഭരണഘടനയിൽ തുന്നി ചേർത്തിട്ടില്ല. തുടർന്ന് മാറിമാറി വന്ന സർക്കാരുകൾ ശ്രമിച്ചതുമില്ല. സ്വാതന്ത്ര പൂർവ ഇന്ത്യയിൽ അടിമ തൊഴിലാളികളെ കയറ്റികൊണ്ടു പോകാൻ ബ്രിട്ടീഷ് ഇന്ത്യ ഗവൺമെന്റ് പാസ്സാക്കിയ നിയമം പിന്നീട് വന്ന സർക്കാരുകൾ വരുത്തിയ മാറ്റവും അതിന്റെ കാർബൺ കോപിയായി മാറി എന്നിട്ടും നാളിതുവരെയുള്ള നാളുകളിൽ നമുക്ക് ഒരു കുടിയേറ്റ നിയമം രൂപപ്പെടുത്താൻ കഴിഞ്ഞോ? ഇന്ത്യൻ കുടിയേറ്റ തൊഴിലാളി അനുഭവിക്കുന്ന കൊടിയ പീഡനം ദുരിതം അത് തന്നെയാണ് ആയതിനാൽ ലോക കേരളസഭ ഇന്ത്യൻ ഭരണകൂട ഇരു നിയനിർമാണ സഭകൾക്ക് കൈമാറേണ്ട തീരുമാനങ്ങൾ സമഗ്ര കുടിയേറ്റ നിയമം തന്നെയാണ് 20 പാർലമെന്റ് അംഗങ്ങളും ഈ രംഗത്ത് ജാഗ്രരൂഗരാവണം... എങ്കിൽ പോലും 1996 മുതൽ കേരള സർക്കാരുകളുടെ നോർക്ക രൂപീകരണവും 2009ലെ സർക്കാർ നടപ്പിലാക്കിയ ക്ഷേമനിധിബോർഡും നോർക്ക പരിഷ്കരണവും നൽകിയ ആശ്വാസവും ചെറുതായിരുന്നില്ല. ഇപ്പോഴും സമാന മാതൃക ലോകത്തൊരിടത്തും ഇല്ല പ്രത്യേകിച്ചും രാജ്യത്ത് മറ്റൊരു സംസ്ഥാനത്തും നടപ്പിലാക്കിയതുമില്ല.

2017ലെ പിണറായി സർക്കാർ നടപ്പിലാക്കിയ പ്രവാസി പെൻഷൻ വർധന എൻ ഡി പി ആർ എം പദ്ധതിവിദേശ ജയിലിൽ കഴിയുന്നവരുടെ മോചനം, വിദേശത്ത് മരണമടയുന്ന പ്രവാസിയുടെ ഭൗതിക ശരീരം സൗജന്യമായി വീട്ടിലെത്തിക്കുക തുടങ്ങിയ പദ്ധതി മലയാളികൾക്ക് വലിയ സാന്ത്വനം തന്നെ. ഇപ്പോൾ ഈ സർക്കാരിന്റെ നൂതന ആശയം എവിടെയും നാക്കില്ലാത്ത, ആയുധമില്ലാത്ത മലയാളി ലോകത്ത് ചിതറി കിടക്കുന്നു. ഇവന്റെ ശബ്ദം ഇവന്റെ ജനാധിപത്യ അവകാശം കശാപ്പ് ചെയ്യുന്നു. ഇവന്റെ അവകാശങ്ങൾ ഇവന്റെ ശാബ്ദം കേൾക്കാൻ വേദികൾ അന്യവത്കരിക്കുന്നു. ഈ സാഹചര്യം മുറിച്ചു കടക്കാൻ ഇടതു സർക്കാർ നടപ്പിലാക്കിയ ഈ നൂതന ആശയം ലോക കേരള സഭാ ലോക സാമൂഹ്യ ചരിത്രത്തിലെ ഇതിഹാസം തന്നെയാണ്. ആരാരും തിരിഞ്ഞു നോക്കാത്ത പ്രവാസിയുടെ വാക്കുകൾക്ക് കാതോർക്കുന്ന ഒരു നാട് ദേശാടന സമൂഹത്തിന് ഉള്ളകം ചികഞ്ഞു പ്രതീക്ഷയുടെ പുനരധിവാസത്തിന്റെ വഴികാട്ടിയായി ഈ സംഭവം ഇന്ത്യൻ പാർലമെന്റ് മാതൃകയാക്കട്ടെ ഈ ലോക കേരള സമ്മേളനത്തിന് എല്ലാഭാവുകങ്ങളും നേരുന്നു.



കേരള പ്രവാസി സംഘം എന്ന മഹിത പ്രസ്ഥാനം രൂപപെട്ടത് 2002 മുതൽ നടത്തിയ പ്രവാസിയുടെ അവകാശ സമര പോർമുഖങ്ങൾ അതുവഴി രൂപപ്പെട്ട പദ്ധതി കേരള കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോർക്ക സംവിധാനം കേന്ദ്ര ക്യാബിനറ്റ് മന്ത്രി പദം കേരള സർക്കാർ മന്ത്രി പദവി അതുവഴി കേരളത്തിലെ ഇടതു സർക്കാർ നിർവഹിച്ച സ്തുതിയാർഹമായ പ്രവാസി സൗഹൃദ സമീപനം ഒക്കെ അടർത്താനാവാത്ത ഏടുകൾ. ഇപ്പൊ അറബിയ പേർഷ്യ രാജ്യങ്ങളിൽ നടപ്പാക്കുന്ന സ്വദേശിവത്കരണം അവിടെ പെറ്റു പെരുകുന്ന അറബി പുതു തലമുറയുടെ തൊഴിൽ അവസരം രൂപവൽകരിക്കാൻ ജിസിസി രാജ്യങ്ങൾ നിർമ്മിക്കുന്ന നിയമനിർമ്മാണം സ്വദേശി വൽക്കരണമാണ്. അതവരുടെ ശരിയും ശാസ്ത്രീയവുമാണ്.

എങ്കിൽ പോലും തൊഴിലുകളിൽ നിന്നും നിരാവൽകരിക്കപ്പൊടുന്നത് മലയാളിയെയാണ് സാമാന്യം ഭേദപ്പെട്ട തൊഴിൽ മേഖല അന്യവൽക്കരിക്കപ്പെടും. പകരം തൂപ്പുകാരൻ വെപ്പുകാരൻ തേപ്പുകാരൻ എന്ന തലത്തിലേക്ക് താഴ്ത്തപ്പെടും ഒരു പക്ഷെ പ്രവാസത്തിന്റെ അവസരം കൊട്ടിയടക്കപ്പെടും ആലംബഹീനരായ പ്രവാസി സമൂഹം ദുരിതം പേറും കേരള സർക്കാർ കാണിക്കുന്ന ഈ അനുഗുണ സമീപനം എന്ത് കൊണ്ടും ശ്ലാഘനീയമാണ് ലോകോത്തര നിലവാരം മാതൃകയും കേരളം സംഭാവന ചെയ്യുന്നു. ഭൂപരിഷ്കരണം വിദ്യാഭ്യാസം സാർവത്രികവും സൗജന്യവും നിർബന്ധിതവുമാക്കി ഉയർന്ന ശുചിത്വ ബോധം ഉയർന്ന ആയുർരേഖ പ്രസവ മരണനിരക്കിൽ കുറവ് ശിശു മരണ നിരക്ക് ഇതൊക്കെ ആർജിച്ചത് നൂതനമായ വഴികളിൽ ഉയർന്ന ചിന്ത സരണി രൂപീകരിച്ച മലയാളിയുടെ മുന്നേറ്റം പ്രവാസി സമ്പുൽപാദനത്തിന്റെ വഴികളിലൂടെ ദേശാന്തരങ്ങൾ താണ്ടിയ മലയാളിക്ക് ലോകത്തോളം ഉയർന്നു നിവർന്നു പോകാൻ ഉതകുന്ന തരത്തിൽ ലോക കേരള സഭ രൂപവൽ ക്കരണം അതിന്റെ പ്രയോയികവും നടപ്പിലാക്കിയ കേരളത്തിലെ പിണറായി സർക്കാരിനെ ഹൃദയതുറന്ന് നിന്നും അഭിവാദ്യങ്ങൾ നേരുന്നു. ●



**അനിൽ ശ്രായി**


# ഒരു ഇന്ത്യൻ ചിത്രം

ചരിത്രവഴികളിൽ നിറയെപൂക്കും
സഹനത്തിൻ പുതു പൂക്കൾ
നടന്നുനീങ്ങിയ പാതയിലെല്ലാം
നിണംകുതിർത്ത മൺതരികൾ
കരിഞ്ഞുണങ്ങിയ പാടങ്ങളിലെ
കണ്ണീർവറ്റിയ നീർച്ചാലുകളിൽ
വരണ്ടു കീറിയകാൽപ്പാദങ്ങളിൽ
നിറഞ്ഞുനിൽക്കും പുതിയൊരുഇന്ത്യ
നടന്നുതീർക്കും ദൂരത്തോളം
നിരന്നുനിൽക്കും കോലങ്ങൾ
വയറുമുറുക്കിയുടുക്കും നിഴലുകൾ
ഇന്നിന്റിന്ത്യൻ ചിത്രങ്ങൾ
നടന്നുപൊളിയും കാലുകൾക്കുള്ളിൽ
ചുവന്നുതുടിയും മാംസങ്ങൾ
പിന്നോട്ടൊരു ചുവടെന്നതുവച്ചാൽ
പണ്ടത്തേപ്പോൽ എന്നതുസാരം
മണിമാളികകളിലുയരും ചിരികൾ
ചേരിന്നുള്ളിൽ വിരിയും വിളകൾ
മണ്ണിൻഗന്ധം നിറയും ജീവിത
മേറെപ്പറയാനുണ്ടിവിടെ
ചോരച്ചെങ്കൊടികൈകളിലേന്തും
ചോദ്യങ്ങൾതൻ ചോദിക്കാൻ
അടിമത്വത്തിൻ പുത്തൻനുകമത്
ചുമലിൽ ഏറ്റാനാവില്ല
പിടിച്ചുകെട്ടാൻ നോക്കണ്ടിവിടിനി
നാളെപ്പുതിയൊരു പുലരിപിറക്കും
അപരൻശബ്ദം മധുരംപോലെ
മനസ്സിൽനിറയും പുതുകാലം
ചരിത്രവഴികളിൽ നിറയെപ്പൂക്കും
സഹനത്തിൻ പുതുപൂക്കൾ ..



കെ.കെ.രാജേന്ദ്രൻ

# അപ്പുവിന്റെ മകൻ



അപ്പു എന്റെ സ്നേഹിതനായിരുന്നു ഷാർജയിൽ 'അൽ-ജസീറ' പാർക്കിലെ ജീവനക്കാരൻ ആയിരുന്നു അപ്പു. പാർക്കിലെ ടിക്കറ്റ് കൗണ്ടറിലായിരുന്നു ഡ്യൂട്ടി. പാർക്ക് സന്ദർശിക്കുന്നവർക്ക് ടിക്കറ്റ് കൊടുക്കുന്ന ജോലി.

ഷാർജയിൽ നിന്നും ഞാൻ മടങ്ങിവന്നിട്ട് ഇപ്പോൾ 30 വർഷങ്ങൾ ആകുന്നു.അതിന് മുമ്പ് ഏതാണ്ട് പത്ത് വർഷത്തോളം ഞാൻ അവിടെ ഉണ്ടായിരുന്നു. ആ പത്ത് വർഷത്തിനിടയിൽ എവിടെവെച്ചോ ഞാൻ അപ്പുവിനെ പരിചയപ്പെട്ടു. ആ ബന്ധം അവസാനം വരെ ഞങ്ങൾ സൂക്ഷിച്ചു പോന്നു.

ഒരു സഹൃദയനായിരുന്നു അപ്പു. എപ്പോഴും സന്തോഷവാനായിക്കും. അവസരം കിട്ടുമ്പോഴൊക്കെ തമാശകൾ പറയുവാനും  സരസമായി സംസാരിക്കുവാനുമുള്ള  അപ്പുവിന്റെ കഴിവ് ഒന്നു വേറെ തന്നെയായിരുന്നു. ഒരു ശരാശരി പ്രവാസിക്കുള്ള സ്ഥായിയായ ദുഃഖഭാവങ്ങളൊന്നും അദ്ദേഹത്തിന്റെ മുഖത്ത് ഒരിക്കലും പ്രകടമായിരുന്നില്ല.

തിരുവനന്തപുരം ജില്ലയിൽ ആറ്റിങ്ങലിനടുത്ത് എവിടെയോ ആയിരുന്നു അദ്ദേഹത്തിന്റെ വീട്. ഒരു സാധാരണ കുടുംബമായിരുന്നു.  ലീവിന് നാട്ടിൽ പോകുമ്പോൾ പെണ്ണുകെട്ടണമെന്ന് അപ്പു കൂടെക്കൂടെ ഞങ്ങളോടു പറയുമായിരുന്നു. ഷാർജയിലെ 'കല'യുടെ പ്രസിഡന്റായിരുന്ന രവീന്ദ്രനാഥും ഞാനും അന്ന് ഒന്നിച്ചായിരുന്നു താമസം. ചെങ്ങന്നൂർ എം.എൽ.എ ആയിരുന്ന പി.ജി.പുരുഷോത്തമൻ പിള്ളയുടെ മകനായിരുന്നു രവീന്ദ്രനാഥ്. അപ്പു ഞങ്ങളുടെ റൂമിലെ നിത്യ സന്ദർശകൻ ആയിരുന്നു. എന്നോടും രവിയോടും മാത്രമല്ല റൂമിലെ എല്ലാവരോടും വലിയ കാര്യമായിരുന്നു അപ്പുവിന്.

അങ്ങനെ കാത്തു കാത്തിരുന്ന് അപ്പുവിന് നാട്ടിൽ പോകുവാനുള്ള സമയമായി അതിന് മുമ്പുതന്നെ വീട്ടുകാർ വിവാഹ ആലോചന നാട്ടിൽ തുടങ്ങിയിരുന്നു.ഒന്നു രണ്ടുപെൺകുട്ടികളെയൊക്കെ അവർ കണ്ടു വെച്ചു.

അതെല്ലാം അറിഞ്ഞുകൊണ്ടാണ് അപ്പു നാട്ടിലേയ്ക്ക് പോയത്. നാട്ടിൽ ചെന്ന് വലിയ താമസമില്ലാതെ കല്ല്യാണം നടക്കുകയും ചെയ്തു.

അവധി കഴിഞ്ഞ് രണ്ട് മാസത്തിനകം അപ്പു മടങ്ങിയെത്തി.വിവാഹം കഴിഞ്ഞ് മധുവിധുകാലത്ത് തന്നെ മടങ്ങിവരുന്ന ഒരു സാധാരണ പ്രവാസി യുവാവിന് ഉണ്ടാകുന്ന ദുഃഖവും നിരാശയും ഒന്നും അപ്പു പ്രകടിപ്പിച്ചിരുന്നില്ല. സ്വതസിദ്ധമായ തമാശകളും നർമ്മ സംഭാഷണങ്ങളും ഒക്കെയായി അപ്പുവിന്റെ ജീവിതം പഴയപടി തുടർന്നു.

ഏതാനും ദിവസങ്ങൾക്ക് ശേഷം ഭാര്യ അയച്ച ഒരു കത്തിൽ നിന്നും ആ സന്തോഷ വാർത്ത അപ്പു അറിഞ്ഞു. താൻ അച്ഛനാകാൻ പോകുന്നു. ആ വാർത്തയും തന്റേതായ ശൈലിയിൽ ഞങ്ങളോടു പങ്കുവെച്ചു.

'അൽ ജസ്സീറ'പാർക്കിലെ ജോലി കൂടാതെ മറ്റൊരു ജോലിയും കൂടി അപ്പു തരപ്പെടുത്തി. ഒരു സ്ക്കൂൾ ബസിലെ ഡ്രൈവറായി കയറിപ്പറ്റി. യു.എ.ഇ യിലെ ഡ്രൈവിംഗ് ലൈസൻസ് ഇതിനകം കരസ്ഥമാക്കിയിരുന്നതിനാൽ  ഈ ജോലി ലഭിക്കുവാൻ വലിയ ബുദ്ധിമുട്ട് ഉണ്ടായിരുന്നില്ല. രാവിലെ എട്ടുമണിയ്ക്ക് കുട്ടികളെ സ്ക്കൂളിൽ എത്തിക്കണം. ഉച്ചയ്ക്ക് 12 മണിയ്ക്ക് തിരിച്ച് കൊണ്ടുവരണം. ഉച്ചയ്ക്ക് ശേഷം പാർക്കിലെ സ്ഥിരം പണിക്ക് പോകാം.വിവാഹശേഷമുള്ള അധിക സാമ്പത്തിക ചെലവുകൾക്ക് ഒരാശ്വാസം എന്ന നിലയിലാണ് ഈ പുതിയ തൊഴിൽ കൂടി ഏറ്റെടുക്കുവാൻ അപ്പു തയ്യാറായത്.

മാസങ്ങൾ കടന്നു പോയി. അപ്പുവിന് ഒരു മകൻ പിറന്നു. ആ വാർത്തയും അപ്പു സന്തോഷപൂർവ്വം ഞങ്ങളെ ഒക്കെ അറിയിച്ചു. മാത്രമല്ല ഇത്തരം സന്ദർഭങ്ങളിൽ ഒരു സാധാരണ പ്രവാസി ചെയ്യുന്നതു പോലെ സ്നേഹിതന്മാരെയൊക്കെ

വിളിച്ച് ഒരു ചായസൽക്കാരം ഒക്കെ നടത്തി സന്തോഷം പങ്കുവെയ്ക്കുകയും ചെയ്തു.

ഭാര്യ അയക്കുന്ന കത്തുകളിലൂടെ മകന്റെ ഫോട്ടോകൾ വന്നുകൊണ്ടിരുന്നു. ഓരോ ഫോട്ടോ വരുമ്പോഴും അപ്പു അതൊക്കെ ഞങ്ങളെ കൊണ്ടുവന്നു കാണിക്കുമായിരുന്നു. എന്നിട്ട് പറയും 'ചെറുക്കനെ പോയി ഒന്നു കാണണം'.

'ചെറുക്കൻ' എന്നാണ് മകനെ കുറിച്ച് അപ്പു എപ്പോഴും പറയുന്നത്. പിന്നീട് ഞങ്ങളും അങ്ങനെ സംബോധന ചെയ്യുവാൻ തുടങ്ങി. അപ്പുവിനെ കാണുമ്പോൾ ഞങ്ങൾ ചോദിക്കും 'എങ്ങനെയുണ്ട്. ചെറുക്കന് സുഖമാണോ.'

'കുഴപ്പമില്ല. പുതിയ ഫോട്ടോ വന്നിട്ടുണ്ട്'. അപ്പു പോക്കറ്റിൽ നിന്ന് ഫോട്ടോ എടുത്തുകാട്ടി. കൈയ്യിൽ ഒരു കളിപ്പാട്ടവും പിടിച്ചുകൊണ്ട് ചിരിക്കുന്ന ഒരുമിടുക്കൻ. അതാണ് അപ്പുവിന്റെ ചെറുക്കൻ.

അപ്പു വീണ്ടും പറഞ്ഞു. 'അടുത്ത മാസം ലീവ് കിട്ടും ചെറുക്കനുള്ള സാധനങ്ങളൊക്കെ വാങ്ങി വെയ്ക്കണം'.

ഞാൻ താമസിക്കുന്ന റൂമിന്റെ മുൻവശം ഒരു ചെറിയ മൈതാനമാണ്. പരിസരത്തെ ഫ്ളാറ്റുകളിൽ താമസിക്കുന്നവർ വണ്ടി പാർക്ക് ചെയ്യുന്നത് ഈ മൈതാനത്താണ്. എന്റെ റൂമിന്റെ തൊട്ടു മുന്നിലായി ഒരു ബദാം മരം തണൽ വിരിച്ച് നിൽപ്പുണ്ട്. ആ മരത്തിന്റെ ചുവട്ടിൽ നാലഞ്ച് കസേരകൾ സ്ഥിരമായി ഇട്ടിട്ടുണ്ട്. സുഹൃത്തുക്കൾ ഒക്കെ വരുമ്പോൾ ഞങ്ങൾ അവിടെ ഇരുന്നാണ് നാട്ടു കാര്യങ്ങളും വീട്ടുകാര്യങ്ങളും ഒക്കെ ചർച്ച ചെയ്യുന്നത്. അപ്പുവും അതിൽ ഒരാളായിരുന്നു.

ഇന്നും ഒരു ഞെട്ടലോടു കൂടി മാത്രം ഓർക്കാൻ കഴിയുന്ന ഒന്നാണ് ഇനി പറയുന്നത്. ചെറിയ തണുപ്പ് കാലം.ഒരു ദിവസം രാവിലെ പത്തു മണിയോടു കൂടി ഞാനും രവിയും ബദാമിന്റെ ചുവട്ടിൽ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. കുട്ടികളെ സ്ക്കൂളിൽ ആക്കിയിട്ട് കാലിയായ ബസ് ഓടിച്ചുകൊണ്ട് അപ്പു ഞങ്ങളുടെ ചെറിയ മൈതാനത്തിലേയ്ക്ക് വന്നു. മൈതാനത്തിന്റെ ഒരറ്റത്ത് വണ്ടി പാർക്ക് ചെയ്തിട്ട് താക്കോൽ കൈവിരലിൽ കറക്കി കൊണ്ട് അപ്പു ഞങ്ങൾ ഇരിക്കുന്ന സ്ഥലത്തേക്ക് വന്നു.

'രാവിലത്തെ പരിപാടി കഴിഞ്ഞോ' രവി ചോദിച്ചു.

അപ്പു മറുപടി വ്യക്തമായി തന്നെ പറഞ്ഞു 'ങാ...കഴിഞ്ഞു.ഇനി ഉച്ചയ്ക്ക് പോയാൽ മതി.റൂമിലേയ്ക്ക് പോകുന്നില്ല കുറച്ച് സമയം ഇവിടെയെങ്ങാനം ഇരിക്കാം' .ഇത്രയും പറഞ്ഞ് അപ്പു എന്റെ തൊട്ടടുത്ത കസേരയിലേക്ക് ഇരുന്നു. ഇരുന്ന നിമിഷം തന്നെ കൈകൾ ചെറുതായി ഒന്നുയർത്തി നെഞ്ച് ഒന്നു നിവർത്തിയെന്ന് തോന്നുന്നു. പൊടുന്നനെ ഒരു ചെറുമുരളലോടുകൂടി ഞാൻ ഇരുന്ന വശത്തേക്ക് ചരിഞ്ഞ് എന്റെ മടിയിലേയ്ക്ക് വീണു. താങ്ങി പിടിക്കുവാൻ വേണ്ടി രവി ചാടി എഴുന്നേറ്റപ്പോഴേയ്ക്കും എന്റെ മടിയിൽ നിന്നും ഊർന്ന് താഴേക്ക് വീണു. അപ്പു ഒന്നു പിടഞ്ഞു സെക്കന്റുകൾ മാത്രം. പിന്നെ അനക്കമില്ല. രവിയുടെ കാർ ബദാമിന്റെ ചുവട്ടിൽ തന്നെ കിടപ്പുണ്ടായിരുന്നു.രവി ഓടി പോയി വണ്ടി തുറന്നു. ഞങ്ങൾ രണ്ടാളും കൂടി അപ്പുവിനെ താങ്ങിയെടുത്ത് വണ്ടിയിൽ കയറ്റി. കഷ്ടിച്ച് രണ്ട് കിലോമീറ്റർ മാത്രം അകലം ഉണ്ടായിരുന്ന അൽ-കാസ്മി ഹോസ്പിറ്റലിലേയ്ക്ക് കാറ് പാഞ്ഞു. അപ്പു എന്റെ മടിയിലാണ് കിടന്നിരുന്നത്. രണ്ട് മിനിട്ട് കൊണ്ട് ആശുപത്രിയിലെത്തി.

കാറിൽ നിന്നും എടുത്ത് സ്ട്രെച്ചറിൽ കിടത്തിയ അപ്പുവിനെ ആശുപത്രി വരാന്തയിൽ ഉണ്ടായിരുന്ന ഒരു ഡോക്ടർ അവിടെ വെച്ച് തന്നെ ഒന്നു പരിശോധിച്ചു.
അപ്പുവിന്റെ കൈ പിടിച്ചു നോക്കിയ ഡോക്ടറുടെ മുഖഭാവം കണ്ടപ്പോൾ എനിയ്ക്ക് എന്തോ പന്തികേടു തോന്നി. പെട്ടന്ന് തന്നെ അപ്പുവിനെ അകത്തേയ്ക്ക് കൊണ്ടുപോയി. ഞാനും രവിയും അവിടെ ഇരുന്നു.

അപ്പു മരിച്ചു പോയിരിക്കുമെന്ന് എന്റെ മനസ്സ് പറഞ്ഞു. എന്റെ കണ്ണുകൾ നിറഞ്ഞ് ഒഴുകി. ഒന്നും സംഭവിക്കില്ല എന്ന് പറഞ്ഞ് രവി എന്നെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

ഏതാനും മിനിട്ടുകൾക്കു ശേഷം ഒരു നേഴ്സ് ഞങ്ങൾ ഇരിക്കുന്നിടത്തേക്ക് വന്നു. അപ്പുവിന്റെ പേഴ്സും വാച്ചും എന്നെ ഏൽപ്പിച്ചു. ഞാൻ പൊട്ടിക്കരഞ്ഞു പോയി. അപ്പോഴേയ്ക്കും അപ്പുവിന്റെ ചില ബന്ധുക്കളും മറ്റും വിവരമറിഞ്ഞ് ആശുപത്രിയിൽ എത്തി. കുറച്ച് കഴിഞ്ഞപ്പോൾ ആശുപത്രിയിലെ ഓഫീസിലേയ്ക്ക് ഞങ്ങളെ വിളിപ്പിച്ചു അവിടെ ചില രേഖകളിലൊക്കെ ഞങ്ങളെകൊണ്ട് ഒപ്പു ഇടുവിച്ചു. എന്നിട്ട് കുറേ കടലാസുകൾ തന്നിട്ട് കോർട്ടിൽ പോയി പ്രോസിക്യൂട്ടറെ കാണുവാൻ പറഞ്ഞു. അവർ തന്ന പേപ്പറുകളിലൊന്ന് അപ്പുവിന്റെ മരണം സംബന്ധിച്ച സ്ഥിരീകരണം ആയിരുന്നു. 'കാർഡിയോളജിക്കൽ അറസ്റ്റ്' എന്ന് അതിൽ രേഖപ്പെടുത്തിയിരുന്നു. ഞങ്ങൾ എല്ലാവരും കൂടി കോർട്ടിൽ പോയി നിയമപരമായ എല്ലാ കാര്യങ്ങളും പൂർത്തിയാക്കി മടങ്ങി.

അടുത്ത ദിവസം തന്നെ അപ്പുവിന്റെ നാട്ടുകാരും ഏതാനും ചില ബന്ധുക്കളും കൂടി എന്റെ മുറിയിൽ ഒരുയോഗം കൂടി. മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനെ കുറിച്ച് ആലോചിച്ചു. ഇന്നത്തെ പോലെ വിപുലമായ സംഘടനാ സൗകര്യങ്ങളും സർക്കാർ സഹായങ്ങളും ഒന്നും തന്നെ ഒന്ന് ഉണ്ടായിരുന്നില്ലല്ലോ. ഞങ്ങൾ എല്ലാവരും കൂടി പൈസ സംഘടിപ്പിച്ച് ശരീരം നാട്ടിൽ എത്തിക്കുവാൻ തീരുമാനിച്ചു. ആശുപത്രിയിൽ വെച്ച് നേഴ്സ് എന്നെ ഏൽപ്പിച്ച വാച്ചും പേഴ്സും ഞാൻ അപ്പുവിന്റെ ബന്ധുവിനെ ഏൽപ്പിച്ചു.

ആ പേഴ്സിനകത്ത് അപ്പുവിന്റെ പ്രിയപ്പെട്ട ഒന്നുണ്ടായിരുന്നു. കൈയ്യിൽ ഒരു കളിപ്പാട്ടവും പിടിച്ചു കൊണ്ട് ചിരിച്ചു നിൽക്കുന്ന ഒരു മിടുക്കന്റെ ഫോട്ടോ. ഒരിക്കൽ പോലും അപ്പു കണ്ടിട്ടില്ലാത്ത അപ്പുവിന്റെ മകൻ. അല്ല അപ്പുവിന്റെ ചെറുക്കൻ.

മുപ്പത് വർഷങ്ങൾക്ക് ശേഷം ഞാൻ ഇന്ന് ഇതു കുറിക്കുമ്പോൾ അപ്പുവിന്റെ മകന് ഇപ്പോൾ മുപ്പത്തിയൊന്നോ മുപ്പത്തിരണ്ടോ വയസ്സ് കണ്ടേക്കാം. അയാളെ ഒന്ന് കാണണം എന്ന് ഞാൻ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. അയാൾ എവിടെ ഉണ്ടെന്നോ അയാളുടെ പേര് എന്തന്നോ പോലും എനിയ്ക്ക് അറിഞ്ഞു കൂട. എനിയ്ക്ക് ഒന്നുമാത്രം അറിയാം എന്റെ മടിയിൽ കിടന്ന് മരിച്ച അപ്പുവിന്റെ മകൻ ആണെന്നു മാത്രം!!!..



തിരുവല്ല രാജഗോപാൽ



# ഒരു പ്രവാസിയുടെ ഓർമ്മച്ചെപ്പ്

ബോംബെ എയർപോർട്ടിൽ നിന്നും സൗദി അറേബ്യയിലെ ദമ്മാം എന്ന നഗരത്തിലേക്ക് 'എയർ ഇന്ത്യ' വിമാനത്തിൽ 40 വർഷം മുമ്പ് യാത്ര തിരിച്ചത് ഡൽഹി, കറാച്ചി വഴിയായിരുന്നു. എന്നാൽ കറാച്ചിയിൽ നിന്ന് അടുത്തദിവസം രാവിലെ സൗദി എയർലൈൻസിലാണ് ദമാമിൽ എത്തിച്ചേർന്നത്. ഞങ്ങൾ 32 ചെറുപ്പക്കാർ തൊഴിൽ വിസയ്ക്കാണ് അവിടെയെത്തിയത്. ഗൾഫിലേക്കുള്ള യാത്രയിൽ പരസ്പരം മനസ്സുതുറന്ന് ഉല്ലസിക്കുവാനുള്ള മാനസികാവസ്ഥ അല്ലായിരുന്നു അപ്പോൾ ഞങ്ങൾക്ക് ഉണ്ടായിരുന്നത്. തികച്ചും മൗന മൂകമായിരുന്നു യാത്ര. കാരണം: ഞങ്ങളുടെ യാത്രക്ക് സുമാർ പത്തുദിവസം മുമ്പാണ് ബോംബെ എയർപോർട്ടിൽ നിന്നും 242 യാത്രക്കാരെയും വഹിച്ചുകൊണ്ട് 'Empire Ashoka' എന്ന Boing 727 എയർഇന്ത്യയുടെ വിമാനം ദുബായിലേക്ക് പറന്നു പൊന്തിയതും അടുത്ത നിമിഷം മാഹിക്കടുത്തുള്ള കടലിലേക്കു പതിച്ചതും. ആ വിമാനത്തിൽ ഉണ്ടായിരുന്ന യാത്രക്കാരിൽ ഒട്ടുമിക്കവരും ഇന്ത്യാക്കാർ തന്നെയായിരുന്നു ആരും അവശേഷിച്ചില്ല. എല്ലാവരും ആ മഹാദുരന്തത്തിൽ ഒരു ഞൊടിയിടയ്ക്കുള്ളിലാണ് പൊലിഞ്ഞുപോയത്. ആ ദുരന്തത്തിന്റെ നടക്കുന്ന ഓർമ്മകളിൽ ആയിരുന്നു എല്ലാവരും.

ഡിസംബറിലെ മരം കോച്ചുന്ന മഞ്ഞിൽ വിറുങ്ങലിച്ചു നിൽക്കുന്ന 'ദമാം' നഗരം മഞ്ഞിൽ മറഞ്ഞുനിൽക്കുന്ന ഒരു രേഖാ ചിത്രം പോലെയായിരുന്നു കാണപ്പെട്ടത്. അതുവരെ ഒരിക്കലും അനുഭവിച്ചറിഞ്ഞിട്ടില്ലാത്ത കൊടും തണുപ്പ്. എങ്ങനെയെങ്കിലും ഗൾഫിൽ എത്തിച്ചേരുക, വീട്ടിലെ പ്രാരാബ്ദങ്ങളൊക്കെ തീർത്ത് അല്പം പണം സമ്പാദിക്കുക എന്നതായിരുന്നല്ലോ ഏതൊരു ചെറുപ്പക്കാരന്റെയും മോഹങ്ങൾ. (എന്നാൽ ഇന്ന് ആ ചിന്താഗതി മറ്റൊരു ദിശയിലേക്ക് എത്തിച്ചേർന്നു നിൽക്കുന്നതായി കണ്ടുവരുന്നുണ്ട്).

മറ്റൊരു രാജ്യത്തിന്റെ വേഷവും ഭാഷയുമൊക്കെ മാറി വരുമ്പോൾ അതിനോടിണങ്ങി ചേരുവാൻ കാലതാമസം എടുക്കുമല്ലോ. ഹിന്ദി വശമുള്ളതു കാരണം പാക്കിസ്ഥാനികളോട് ആശയവിനിമയം നടത്തുവാൻ കഴിഞ്ഞു. എന്നാൽ അറബി ഒട്ടും വഴങ്ങിയതുമില്ല. ക്രമേണ ആ ഭാഷയും കൈയ്യിലൊതുങ്ങി. വിദേശത്ത് ഏതു തൊഴിലും ചെയ്യാൻ മടികാണിക്കാത്ത മലയാളികൾക്ക് സ്വന്തം നാട്ടിലെ തൊഴിലിനോടുള്ള 'വെള്ള കോളർ' ഓർത്തുപോയി. കരാർ പ്രകാരമുള്ള തൊഴിലല്ല മിക്കവാറും ലഭിച്ചിരുന്നത് സ്പോൺസർ പറയുന്നതുചെയ്യുക. വീടുപണയം വച്ചും, കടംവാങ്ങിയും ഏജൻസിക്ക് രൂപാ കൊടുത്ത് ഭാവി കരുത്തുപിടിക്കാൻ എത്തിച്ചേരുന്നവർക്ക് ജോലി ഉപേക്ഷിച്ച് തിരിച്ചുപോകുവാൻ അത്ര എളുപ്പമായിരുന്നില്ല. സഹിച്ചും, ക്ഷമിച്ചും, കഷ്ടതകൾ അനുഭവിച്ചിരുന്ന ചിലരുടെയെങ്കിലും മനസ്സിൽ അനുഭവത്തിന്റെ നെരിപ്പോടുകൾ ഇപ്പോഴും പുകയുന്നുണ്ടാവാം.

മാസത്തിൽ ഒരിക്കൽ ലഭിക്കുന്ന ശമ്പളം ഇൻഡ്യൻ കറൻസിയിലേക്ക് ഡ്രാഫ്റ്റാക്കി അതിനോടൊപ്പം ചേർത്തു വച്ചയക്കുന്ന ഒരു രജിസ്റ്റർ കത്തുമാത്രമാണ് അന്ന് വീട്ടുകാരുമായുള്ള ആശയവിനിമയം. എന്നാൽ ഇന്ന് വിരൽത്തുമ്പിൽ വിളിക്കാം കണ്ടു വർത്തമാനം പറയാം. വീട്ടിലേക്ക് നേരിട്ടു വിളിക്കണമെങ്കിൽ നാണയത്തുട്ടുമായി മണിക്കൂറുകളോളം പബ്ലിക്ക് ബൂത്തുകളിൽ ക്യൂ നിൽക്കണമായിരുന്നു. നാട്ടിൽ എല്ലാ വീടുകളിലും ടെലിഫോൺ ഇല്ലായിരുന്ന കാലം മൊബൈൽ ഫോൺ വിപണിയിൽ പോലും ഇല്ലായിരുന്നു.

എന്നാൽ ഒരു പ്രവാസിക്കുമാത്രം അറിയാവുന്ന മറ്റൊരു ഒരു സത്യം കൂടി ഇവിടെ എഴുതി ചേർക്കട്ടെ. ഒരുമാസത്തെ അവധിക്കു നാട്ടിൽ എത്തിച്ചേരുന്നവരുടെ വരവ്, അവരുടെ വേഷവിധാനത്തിൽ തികച്ചും വ്യത്യസ്തമായിരുന്നു പെട്ടിനിറയെ Foreign സാധനങ്ങൾ ബന്ധുക്കൾക്കും സുഹൃത്തുക്കൾക്കും ഒക്കെ. മുഖത്ത് വില കൂടിയ Raiban glass, കയ്യിൽ Tape recorder, പിന്നെ ക്യാമറ. ഇതൊന്നുമില്ലെങ്കിൽ ഒരു ഗൾഫുകാരനാണെന്നുള് തോന്നൽ മറ്റുള്ളവർക്കുണ്ടാകില്ല എന്ന മിഥ്യാധാരണ. മറ്റു കൂട്ടുകാരുടെ ശമ്പളത്തിൽ ഒരുപങ്ക് വാങ്ങി ധൂർത്ത് പ്രകിടിപ്പിക്കുമ്പോൾ അടുത്ത അവധി വരും വരെ ഇതൊക്കെ തിരിച്ചടക്കാൻ പെടുന്ന പാട് തന്നെയുമല്ല തിരിച്ചു പോകുമ്പോൾ നാട്ടുകാരോടുമം വായ്പ വാങ്ങും."ഗൾഫുകാരനല്ലേ ആരും കൊടുക്കും" ഇതൊക്കെ കൊണ്ടു തീരുന്നില്ല പിന്നെയുമുണ്ട് കുറെയാഥാർത്ഥ്യങ്ങൾ. ജോലി നഷ്ടപ്പെട്ടു തിരിച്ചുവരുന്ന ചില പ്രവാസികളുടെ പണിതീരാത്ത വീടുകൾ നമുക്കുചുറ്റും കാണാം. വീണ്ടും ഒരു തിരിച്ചുപോക്കിനുള്ള തയ്യാറെടുപ്പിലാണിവർ. തങ്ങളുടെ വരുമാനത്തിനനുസരിച്ച് ജീവിതം ചിട്ടപ്പെടുത്തുന്ന മറ്റൊരു കൂട്ടരുണ്ട് അവരെ വിസ്മരിച്ചുകൂടാ. കഷ്ടപ്പാടുകൾ പുറത്തറിയിക്കാതെ ഉള്ളിൽ ഒതുക്കി ആഡംബരങ്ങൾ ഒന്നുമില്ലാതെ കഴിയുന്നവർ.

ആഴ്ചയിൽ ഒരിക്കൽ മാത്രം തങ്ങൾക്കവകാശപ്പെട്ടു ലഭിക്കുന്ന ഒരവധി (വെള്ളിയാഴ്ച) മാത്രമാണ് ആശ്വാസം. പരസ്പരം ഒത്തുകൂടാനും തമാശകൾ പങ്കുംവച്ചു, ചിരുച്ചും, വീട്ടിലിരുന്നു കാസറ്റു കണ്ടും സൗഹൃദം പങ്കുവെയ്ക്കാൻ ലഭിക്കുന്ന അവസരം. ജീവിതകഥകൾ, വേദനാനുഭവങ്ങൾ ഓരോരുത്തരും പങ്കുവയ്ക്കുമ്പോൾ തമ്മിൽതമ്മിൽ ആശ്വസിപ്പിച്ചുകൊണ്ടുള്ള നിമിഷങ്ങൾ എത്രത്തോളം ധന്യമായിരുന്നു എന്നോർക്കുമ്പോൾ അതൊക്കെ മരുഭൂമിയിലെ ഒരിളം കാറ്റുപോലെയായിരുന്നു എന്ന തോന്നൽ.

വ്യത്യസ്തമായ ഭരണ ക്രമങ്ങളാണ് സൗദി അറേബ്യക്കുള്ളത്. രാജ ഭരണം തികച്ചു മതപുരോഹിതന്മാരുടെ നിയന്ത്രണത്തിലാണ്. കുറ്റവാളികൾക്ക് കടുത്ത ശിക്ഷ നൽകിയിരുന്നതിനാൽ കുറ്റകൃത്യങ്ങൾ നന്നേകുറഞ്ഞിരുന്നു.

ഇസ്ലാമിക നിയമപ്രകാരം പരസ്യമായി ശിക്ഷ നടപ്പാക്കുന്ന സമ്പ്രദായം ഇവിടെ മാത്രമേ നിലവിലുള്ള എന്നു തോന്നുന്നു. വിദേശികൾക്ക് അവരവരുടെതായ കലാ സാംസ്കാരിക സമ്മേളനങ്ങൾ നടത്തുവാൻ വിലക്കായിരുന്നു. എന്നാൽ കാലക്രമത്തിൽ ഈ കീഴ്‌വഴക്കങ്ങൾക്ക് അല്പം അയവു വന്നിട്ടുണ്ട്. എല്ലാരംഗത്തും ലഘുവായ തോതിലുള്ള ഒരു നവോത്ഥന പ്രക്രിയ. ഈ മാറ്റത്തിന് ഒരർഥത്തിൽ വിദേശീയരും പിന്നെ പ്രത്യേകിച്ച് Arab American Oil Co എന്നറിയപ്പെടുന്ന ആ്യമാരീയും നല്ലൊരു പങ്കു വഹിക്കുന്നുണ്ടെങ്കിലും വിദേശീയർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഒരവസ്ഥയിലേക്ക് മാറി കഴിഞ്ഞോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ രാജ്യത്തേയും, സംസ്ഥാനത്തേയും മാറിമാറി വരുന്ന രാഷ്ട്രീയ ഭരണാധികാരകൾ തൊഴിൽ നഷ്ടപ്പെട്ട് സ്വന്തം നാട്ടിലേക്ക് വരുന്ന പ്രവാസികൾക്ക് വേണ്ട ക്ഷേമപ്രവർത്തനങ്ങൾ ചെയ്തുകൊടുക്കുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടി ഇരിക്കുന്നു. കാരണം:- ബാങ്ക് നിക്ഷേപങ്ങളിലൂടെയും സഹായ ധനങ്ങളിലൂടെയും നാടിന്റെ സമ്പത്ത് ഘടനയ്ക്കുവേണ്ടി ഒരു നല്ല പങ്കു വഹിക്കുകയും ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന പ്രവാസികളെ വിസ്മരിച്ചുകൂടാ. ●







# സമ്പദ്ഘടനയുടെ ഘടന

**തോമസ് മാത്യു കടവിൽ**
**കുവൈറ്റ്**

കുടിയേറ്റവും തത്ജന്യമായ പുറംവരുമാനവും എല്ലാ മേഖലകളേയും ഒരുപോലെ ഉത്തേജിപ്പിച്ചു എന്നു കരുതുന്നത് അമിതമായ ലളിതവത്കരണമാകും. അങ്ങനെ കരുതുന്നത് യാഥാർത്ഥ്യത്തിനു നിരക്കുന്ന കാര്യമല്ല. പ്രവാസവും പുറംവരുമാനത്തിന്റെ തള്ളിക്കയറ്റവും ചില മേഖലകളെയെങ്കിലും പ്രതികൂലമായി ബാധിച്ചു എന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. സേവനത്തുറകളേയും നിർമ്മാണ മേഖലയേയും പ്രവാസം അനുകൂലമായി സ്വാധീനിച്ചപ്പോൾ കൃഷിയിലും വ്യവസായത്തിലും പ്രതികൂലമായ പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചു എന്നാണ് ഈ ലേഖകൻ നടത്തിയ പഠനങ്ങൾ വെളിവാക്കിയത്. പ്രവാസം എന്തു കൊണ്ട് വ്യത്യസ്ത മേഖലകളെ വ്യത്യസ്ത രീതികളിൽ സ്വാധീനിച്ചു എന്നത് ഏറെ പ്രസക്തമായ ചോദ്യമാണ്. കേരള സമ്പദ്ഘടനയുടെ ഭാവിയിലെ ഗതിവിഗതികളെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ ചോദ്യത്തിന് പ്രത്യേക പ്രസക്തിയുണ്ട്.

പുറം വരുമാനത്തിന്റെ തള്ളിക്കയറ്റം അത് ലഭിക്കുന്ന രാജ്യത്തിന്റെ / പ്രദേശത്തിന്റെ സമ്പദ് ഘടനയെ എങ്ങനെ സ്വാധീനിക്കും എന്നതു സംബന്ധിച്ച് മറ്റ് രാജ്യങ്ങളിലും പഠനം നടന്നിട്ടുണ്ട്. ഇവ സൂചിപ്പിക്കുന്ന ഒരു കാര്യം തൊഴിലാളികളുടെ കൂലിയിലും അവരുടെ ലഭ്യതയിലും ഉണ്ടാവുന്ന മാറ്റങ്ങളും അതിന്റെ പ്രത്യാഘാതവുമാണ്. ഏത് മേഖലയിൽ നിന്നാണോ പുറം വരുമാനം ലഭിക്കുന്നത് ആ മേഖലയിലെ കൂലി നിരക്കുകൾ ഉയരുകയും, തൊഴിലാളികൾ അങ്ങോട്ടേക്കു നീങ്ങുകയും ചെയ്യും. തത്ഫലമായി മറ്റു മേഖലകളിൽ തൊഴിലാളിക്ഷാമവും ക്രമേണ കൂലിക്കൂടുതലും അനുഭവപ്പെടും. കേരളത്തിലും കുടിയേറ്റ ത്തിന്റെ ഫലമായി തൊഴിലാളിക്ഷാമവും കൂലിവർധനവും ഉണ്ടായി എന്നത് നിസ്തർക്കമ്മാണ്. പ്രത്യേക വൈദഗ്ധ്യം ഉള്ളവരും ഇല്ലാത്തവരുമായ ധാരാളം പേർ കായികാധ്വാന പ്രധാനമായ ജോലികൾ അന്വേഷിച്ച് പുറം നാടുകളിലേക്കു പോവുകയുണ്ടായി. നിർമ്മാണ രംഗത്തു നിന്ന് അവിദഗ്ദ്ധ തൊഴിലാളികളോടൊപ്പം കല്ലാശാരിമാർ, മരാശാരിമാർ, പ്ലംബർമാർ, കൂലിപ്പണിക്കാർ, വയറിംഗ് തൊഴിലാളികൾ, പെയിന്റർമാർ തുടങ്ങിയവരൊക്കെ ധാരാളമായി എഴുപതുകൾക്കു ശേഷം ഗൾഫ് നാടുകളിലേക്കു പോയി. ഇത് നിർമ്മാണ രംഗത്തെ കൂലിനിരക്കുകൾ നാട്ടിൽ ഉയരാൻ കാരണമായി എന്നു വിവിധ പഠനങ്ങൾ നിരീക്ഷിച്ചിട്ടുണ്ട്. നിർമ്മാണ രംഗത്ത് ഉണ്ടായ കൂലി വർദ്ധനവ് ക്രമേണ മറ്റു മേഖലക ളിലേയ്ക്ക് പ്രത്യേകിച്ചു കാർഷിക രംഗത്തേക്കും വ്യാപിക്കുകയുണ്ടായി എന്നതും വസ്തുതാണ്. അസംഘടിത മേഖലയിൽ ഇന്ത്യയിൽ ഏറ്റവും ഉയർന്ന കൂലി നിരക്കുകൾ ഉള്ള ഒരു സംസ്ഥാനമായി കേരളം മാറി. ഇത് പിൽക്കാലത്ത് തമിഴ്നാട്ടിൽ നിന്നും പിന്നീട് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നും വലിയ തോതിൽ കേരളത്തിലേക്കു തൊഴിലാളികളുടെ കുടിയേറ്റം ഉണ്ടാവാൻ കാരണമായി. കേരളത്തിൽ നിന്നു പുറത്തേക്കുള്ള തൊഴിലാളികളുടെ കുടിയേറ്റം അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്കുള്ള കുടിയേറ്റത്തിനു കാരണമായി എന്നു കാണണം.

കൂലി കൂടുതൽ നൽകേണ്ടിവരുന്ന ഉത്പാദകരുടെ അഥവാ അത്തരം പ്രദേശങ്ങളുടെ മത്സരശേഷി കുറയ്ക്കും എന്നത് സ്വാഭാവികമാണ്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന ഉത്പന്നങ്ങളുടെ മത്സരം നേരിടുന്ന ഉത്പന്നങ്ങളുടെ കാര്യത്തിൽ ഇത് തീർച്ചയായും പ്രതീക്ഷിക്കണം. ഉദാഹരണത്തിനു നെൽകൃഷിയുടെ കാര്യമെടുക്കാം. ഇവിടെ കൂലി കൂടുതലാണ് എന്നു പറഞ്ഞ് കേരളത്തിലെ കൃഷിക്കാർക്ക് നെല്ലിന്റെ വില ഏറെ ഉയർത്താനാവില്ല. കാരണം മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്ക് കേരള ത്തിലെ കമ്പോളത്തളേക്ക് എത്തും എന്നതു തന്നെ. ചുരുക്കത്തിൽ കൂലികൂടുതൽ കേരളത്തിലെ കൃഷിക്കാരേയും വ്യവസായികളേയും ഒരളവുവരെ പ്രതികൂലമായി ബാധിക്കു കയുണ്ടായി.

എഴുപതുകൾക്കു ശേഷം കേരളത്തിന്റെ ആഭ്യന്തര ഉത്പാദനത്തിലും, വരുമാനത്തിലും കാർഷിക മേഖലയുടെ പങ്കു ഗണ്യമായി ഇടിഞ്ഞു എന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. വ്യവസായ മേഖലയുടെ പങ്കും എഴുപതുകൾക്കുശേഷം മുരടിച്ചു നിൽക്കുകയാണ് ഉണ്ടായത്. സേവന മേഖലയുടെയും നിർമ്മാണ രംഗത്തിന്റെയും ആപേക്ഷിക പ്രാധാന്യം ഈ കാലയളവിൽ വലിയ തോതിൽ വർദ്ധിക്കുകയുണ്ടായി. കേരളത്തിൽ മാത്രം അനുഭവപ്പെട്ട കൂലിക്കൂടുതൽ എന്തുകൊണ്ട് സേവന മേഖലയേയും, നിർമ്മാണ രംഗത്തേയും പ്രതികൂലമായി ബാധിച്ചില്ല എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. എന്തുകൊണ്ട് സേവനങ്ങളുടെയും നിർമ്മാണ മേഖലയുടെയും മത്സരക്ഷമത കൂലി വർദ്ധനവ് മൂലം ഇടിഞ്ഞില്ല? ഉത്തരം ലളിതമാണ്. നിർമ്മാണ മേഖലയും സേവനങ്ങളും പുറത്തു നിന്നുള്ള വലിയ മത്സരം നേരിടുന്നില്ല. കെട്ടിടങ്ങ

ളും, റോഡുകളും പാലങ്ങളും കൂലി കൂടുതലാണെങ്കിലും കേരളത്തിൽ തന്നെ ഉത്പാദിപ്പിച്ചേ മതിയാവൂ. തമിഴ്നാട്ടിൽ നിന്നോ ബീഹാറിൽ നിന്നോ ഉത്പാദിപ്പിച്ച് ഇറക്കുമതി ചെയ്യാൻ കഴിയില്ല. ഇത് തന്നെയാണ് ടൂറിസം, വിദ്യാഭ്യാസം, ആരോഗ്യം, ബാങ്കിംഗ് തുടങ്ങിയ സേവനങ്ങളു ടെയും കാര്യം. സേവനങ്ങളുടെ കാര്യത്തിൽ ഉത്പാദനവും ഉപഭോഗവും അധിക പങ്കും ഒരേ സ്ഥലത്ത് തന്നെ നടക്കണം.

ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. പ്രവാസവും പുറം വരുമാനവും കേരളത്തിന്റെ ഉത്പാദനഘടനയിൽ വലിയ മാറ്റം വരുന്നതിനു കാരണമായി. സേവനത്തുറകളും നിർമ്മാണ മേഖലയും റിയൽ എസ്റ്റേറ്റ് രംഗവും ഉയർന്ന വേഗത്തിൽ വളർന്നു. കൃഷിയും വ്യവസായവും ഉയർന്ന കൂലി ച്ചെലവിന്റെ സമ്മർദ്ദം പേറേണ്ടി വന്നു. അവയുടെ ആപേക്ഷിക പ്രാധാന്യം കേരള സമ്പദ്ഘടനയിൽ കുറഞ്ഞു. കാർഷിക മേഖലയുടെ പ്രാധാന്യം കുറഞ്ഞ് സേവനമേഖലയുടെ പ്രാധാന്യം കൂടുന്ന പ്രക്രിയ കേരളത്തിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു വളരെ വേഗത്തിൽ നടന്നു.

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ ഘടനയിൽ വന്ന ഈ പരിണാമത്തിനു പ്രവാസം മറ്റൊരു തരത്തിൽ കൂടി കാരണമായിട്ടുണ്ട്. അതായത് കൂലിക്കൂടുതലിന്റെയും തൊഴിലാളികളുടെ ലഭ്യതക്കുറവിന്റെയും വഴിയിലൂടെയല്ലാതെയുള്ള ഒരു പ്രത്യാഘാതം കൂടി പ്രവാസത്തിന് ചെലുത്താൻ കഴിഞ്ഞു. ഇക്കാര്യത്തിൽ പുറം വരുമാനത്തിന്റെ തള്ളിക്കയറ്റം കേരളത്തിലെ വിലകളുടെ ഘടനയിൽ സൃഷ്ടിച്ച മാറ്റത്തിന് നിർണ്ണായകമായ പ്രാധാന്യമുണ്ട്. പുറം വരുമാനം വലിയതോതിൽ ഒഴുകി എത്തിയത് എല്ലാത്തരം ഉത്പന്നങ്ങളുടെയും ചോദനം വർദ്ധിപ്പിക്കാനും അവയുടെ വിലകൾ ഉയരുന്നതിനുള്ള പ്രവണത സൃഷ്ടിക്കുന്നതിനും കാരണമായി. എന്നാൽ പുറം നാടുകളിൽ നിന്നും കേരളത്തിലേക്ക് കടത്തിക്കൊണ്ടു വരാൻ കഴിയുന്ന സാധനങ്ങളുടേയും സേവനങ്ങളുടെയും വില കേരളത്തിൽ മാത്രമായി ഉയർത്തിനിർത്താനാവില്ല. തല്ക്കാലത്തേക്കു വില ഉയർന്നാലും മറ്റു സ്ഥലങ്ങളിൽ നിന്നും ചരക്കെത്തുമ്പോഴേക്കും വിലകൾ പൊതുനിലവാരത്തിലേക്കു താഴും. ഇത്തരം ഉത്പന്നങ്ങളെ സാമ്പത്തികശാസ്ത്രത്തിൽ കയറ്റിറക്കുമതി സാധ്യതയുള്ള ഉത്പന്നങ്ങൾ എന്നു വ്യവഹരിക്കാറുണ്ട്. കയറ്റുമതി ചെയ്യാനും ഇറക്കുമതി ചെയ്യാനും സാധ്യതയുള്ള ഇത്തരം ഉല്പന്നങ്ങളുടെ വിലയ്ക്ക് ഒരു ദേശത്തു മാത്രമായി ഏറെക്കാലം ഉയർന്നോ കുറഞ്ഞോ നിൽക്കാനാവില്ല. എന്നാൽ കയറ്റിറക്കുമതി സാധ്യതയില്ലാത്ത ഉത്പന്നങ്ങളുടെ കാര്യത്തിൽ വിലകൾ ഓരോ പ്രദേശത്തും വ്യത്യസ്തമായി നിലനിൽക്കാം. കേരളത്തിലേക്കു പുറം വരുമാനം ധാരാളമായി ഒഴുകി എത്തിയതിന്റെ ഫലമായി കയറ്റിറക്കുമതി സാധ്യതയില്ലാത്ത ഉത്പന്നങ്ങളുടെ വില ഗണ്യമായി ഉയർന്നു. കൂലിയുടെ കാര്യം നേരത്തെ സൂചിപ്പിച്ചല്ലോ. ഭൂമി, വിവിധതരം സേവനങ്ങൾ, കടത്തുകൂലി കൂടിയ ഉത്പന്നങ്ങൾ എന്നിവയുടെ വിലകൾ ഗൾഫ് പണത്തിന്റെ തിരത്തള്ളലിൽ ഗണ്യമായി ഉയർന്നു. ഇത് കേരളത്തെ ഉയർന്ന ഉത്പാദനച്ചെലവുള്ള ഒരു സംസ്ഥാനമാക്കി മാറ്റി (ഹൈക്കോസ്റ്റ് എക്കണോമി). ഇപ്രകാരം ഉത്പാദനച്ചെലവ് വർദ്ധിച്ചത് കൃഷിയേയും വ്യവസായത്തേയുമാണ് പ്രതികൂലമായി ബാധിച്ചത്. കാരണം ഉത്പാദനച്ചെലവ് ഉയർന്നതിനനുസരിച്ച് അവയുടെ ഉത്പന്നവില ഉയർത്താനാവില്ല. മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സരത്തെ നേരിട്ടു കൊണ്ടു വേണം കേരളത്തിലെ കൃഷിക്കാർക്കും വ്യവസായികൾക്കും കേരളത്തിന കത്തു പോലും അവരുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ. എന്നാൽ ഈ പ്രശ്നം നേരത്തെ വിശദീകരിച്ചതു പോലെ സേവനത്തുറകളെയും നിർമ്മാണത്തേയും ഒട്ടും പ്രതികൂല മായി ബാധിച്ചില്ല. ഗൾഫ് പണത്തിന്റെ




ഫലമായി ചോദനം വർദ്ധിച്ചതോടെ നിർമ്മാണ രംഗവും സേവനത്തുറകളും കൊണ്ടു കയറി. യഥാർത്ഥത്തിൽ എഴുപതുകൾക്കുശേഷം കേരളം കണ്ട ഉയർന്ന വളർച്ച പ്രധാനമായും ഉണ്ടായത് സേവനത്തുറകളിലും നിർമ്മാണ രംഗത്തുമാണ്. ഗൾഫ് ഉത്കർഷത്തിന്റെ കാല ത്ത് കൃഷിയും വ്യവസായവും പൊതുവെ മുരടിക്കുകയാണുണ്ടായത്. മറ്റു തരത്തിൽ പറഞ്ഞാൽ കേരളത്തിലുണ്ടായത് സേവനങ്ങളുടെയും കൺസ്ട്രക്ഷന്റേയും മുൻ കൈയിൽ ഉണ്ടായ വളർച്ചയാണ്. അത് ആരോഗ്യകരമായിരുന്നില്ല എന്നതാണ് പിന്നീടു ബോധ്യമായ കാര്യം. കൺസ്ട്രക്ഷനേയും റിയൽ എസ്റ്റേറ്റിനേയും പിൻപറ്റിയുള്ള കേരളത്തിന്റെ വളർച്ച വലിയ പരിസ്ഥിതി പ്രതിസദ്ധിക്കു കാരണമായി. ഒപ്പം വ്യവസായ ത്തിന്റെയും കൃഷിയുടെ യും ചലനാത്മകത തകർക്കുകയും ചെയ്തു.

പുറം വരുമാനത്തിന്റെ വരവ് അനുകൂല പ്രത്യാഘാതങ്ങളോടൊപ്പം വിപരീത പ്രത്യാഘാതങ്ങളും സൃഷ്ടിച്ചേക്കാം എന്ന മുൻ ധാരന നമുക്കു വേണ്ടത്ര ഇല്ലാതെ പോയി. ഇതു സംബന്ധിച്ച പഠനങ്ങൾ വന്നിട്ടും കരുതൽ നടപടികൾ കൈക്കൊള്ളാൻ നമുക്കു കഴിഞ്ഞില്ല. ഉദാഹര ണ ത്തിനു ഭൂവിലകളുടെ കാര്യമെടുക്കാം. പുറം വരുമാനത്തിന്റെ തള്ളിക്കയറ്റം ഭൂമിയുടെ വിലകൾ ഉയർത്തുമെന്നും ഭൂവിപണിയിൽ ഊഹക്കച്ചവ

ടം സൃഷ്ടിക്കുമെന്നും വ്യക്തമായിരുന്നു. പുറം വരുമാനത്തിന്റെ പ്രഭാവത്തിൽ കേരള ത്തിലെ ഭൂവിപണിയിൽ ഊഹക്കച്ചവടം പൊടിപൊടിച്ചതോടുകൂടി ഭൂമിയുടെ ഉത്പാദനോപാധി എന്ന ധർമ്മം നഷ്ടമായി. ഭൂമിയുടെ ആസ്തി എന്ന ധർമ്മം മാത്രം വളർന്നു. സമ്പാദ്യം സൂക്ഷിക്കുന്ന ആസ്തി എന്നതു മാത്രമല്ല; വലിയ ഊഹക്കച്ചവട സാധ്യതയുള്ള ആസ്തി എന്ന നിലയിൽ ഭൂമി മാറി. റിയൽ എസ്റ്റേറ്റ് മേഖലയും നിർമ്മാണ രംഗവും ദുർമേദസ്സുവന്നു വളർന്നു. വ്യവസായത്തിനും കൃഷിയ്ക്കും ഭൂമി ലഭ്യമാല്ലാതായി. ഭൂമി കൃഷിക്കാരിൽ നിന്നും കൃഷിയിൽ താത്പര്യമില്ലാത്ത ഊഹക്കവട സാധ്യതയിൽ മാത്രം കണ്ണുള്ളവരിലേക്ക് വൻതോതിൽ കൈമാറ്റം ചെയ്യപ്പെട്ടു. ഭൂവിനിയോഗത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിരു ന്നെങ്കിൽ ഈ സുസ്ഥിതി ഒഴിവാക്കാമായിരുന്നു. വ്യവസായത്തിനും കൃഷിയ്ക്കും മാറ്റിവെച്ചിട്ടുള്ള ഭൂമി ഊഹക്കച്ചവടത്തിനും റിയൽ എസ്റ്റേറ്റിനും വിട്ടുകൊടുക്കാൻ പാടില്ലായിരുന്നു. ഇനിയാണെങ്കിലും കേരളത്തിലെ ഭൂമിയെ അതിന്റെ ഉത്പാദനോപാധി എന്ന ധർമ്മത്തിലേക്കു തിരിച്ചു കൊണ്ടുവരണമെങ്കിൽ മേൽസൂചിപ്പിച്ച തരത്തിലുള്ള ഭരണകൂട ഇടപെടൽ അനിവാര്യമാണ്. യാഥാർത്ഥത്തിൽ പ്രവാസത്തിന്റെയും പുറം വരുമാനത്തിന്റെയും മേൽസൂചിപ്പിച്ച തരത്തിലുള്ള പ്രത്യാഘാതത്തിന്റെ വെളിച്ചത്തിൽ കേരളത്തിലെ ഭൂബന്ധങ്ങൾ സംബന്ധിച്ചും ഭൂഭരണ വ്യവസ്ഥ സംബന്ധിച്ചും ആഴത്തിലുള്ള പുനരാലോചന ആവശ്യമാണ്.

ഇനി നിർമ്മാണ രംഗത്തേക്കു തിരിച്ചു വന്നിട്ടു ഈ കുറിപ്പ് അവസാനിപ്പിക്കാം. കേരളത്തിലെ ഗൾഫ് വളർച്ചാ പെരുക്കത്തിന്റെ (ബൂമിന്) ചുവടുപിടിച്ചു നിർമ്മാണ രംഗത്തും റിയലെസ്റ്റേറ്റ് രംഗത്തും വലിയ വളർച്ച പെരുക്കം (ബൂം) തന്നെയുണ്ടായി. ഒരു അഭിവൃദ്ധി തരംഗം തന്നെ യാണ് ഈ രംഗത്ത് സൃഷ്ടിക്കപ്പെട്ടത്. പുതിയ വീടുകളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടയി. പഴയവ പൊളിച്ചു പുനർ നിർമ്മിക്കുന്നതും വ്യാപകമായി നടന്നു. ആഢംബര

നിർമ്മാണത്തൊഴിലാളികളുടെ സ്വ ാവത്തിലും വലിയ മാറ്റം വന്നു. പുതിയ വിഭാഗത്തിൽപ്പെടുന്ന വിദഗ്ദ്ധത്തൊഴിലാളികൾ കടന്നു വന്നു. മൊസൈക്കിന്റെയും മാർബിളിന്റെയും, ടൈലിന്റെയും പണി ചെയ്യുന്നവർ തുടങ്ങി പണ്ട് വ്യാപകമായ വീടുകൾ മാത്രമല്ല ആഢംബര മതിലുകളും കേരളമെമ്പാടും ഉയർന്നു. വില കൂടിയ മാർബിളും, ടൈലുകളും പ്ലംബിംഗ് സാമഗ്രകളുടെ വലിയ വിപണികൾ തഴച്ചു വരുന്നു. കുന്നിടിക്കലും വയൽ നികത്തലും ക്വാറികളുടെ വ്യാപനവും നടന്നു.

നിർമ്മാണത്തൊഴിലാളികളുടെ സ്വഭാവത്തിലും വലിയ മാറ്റം വന്നു. പുതിയ വിഭാഗത്തിൽപ്പെടുന്ന വിദഗ്ദ്ധത്തൊഴിലാളികൾ കടന്നു വന്നു. മൊസൈക്കിന്റെയും മാർബിളിന്റെയും, ടൈലിന്റെയും പണി ചെയ്യുന്നവർ തുടങ്ങി പണ്ട് വ്യാപകമായ കണ്ടിട്ടില്ലാത്ത തൊഴിൽ വിഭാഗങ്ങൾ രംഗത്തെത്തി. ഒപ്പം നേരത്തെ സൂചിപ്പിച്ചതുപോലെ അന്യസംസ്ഥാനത്തൊഴിലാളികളുടെ സംഘടനകളെയും തൊഴിലാളികളുടെ വരവ് നിർമ്മാണ തൊഴിലാളികളുടെ സംഘടനകളെയും തൊഴിലാളികളുടെ അവകാശത്തേയും പ്രതികൂലമായി ബാധിച്ചു. ദീർഘകാലത്തെ സമരഫലമായി നേടിയെടുത്ത പല അനുകൂല്യങ്ങളും നഷ്ടമാകുന്ന സ്ഥിതിയും റിപ്പോർട്ട് ചെയ്യപ്പെട്ടു.

നിർമ്മാണമേഖല നിയമലംഘങ്ങളുടെ മേഖലയായി മാറുന്നതും കേരളം കണ്ടു. പുറം വരുമാനം ഭൂമിയുടേയും റിയൽ എസ്റ്റേറ്റിന്റെയും വില വർദ്ധിപ്പിച്ചത് കൂടുതൽ പണം ഒഴുകിയെത്താൻ ഇടയാക്കി. വിലകൾ വീണ്ടും തുടർച്ചയായിത്തന്നെ ഉയരാൻ ആരംഭിച്ചതോടേ നിക്ഷേപകർ എന്ത് അനിശ്ചിതത്വവും നേരിടാൻ തയ്യാറായി മുന്നോട്ടു വന്നു. എല്ലാ നിയന്ത്രണങ്ങളേയും നിയമങ്ങളേയും ലംഘിച്ചുകൊണ്ട് നിർമ്മാണം ഏറ്റെടുക്കുന്ന സ്ഥിതി യുണ്ടായി. അധികാരികളും, പരിസ്ഥിതി സ്ഥാപനങ്ങളും കോടതികളും അവ്യക്തമായ നില പാടുകൾ എടുത്തുകൊണ്ട് റിയൽ എസ്റ്റേറ്റു രംഗത്തെ അരാജകത്വം പ്രോത്സാ ഹിപ്പിക്കുന്ന നിലയുണ്ടായി. അടിക്കടി ഉണ്ടാവുന്ന പ്രകൃതി ദുരന്തങ്ങളും മരട് ഫ്ളാറ്റുകളുടെ കേസിലെ സുപ്രീംകോടതി വിധിയും കേരളത്തെ മാറി ചിന്തിക്കുന്നതിനു നിർബന്ധിക്കുന്നുണ്ട്.

തൊഴിലാളികളെ കെട്ടിട ഉടമ നേരിട്ട് കൂലിക്കു നിർത്തി വീടുപണിയുന്ന സമ്പ്രദായം ഏതാണ്ട് അപ്രത്യക്ഷമായി. നിർമ്മാണം കരാർപണിയ്ക്കും ഉടമ്പടിപ്പണിയ്ക്കും വഴിമാറി. മൂലധനവും മുതലാളിത്ത ഉത്പാദന ബന്ധങ്ങളും നിർമ്മാണ രംഗത്തേക്കു കടന്നു വന്നു വളർന്നു. വീടും കെട്ടിടവും ആദ്യം നിർമ്മിക്കുകയും പിന്നീട് ഉപഭോക്താക്കളെ കണ്ടെത്തി വില്ക്കുകയും ചെയ്യുന്ന കൂടുതൽ വളർച്ചയെത്തിയ മുതലാളിത്ത ഉത്പാദന ബന്ധങ്ങളും നിർമ്മാണ രംഗത്ത് ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഉപസംഹാരം

ചുരുക്കത്തിൽ പ്രവാസവും പുറംവരുമാനത്തിന്റെ വരവും കേരള സമ്പദ്ഘടനയുടെ എല്ലാ മേഖലകളേയും ഒരുപോലെയല്ല സ്വാധീനിച്ചത്. നിർമ്മാണം, റിയൽ എസ്റ്റേറ്റ്, സേവനങ്ങൾ എന്നിവയുടെ വേഗത്തിലുള്ള വളർച്ചയ്ക്കു പ്രവാസവും പുറംവരുമാനവും കാരണമായി. കേരളീയരുടെ ജീവിതനിലവാരം പൊതുവിൽ ഉയരുന്ന സ്ഥിതിയും ഉണ്ടായി. എന്നാൽ കൃഷി അനുബന്ധമേഖലകളേയും വ്യവസായത്തേയും പൊതുവെ പ്രതികൂലമായാണ് പ്രവാസം ബാധിച്ചത്. പ്രവാസവും, പുറം വരുമാനവും സൃഷ്ടിച്ച തൊഴിലാളിക്ഷാമവും, ഉയർന്ന കൂലി നിരക്കും, ഇറക്കുമതി ചെയ്യാൻ കഴിയാത്ത ഭൂമിയടക്കമുള്ള കാര്യങ്ങളുടെ വിലവർ ദ്ധനവും കേരളത്തെ ഒരു ഉയർന്ന ഉത്പാദനച്ചെലവുമുള്ള (ഹൈക്കോസ്റ്റ്) പ്രദേശമാക്കി മാറ്റിയതാണ് ഇതിനു കാരണം. പക്ഷെ, ചില മേഖലകളിലുണ്ടായ വിപരീത പ്രത്യാഘാതത്തിനു പ്രവാസികളെ കുറ്റപ്പെടുത്തുന്നതിൽ യാതൊരു അർത്ഥവുമില്ല. പ്രതികൂല പ്രത്യാഘാതങ്ങൾ മുൻ കൂട്ടിക്കണ്ട് മുൻ കരുതലുകൾ ഏറ്റെടുക്കാൻ കഴിയാത്തതു മാത്രമാണ് വിപരീത ഫലത്തിനു കാരണം. ഭാവിയിലും പ്രവാസത്തിന്റെ ആനുകൂല്യം പരമാവധിയാക്കുന്നതിനും വിപരീത പ്രത്യാഘാതങ്ങൾ പരമാവധി കുറയ്ക്കുന്നതിനും മുൻ കരുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. റിയൽ എസ്റ്റേറ്റ് രംഗത്തെ വളർച്ചാ പെരുക്കത്തിന്റെ വിപരീത പ്രത്യാഘാതങ്ങളുടെ കാര്യത്തിലാകട്ടെ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.



# ചൂഷണവും പ്രവാസവും സാമ്പത്തിക ശാസ്ത്രവും



ഡോ. മുബാറക് സാനി

മനുഷ്യ അദ്ധ്വാനമാണ് മൂല്യം ഉല്പാദിപ്പിക്കുന്നത്. ഒരു തൊഴിലാളിക്ക് എല്ലാ ദിവസവും ഫാക്ടറിയിൽ അദ്ധ്വാനിക്കണമെങ്കിൽ ആരോഗ്യത്തോടെ ജീവിക്കാനാവശ്യമായ സൗകര്യങ്ങൾ വേണം. ഇങ്ങനെ അദ്ധ്വാനശേഷി നിലനിർത്താനും പുനരുല്പ്പാദിപ്പിക്കാനും ആവശ്യമായ സാമൂഹ്യ ചെലവിനു തുല്യമാണ് 'തൊഴിൽ ശക്തി മൂല്യം'. ഈ മൂല്യത്തിനു തുല്യമായ തുകയാണ് സാമൂഹ്യമായി നിശ്ചയിക്കപ്പെടുന്ന വേതനം. ഒരു തൊഴിലാളിയുടെ അദ്ധ്വാന സമയത്തിന്റെ ഒരു ഭാഗം വേതനം (തൊഴിൽ ശക്തി മൂല്യം) ഉൽപ്പാദിപ്പിക്കാൻ ആവശ്യമായിവരും. ബാക്കിയുള്ള അധിക സമയം മുതലാളിക്ക് വേണ്ടി മിച്ചമൂല്യം ഉൽപ്പാദിപ്പിക്കാനായി ഉപയോഗപ്പെടുത്തുന്നു. ഉല്പാദന ഉപാധികളുടെ മേൽ അധികാരവും നിയന്ത്രണവും ഉള്ളതുകൊണ്ടാണ് തൊഴിലാളിയുടെ അധിക അദ്ധ്വാനത്തിന്റെ മൂല്യം മിച്ചമൂല്യമായി, ലാഭമായി സ്വന്തമാക്കാൻ മുതലാളിക്ക് അവസരം ലഭിക്കുന്നത്. കാറൽ മാർക്സ് മുന്നോട്ടുവെച്ച ഈ മിച്ചമൂല്യ സിദ്ധാന്തമാണ് മുതലാളിത്തത്തെ മനസ്സിലാക്കാനും അതിൽ അന്തർലീനമായിട്ടുള്ള ചൂഷണ രൂപങ്ങൾ തിരിച്ചറിയാനും ആവശ്യം ആവശ്യമായിട്ടുള്ളത്.

മുതലാളിത്ത സംവിധാനത്തിൽ മുതലാളിയുടെ അടിസ്ഥാന താല്പര്യം മിച്ചമൂല്യമാണ്. അത് പരമാവധി വർദ്ധിപ്പിച്ചു കിട്ടുന്നതിനാണ് എപ്പോഴും പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. മിച്ചമൂല്യം വർദ്ധിപ്പിക്കാൻ മൂന്നുതരം മാർഗ്ഗങ്ങൾ ഉപയോഗിക്കുമെന്ന് മാർക്സിസം നമ്മെ പഠിപ്പിക്കുന്നു. തൊഴിലാളിയുടെ മൊത്തത്തിലുള്ള ജോലി സമയം വർദ്ധിപ്പിച്ചുകൊണ്ട് മിച്ചമൂല്യം വർദ്ധിപ്പിക്കുന്നതിനെ 'സമ്പൂർണ്ണ മിച്ച മൂല്യം (അബ്സലൂട്ട് സർപ്ലസ് വാല്യു) എന്നാണ് മാർക്സ് വിശദീകരിക്കുന്നത്. സാങ്കേതിക വിദ്യ വികസിപ്പിച്ചുകൊണ്ട് 'വേതന മൂല്യം' ഉല്പാദിപ്പിക്കാനാവശ്യമായ അദ്ധ്വാന സമയം കുറയ്ക്കാനായാൽ മിച്ച മൂല്യം വർദ്ധിക്കും. ഇതിനെ ആനുപാതിക മിച്ചമൂല്യം (റിലേറ്റീവ് സർപ്ലസ് വാല്യു) എന്നും പറയുന്നു. ഈ രണ്ടു വഴികളുമല്ലാതെ മൂന്നാമത്തെ മാർഗ്ഗമാണ് തൊഴിലാളിയുടെ 'തൊഴിൽശക്തി മൂല്യ'ത്തേക്കാൾ കുറഞ്ഞ വേതനം നൽകുക എന്ന രീതി. ഇതിനെയാണ് 'കൊടും ചൂഷണം' (സൂപ്പർ എക്സ്പ്ലോയിറ്റേഷൻ) എന്നു വിശേഷിപ്പിക്കപ്പെടുന്നത്.

പ്രവാസികൾ ഈ മൂന്നു തരത്തിലുള്ള കൊടും ചൂഷണത്തിനും വിധേയമാക്കപ്പെടുന്നു. പ്രവാസികളുടെ ജോലിസമയം സാർവ്വദേശീയമായി അംഗീകരിച്ച 8 മണിക്കൂറല്ല, പലപ്പോഴും 10 – 12 മണിക്കൂറാണ്. ഭൂരിപക്ഷം പ്രവാസികളെ സംബന്ധിച്ചിടത്തോളവും ആഴ്ചയിൽ ഒരു അവധി ദിനം പോലും ലഭിക്കുന്നില്ല. പല കമ്പനികളും ജോലിക്കാരുടെ എണ്ണം കുറക്കുകയും തുച്ഛമായ അധിക പ്രതിഫലത്തിന് 'ഓവർ ടൈം ജോലി' എടുക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നു. അസാധ്യമായ മാസ ലക്ഷ്യങ്ങൾ (Monthly Targets) നിശ്ചയിച്ചു നൽകി അധിക സമയ ജോലി അനിവാര്യമാക്കുന്നു. ലഭ്യമായ നല്ല സാങ്കേതിക വിദ്യകൾ ഉപയോഗിക്കുമ്പോഴും

അതിന്റെ നേട്ടം അധിക വേതനമായും കൂടുതൽ വിശ്രമസമയമായും അവകാശപ്പെടാൻ പ്രവാസിക്ക് അവകാശമില്ല. ആധുനിക യന്ത്രങ്ങളുടേയും സാങ്കേതിക വിദ്യകളുടേയും നേട്ടം മുതലാളിക്ക് മാത്രമാണ്. എന്നാൽ ഏറ്റവും ക്രൂരമായിട്ടുള്ളത് "പൗരത്വമില്ല, അനധികൃത കുടിയേറ്റമാണ്' എന്നൊക്കെ പറഞ്ഞു. 'തൊഴിൽ ശക്തി മൂല്യത്തേ'ക്കാൾ കുറഞ്ഞ വേതനം മാത്രം പ്രവാസിക്ക് നൽകുകയും കൊടും ചൂഷണത്തിലൂടെ പ്രവാസികളെ കൊള്ളയടിക്കുകയും ചെയ്യുന്നു എന്നതാണ്, പ്രവാസികളോട് വലിയ ഔദാര്യം കാണിക്കുന്നതായി ഇവർ മേനി നടിക്കുകയും ചെയ്യുന്നു.

മുതലാളത്തത്തിന്റെ കൊടും ചൂഷണത്തിന് ഇരകളാകുന്ന പ്രവാസികളെ തൊഴിലാളികളായി കാണാനും വർഗ്ഗപരമായി സംഘടിപ്പിക്കാനും ഇപ്പോഴും മടികാണിക്കുന്നവരുണ്ട്. എന്നാൽ ഏംഗൽസും കാറൽ മാർക്സും അവരുടെ കൃതികളിൽ എപ്പോഴും പ്രവാസികളെ 'പ്രോലിറ്റേറിയേറ്റ്സ്' അഥവാ തൊഴിലാളികൾ എന്നാണ് വിളിച്ചിരുന്നത്. 'ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റെ സ്ഥിതി' എന്ന പ്രശസ്ഥമായ പുസ്തകത്തിൽ വ്യാവസായികമായി വളർന്നുകൊണ്ടിരിക്കുന്ന ഇംഗ്ലണ്ടിലെ ലണ്ടൻ, മാഞ്ചസ്റ്റർ, ലിവർപൂൾ തുടങ്ങിയ നഗരങ്ങളിൽ ജോലി ചെയ്തിരുന്ന 10 ലക്ഷത്തോളം വരുന്ന (ഐറിഷ് പ്രോലിറ്റേറിയേറ്റുകളുടെ) വിശദമായ കണക്കുകളും പരിതാപകരമായ ജീവിത നിലവാരവും വളരെ സൂക്ഷ്മമായി ഏംഗൽസ് വിശദീകരിച്ചിട്ടുണ്ട്. ഐറീഷ് തൊഴിലാളികളുടെ സഹായമില്ലാതെ ഇംഗ്ലണ്ടിലെ വ്യവസായ വിപ്ലവം സാദ്ധ്യമാകുമായിരുന്നില്ല എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. ഗൾഫ് മേഖലയിലെ ലേബർ ക്യാമ്പുകളിലെ സ്ഥിതി പരിശോധിച്ചാൽ 1845-ൽ എംഗൽസ് വരച്ചു കാണിക്കുന്ന പ്രവാസി ചിത്രത്തിൽനിന്നും ഒട്ടും വ്യത്യസ്ഥമല്ല എന്നതാണ് ദുഖകരമായ സത്യം. കൊടും ചൂഷണത്തിന് വിധേയമാകുന്ന പ്രവാസി തൊഴിലാളികളുടെ അവസ്ഥ വർഷങ്ങൾ കടന്നുപോയിട്ടും ഒട്ടും മാറിയിട്ടില്ല എന്നാണിതു കാണിക്കുന്നത്.

1870 ഏപ്രിൽ 9-ന് തന്റെ രണ്ടു സുഹൃത്തുക്കളായ സിഗ്ഫ്രഡ് മേയർ, ആഗസ്റ്റ് വോഗറ്റ് എന്നിവർക്ക് എഴുതിയ കത്തിൽ കാറൽ മാർക്സ് അന്നത്തെ പ്രവാസികളായിരുന്ന 'ഐറിഷ് പ്രോലിറ്ററേറ്റു'കളുടെ പ്രശ്നം (ഐറിഷ് ക്വെസ്റ്റ്യൻ) വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഇംഗ്ലണ്ടിന്റെ ആധിപത്യത്തിൽ കഴിഞ്ഞ ഐർലണ്ട് രാജ്യം എങ്ങനെയാണ് പാപ്പരീകരിക്കപ്പെട്ടതെന്നും തുടർന്ന് ഐറിഷ് ജനത തൊഴിൽ തേടി ഇംഗ്ലണ്ടിൽ എത്തേണ്ടി വരുന്ന സാഹചര്യവും കത്തിൽ വിവരിക്കുന്നുണ്ട്. പൗരത്വമില്ലാ എന്നതുകൊണ്ട് തുച്ഛമായ കൂലി നൽകി ഐറീഷ് തൊഴിലാളികളെ ജോലിക്കു വെക്കുകയും അതു ചൂണ്ടിക്കാട്ടി തദ്ദേശീയരായ തൊഴിലാളികളുടെ വേതനം കുറക്കാൻ വിലപേശുകയും ചെയ്യുന്ന മുതലാളിത്തത്തിന്റെ ചൂഷണ തന്ത്രങ്ങൾ മാർക്സ് വിശദീകരിക്കുന്നുണ്ട്. മുതലാളിത്തം തങ്ങളുടെ ആവശ്യത്തിനായി "തൊഴിൽ തേടുന്നവരുടെ കരുതൽ സേന" (Reserve Army of Unemployed) എങ്ങനെയാണ് നിലനിർത്തുതും വികസിപ്പിക്കുന്നതും എന്ന് മാർക്സ് വിശദീകരിക്കുന്നു. സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ വിലപേശൽ ഒഴിവാക്കാൻ തൊഴിലാളികളെ ഭിന്നിപ്പിക്കാൻ ദേശീയ-വംശീയ വാദങ്ങളും തന്ത്രങ്ങളും പയറ്റുന്ന അന്നത്തെ വലതുപക്ഷത്തേയും മാധ്യമങ്ങളേയും മാർക്സ് തുറന്നു കാട്ടുന്നു. പരസ്പരം കുറ്റപ്പെടുത്തലും മത്സരവുമല്ല മറിച്ച് തദ്ദേശീയ-വിദേശ ഭേദം മാറ്റിവെച്ച് തൊഴിലാളി ഐക്യം സ്ഥാപിക്കുകയും കൂടാതെ ഐർലണ്ടിനെ വിമോചിപ്പിക്കാൻ ഐറിഷ് ജനതയോടൊപ്പം ഇംഗ്ലണ്ടിലെ തൊഴിലാളിവർഗ്ഗവും ചേരുകയാണ് വേണ്ടതെന്നും മാർക്സ് പറയുന്നു. പൗരത്വമുള്ളവരും ഇല്ലാത്തവരും എന്ന വേർതിരിവ് തൊഴിലാളികളെ ഭിന്നിപ്പിക്കാനും ചൂഷണം ചെയ്യാനും മുതലാളിത്തം ഒരുക്കുന്ന കെണിയാണെന്നും തൊഴിലാളിവർഗ്ഗം അത് തിരിച്ചറിഞ്ഞു വർഗ്ഗ ഐക്യം മുന്നോട്ടു വെക്കണമെന്നും കാറൾ മാർക്സ് സംശയലേശമെന്യേ ഈ കത്തിൽ വിശദീകരിക്കുന്നുണ്ട്.

കുടിയേറ്റത്തെ അധികൃതമെന്നു അനധികൃതമെന്നും വേർതിരിക്കുകയും പൗരത്വ പ്രശ്നവും വംശീയതയും ഇളക്കിവിടുകയും ചെയ്തുകൊണ്ട് തൊഴിലാളികളെ ഭിന്നിപ്പിക്കാൻ ഇപ്പോഴും മുതലാളിത്തത്തിനു കഴിയുന്നുണ്ട്. അമേരിക്കയിലും യൂറോപ്പിലും ഇടതുപക്ഷ ട്രേഡ് യൂണിയനുകളെപ്പോലും രണ്ടുതട്ടിലാക്കാൻ പൗരത്വവെശീയ വാദത്തിനു കഴിയുന്നുണ്ട്. പൗരത്വമുള്ള തദ്ദേശീയരായ തൊഴിലാളികളും മുതലാളിത്ത ചൂഷണത്തിൽ പൊറുതിമുട്ടുമ്പോൾ യഥാർത്ഥ കാരണം മറച്ചുവെക്കുകയും എല്ലാ ദുരിതങ്ങൾക്കും കാരണം കുടിയേറ്റക്കാരായ പ്രവാസികളാണെന്ന പ്രചാരവേല നടത്തി പ്രതിഷേധങ്ങളെ വഴിതിരിച്ചുവിടുകയും ചെയ്യുന്ന മുതലാളിത്ത കുടിലബുദ്ധിയാണിത്. പ്രവാസികളെ ശത്രുപക്ഷത്ത് നിറുത്താനും തൊഴിലാളി അവകാശങ്ങളും പൗരാവകാശങ്ങളും നിഷേധിക്കാനും ഇത്തരം വാദങ്ങളും കാഴ്ചപ്പാടുകളും അവസരമൊരുക്കുന്നു.

ആഗോളവൽക്കരണ കാലത്ത് മൂലധനത്തിന് രാജ്യാതിർത്തികൾ മറികടന്ന് എവിടേയും ചേക്കേറാൻ അവകാശമുണ്ട്. എന്നാൽ ഈ സ്വാതന്ത്ര്യം 'തൊഴിൽ ശക്തി' ക്ക് നൽകാൻ സാമ്രാജിത്വ രാജ്യങ്ങൾ അനുവദിക്കുന്നില്ല. കുടിയേറ്റ നിയന്ത്രണം ഇന്ന് ഫലത്തിൽ മുതലാളിത്ത താല്പര്യങ്ങൾക്കനുസരിച്ച് തൊഴിൽ ശക്തിയെ നിയന്ത്രിക്കാനുള്ള മാർഗ്ഗം മാത്രമായി മാറിയിരിക്കുന്നു.

അന്തരാഷ്ട്ര തൊഴിൽ സംഘടന (ILO) ഈ അടുത്ത കാലത്ത് നടത്തിയ ഒരു പഠന പ്രകാരം 69 രാജ്യങ്ങളിൽ ദേശീയ ആഭ്യന്തര വരുമാനത്തിൽ (SDP) വേതനത്തിന്റെ അനുപാതം കുറഞ്ഞു വരുന്നു എന്നാണ് കണ്ടെത്തിയത്. വികസ്വര രാജ്യങ്ങളിൽ ഉൽപാദന തൊഴിലാളികളുടെ എണ്ണവും അനുപാതവും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. 1950-ൽ 39 ശതമാനമായിരുന്നത് 2016-ൽ 83 ശതമാനമായി ഉയർന്നിരിക്കുന്നു. സ്വാഭാവികമായും അഭ്യന്തര വരുമാനത്തിൽ വേതന അനുപാതം വർദ്ധിക്കേണ്ടതായിരുന്നു. എന്നാൽ അതു കുറയുന്ന പ്രവണതയാണ് ദൃശ്യമാവുന്നത് 1994നും 2010നും ഇടയിൽ ഏഷ്യൻ രാജ്യങ്ങളിൽ ഇത് 20 ശതമാനം കുറഞ്ഞു എന്നും പഠനം കണ്ടെത്തുകയുണ്ടായി. നേരത്തെ ലഭിച്ചുകൊണ്ടിരുന്ന വേതനം നിലനിർത്താൻ പോലും തൊഴിലാളികൾക്ക് കഴിയുന്നില്ല എന്നുമാത്രമല്ല വേതനം പടിപടിയായി കുറച്ചു കൊണ്ടുവരാൻ ആഗോള

വൽക്കരണ നയങ്ങളിലൂടെ മുതലാളിത്തത്തിനു കഴിയുന്നു എന്നുമാണിത് കാണിക്കുന്നത്. അദ്ധ്വാന ശേഷി നിലനിർത്താൻ ആവശ്യമായ മിനിമം 'വേതനം' പോലും നൽകാതെ പിച്ചചട്ടിയിൽ കൈയിട്ടുവാരി മിച്ചമൂല്യവും ലാഭവും വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന ആഗോള മുതലാളിത്തത്തിന്റെ 'കൊടും ചൂഷണമാണ്' വ്യക്തമാക്കപ്പെടുന്നത്.

തൊഴിലാളികളുടെ വേതനം കുറച്ചു മിച്ച മൂല്യം വർദ്ധിപ്പിക്കുന്ന തന്ത്രം ഇന്ന് പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന ആധുനിക മുതലാളിത്തം പല തരത്തിലാണ് പ്രയോഗത്തിൽ വരുത്തുന്നത്. ഉൽപാദന പ്രക്രിയയെ പര ഘട്ടങ്ങളായി വിഭജിക്കുകയും ഏറ്റവും കൂടുതൽ അദ്ധ്വാനശേഷി ആവശ്യമായ ഘട്ടം ഏറ്റവും കുറഞ്ഞ കൂലിക്ക് തൊഴിലാളിയെ കിട്ടുന്ന നാട്ടിലേക്ക് മാറ്റുകയും ചെയ്യുക എന്നതാണ് അവലംബിക്കുന്ന പ്രധാന രീതി. മൂന്നാം ലോക രാജ്യങ്ങളിൽ വ്യവസായം തുടങ്ങാൻ ബഹുരാഷ്ട്രകുത്തകകൾ വരുന്നു എന്നു കേൾക്കുമ്പോൾ നാം മനസ്സിലാക്കേണ്ട കാര്യം കൂടിയാണിത്. അസംസ്കൃത സാധനങ്ങൾ ഇറക്കുമതി ചെയ്യുകയും കുറഞ്ഞകൂലി നൽകി ഉല്പാദന പ്രക്രിയ പൂർത്തിയാക്കി ഉൽപന്നങ്ങൾ മറ്റൊരു രാജ്യത്തേക്ക് കൊണ്ടുപോകുകയും ചെയ്യുന്നു. ഉദാഹരണത്തിനു ഒരു ആപ്പിൾ ഐഫോണുണ്ടാക്കാനാവശ്യമായ ഘടകങ്ങൾ അമേരിക്കയിലോ ജർമ്മനിയിലോ നിർമ്മിക്കുന്നു. നൂറുക്കണക്കിനു ഘടകങ്ങൾ ഒന്നിച്ചു പണി കൂടുതൽ അദ്ധ്വാന സമയം ആവശ്യമുള്ള അസംബ്ലിങ്ങ് ചൈനയിൽ നടത്തും. ഈ പണി അമേരിക്കൻ തൊഴിലാളി നടത്തുമ്പോൾ കൊടുക്കേണ്ട വേതനത്തിന്റെ ചെറിയ ഒരു അംശം മാത്രമാണ് ചൈനീസ് തൊഴിലാളികൾക്ക് നൽകുക. ജോൺ സ്മിത്തിനെ പോലുള്ള ആളുകളുടെ പഠനപ്രകാരം അമേരിക്കയിൽ നിലവിലുള്ള ഉയർന്ന നിരക്കിൽ വേതനം നൽകിയാലും 50 ശതമാനം കൂടുതൽ ലാഭമെടുത്താണ് ഐ-ഫോൺ വിൽക്കുന്നത്. ചൈനീസ് തൊഴിലാളിയെ ഉപയോഗിച്ച് ഈ വേതനം ഫലത്തിൽ കുറക്കുമ്പോൾ ആപ്പിൾ കമ്പനി പതിന്മടങ്ങ് കൊള്ളലാഭമാണ് തട്ടിയെടുക്കുന്നത്.

ആത്യന്തികമായി ഉൽപ്പാദന പ്രക്രിയയിൽ തൊഴിലാളികൾക്കു നൽകുന്ന വിഹിതം (വേതനം) കുറക്കാനും മിച്ചമൂല്യം വർദ്ധിപ്പിക്കാനും മുതലാളിക്ക് കഴിയുന്നു. സാമ്പത്തിക ശാസ്ത്രത്തിൽ ഇതിനെ സ്ഥാന പരിഹാരം (Spacial Solution) എന്നാണു പറയുന്നത്. വികസിത രാജ്യങ്ങളിലെ തൊഴിലാളികൾക്ക് (ദേശീയ തൊഴിലാളി) ജോലിയും കൂലിയും നഷ്ടമാവുന്നു, തൊഴിലില്ലായ്മ വർധിക്കുന്നു, ട്രേഡ് യൂണിയൻ വിലപേശൽ ശേഷി കുറയുന്നു. സ്വാഭാവികമായും ജോലി കടൽ കടക്കുന്നതിനെതിരെ (Out Sourcing) പ്രതിഷേധം ഉയർന്നു വരുന്നു. ബാംഗ്ലൂരിലേയും കൊച്ചിയിലേയും ഐ-ടി കമ്പനികളിൽ തൊഴിൽ ലഭിക്കുന്നതിന്റെ സാമ്പത്തിക ശാസ്ത്രവും ഇതു തന്നെയാണ്. വികസിത-അവികസിത രാജ്യങ്ങളിലെ തൊഴിലാളികളെ ഒന്നിച്ചെടുത്താൽ അവർക്ക് ന്യായമായി കിട്ടേണ്ടിയിരുന്ന വേതനത്തിന്റെ ഒരു ഭാഗം തട്ടിയെടുക്കാനാണ് ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നത്. ഉൽപ്പാദന പ്രക്രിയകളുടെ വിഭജനത്തിലൂടെ തൊഴിലാളികളെ വിഭജിച്ചു രണ്ടു കൂട്ടരേയും കൊടുംചൂഷണത്തിനു വിധേയമാക്കുന്ന മുതലാളിത്ത തന്ത്രത്തിനെതിരെ രാജ്യാതിർത്തിയിൽ മറികടന്നുള്ള വർഗ്ഗ ഐക്യം മാത്രമേ ഫലം കാണാൻ സാധ്യതയുള്ളൂ.

നിർമ്മാണ മേഖലയിലും ഉൽപ്പാദവും ഉപഭോഗവും ഒരേസമയത്ത് നടക്കുന്ന സേവന മേഖലയിലും ഈ 'സ്ഥാന-പരിഹാര' സാദ്ധ്യമല്ല. തൊഴിൽ മറ്റൊരു രാജ്യത്തിലേക്ക് മാറ്റാനിവിടെ സാദ്ധ്യമല്ല. കെട്ടിട നിർമ്മാണം, ആരോഗ്യം, വിദ്യാഭ്യാസം, ഹോട്ടൽ, വ്യാപാരം, വീട്ടുജോലി തുടങ്ങിയ മേഖലകളിലാണ് പ്രവാസികളെ അത്യാവശ്യമായി വരുന്നത്. ഈ തൊഴിൽ മേഖലയിൽ 'തൊഴിൽ ശക്തി മൂല്യം' (വേതനം) കുറക്കണമെങ്കിൽ തൊഴിലാളികളെ രാജ്യത്തിനകത്തേക്ക് കൊണ്ടുവന്നേ മതിയാവൂ. അങ്ങനെ മൂലധനത്തിന്റെ ആവശ്യപ്രകാരം തദ്ദേശീയ തൊഴിലാളികളുടെ വേതനവും വിലപേശൽ ശേഷിയും കുറക്കാനുമായി എത്തിക്കപ്പെട്ട തൊഴിലാളികളാണ് പ്രവാസികൾ. നാം കരുതുന്നതുപോലെ നമ്മുടെ ഒരു മിടുക്ക് കൊണ്ട് കടൽ നേടുന്നതല്ല പ്രവാസം.

അതിർത്തികൾ തുറക്കുന്നതും അടക്കുന്നതും അഭ്യന്തര മൂലധനത്തിന്റെ കാലികമായ ആവശ്യങ്ങൾക്കനുസരിച്ചാണ് തീരുമാനിക്കപ്പെടുന്നത്. അതിർത്തികൾ കടക്കുമ്പോൾ കണ്ടില്ലെന്നുവെക്കുന്നതും, വിസ കഴിഞ്ഞിട്ടും തിരിച്ചു പോകാത്തവരെ പിടിച്ചാലും പോലീസ് വെറുതെ വിടുന്നതുമൊക്കെ ഈ താൽപര്യമാണ് കാണിക്കുന്നത്. ഒരവകാശങ്ങളുമില്ലാത്ത എല്ലാ അർത്ഥത്തിലും ദുർബലരായ 'അനധികൃത തൊഴിലാളികളുടെ' ഒരു നിശ്ചിത എണ്ണം എപ്പോഴും നിലനിർത്താൻ മുതലാളിത്തം ശ്രമിക്കുന്നു. അമേരിക്കയിൽ പോലും 12 കോടി ആവശ്യമുള്ളതിൽ കൂടുതൽ കുടിയേറ്റ തൊഴിലാളികൾ ഉണ്ടാകുമ്പോൾ – 'ആംനസ്റ്റി' (കാരുണ്യം!) പ്രഖ്യാപിക്കും, എന്നിട്ട് അനധികൃത പ്രവാസികളെ രാജ്യത്തുനിന്നു പുറത്താക്കും. വീണ്ടും ഇത് ഇടക്കിടക്ക് ആവർത്തിക്കും.

ഗൾഫ് രാജ്യങ്ങളിൽ അറബി സംസാരിക്കുന്ന അയൽ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളായിരുന്നു കൂടുതലുണ്ടായിരുന്നത്. എന്നാൽ 1960-80 കാലഘട്ടത്തിൽ പാൻ അറബ് ദേശീയതയും മാസറിസവും തൊഴിലാളികളുടെ ഇടയിലും സ്വാധീനം ചെലുത്താൻ തുടങ്ങി. ഗൾഫ് രാജ്യങ്ങളിൽ ഉയർന്നുവരുന്ന ദേശീയ വികാരം പെട്രോ-കെമിക്കൽ വ്യവസായം ഉൾപ്പെടെ താൽപര്യങ്ങൾക്ക് എതിരാണെന്ന് അവർ തിരിച്ചറിഞ്ഞു. ഈ കാലഘട്ടത്തിൽ സൗദി അരാംകൊയിൽ ഉൾപ്പെടെ സമരങ്ങളുണ്ടായി. ഈ പ്രതിഷേധങ്ങൾ ശക്തിപ്രാപിക്കാതിരിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായാണ് അറബി ഭാഷയും സംസ്കാരവും പരസ്പരം ബന്ധിപ്പിക്കാത്ത ഏഷ്യൻ രാജ്യങ്ങളിൽ നിന്നും തൊഴിലാളികളെ സ്വീകരിക്കാൻ തീരുമാനിച്ചത്. വളരെ ആലോചിച്ചെടുത്ത ഒരു വിഭജന തന്ത്രമാണിത്. വിവിധ രാജ്യക്കാരായ പ്രവാസികളുടെ എണ്ണം നിയന്ത്രിച്ചുകൊണ്ട് സംഘടിത തൊഴിലാളി വർഗ്ഗത്തിന്റെ വിലപേശൽ ശക്തി കുറക്കാനുള്ള നിലനിർത്തികൊണ്ടാണ് അടിമത്വത്തിനു തുല്യമായ ചൂഷണം നിലനിർത്താൻ മൂലധനത്തിനു കഴിയുന്നത്. ●

**(തുടരും...)**



# വർഷാന്തമാസങ്ങളിലെ ലാഭനഷ്ടങ്ങൾ

**പ്രൊഫ. ജി. രാജശേഖരൻ നായർ**

വർഷത്തിലെ അവസാന മാസങ്ങൾ, പ്രത്യേകിച്ച് ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങൾ നമ്മുടെ രാഷ്ട്രീയ, സാംസ്ക്കാരിക, സാമൂഹ്യ രംഗങ്ങളിലെ ലാഭനഷ്ടങ്ങളുടെ മാസങ്ങളാണ്. നാടിന്റെ വളർച്ചയുടെ വിവിധ രംഗങ്ങളിൽ കനത്ത സംഭാവനകൾ നൽകിയ, ഓർമ്മയുടെ അറകളിൽ എപ്പോഴും സൂക്ഷിച്ചു വയ്ക്കേണ്ട ചില വ്യക്തികൾ വന്നു, ചിലർ പോയി.

2019 ഒക്ടോബർ 2– ഗാന്ധിജിയുടെ 150–ാം ജന്മദിനമായിരുന്നു. ഇന്ത്യയിൽ മാത്രമല്ല, ലോകത്തിലെ മിക്ക രാജ്യങ്ങളും മഹാനായ ഈ മനുഷ്യനോടുള്ള ആദരവ് പ്രകടിപ്പിച്ചു.

ഒരു ഒഴിവ് സമയ വിനോദ പരിപാടിയെന്നപോലെ ചിട്ടയും തുടർച്ചയുമില്ലാതിരുന്ന സ്വാതന്ത്യസമരത്തെ മുഖ്യധാരയിലെക്ക് നയിച്ചത് ഗാന്ധിജിയാണ്.

ഇംഗ്ലണ്ടിലെ വിദ്യാഭ്യാസത്തിനുശേഷം ഏറെ വർഷങ്ങൾ ദക്ഷിണാഫ്രിക്കയിൽ വർണ്ണ വിവേചനത്തിനും ബ്രിട്ടീഷുകാർ കറുത്തവർഗ്ഗക്കാരെ ചൂഷണം ചെയ്യുന്നതിനും എതിരായി സമരങ്ങൾ അദ്ദേഹം നയിച്ചു. 1919ൽ ഇന്ത്യൻ സ്വാതന്ത്യ സമരത്തിന്റെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു. പ്രാദേശികമായി മാത്രം വളർന്നു വന്ന സ്വാതന്ത്ര്യസമരത്തെ അദ്ദേഹം ഒരു ദേശീയ പ്രസ്ഥാനമാക്കി മാറ്റി, അദ്ദേഹം ദരിദ്രനായ ഒരു ഇന്ത്യക്കാരനെപ്പോലെ വേഷം ധരിക്കയും, അവനെപ്പോലെ ജീവിക്കുകയും അവന്റെ ഭാഷ സംസാരിക്കുകയും ചെയ്തു. അങ്ങനെ ഏറെക്കുറെ മുഴുവൻ ഇന്ത്യാക്കാരേയും അദ്ദേഹം സ്വാതന്ത്യത്തിന്റെ രംഗവേദിയിലേക്ക് നയിച്ചു.

അദ്ദേഹം ചില ആദർശങ്ങൾ ഉയർത്തിപ്പിടിക്കുകയും ജീവിതാവസാനം വരെ അവയിൽ ഉറച്ചു നിൽക്കുകയും ചെയ്തു.

ഇന്ത്യയിൽ സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ളവരോടൊപ്പം ഗ്രാമങ്ങളിലെ ദരിദ്ര ജനവിഭാഗങ്ങളും ഇന്ത്യൻതൊഴിലാളി വർഗ്ഗവും തങ്ങളുടെ താൽപര്യങ്ങൾക്കും ആഗ്രഹങ്ങൾക്കും യോജിച്ച ചില ആദർശങ്ങളും മൂല്യങ്ങളും (സത്യം, അഹിംസ, സത്യാഗ്രഹം, ഹരിജനോദ്ധാരണം തുടങ്ങിയവ) പ്രചരിപ്പിച്ച ഒരു മഹാൻ എന്ന നിലയ്ക്ക് ഗാന്ധിജിയെ കാണുകയുണ്ടായി.

ഗാന്ധിജിയും അക്കാലത്തെ മറ്റ് രാഷ്ട്രീയ നേതാക്കന്മാരും തമ്മിലുള്ള പ്രധാന വ്യത്യാസം അദ്ദേഹം ബഹുജനങ്ങളും അവരുടെ ജീവിതവും പ്രശ്നങ്ങളും സ്വപ്നങ്ങളുമായി ബന്ധം പുലർത്തിയിരുന്നുവെന്നതാണ്. ഉപ്പു സത്യാഗ്രഹവും ചർക്കയുമാണ് ഉദാഹരണങ്ങൾ. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം രാഷ്ട്രീയമെന്നത് പണ്ഡിതസദസ്സുകളിലെ വാദഗതിവാദങ്ങളായിരുന്നില്ല. അദ്ദേഹം ജനങ്ങളുടെ താൽപര്യങ്ങൾക്കുവേണ്ടി ഉറച്ചു നിൽക്കുകയും സാധാരണ ജനങ്ങളുമായി സാമ്യം പ്രാപിച്ചു നിസ്വാർത്ഥ സേവനം ലക്ഷ്യമാക്കുകയും ചെയ്തു.


1947 ആഗസ്റ്റ് 15 താൻ എന്തിനു വേണ്ടി സമരം ചെയ്തുവോ ആ സുവർണ്ണ സന്ദർഭം ആഘോഷിക്കാൻ ഗാന്ധിജി ഉണ്ടായില്ല. ലോകം കണ്ട ഏറ്റവും വലിയ മനുഷ്യക്കുരുതിയാണ് അരങ്ങേറിയത്.


ഇന്ത്യ സ്വാതന്ത്രം ആഘോഷിച്ചപ്പോൾ ഗാന്ധിജി നവമാലിയിൽ ഹിന്ദുമുസ്ലീം മൈത്രിക്കു വേണ്ടി നിരാഹാരം അനുഷ്ഠിക്കുകയായിരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ വാർത്താവിതരണ ഉദ്യോഗസ്ഥൻ ഒരു സന്ദേശത്തിനായി സമീപിച്ചപ്പോൾ 'താൻ ഉണങ്ങി വരണ്ടുപോയിരിക്കുന്നു' എന്നാണ് ഗാന്ധിജി പറഞ്ഞത്. വീണ്ടും നിർബന്ധിച്ചപ്പോൾ 'ഒരു സന്ദേശവുമില്ല. അതു ചീത്തയാണെങ്കിൽ അങ്ങനെ ആവട്ടെ' എന്ന് പറഞ്ഞ് അവസാനിപ്പിച്ചു.

സാമ്രാജ്യ വിരുദ്ധ സമരകാലത്ത് അദ്ദേഹം പ്രചരിപ്പിച്ച സാന്മാർഗ്ഗികമൂല്യങ്ങൾ അധികാരത്തിലേറിയവർക്കും രാജ്യത്തെ വർഗ്ഗീയ ശക്തികൾക്കും തടസ്സമായിത്തീർന്നു. ഗാന്ധിജി അക്കാര്യത്തിൽ തന്റെ ഉറച്ച നിലപാടുകൾ തിരുത്താൻ തയ്യാറായില്ല. 1948 ജനുവരി 30ന് ഗാന്ധിജിയെ വെടിവെച്ചു കൊന്നത് ചരിത്രത്തിന്റെ ഭാഗം.

ഗാന്ധിജിയെ വധിച്ച ഹിന്ദുവർഗ്ഗീയവാദിയായ നാഥുറാം വിനായക ഗോഡ്സെയെ 1948ൽ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരികയും നിയമാനുസൃതമായ വിചാരണകൾക്കുശേഷം തൂക്കിക്കൊല്ലുകയും ചെയ്തു. ഇന്ന്, ഗാന്ധിവധത്തിന് ഏഴുപതിറ്റാണ്ടുകൾക്കുശേഷം ഗാന്ധിജിയെ വധിച്ച നാഥുറാം ഗോഡ്സെയെ രാജ്യസ്നേഹിയായി ചിത്രീകരിക്കാനും അമ്പലം പണിയാനുള്ള ശ്രമങ്ങൾ ശക്തിപ്പെട്ടിരിക്കുന്നുവെന്നത് നമ്മുടെ സാംസ്കാരികമായ അപഭ്രംശത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്.

സാന്ദർഭികമായി മറ്റൊരു കാര്യം കൂടി പറയേണ്ടിയിരിക്കുന്നു. പത്തൊൻപതാം നൂറ്റാണ്ട് ലോകത്തിന് നൽകിയ രണ്ട് മഹത്തായ സംഭാവനകളാണ് കാറൽ മാക്സും മഹാത്മാഗാന്ധിയും. രണ്ടു പേരും മനുഷ്യന്റെ ചരിത്രം തന്നെ തിരുത്തിയെഴുതി. രണ്ടു പേരുടേയും ലക്ഷ്യം പാവപ്പെട്ടവരുടേയും പാർശ്വവൽകൃതരുടേയും ഉന്നമനവും ചൂഷണവിമുക്തമായ ഒരു ലോകത്തിന്റെ സൃഷ്ടിയുമായിരുന്നു. മാർക്സിന്റെ ഭാഷയിൽ 'തൊഴിലാളി വർഗ്ഗ'ത്തിന്റെയും ഗാന്ധിജിയുടെ ഭാഷയിൽ 'ദരിദ്രനാരായണന്മാ







രുടേയും.'

1883ൽ തന്റെ 65–ാം വയസ്സിൽ മാർക്സ് അന്തരിക്കുമ്പോൾ ഗാന്ധിക്ക് വയസ്സ് 14. ഗാന്ധിജി ദീർഘകാലം ദക്ഷിണാഫ്രിക്കയിൽ കഴിഞ്ഞതുപോലെ ജനിച്ചത് ജർമ്മനിയിലായിരുന്നെങ്കിലും തന്റെ ജീവിതത്തിന്റെ നല്ല ഭാഗവും കാറൽ മാർക്സ് കഴിച്ചത് ഇംഗ്ലണ്ടിലാണ്. ലോകത്തെ മാറ്റിമറിക്കുകയെന്നതായിരുന്നു രണ്ടുപേരുടേയും ലക്ഷ്യമെങ്കിലും മാർഗ്ഗങ്ങൾ വ്യത്യസ്തമായിരുന്നു. ഗാന്ധിജിയുടെ സമരായുധങ്ങൾ അഹിംസയും നിസ്സഹകരണവും സത്യാഗ്രഹവുമായിരുന്നെങ്കിൽ മാർക്സ് ഉപയോഗിച്ചത് വർഗ്ഗസമരവും സോഷ്യലിസ്റ്റ് വിപ്ലവമായിരുന്നു. ഗാന്ധിജി പൂർണ്ണമായും മതവിശ്വാസിയും ഈശ്വരവിശ്വാസിയുമായിരുന്നു, മാർക്സാകട്ടെ യഥാർത്ഥ ഭൗതികവാദിയും.

കമ്മ്യൂണിസ്റ്റുകളുടെ മാർഗ്ഗത്തെപ്പറ്റി അഭിപ്രായവ്യത്യാസമുണ്ടായിരുന്നെങ്കിലും ലക്ഷ്യത്തെപ്പറ്റി ഗാന്ധിജിക്ക് മതിപ്പുണ്ടായിരുന്നു. 1928ൽ ഗാന്ധിജി എഴുതി:

'ബോൾഷെവിക് ആദർശത്തിനുവേണ്ടി എല്ലാം ഉപേക്ഷിച്ച എണ്ണമറ്റ സ്ത്രീപുരുഷന്മാരുടെ മഹത്തായ ത്യാഗം അതിന്റെ പിന്നിലുണ്ടെന്ന സത്യം ചോദ്യം ചെയ്യപ്പെടാനാവത്തതാണ്. മാക്സിനേയും ലെനിനേയും പോലുള്ള മഹാന്മാരുടെ ത്യാഗത്തിൽ ദൃഢീകരിക്കപ്പെട്ട ഒരാദർശം ഒരിക്കലും വ്യഥാവിലാവില്ല.'

മാർക്സിന്റെ അടിസ്ഥാനശിലകളായ വർഗ്ഗസമരത്തേയും സോഷ്യലിസത്തേയും ഗാന്ധിജി ഒരിക്കലും തള്ളിപ്പറഞ്ഞില്ല. 'ശരിയായ അർത്ഥത്തിൽ കമ്മ്യൂണിസ്റ്റു സിദ്ധാന്തത്തിനനുയോജ്യമായി ജീവിക്കാൻ ഞാൻ ശ്രമിക്കുന്നുണ്ട്. കമ്മ്യൂണിസമെന്നാൽ വർഗ്ഗരഹിത സമൂഹമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ജീവിതലക്ഷ്യമാക്കാൻ കൊള്ളാവുന്ന ഒരാദർശം. ഈ ലക്ഷ്യപ്രാപ്തിക്ക് കൈക്കരുത്ത് ആയുധമാക്കുമ്പോഴാണ് ഞാൻ അതിനെ എതിർക്കുന്നത്.

ഗാന്ധിജി സ്വന്തമായി ഒരു ധനതത്വശാസ്ത്രം രൂപപ്പെടുത്തി, മുതലാളിമാർ പാവങ്ങളുടെ ട്രസ്റ്റിയായി പ്രവർത്തിക്കണം. മുതലാളിമാർ ഉപദേശം കൈക്കൊണ്ട് മാനസാന്തരപ്പെടുന്ന സത്യം മാർക്സ് നേരത്തെ തിരിച്ചറിഞ്ഞിരുന്നു. മാർക്സിന്റെ സാമ്പത്തിക സിദ്ധാന്തത്തിന്റെ ലക്ഷ്യം ഗാന്ധിജി ആഗ്രഹിച്ച സ്ഥിതി സമത്വം തന്നെയായിരുന്നു. പക്ഷേ വഴികൾ വ്യത്യസ്തമായിരുന്നു. വർഗ്ഗസമരം വളർന്ന് തൊഴിലാളി വർഗ്ഗനേതൃത്വത്തിലുള്ള സോഷ്യലിസ്റ്റ് വിപ്ലവം മുഖേന മാത്രമേ സോഷ്യലിസം നടപ്പാവുകയുള്ളുവെന്ന് മാർക്സ് ഉറച്ചു വിശ്വസിച്ചു. മുതലാളിത്തവുമായി സന്ധിയെത്തുന്നതുകൊണ്ടല്ല, മറിച്ച് മുതലാളിത്തെ ഉന്മൂലനം ചെയ്തതു കൊണ്ടു മാത്രമേ സോഷ്യലിസം സ്ഥാപിക്കാൻ കഴിയുവെന്ന് മാർക്സ് തറപ്പിച്ച് പറഞ്ഞു. കാൾമാർക്സ് സോഷ്യലിസ്റ്റ് വിപ്ലവത്തിനുള്ള സൈദ്ധാന്തികമായ അടിത്തറ രൂപപ്പെടുത്തി യെങ്കിലും പ്രായോഗിക വിപ്ലവത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ഗാന്ധിജിയാവട്ടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന് നേതൃത്വം നൽകിയതോടൊപ്പം സ്വയം അതിൽ സുരക്ഷിതരാകുകയും ചെയ്തു.

വ്യത്യസ്ത രീതികളിലാണെങ്കിലും രണ്ടുപേരും ലോക ചരിത്രത്തെ മാറ്റിമറിച്ചവരായി ഉയർന്നു നിൽക്കുന്നു.

**നവംബർ 1 – ഐക്യകേരളം**

1953 ഡിസംബറിൽ സംസ്ഥാനങ്ങളുടെ പു:നസംഘടനയെപ്പറ്റി ആലോചിക്കാൻ മൂന്നുപേർ അടങ്ങിയ ഒരു കമ്മീഷനെ കേന്ദ്ര ഗവൺമെന്റ് നിയമിച്ചു. ഫസൽ അലി, ഹൃദയനാഥ കുസ്രു, സർദാർ കെ. എം. പണിക്കർ എന്നിവരായിരുന്നു കമ്മീഷനിലെ അംഗങ്ങൾ.

1954 ജൂൺ മാസത്തിൽ കമ്മീഷൻ കോഴിക്കോട് വന്നപ്പോൾ ഐക്യകേരളക്കമ്മറ്റിയുടെ മെമ്മോറാണ്ടം സമർപ്പിച്ചു.തിരുക്കൊച്ചി സ്റ്റേറ്റ്, മലബാർ, തെക്കൻ കർണാടകത്തിലെ ചില പ്രദേശങ്ങൾ, നീലഗിരി ജില്ലയിലെ ഊട്ടിയും, ഗൂഡല്ലൂരും കുടകും ലക്ഷദ്വീപുകളും ഉൾപ്പെടുന്ന കേരള സംസ്ഥാനമാണ് ആവശ്യപ്പെട്ടത്.

കമ്മീഷൻ ഇത് അംഗീകരിച്ചില്ലെന്ന് മാത്രമല്ല ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചപ്പോൾ കന്യാകുമാരി ജില്ല, നഞ്ചനാട്, അഗസ്തീശ്വരം, തുടങ്ങിയ തിരുവിതാംകൂറിന്റെ പ്രദേശങ്ങൾ മദിരാശി സംസ്ഥാനത്തിന് വിട്ടു കൊടുക്കുക്കയും ചെയ്തു. അങ്ങനെ 1956 നവംബർ 1 ന് കേരളം ഒരു പ്രത്യേക സംസ്ഥാനമായി.

**നവംബർ 14 ജവഹർലാൽ നെഹ്റുവിന്റെ 130–ാം ജന്മദിനം**

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ നൂറ്റമ്പതാം ജന്മവാർഷികം രാജ്യം ആഘോഷിക്കുമ്പോൾ രാഷ്ട്രത്തിന്റെ പ്രഥമപ്രധാനമന്ത്രിയുടെ നൂറ്റി മുപ്പതാം പിറന്നാളും പ്രധാന ശ്രദ്ധ ആകർഷിക്കുന്നു. യാഥാസ്ഥിതിക നേതൃത്വത്തിലമർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ ശാസ്ത്രബോധവും,

യുക്തിബോധവും, ചരിത്രബോധവും പഠിപ്പിച്ചത് നെഹ്രുവാണ്. സമത്വവും മതേതരത്വവും ആണ് ഇന്ത്യയുടെ ലക്ഷ്യം എന്ന് പ്രഖ്യാപിച്ചു കൊണ്ട് ഇന്ത്യൻ ജാനാധി പത്യത്തിന്റെ ഉറച്ച അടിത്തറ പാകിയത് നെഹ്രുവാണ്. ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഒരു രാജ്യ തന്ത്രജ്ഞനെന്നപോലെ തന്നെ സാഹിത്യത്തിലും നെഹ്റു സ്വന്തം വ്യക്തി മുദ്ര പതിപ്പിച്ചു.


നെഹ്റുവിന്റെ സാമ്പത്തിയ നയത്തെയും അദ്ദേഹത്തിന്റെ രാഷ്ട്രീയ കാഴ്ചപ്പാടുകളേയും എതിർക്കുന്നവർ പോലും അദ്ദേഹത്തിന്റെ യുക്തിചിന്തയും ശാസ്ത്രബോധവും സോഷ്യലിസത്തിന്റെ സമഭാവനയും മതേതരത്വത്തിന്റെ അണയാത്ത വെളിച്ചത്തത്തേയും ഏറെ വിലമ തിക്കുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിലെ അനുഭവങ്ങളോടൊപ്പം സാർവ്വദേശീയ രംഗ ത്തെ രാഷ്ട്രീയ, സാമൂഹ്യ മാറ്റങ്ങളും ഉൾക്കൊള്ളാൻ കഴിഞ്ഞുവെന്നതാണ് നെഹ്രുവിന്റെ പ്രത്യേകത.

**നവംബർ 26 ഭരണഘടനാ ദിനം**

ഇന്ത്യക്കൊരു ഭരണഘടന തയ്യാറക്കുന്നതിന്റെ പ്രാഥമിക കാര്യങ്ങൾ ആലോചിക്കാനായി 1928– ൽ മോട്ടിലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഒരു കമ്മീഷന് രൂപം കൊടുത്തിരുന്നു. പ്രായ പൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു ഭരണഘടനാ സഭ വേണമെന്ന പൊതു അഭിപ്രായം രൂപപ്പെട്ടിരുന്നു.

എന്നാൽ പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലല്ല, മറിച്ച് പ്രവിശ്യകളിൽ തെരഞ്ഞെടുക്കപ്പെട്ട നിയമ സഭാംഗങ്ങളിൽ നിന്ന് അനൂപാതിക പ്രാതിനിധ്യമനുസരിച്ചാണ് തെരഞ്ഞെടുപ്പ് നടന്നത്. തുടക്കത്തിൽ 395 അംഗങ്ങൾ ഉണ്ടായിരുന്ന സഭയിൽ നിന്ന് പാക്കിസ്ഥാന്റെ രൂപീകരണത്തോടെ 90 പേർ മാറി. പിന്നീട് നാല് പേരെക്കൂടി ചേർത്ത് 299 പേരായിരുന്നു. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗസംഖ്യ. കേരളത്തിൽ നിന്ന് 15 പേർ ഉണ്ടായിരുന്നവരിൽ മൂന്നു പേർ സ്ത്രീകളായിരുന്നു. അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ, ആനി മസ്ക്രീൻ.

സഭയുടെ ആദ്യയോഗം 1946 ഡിസംബർ 9 മുതൽ 23 വരെ കൂടി. 1950 ജനുവരി 20 വരെ സഭ പ്രവർത്തിച്ചു. സ്വദേശത്തും വിദേശത്തും സുദീർഘമായ പഠനങ്ങൾ, ഗവേഷണങ്ങൾ, അന്വേഷണങ്ങൾ എന്നിവയ്ക്ക് ശേഷം




1948 ഫെബ്രുവരിയിൽ ചർച്ചക്കായി അവതരിപ്പിച്ചു. ആദ്യ പ്രതി തയ്യാറാക്കിയ കമ്മറ്റിയുടെ ചെയർമാൻ ഡോ. ബി ആർ. അംബദ്കർ ആയിരുന്നു. ഉയർന്നു വന്ന ഭേദഗതികൾ പരിഗണിച്ചും കൂട്ടിച്ചേർത്തും ചിലത് ഒഴിവാക്കിയും തയ്യാറാക്കിയ ഭരണഘടന 1949 നവംബർ 26ന് സഭ അംഗീകരിച്ചു. ഈ ഭരണഘടന 1950 ജനുവരി 26ന് നിലവിൽ വന്നു. അതോടെ ഇന്ത്യ ഒരു പരമാധികാര മതേതര, ജനാധിപത്യ റിപ്പബ്ലിക് ആയി മാറി.

ഭരണഘടനാ നിർമ്മാണ സഭ അതോടെ ഇല്ലാതാവുകയും ആ സഭ ഇന്ത്യയുടെ ആദ്യത്തെ പാർലമെന്റായി മാറുകയും ചെയ്തു. 1952ലെ പൊതു തെരഞ്ഞെടുപ്പോടെയാണ് ഇന്ത്യയുടെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റും നിലവിൽ വരുന്നത്.

1946 ഡിസംബർ 13ൽ ആരംഭിച്ച ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യയോഗത്തിൽ ഭരണഘടനയുടെ ഉദ്ദേശം വിശദീകരിക്കുന്ന പ്രമേയം അവതരിപ്പിച്ചത് നെഹ്റുവാണ്. ഇതാണ് പിന്നീട് ഭരണഘടനയുടെ രണ്ടു മുഖമായി മാറിയത്

(i) This constituent Assembly declares its form and solemn resolve to proclaim India as an independent sovereign Republic…

(v) where is shall be guaranteed and secured to all the people of india justice, social, economic and political equaltiy of status of opportuntiy and before the law, redeem of thought, experience, belief, worship.

(vi) concern adequate safeguards shall be provided for minorities backward and tribal areas.

ഭരണഘടന വിഭാവനം ചെയ്ത മഹനീയ കാഴ്ചപ്പാടുകളിൽ നിന്ന് പുതിയ ഭരണാധികാരികൾ അകന്നു പോകുന്നോ എന്ന ആശാങ്കയുടെ കാലത്തിലൂടെയാണ് ഇന്ത്യ കടന്നു പോകുന്നത്.

**ഇ കെ നായനാർ–**
**ജനനായകന്റെ ജന്മശതാബ്ദി**

മലയാളി മനസ്സുകളിൽ മായാതെ നിറഞ്ഞു നിൽക്കുന്ന ഇ. കെ. നായനാരുടെ നൂറാം ജന്മവാർഷികമാണ് ഡിസംബർ 9.

ജനങ്ങളുടേ മനസ്സറിഞ്ഞ് സമൂഹത്തിൽ ഇടപെട്ട കമ്മ്യൂണിസ്റ്റ്, പ്രതിസന്ധികളിൽ തളരാതെ കേരളത്തെ നയിച്ച ഭരണാധികാരി എന്നീ നിലകളിൽ സ. നായനാർ അദ്വിതീയനാണ്. ജനങ്ങളുടെ ഇടയിൽ ഒരു മനുഷ്യായുസ്സുമുഴുവൻ പ്രവർത്തിക്കുകയും അവരിൽ നിന്നും സ്വന്തം പ്രവർത്ത



നത്തിനുള്ള ഊർജ്ജം സ്വീകരിക്കുകയും ചെയ്ത ജനനേതാവായിരുന്നു സ. നായനാർ.

കേരളത്തിൽ ഏറ്റവുമധികം കാലം മുഖ്യമന്ത്രിയായി പ്രവർത്തിച്ചത് സ. നായനാരാണ്. കർഷക തൊഴിലാളി പെൻഷൻ, മാവേലി സ്റ്റോറുകൾ, സമ്പൂർണ്ണ സാക്ഷരത, ജനകീയാസൂത്രണം തുടങ്ങിയ കേരള വികസനത്തിന്റെ നാഴികക്കല്ലുകൾ സ. നായനാരുടെ കാലത്താണ് സ്ഥാപിക്കപ്പെട്ടത്. കേരളത്തിലെ കമ്മ്യൂണിസ്റ്റു പാർട്ടി കെട്ടിപ്പടുക്കുന്നതിൽ സജീവമായ പങ്കു വഹിച്ച സഖാവ് പത്രാധിപർ എന്ന നിലയിൽ നൽകിയ സംഭാവനകളും അതുല്യമാണ്.

ഇന്ത്യയിലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനത്തിന്റെ സമുന്നതനേതാക്കളിലൊരാളായി സ. നായനാർ മാറിയത് ഒരു മനുഷ്യായുസ്സു മുഴുവൻ നീണ്ടു നിന്ന ത്യാഗോജ്ജ്വലമായ വിപ്ലവ പ്രവർത്തനങ്ങളുടേയും മാർക്സിസം- ലെനിനിസത്തോടുള്ള കറകളഞ്ഞ പ്രതിബദ്ധതയുടേയും ഫലമായാണ്.

ജനങ്ങളെ ഇത്രയേറെ സ്നേഹിച്ച മറ്റൊരു നേതാവില്ല. അവരാകട്ടെ ആ സ്നേഹം പത്തിരട്ടിയായി തിരിച്ചു നൽകുകയും ചെയ്തു.

**ഒക്ടോബർ 12**

**എൻ.വി. കൃഷ്ണവാര്യർ**

കവിതയെ സാംസ്ക്കാരിക വിമർശനമായി മാറ്റിയ കവിയായിരുന്നു എൻ. വി. കൃഷ്ണവാര്യർ കേരളീയ സംസ്ക്കാരത്തിനുമേൽ അധിനിവേശ സ്വഭാവത്തോടു കൂടി കടന്നു വന്ന പുത്തൻ സാംസ്ക്കാരിക പ്രവണതകളെ വിമർശിച്ചു കൊണ്ടും അവ സൃഷ്ടിക്കുന്ന സാംസ്ക്കാരിക ചതികളെ ചൂണ്ടിക്കാണിച്ചു കൊണ്ടും, അദ്ദേഹം രചിച്ച 'മദിരാശിയിലെ സായാഹ്നം', കൊച്ചു തൊമ്മൻ, ഗാന്ധിയും ഗോഡ്സെയും, കള്ള ദൈവങ്ങൾ തുടങ്ങിയ കവിതകൾ ഏറെ ചർച്ച ചെയ്യപ്പെട്ടവയാണ്.

പ്രശസ്തനായ പത്രാധിപർ, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദ്യത്തെ ഡയറക്ടർ, ബഹുഭാഷാപണ്ഡിതൻ എന്നീ നിലകളിലും എൻ. വി. കൃഷ്ണവാര്യർ ഏറെ പ്രശസ്തനാണ്.

ഒരു നീണ്ട സ്വാതന്ത്ര്യാനന്തര കാലത്തിനു ശേഷമുള്ള സാധാരണ ഇന്ത്യൻ പൗരനെപ്പറ്റി അദ്ദേഹം പറയുന്നത് ഇങ്ങനെ,

വരാത്തൊരെച്ചിലിൻ
വരവിനായിന്നും
തെരുവിൽ തെണ്ടികൾ
തിരക്കി നിൽക്കുന്നു,
അവരുടെ എണ്ണം
പെരുത്തിരിക്കുന്നു.


ഈ സാമൂഹ്യ വീക്ഷണമാണ് കൃഷ്ണവാര്യരെ ശക്തമായ കവിതയുടെ വക്താവാക്കിയത്.

**ഒക്ടോബർ 16**

**ഇടശ്ശേരി ഗോവിന്ദൻ നായർ**

പുരോഗമന സാഹിത്യ പ്രസ്ഥാനത്തിലെ ഏറ്റവും ശ്രദ്ധേയനായ കവി ആയിരുന്നു ഇടശ്ശേരി. ഗ്രാമീണനായി, പരുക്കനായി, വിപ്ലവകവിയായി തൊഴിലാളി വർഗ്ഗത്തിന്റെ പ്രതിനിധിയായി ജീവിച്ച ഈ കവിയുടെ രചനകളും പരുക്കൻ തന്നെയാണ്.

'പുത്തൻ കലവും അരിവാളും' എ



ന്ന കവിത ഏറെ ശ്രദ്ധയാകർഷിച്ച ഒന്നാണ്. വിതച്ചവന് വിതകൊള്ളാൻ അവകാശമില്ലാത്ത വ്യവസ്ഥിതി കവിയെ രോഷാകുലനാക്കുന്നു. മലയാള പ്രോലറ്റേറിയൻ സാഹിത്യത്തിലെ ഒരു ക്ലാസ്സിക്കാണ് ഈ കവിത. കടലാസ് കാണിച്ച് കോടതി ആമ്യർ കൊയ്ത്ത് നടത്തി. പുത്തരിവയ്ക്കാൻ വാങ്ങിയ പുത്തൻ കലം ശൂന്യമായി.

അധികാരം കൊയ്യണമാദ്യം
അതിനു മേലാകട്ടെ പൊന്നാര്യൻ

സാമ്പത്തികാസത്വങ്ങൾക്കെതിരായി ശബ്ദമുയർത്തുന്ന മറ്റൊരു കവിതയാണ് 'പണിമുടക്ക്'.

ഇടശ്ശേരിയുടെ മഹത്തായ കവിതകളിൽ ഒന്നാണ് 'പൂതപ്പാട്ട്'. മിത്തിനെ യാഥാർത്ഥ്യങ്ങളു മായി കൂട്ടിച്ചേർത്തു കൊണ്ട് മാതൃസ്നേഹത്തിന്റെ മഹിമ വെളിവാക്കുന്ന അതിമനോഹരമായ ഒരു കാൽപ്പനിക കവിതയാണത്.

കാട്ടുതീയായിട്ടു ചെന്നു പൂതം
കണ്ണീരാലൊക്കെ കെടുത്താളമ്മ

സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യയിൽ കണ്ട രാഷ്ട്രീയാന്തരീക്ഷം ഇടശ്ശേരിയെ നിരാശപ്പെടുത്തി. ഒരു രാഷ്ട്രീയ കക്ഷിയോടും യോജിച്ചു പോകാൻ അദ്ദേഹത്തിനായില്ല. അതിന് ഇടശ്ശേരി പറയുന്ന കാരണം ന്യായമാണെന്ന് ആർക്കും തോന്നാം.

വെളിച്ചം തൂകിടുവോളം
പൂജാർഹം താനൊരാശയം
അതിരുണ്ടഴൽ പാറുമ്പോൾ
പൊട്ടിയാട്ടുക താൻ വരം.

(പൊട്ടിപുറത്ത്, ശീവോതി അകത്ത്)

മനുഷ്യജീവിതത്തിന്റെ സങ്കീർണ്ണതകളേയും പ്രാരാബ്ധങ്ങളേയും പറ്റി ബോധ്യമായിരുന്നപ്പോഴും ശുഭാപ്തി വിശ്വാസം ഉയർത്തിപ്പിടിച്ച കവിയായിരുന്നു ഇടശ്ശേരി.

എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കാൻ
ഇതേ തിരുഴി മേലുരുളട്ടെ
വിടില്ല ഞാനീ രശ്മികളെ

**ഒക്ടോബർ 25**

**പ്രൊഫ. ജോസഫ് മുണ്ടശ്ശേരി**

ജീവിച്ചിരുന്ന കാലത്ത് കേരളത്തിന്റെ സാമൂഹിക, സാംസ്ക്കാരിക മണ്ഡലങ്ങളിൽ സവിശേഷമായ ചലനങ്ങൾ സൃഷ്ടിച്ച അതുല്യ പ്രഭാവനായ വ്യക്തിയായിരുന്നു പ്രൊഫ. ജോസഫ് മുണ്ടശ്ശേരി. കൈവച്ച എല്ലാ രംഗത്തും അദ്ദേഹം തലയെടുപ്പോടെ നിന്നു.

അത്യുജ്ജ്വലനായ വാഗ്മി, സർഗധനനായ സാഹിത്യനിരൂപകൻ, ശ്രദ്ധേയനായ പാർലമെന്റേറിയൻ, ചരിത്രപ്രസിദ്ധമായ വിദ്യാഭ്യാസ നിയമത്തിന്റെ കർത്താവ്, പ്രഗൽഭനായ വിദ്യാഭ്യാസ വിചക്ഷണൻ, എന്നീ നിലകളിൽ മുണ്ടശ്ശേരി മാസ്റ്റർ ഒരു കൊളോസ്സ് പോലെ ഉയർന്നു നിന്നു.

മാർക്സിസമുൾപ്പെടെയുള്ള സാമൂഹ്യ ശാസ്ത്രസിദ്ധാന്തങ്ങൾ സാഹിത്യ വിമർശനത്തിലും പ്രസക്തമാണെന്നും അദ്ദേഹം തെളിയിച്ചു. അവയുടെ വെളിച്ചത്തിൽ മലയാള സാഹിത്യത്തെ വിലയിരുത്തി. സിദ്ധാന്തത്തിലും പ്രയോഗത്തിലും സ്വന്തമായൊരു സ്വരം സാഹിത്യ വിമർശന രംഗത്ത് ഉയർത്തി. വിദ്യാഭ്യാസം, സഹകരണം എന്നീ മേഖലകളിൽ പുരോഗമനപരമായ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കാൻ കമ്മ്യൂണിസ്റ്റു പാർട്ടിയോടൊപ്പം പ്രവർത്തിച്ചു.



**ഒക്ടോബർ 27**

**വയലാർ രാമവർമ്മ**

1948 ൽ ഇരുപത് വയസ്സിൽ സഞ്ചരിച്ച വയലാർ രാമവർമ്മയിലെ കവിയെ രൂപപ്പെടുത്തിയത് (1948-ആദ്യത്തെ കവിതാസമാഹാരം-പാദമുദ്രകൾ) പുന്നപ്ര വയലാർ സമരവും ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ചയുമാണ്. വയലാറിലെ വെടികൊണ്ട് തുളവീണ തെങ്ങുകളും രക്തം വീണ് ഈതനിറമായ മണ്ണും വാരി ന്തങ്ങൾ ഉയർത്തിയും ചൂടുള്ള നിശ്വാസങ്ങളും സ്വതേയുള്ള മനുഷ്യസ്നേഹവുമായി ചേർന്ന് വയലാറിനെ ഒരു വിപ്ലവകവിയാക്കി മാറ്റി.

നൂറ്റാണ്ടുകൾ മുമ്പുമുതൽ
ഞങ്ങൾ തൻ കാലുകളിൽ
പൂട്ടി തളച്ചിട്ട ചങ്ങലകൾ
തരിതരിയായ് പൊട്ടിച്ചടർത്തി
യിട്ട വയലിന്നരിവാളുകൾ



തീർക്കയാണിവിടെ ഞങ്ങൾ
വഴിവക്കിൽ നിന്നൊന്നുമാറുക
ഞങ്ങൾക്ക് മുഴുമിക്കാൻ
ണ്ടൊരശ്വമേധം

വിപ്ലവത്തിന്റെ അന്തർധാരകൾ ഉൾക്കൊള്ളുമ്പോഴും കാല്പ്പനികതയുടെ സൗന്ദര്യം വയലാർ ഉപേക്ഷിച്ചില്ല.

മനുഷ്യനെക്കുറിച്ച് ഇത്രയേറെ ഉദാത്തമായ വീക്ഷണമുള്ള കവികൾ നമുക്ക് കുറവാണ്. മനുഷ്യന്റെ കഴിവുകളെ അംഗീകരിക്കുകയും അവയെ ഉത്തേജിപ്പിക്കുകയും അവയുടേ അദൃശ്യതയിൽ അഭിമാനിക്കുകയും ചെയ്ത കവിയാണ് വയലാർ.

**ഒക്ടോബർ 28**
**ചെറുകാട്**

തോളത്തൊരു ചുവന്ന സഞ്ചിയും തൂക്കി അദ്ധ്യാപക സംഘടനാപ്രവർത്തനത്തിനും സാഹിത്യ പ്രവർത്തനത്തിനു വേണ്ടിയും ഈ ഭൂമി മലയാളത്തിലാകമാനം അലഞ്ഞു നടന്ന ഒരു വലിയ മനുഷ്യനായിരുന്നു ചെറുകാട് ഗോവിന്ദപിഷാരടി. 1940–50 കളിൽ ചെറുകാട് കവിത എഴുതുക മാത്രമല്ല, പാടി നടക്കുക കൂടി ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്തമായ നാടകം 'നമ്മളൊന്ന്' എഴുതിയത് ഇക്കാലത്താണ്.

ചെറുകാടിന്റെ കഥകളിലും പിന്നീട് വന്ന 'മുത്തശ്ശി തുടങ്ങിയ നോവലുകളിലും ഒക്കെ ജനകീയ പ്രശ്നങ്ങളുടെ പരുക്കൻ യാഥാർത്ഥ്യങ്ങളാണ് കാണുന്നത്. വള്ളുവനാട്ടിലെ കമ്മ ണിസ്റ്റ് പാർട്ടി അടക്കമുള്ള പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയെ ചെറുകാട് തന്റെ ആത്മകഥയായ 'ജീവിതപ്പാത'യിൽ കലാസുന്ദരമായി ആവിഷ്ക്കരിച്ചിരിക്കുന്നു.

**ഡിസംബർ 22**
**വൈലോപ്പിള്ളി ശ്രീധരമേനോൻ**

ഭാഷാകവിതയിൽ ഒരു പുതിയ യുഗത്തിന്റെ ഹരിശ്രീ കുറിക്കാൻ ഭാഗ്യം സിദ്ധിച്ച കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ. ആവർത്തിക്കപ്പെട്ട കാൽപ്പനിക സങ്കൽപ്പങ്ങളിൽ നിന്ന് മലയാള കവിതയെ ഉയർത്തി ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിലേക്കും പുരോഗമന പരമായ കാഴ്ചപ്പാടുകളിലേക്കും മലയാള കവിതയെ ഉയർത്തി പ്രതിഷ്ഠിച്ച കവിയാണ് വൈലോപ്പിള്ളി ശ്രീധരമേനോൻ.

തുടുവെള്ളാമ്പൽ പൊയ്കയെ ഉപേക്ഷിക്കുകയും ജീവിതത്തിന്റെ കടലിനെ കവിതയുടെ മഷിപ്പാത്രമാക്കുകയും ചെയ്ത കവിയാണ് വൈലോപ്പിള്ളി.

'തുടുവെള്ളാമ്പൽ
പൊയ്കയല്ല
ജീവിതത്തിന്റെ കടലേ
നമുക്കു മഷിപ്പാത്രം

നെഞ്ചുകീറി നേരിനെ കാട്ടുകയെന്നതാണ് വൈലോപ്പിള്ളിയുടെ കാവ്യദർശനം. സമൂഹത്തിന്റെ ജീർണ്ണതകളെ പച്ചയായി വിമർശിക്കാൻ ഈ കവി ഒരിക്കലും മടിക്കു ന്നില്ല.

'പൃഥ്വിയിലന്നു മനുഷ്യർ നടന്ന
പഥങ്ങളിലിപ്പോൾ
അധോമുഖവാമനർ
ഇത്തിരിവട്ടം മാത്രം കാണ്മവർ
ഇത്തിരിമാത്രം ചിന്തിക്കുന്നവർ'

രാവും പകലും അകവും പുറവും നന്മയും തിന്മയും ഒരുപോലെ കാണാൻ അദ്ദേഹ ത്തിനു കഴിഞ്ഞു. സ്വന്തം ജീവിതത്തിലെ തന്നെ പൊരുത്തക്കേടുകളാവാം ഇത്തരം ഒരു ദാർശനിക സമസ്യയിലേക്ക് കവിയെ നയിച്ചത്.

കാല്പ്പനികതയെ ഉപേക്ഷിച്ചില്ലെങ്കിൽ പോലും അതിൽ അഭിരമിക്കുവാൻ കവി തയ്യാറായിരുന്നില്ല.അതുകൊണ്ടാണ് പുഞ്ചിരി, ഹാ കുലീനമാം കള്ളം എന്ന് വൈലോപ്പള്ളിക്ക് പറയേണ്ടി വന്നത്.

പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന് ഏറെ സംഭാവന നൽകിയ കവിയാണ് വൈലോ പ്പിള്ളി. ദേശാഭിമാനി സ്റ്റഡീസർക്കിളും അതിൽ നിന്നും രൂപം കൊണ്ട പുരോഗമന കലാ സാഹിത്യ സംഘവും വൈലോപ്പിള്ളിയുടെ പ്രോത്സാഹനത്തിന്റെ ചൂടിലാണ് ഏറെ വളർന്നത്.

**അക്കിത്തത്തിന് ജ്ഞാനപീഠം**

2019 അവസാനിക്കുന്നത് മലയാളത്തിനു കിട്ടിയ ഒരു വലിയ ബഹുമതിയിലാണ്.

മഹാകവി അക്കിത്തം അച്യുതൻ നമ്പൂതിരിയിലൂടെ മലയാളത്തിലെത്തിയ ഇന്ത്യയിലെ പരമോന്നത സാഹിത്യ പുരസ്ക്കാരമായ ജ്ഞാനപീഠം അവാർഡാണത്.

ജ്ഞാനവൃദ്ധനും വയോവൃദ്ധനുമായ ഈ കവി എല്ലാക്കാലത്തും മനുഷ്യസ്നേഹത്തെപ്പറ്റിയാണ് പാടിയത്. ഇടതുപക്ഷ സഹയാത്രികനായിരുന്നപ്പോഴും പിൽക്കാലത്ത് അത് ഉപേക്ഷിച്ചപ്പോഴുമൊക്കെ ഈ സമസ്യഷ്ടി സ്നേഹത്തെ അദ്ദേഹം മുറുകെ പ്പിടിച്ചു.

ഒരു കണ്ണീർക്കണം ഞാൻ
മറ്റുള്ളവർക്കായ് പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി
ലായിരം സൂര്യമണ്ഡലം

എന്ന് പാടിയ കവിയ്ക്ക് ഈ പ്രപഞ്ചത്തെ മുഴുവൻ സ്നേഹിക്കുന്ന ഒരു മനസ്സ് ഇല്ലെങ്കിലേ അത്ഭുതമുള്ളു. ●




കാഞ്ഞങ്ങാട് ബ്ലോക്ക് പ്രവാസി സഹകരണ സംഘം
മന്ത്രി എ.സി. മൊയ്ദീൻ ഉദ്ഘാടനം ചെയ്യുന്നു




വടക്കാഞ്ചേരി ബ്ലോക്ക് പ്രവാസി സഹകരണ സംഘം
മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു



അമ്പലപ്പുഴ ബ്ലോക്ക് പ്രവാസി സഹകരണ സംഘം
മന്ത്രി ജി. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു



ഫാത്തിമാ ലത്തീഫിന്റെ ദുരൂഹ മരണത്തിൽ പ്രതിഷേധിച്ച് പ്രവാസിസംഘം നടത്തിയ സമരത്തെ ഷാഹിദാ കമാൽ അഭിവാദ്യം ചെയ്യുന്നു. എം. നൗഷാദ് എം. എൽ.എ., ആർ. ശ്രീകൃഷ്ണപിള്ള തുടങ്ങിയവർ വേദിയിൽ



റിയാദ് കേളി ചില്ലയുടെ ഉപഹാരം കെ.ടി. കുഞ്ഞിക്കണ്ണന് രക്ഷാധികാരസമിതി ആക്ടിംഗ് സെക്രട്ടറി കെ.പി.എം. സാദിഖ് സമ്മാനിക്കുന്നു




പൗരത്വബില്ലിനെതിരെ തിരുവനന്തപുരത്ത് നടന്ന പ്രതിഷേധപ്രകടനം പ്രവാസിസംഘം സംസ്ഥാന എക്സിക്യൂട്ടീവ് അംഗം സജീവ് തൈക്കാട് ഉദ്ഘാടനം ചെയ്യുന്നു




# ഇന്ത്യ
## 2019 പിന്നിടുമ്പോൾ



**അഡ്വ. സുരേഷ് പരുമല**

വിശ്വമാനവികതയുടെ വിളഭൂമിയായിരുന്ന ഇന്ത്യ ദുരന്തങ്ങളുടെ കറുത്ത കാലത്തിലൂടെയാണ് 2019 കടന്നുപോകുന്നത്. സാർവ്വദേശീയ സൗഹാർദ്ദവും, അയൽരാജ്യങ്ങളുമായി സംഘർഷ രഹിത സാഹചര്യവും സൃഷ്ടിക്കുന്ന പൂർവ്വകാല സമീപനത്തിന് വലിയ മാറ്റമാണുണ്ടാക്കുന്നത്. മതവൈര്യത്തിന്റെ നാടായി 'നാനാത്വത്തിൽ ഏകത്വ'മെന്ന് അഭിമാനത്തോടെ പറഞ്ഞ നമ്മുടെ രാജ്യത്തെ കൊണ്ടെത്തിക്കുന്ന വ്യത്യസ്തമായ ആചാരങ്ങളും, അനുഷ്ഠാനങ്ങളും, ഭാഷയും സംസ്കാരവും ഭൂപ്രകൃതിയുമുള്ള നമ്മൾ ബഹുസ്വരതയുടെ പര്യായമായിരുന്നു. എല്ലാത്തിനേയും ഉൾക്കൊള്ളുന്ന ദേശീയ പാരമ്പര്യമാണ് ഇന്ത്യയ്ക്കുള്ളത്. നിരാകരിക്കൽ രീതിയും ഭീഷണിയും. ദേശദ്രോഹമുദ്രയും ചാർത്തുകയുമാണ് ചെയ്യുന്നത്. ഇന്ത്യയുടെ വൈവിധ്യ സ്വഭാവത്തെ തകർത്ത് ഏകാത്മക സ്വരൂപം സൃഷ്ടിക്കുന്നു.

മഹത്തായ പാരമ്പര്യമാണ് ഇന്ത്യയ്ക്കുള്ളത്. ഹിന്ദുവും, മുസ്ലീമും, ക്രിസ്ത്യാനിയും ബൈദ്ധനും, ജൈനനും, പാഴ്സിയും, സിക്കും, സൈരാഷ്ട്രനും സൗഹാർദപരമായി ഇടപഴകി ജീവിച്ച കാലത്തിനന്ത്യം കുറിച്ച്, പകയുടേയും വിദ്വേഷത്തിന്റേയും, മതവൈര്യത്തിന്റേയും വിത്തുകൾ വിതയ്ക്കപ്പെട്ട കാലമായി മാറി. ഭരണഘടന മൂല്യങ്ങൾപോലും തകർക്കപ്പെടുന്നു. ജനാധിപത്യത്തിനും മതേതരത്വത്തിനും യാതൊരു വിലയും ഇന്ത്യൻ ഭരണകൂടം കല്പിക്കുന്നില്ല. പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷമുപയോഗിച്ച് ഭരണഘടനയുടെ അടിസ്ഥാന ശിലകൾ മാസങ്ങളോളം (3 വർഷത്തോളം) സമ്മേളിച്ച്, സംവാദങ്ങളും, കൂടിയാലോചനകളും 1946 ഡിസംബർ 9 മുതൽ 1949 നവംബർ 26 വരെ കൂടി രൂപപ്പെടുത്തി 1950 ജനുവരി 26-ന് നമ്മുടെ രാജ്യം ഒരു ജനകീയ ജനാധിപത്യ മതേതര റിപ്പബ്ലിക്കായി പ്രഖ്യാപിച്ചു. നൂറ്റിപതിനാലു ദിവസം, 11 സെക്ഷനുകളായി 196 സിറ്റിംഗിലൂടെ 315 ആർട്ടിക്കിളും, 13 ഷെഡ്യൂളുകളുമുള്ള മഹത്തായ ഭരണഘടന ഇല്ലാതാക്കാൻ ശ്രമിക്കുന്ന കാലത്തിന് 2019 മൂർച്ച കൂട്ടുന്നു.

ഫാസ്സിസ്സത്തിന്റെ നേർപകർച്ചയായി ഇന്ത്യൻ ഭരണാധി വർഗ്ഗം മാറിയിരിക്കുന്നു. ഫാസ്സിസ്റ്റുകൾ ലോകത്ത് ആധിപത്യം ഉറപ്പിച്ചത് ജനാധിപത്യപ്രക്രിയയിലൂടെ (തിരഞ്ഞെടുപ്പിലൂടെ)യാണെന്ന് ചരിത്രം ബോധ്യപ്പെടുത്തുന്നു. ഇന്ത്യയിലും മോഡി സർക്കാർ തിരഞ്ഞെടുപ്പിലൂടെയാണ് അധികാരത്തിൽ വന്നതെന്ന യാഥാർത്ഥ്യവും നിലനില്ക്കുന്നു. എന്നാൽ ഇവർ നടപ്പിലാക്കുന്നതോ - അടിച്ചമർത്തലുകളും, ഭരണകൂട ഭീകരതയുമാണ്. രാജ്യം നേടിയെടുത്ത നേട്ടങ്ങളെ കടപുഴക്കി അരാജകത്വമാണ് സൃഷ്ടിക്കുന്നത് - സാമ്പത്തികവും, സാമൂഹികവും, സാംസ്കാരികവുമായ മേഖലകളിലെല്ലാം ഇതനുവർത്തിക്കുന്നു. സാമൂഹ്യ-സാംസ്ക്കാരിക, വിദ്യാഭ്യാസ മേഖലകളിൽ വർഗ്ഗീയ തീവ്രത വളർത്തിയെടുക്കുന്നു. ഇവർ രാജ്യത്തിന്റെ മതനിരപേക്ഷത തകർക്കുന്നു. സംഘപരിവാർ അജണ്ടകൾ നടപ്പിലാക്കുന്നു. ആർ.എസ്.എസ്.ന് ചരിത്രമില്ല, ചരിത്രപുരുഷന്മാരില്ല, പൊളിറ്റിക്സ് ഇല്ല, എന്നാൽ ബിംബങ്ങളുണ്ട്, വേണ്ടിവന്നാൽ ചരിത്രപുരുഷന്മാരെ ആർ.എസ്.എസ്. ഏറ്റെടുക്കുകയും, തങ്ങൾക്കനുകൂലമാക്കാൻ ശ്രമിക്കുകയും ചെയ്യും. (ഉദാ: പല ഘട്ടങ്ങളിലും അംബേദ്കർ, ഗാന്ധിജി, എസ്.എ.ഡാങ്കേ എന്നിവരെ ഏറ്റെടുത്തിട്ടുണ്ട്). സത്യം വേണ്ട, വിമർശനവും വേണ്ട എന്ന നിലപാട് ഫാസ്സിസ്റ്റുകൾക്കുള്ളത്. ഇവർ പ്രചരണത്തിലൂടെ (Propaganda)യാണ് നിലകൊള്ളുന്നത്. ഫാസ്സിസ്സം വാക്കുകളെ അതിന്റെ പശ്ചാത്തലത്തിൽനിന്ന് അടർത്തിമാറ്റി അസത്യപ്രചാരണം നടത്തും. ഇതാണ് ഇപ്പോൾ ഇന്ത്യയിലും കണ്ടുവരുന്നത്. ഇന്ത്യയെ ഒരു മതാധിഷ്ഠിത രാഷ്ട്രമാക്കാനുള്ള (ഹിന്ദുരാഷ്ട്രം) എല്ലാ ചിട്ടവട്ടങ്ങളും തയ്യാറാക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രത്തെ മതരാഷ്ട്രമാക്കാനുള്ള പ്രവൃത്തികൾ തുടർന്നുകൊണ്ടിരിക്കുന്നു. 2019-ലെ ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണിത്.

ജനങ്ങളെ ഭയപ്പെടുത്തി കീഴ്പ്പെടുത്തുന്നു. ശാസ്ത്ര ബോധത്തേയും യുക്തിചിന്തയേയും നിരാകരിച്ച് സങ്കല്പങ്ങളിലൂടെ, മിത്തുകളിലൂടെ, ബിംബങ്ങളിലൂടെ ഇന്ത്യയെ സഞ്ചരിപ്പിക്കുന്നു. സാമൂഹ്യ യാഥാർത്ഥ്യങ്ങളെ ശാസ്ത്രീയതയിലൂടേയും യുക്തിചിന്തയിലൂടെയും വിലയിരുത്തുന്ന ധൈഷണികരെ കൊലക്കത്തിക്കിരയാക്കി, മറ്റുള്ളവരുടെ വായടപ്പിക്കാൻ ശ്രമിക്കുന്ന ക്രൂരവിനോദവും കൊണ്ടാടപ്പെടുന്നു.

ഭൗതിയ വിഭവങ്ങൾകൊണ്ട് സമ്പന്നമാണ് ഇന്ത്യ. മനുഷ്യസമ്പത്തും, ഭൂസസമ്പത്തും, ജനസമ്പത്തും, വനസമ്പത്തും ധാരാളമുള്ള നാട്ടിൽ, അശാസ്ത്രീയവും, മുതലാളിത്ത – കോർപ്പറേറ്റ് താല്പര്യ സംരക്ഷണാടിസ്ഥാനത്തിലുള്ള നയങ്ങൾ മൂലം ബഹുഭൂരിപക്ഷം ജനങ്ങളും ദരിദ്രവല്ക്കരിക്കുന്നു. സാമ്പത്തിക സ്രോതസ്സിന്റെ അമ്പത്തിയേഴ് ശതമാനത്തിലധികം നൂറിൽ താഴെയുള്ള ശതകോടീശ്വരന്മാർക്കായി നല്കുന്നു. ദരിദ്രർ കൂടുതൽ കൂടുതൽ പട്ടിണിയിൽ അകപ്പെട്ട് ജീവിതം ദുരന്തപൂർണ്ണമാക്കുന്നു. ശക്തിയുള്ളവർ മാത്രം നിലനിന്നാൽ മതിയെന്ന നീതിബോധത്തിൽ ഭരണാധികാരികൾ തീരുമാനമെടുക്കുന്നു. തൊഴിലില്ലായ്മയും നിരക്ഷരതയും വർദ്ധിക്കുന്നു. ജനങ്ങൾ വലിയ അരാജകത്വ ബോധത്തിലാണ്ടു കഴിയുന്നു. 'ഇത് ആരുടെ ഇന്ത്യ' എന്ന ചോദ്യം ആവർത്തിക്കുന്ന വർഷമാണ് കടന്നുപോകുന്നത്.

ഇന്ത്യയുടെ സമ്പദ്ഘടന ആകെ തകിടംമറിക്കുന്നു. സാധാരണക്കാരന്റെ നിക്ഷേപത്തിലൂടെ സ്വരൂപിക്കുന്ന സമ്പത്ത് കോർപ്പറേറ്റുകൾക്ക് പ്രത്യേകിച്ച് അംബാനി, അദാനിമാർക്കായി വീതിച്ചു നല്കുന്നു. ദേശീയ വളർച്ച നിരക്കിൽ ഏറ്റവും പിന്നോക്കം നില്ക്കുന്ന രാജ്യമായി ഇന്ത്യ അധഃപതിക്കുന്ന സ്ഥിതിയിലേക്ക് എത്തി നില്ക്കുന്നു. ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തകർത്ത് (ശക്തമായ സംസ്ഥാനങ്ങളും, കേന്ദ്രവും) എല്ലാ അധികാരവും കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാക്കുകയും ചെയ്യുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തെ നിഗ്രഹിക്കുന്നു. വ്യത്യസ്ത ചിന്താധാരയെ ദാരുണ ഹത്യക്ക് വിധേയമാക്കുന്നു.

കേന്ദ്രനയങ്ങളേയും, സർക്കാർ തീരുമാനങ്ങളേയും എതിർക്കുന്നവരെ രാജ്യദ്രോഹികളായി മുദ്രചാർത്തി, തെരുവിൽ ആക്രമിക്കുന്നു. പൗരസ്വാതന്ത്ര്യം ഏറ്റവും വലിയ വെല്ലുവിളി നേരിടുന്നു. മതാടിസ്ഥാനത്തിൽ ജനങ്ങളെ ഭിന്നിപ്പിക്കുന്നു. ജനങ്ങളുടെ ദൈനംദിന ജീവിത പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ സർക്കാർ തയ്യാറാകുന്നില്ല. സ്ത്രീ സുരക്ഷ ഏറ്റവും കൂടുതൽ ഭീഷണി നേരിടുന്നു. കോടതികളിൽ 'അദൃശ്യകരങ്ങളാൽ' കേന്ദ്ര സർക്കാർ ഇടപെടുന്ന സാഹചര്യം സൃഷ്ടിക്കുന്നുവെന്നതിന് തെളിവാണ് സമീപകാലത്തെ പല കോടതി വിധികൾ. ഭരണഘടന പൊളിച്ചടുക്കി 'ഹിന്ദുത്വ' അജണ്ട നടപ്പിലാക്കാനുതകുംവിധം നയങ്ങൾ സ്വീകരിക്കുന്നു. 'പൗരത്വഭേദഗതി നിയമം' വിഭജനത്തെ ശക്തിപ്പെടുത്തി ഹിന്ദുരാഷ്ട്ര സ്ഥാപനത്തിനായി ആക്കം കൂട്ടും. ഇതോടൊപ്പം പ്രതിഷേധങ്ങളുടെ ഇരമ്പലുകളും, പ്രതിരോധങ്ങളും ശക്തിയാകുന്നത് ഈ വർഷം കടന്നുപോകുമ്പോഴുണ്ടാകുന്ന നേർകാഴ്ചകളാണ്. ഭരണഘടനയും, രാജ്യത്തിന്റെ ഐക്യവും, അഖണ്ഡതയും സംരക്ഷിക്കാൻ യോജിച്ച പ്രക്ഷോഭങ്ങളുടെ വേലിയേറ്റം സൃഷ്ടിക്കുവാൻ സാധിക്കുമെന്ന് വർഷാന്ത്യ സംഭവങ്ങൾ ശുഭസൂചകമായി മാറുന്നു.

# സ്വപ്നം



**ജയശ്രീ രാജേഷ്**



**അ**ന്ധവിശ്വാസങ്ങൾ  
അനാചാരങ്ങൾ  
രഥചക്രം തീർക്കും  
ഇന്നിൻ ഇരുൾ പാതയിൽ  
ഓർക്കണം നാമിന്നൊരു  
നനുത്ത പുഞ്ചിരിയിൽ  
റോസാദളം തീർത്ത  
ചാച്ച തൻ സ്വപ്നത്തെ  
കുഞ്ഞുമനസ്സിൻ  
പ്രിയമാർന്ന സ്നേഹത്തിൻ  
ക്ഷേമത്തിൻ രാജ്യതന്ത്രത്തിൻ  
അകംപൊരുളറിയുമാ  
ശാന്തമാം ഭാവത്തിൽ  
റോസാപ്പൂ അപ്പൂപ്പൻ  
തൊട്ടുകൂടായ്മയും  
തീണ്ടിക്കൂടായ്മയും  
ജാതി തൻ കോമരം  
വെളിപാടു തുള്ളുന്ന  
കലികാല യാത്രതൻ  
പൊള്ളുംവഴികളിൽ  
ചിന്തകൾ ചെയ്തികൾ  
സ്വച്ഛമായീടുവാൻ  
വിദ്യയാണേറ്റവും  
അവശ്യമായെന്നുള്ള  
ചാച്ചതൻ വാക്കുകൾ  
അഗ്നിപോൽ  
ജ്വാലയായ്  
നിയമവും നീതിയും  
നിഷിദ്ധമാകരുതാർക്കും  
അവയെല്ലാം ഏവർക്കും  
പ്രാപ്യമാം  
മാറ്റത്തിൻ പ്രതിധ്വനി  
മുഴങ്ങണം നമ്മിൽ  
തെളിക്കണം വഴികൾ  
പുതുനാമ്പുകൾക്കായി  
ശാസ്ത്രത്തിൻ മാറ്റൊലി  
മുഴക്കി മുന്നേറിടാൻ  
തെളിയണം നെഹ്റുവിൻ  
വീക്ഷണകോണിലെ  
രാഷ്ട്രതന്ത്രജ്ഞൻ  
പകർന്ന വെളിച്ചത്തിൻ  
ദീപങ്ങളെന്നും ഇന്നിൻ മനസിൽ.......



# 50 ആണ്ടുകൾ പിന്നിട്ട് ആയിരം പാദസരങ്ങൾ



സുബ്രഹ്മണ്യൻ അമ്പാടി

ആയിരം പാദസരങ്ങൾ കിലുക്കി ആലുവാപ്പുഴ മലയാളിയുടെ ഹൃദയത്തിലൂടെ ഒഴുകുവാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ട്. സിനിമാഗാനചരിത്രത്തിൽ അന്നും ഇന്നും മലയാളി ഹൃദയങ്ങളെ നനയ്ക്കുന്നു ഈ ഗാനം.

1969 ൽ ഹരി പോത്തൻ സുപ്രിയ ബാനറിൽ നിർമ്മിച്ച നദിയിൽ വയലാർ രാമവർമ്മയുടെ സ്വർണ്ണത്തൂലികയിൽ നിന്നും ആറു ഗാനങ്ങൾ സംഗീതസംവിധാനത്തിന്റെ രാജശില്പി ജി.ദേവരാജൻ സംഗീതം നല്കിയ ഗാനങ്ങൾ ഗാനഗന്ധർവ്വൻ പാടിയപ്പോൾ നിത്യഹരിതങ്ങളിൽ

"ആയിരം പാദസരങ്ങൾ കിലുങ്ങി
ആലുവപ്പുഴ പിന്നെയുമൊഴുകി
ആരും കാണാതെയോളവും തീരവും
ആലിംഗനങ്ങളിൽ മുഴുകീ...മുഴുകീ

ഈ ഗാനം ചിത്രീകരിച്ചത് സ്റ്റുഡിയോക്കുള്ളിൽ നദിയുടെ സെററിട്ടാണ്. സംവിധായകൻ എ.വിൻസന്റ് മികച്ച ഛായാഗ്രഹകൻ കൂടിയായതിനാൽ നദിയിൽ വീഴുന്ന നിലാവും, ഓളങ്ങളും തന്മയത്വത്തോടെ ചിത്രീകരിച്ചതിനാൽ ജനപ്രിയ ഗാനമായി ത്തീർന്നു.

മലയാള സിനിമാഗാനചരിത്രത്തിലെ ഏക്കാലത്തെയും മികച്ച ഗാനങ്ങളിലൊന്നാമതായി ആകാശവാണി തെരഞ്ഞെടുത്തത് ആയിരം പാദസരങ്ങൾ. ഗാനത്തെക്കുറിച്ച് പ്രശസ്തഗാന നിരൂപകൻ ടി.പി ശാസ്തമംഗലം "ആലുവപ്പുഴയുടെ ഒഴുക്ക് എങ്ങനെയാണെന്നു കണ്ടില്ലേ? അതുപിന്നെയുമൊഴുകി എന്ന പ്രസ്താവം പ്രത്യേകമായി വിലയിരുത്തേണ്ടതാണ്. കവി ആ പുഴയിലേക്കു നോക്കുമ്പോൾ അപ്രകാരം ഒഴുകിയത് അദ്ദേഹത്തിനുവേണ്ടി മാത്രമാണെന്നു തോന്നും മറ്റാരും കണ്ടിലെങ്കിലും ഓളവും തീരവും ആലിംഗനങ്ങളിൽ മുഴുകിയത് കവി കണ്ടതും അതുകൊണ്ടാണ്. നദിക്കുമുണ്ട് വേർപെടുന്ന വേദനയും വേരിടുന്ന നിർവൃതിയും. ഈറനായ നദിയുടെ മാറിൽ വിടരുന്ന നീർക്കുമിളകളിലൂടെ അത് പ്രതിഫലിക്കുകയാണ്" (ആയിരം പാദസരങ്ങൾ പേജ്.277).

അരനൂറ്റാണ്ടുമുമ്പ് നദിയിൽ വേഷമിട്ട പ്രേംനസീർ, മധു, തിക്കുറിശ്ശി സുകുമാരൻ നായർ, ശാരദ, അംബിക, പി.ജെ. ആന്റണി, അടൂർഭാസി, ശങ്കരാടി, നെല്ലിക്കോട് ഭാസ്കരൻ, കവിയൂർ പൊന്നമ്മ തുടങ്ങിയ നടീനടന്മാർക്കൊപ്പം ശ്രദ്ധേയമായകഥാപാത്രത്തെ അവതരിപ്പിച്ചത് ബേബി സുമതി മലയാള സിനിമയിലെ ബാലതാരമായിരുന്നു. നദി ബേബിമോളുടെ കഥാപാത്രം പ്രേക്ഷകരുടെ ഹൃദയം കവർന്നിരുന്നു. കേരള സംസ്ഥാനത്തിലെ ആദ്യബാലതാരത്തിനുള്ള അവാർഡ് ബേബി സുമതിക്ക് ലഭിച്ചു.


പി.ജെ ആന്റണിയുടെ കഥയ്ക്ക് തിരക്കഥയും സംഭാഷണവും എഴുതിയത് തോപ്പിൽ ഭാസി. ആലുവപുഴയിലെത്തിയ ഹൗസ് ബോട്ടുകളിൽ ജീവിക്കുന്ന ക്രിസ്ത്യൻ കുടുംബങ്ങളുടെ കഥ അഭ്രപാളികളിലാക്കിയത് വളരെ കഷ്ടപ്പാടുകൾ സഹിച്ചാണ് കുടുംബങ്ങളിലെ വൈകാരിക സംഘർഷങ്ങളെ തിരശ്ശീലയിൽ കാണിച്ചപ്പോൾ തന്മയത്വമായി ചിത്രീകരിച്ചു. മലയാള സിനിമയെ പുറംലോകത്തിന്റെ സൗന്ദര്യത്തിലേക്ക് ഇറക്കികൊണ്ടുവന്ന പ്രമുഖ സംവിധായകരിലൊരാൾ എ.വിൻസെന്റാണ്. ബ്ലാക്ക് ആന്റ് വൈറ്റ് സിനിമകൾ അരങ്ങുവാഴുന്ന സിനിമകളിൽ നിന്ന് വിൻസെന്റിന്റെ ആദ്യ

കളർ ചിത്രമായിരുന്നു നദി. 1969 ൽ മികച്ച സംവിധായകനുള്ള സംസ്ഥാന അവാർഡ് ലഭിച്ചു. നദിയുടെ ഓളവും തീരവും നിലവുവീണു കിടക്കുന്ന നദിയുടെ കുഞ്ഞോളങ്ങളും, ക്രൈസ്തവ ജീവിത രംഗങ്ങളെ ഭാരതത്തിന്റെ പൈതൃകവുമായി കഥാ സന്ദർഭത്തെ കൂട്ടിയിണക്കുന്നതിൽ സംവിധായകൻ വിജയിച്ചു. മലയാള സിനിമയുടെ പിതാവ് ജെ.സി ഡാനിയൽ പുരസ്ക്കാരം സംവിധായകൻ വിൻസെന്റിനെ തേടിയെത്തി.

മലയാള ചലച്ചിത്രഗാനങ്ങളിൽ ഇന്നും ക്രൈസ്തവദേവാലയങ്ങളിലും വീടുകളിലും മുഴങ്ങികേൾക്കുന്ന ക്രിസ്തീയ ഭക്തിഗാനം.

"നിത്യവിശുദ്ധയാം കന്യാമറിയമേ!
നിൻനാമം വാഴ്ത്തപ്പെടട്ടേ
നന്മനിറഞ്ഞ നിൻസ്നേഹവാത്സല്യങ്ങൾ
ഞങ്ങൾക്കനുഗ്രഹമാകട്ടെ"

മരണമില്ലാത്ത വയലാർ രാമവർമ്മ എഴുതിയ ഈ ഗാനം ക്രിസ്തുവിന്റെ വിശ്വാസങ്ങൾ അനുസരിച്ച് ജീവിക്കുന്ന ഒരു ഗാനരചയിതാവിനും എഴുതുവാൻ കഴിഞ്ഞിട്ടില്ല. നിത്യവിശുദ്ധയായ കന്യാകമറിയത്തിന്റെ സ്നേഹവാത്സല്യങ്ങൾ ഭക്തർക്ക് അനുഗ്രഹങ്ങൾ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. ദൈവപുത്രനായ യേശുവിലും, ബൈബിളിലും വയലാറിനുള്ള



പാണ്ഡിത്യം നമുക്കിവിടെ ദർശിക്കാം.

ആലുവപ്പുഴയുടെ തീരത്ത് കെട്ടിയിട്ടിരിക്കുന്ന കെട്ടുവള്ളത്തിലിരുന്ന് പ്രേംനസീർ എന്ന മലയാള സിനിമയിലെ നിത്യഹരിതനായകൻ പാടുന്നു.

"കായാമ്പൂ കണ്ണിൽ വിടരും
കമലദളം കവിളിൽ വിടരും
അനുരാഗവതി നിൻ ചൊടികളിൽ നി-
ന്നാലിപ്പഴം പൊഴിയുന്നു."



കാമുകിയുടെ പുഞ്ചിരിയിൽ നിത്യവിസ്മയമായി മയങ്ങിപ്പോയ കാമുകന്റെ സ്വപ്നങ്ങൾ പൂക്കുന്ന നീലക്കടമ്പിൽ പൂത്തു വിടർന്നു.

ഭാവാഭിനയത്തിന്റെ കൊടുമുടി കീഴടക്കിയ ശാരദ ബേബി സുമതി ആഹാരം കൊടുക്കുമ്പോൾ പി.സുശീല പാടുന്ന ഗാനത്തിൽ പണ്ഡിതൻ വിഷ്ണു ശർമ്മന്റെ പഞ്ചതന്ത്രം കഥയിലെ സാരാംശം, വീണ്ടും ബൈബിൾ ചുവടുപിടിച്ച് ഒരു ദിവ്യ ഗാനത്തിനു ശക്തിയായിത്തീർന്ന യരുശലേം പുത്രിയപ്പോലെ-

"പഞ്ചതന്ത്രം കഥയിലെ
പഞ്ചവർണ്ണക്കുടിലിലെ
മാണിക്യപ്പൈങ്കിളി മാനം പറക്കുന്ന
വാനമ്പാടിയെ സ്നേഹിച്ചു-ഒരു

ആലുവപ്പുഴയുടെ തീരത്തെ കെട്ടുവള്ളങ്ങളുടെ പശ്ചാത്തലത്തിൽ ചോദ്യ-ഉത്തരത്തിലൂടെ ബേബി സുമതിയെയും എടുത്തുകൊണ്ടു ശാരദ പാടുന്ന ഗാനരംഗത്തിൽ ഹാസ്യനടൻ അടൂർ ഭാസിയുടെ പ്രകടനം ഏറെ ശ്രദ്ധിക്കപ്പെടുന്നതാണ്.

"കുഞ്ഞിനെ വേണോ? കുഞ്ഞിനെ
വാങ്ങാനുണ്ട്?
തപ്പുകൊട്ടാമ്പുറം തകിലുകൊട്ടാമ്പുറം
കൊട്ടാമ്പുറത്തൊരു കുഞ്ഞ്."

പ്രകൃതിയെയും, ഭൂമിയെയും പുകഴ്ത്തിപാടി സൗഭാഗ്യങ്ങളുടെ നിറകുടമായ പുതിയ പുലരികളും, ചക്രവാളങ്ങളും എല്ലാം പ്രകൃതിയുടെ വരദാനമായ നദികളെക്കുറിച്ച് നിരന്തരം വയലാർ പാടിയിരുന്നു. അദ്വൈത ചിന്തകൾ പൂവിട്ട തീരങ്ങൾ.

പുഴകൾ മലകൾ പൂവനങ്ങൾ
ഭൂമിക്കു കിട്ടിയ സ്ത്രീധനങ്ങൾ
സന്ധ്യകൾ മന്ദാരച്ചാമരം വീശുന്ന
ചന്ദനശീതള മണപ്പുറങ്ങൾ

ശീർഷക ഗാനത്തിലൂടെ മനോഹരമായ പ്രകൃതിയുടെ നിശ്ചല ചിത്രങ്ങൾ കാണുമ്പോൾ പഴയതലമുറയുടെ ഗൃഹാതുര സ്മരണകളിൽ നിറയുന്നു.

കഴിഞ്ഞ അരനൂറ്റാണ്ടിൽ മാറി വരുന്ന സിനിമാ സങ്കൽപങ്ങളിലും, സംഗീതത്തിലും, ഗാനങ്ങളുടെ ചിത്രീകരണത്തിലും വന്ന മാറ്റത്തിന്റെ നാൾവഴികൾ പരിശോധിച്ചാൽ പ്രശസ്ത കവിയും, ഗാനരചയിതാവും, ജ്ഞാനപീഠ ജേതാവുമായ ഒ.എൻ.വി യുടെ വാക്കുകൾ "സിനിമയുടെ കോലം മാറി; പാട്ടുകളുടെ ചേലും. എങ്കിലും ദേവരാജന് തന്റെ സംഗീത സങ്കൽപത്തിന്റെ പവിത്രത നഷ്ടപ്പെടുത്താനാവില്ല. ഒരിക്കലും ആയിരം പാദസരങ്ങൾ കിലുക്കി ഒഴുകുന്ന ആലുവാപുഴപോലെ ദേവരാജന്റെ സംഗീതം മലയാളികളുടെ മനസ്സിനെ കുളിരണിയിച്ചുകൊണ്ടേയിരിക്കും."

നദിയിലെ മുഴുവൻ പാട്ടുകളും ജനപ്രീതിയിൽ മുന്നിട്ടു നില്ക്കുകയും കാലത്തെ അതിജീവിക്കുകയും ചെയ്യുമെന്നതിൽ രണ്ടഭിപ്രായമില്ല. മലയാളിയും, മലയാളവും ഉള്ള കാലത്തോളം ഗാനഗന്ധർവ്വൻ യേശുദാസിന്റെ ദൈവിക സ്വരം എക്കാലവും നമുക്ക് കേൾക്കാം.




# മലയാള സിനിമ

## 2019 ഒരു തിരിഞ്ഞുനോട്ടം



**എം.എ.ലത്തീഫ്**

2019 ൽ തിയേറ്ററുകളിൽ റിലീസ് ചെയ്യപ്പെടാത്ത സ്വതന്ത്ര സിനിമകൾ ഉൾപ്പെടെ ഇരുന്നൂറോളം സിനിമകളാണ് മലയാളത്തിൽ നിർമ്മിക്കപ്പെട്ടത്. വലിയ സാമ്പത്തിക വിജയം നേടിയ അന്യഭാഷാ ചിത്രങ്ങളുടെ കണക്കുകൾ ഇതിനു പുറത്താണ്. ചിത്രങ്ങളെ പൊതുവെ വിലയിരുത്തുമ്പോൾ ഭൂരിഭാഗവും താരകേന്ദ്രീകൃതമായിരുന്നില്ലയെന്നത് ശ്രദ്ധേയമാണ്. മെഗാസ്റ്റാറുകൾ ഇല്ലെങ്കിൽ സിനിമ വിജയിക്കില്ലെന്നും, ഉണ്ടായാൽ വിജയിക്കുമെന്നുള്ളവാർപ്പു സങ്കല്പങ്ങളെ പൊളിച്ചെഴുതാൻ തുടങ്ങിയത് പുതുതലമുറ സിനിമാക്കാരുടെ വരവോടെയാണ്. സൗബിൻ ഷാഹിറിനെപ്പോലുള്ള നടന്മാരെ നായകൻമാരാക്കാൻ ധൈര്യം കാണിച്ച നവാഗത സംവിധായകർ മുൻ വർഷത്തെ പോലെ വിജയിച്ച വർഷമാണിത്. അതിനർത്ഥം മെഗാസ്റ്റാറുകളുടെ പടങ്ങൾ വിജയിച്ചില്ലയെന്നല്ല. അത് അനിവാര്യഘടകം അല്ലാതായിക്കഴിഞ്ഞു എന്നതാണ് പ്രധാനം. ബോക്സ് ഓഫീസ് കളക്ഷൻ നേടിയ സിനിമകളുടെ പട്ടികയിൽ മുന്നിൽ നിൽക്കുന്നത് പൃഥിരാജ് സംവിധാനം ചെയ്ത് മോഹൻലാൽ നായകനായ ലൂസിഫർ തന്നെയാണ്. രണ്ടാം സ്ഥാനത്തു വൈശാഖിന്റെ മമ്മൂട്ടിച്ചിത്രം മധുരരാജ. എന്നാൽ തുടർന്നു വരുന്നത് കുമ്പളങ്ങി നൈറ്റ്സ് (മധു സി. നാരായണൻ), തണ്ണീർമത്തൻ ദിനങ്ങൾ (ഗിരീഷ് എ.ഡി), ലൗ ആക്ഷൻ ഡ്രാമ (ധ്യാൻ ശ്രീനിവാസൻ), ഇട്ടിമാണി മെയ്ഡ് ഇൻ ചൈന (ജിബി ജോജു), ഉണ്ട (ഖാലിദ് റഹ്മാൻ), ഒരു യമണ്ടൻ പ്രേമകഥ (ബി.സി.നൗഫൽ), ഉയരെ (മനു അശോകൻ), വൈറസ് (ആഷിഖ് അബു) എന്നിവയാണ്.

കെട്ടുകാഴ്ചകളില്ലാത്ത പച്ചയായ ജീവിതങ്ങൾ പ്രമേയമായ സിനിമകൾ മുൻവർഷത്തെ പോലെ ഇത്തവണയും ബോക്സ് ഓഫീസ് വിജയം നേടിയവയിൽ ഉൾപ്പെടുകയുണ്ടായി എന്നത് മലയാള സിനിമയ്ക്കു ഉത്തേജകമേകുന്നതാണ്. സൗബിൻ ഷാഹിറിനു കഴിഞ്ഞ വർഷം ഏറ്റവും നല്ല നടനുള്ള അവാർഡ് നേടിക്കൊടുത്ത സുഡാനി ഫ്രം നൈജീരിയ പോലെ കലർപ്പില്ലാത്ത ജീവിതത്തിന്റെ ഡയറിക്കുറിപ്പുകളുടെ അഭ്രാവിഷ്കാരം തന്നെയാണ് കുമ്പളങ്ങി നൈറ്റ്സ്. ചിട്ടയില്ലാത്ത ജീവിതങ്ങളും കള്ളികൾ വരച്ചു ചിട്ടപ്പെടുത്തിയ ജീവിതങ്ങളും തമ്മിലുള്ള അന്തരങ്ങൾ കേവല യുക്തികളാൽ സൃഷ്ടിക്കപ്പെട്ട വികല സങ്കല്പങ്ങളായിരുന്നുവെന്നും ആഴമുള്ള സ്നേഹങ്ങൾ വാഴുന്നിടം വെളിച്ചം വിതറുമെന്നും വ്യക്തമാക്കിത്തരാൻ സജിക്കും സഹോദരങ്ങൾക്കും കഴിഞ്ഞു.

കല കലയ്ക്കു വേണ്ടി മാത്രമുള്ളതല്ലെന്നും അതു ജനങ്ങൾക്കു വേണ്ടിയും അവരുടെ വിമോചനത്തിനു വേണ്ടി കൂടിയുള്ളതുമാണെന്ന് സിനിമകളിലൂടെ തെളിയിക്കപ്പെട്ടിട്ടുണ്ട്. കച്ചവട താൽപര്യങ്ങൾക്കുപരി അത്തരം രാഷ്ട്രീയങ്ങൾ ഗൗരവമായി സിനിമകളിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. ജല്ലിക്കട്ട് (ലിജോ ജോസ് പെല്ലിശ്ശേരി), മൂത്തോൻ (ഗീതുമോഹൻദാസ്), ഉടലാഴം (ഉണ്ണിക്കൃഷ്ണൻ ആവള), ഒരു ഞായറാഴ്ച (ശ്യാമപ്രസാദ്), ചോല (സനൽകുമാർ ശശിധരൻ), ഇഷ്ക് (അനുരാജ് മനോഹർ), വെയിൽ മരങ്ങൾ (ഡോ.ബിജു), സ്റ്റാൻഡ് അപ് (വിധു വിൻ

സെന്റ്) എന്നിവയെല്ലാം ആ ഗണത്തിൽപ്പെടുത്താവുന്നവയാണ്.

ബിംബാത്മകമായിട്ടാണെങ്കിലും വ്യക്തമായിത്തന്നെ പോത്തിന്റെയും ആൾക്കൂട്ടക്കൊലപാതകങ്ങളുടേയും മതങ്ങളുടെ സ്വാർത്ഥതയുടേയും രാഷ്ട്രീയം ശക്തമായി ജല്ലിക്കട്ടിൽ ലിജോ ജോസ് പെല്ലിശ്ശേരി അവതരിപ്പിച്ചിട്ടുണ്ട്. ഗോവയിൽ ഈ വർഷം നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ഏറ്റവും നല്ല സംവിധായകനുള്ള അവാർഡും തിരുവനന്തപുരത്തു നടന്ന ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ പ്രേക്ഷകർ തിരഞ്ഞെടുത്ത മികച്ച ചിത്രത്തിനുള്ള പുരസ്കാരവും ജല്ലിക്കട്ടിനായിരുന്നു. കഴിഞ്ഞ വർഷം ഈ.മ.യൗ വിലും മതത്തിന്റെ സ്വാർത്ഥതാല്പര്യങ്ങളെ ഒരു ശവത്തിന്റെ പശ്ചാത്തലത്തിൽ വിമർശനാത്മകമായി വിലയിരുത്തി അവതരിപ്പിച്ചിരുന്നു.

മുംബൈ നഗരത്തിന്റെ ഇരുണ്ട ജീവിതങ്ങൾക്കൊപ്പം അരക്ഷിതമായ അധോലോകത്തേയും പകർത്തിയ ഗീതു മോഹൻദാസിന്റെ മൂത്തോൻ ഫെസ്റ്റിവലുകളിൽ ശ്രദ്ധേയമായ ഇടം നേടി. നീലിമയാർന്ന ലക്ഷദ്വീപിന്റെ പവിത്രതയും ഇരുളടഞ്ഞ മുംബൈയുടെ ചതിക്കുഴികളും തമ്മിലുള്ള താരതമ്യം ഒരു പെൺകുട്ടിയിലൂടെ ദൃശ്യവത്കരിച്ചിരിക്കുന്നു. മൂത്തോൻ ആയി വരുന്ന നിവിൻ പോളിയുടെ പുത്തൻ വേഷപ്പകർച്ച ആ നടന്റെ കഴിവിന്റെ വ്യാപ്തി വ്യക്തമാക്കുന്നുണ്ട്.

സദാചാര പോലീസിംഗ് വിഷയമായ ഇഷ്ക് ഒരു പെൺകുട്ടിയുടെ വ്യക്തിത്വം ഉറപ്പിക്കുന്നതിന്റേയും കരുത്തിന്റെയും കഥ കൂടിയാണ്. തന്നെ മറ്റൊരാൾ സ്പർശിച്ചില്ലെന്നുറപ്പിച്ചതിനു ശേഷം ശ്വാസം വിടുന്ന കാമുകനോട് നടുവിരൽ ഉയർത്തിക്കാണിച്ച പെൺകുട്ടിയെ മലയാളി ഇരുകൈയ്യും നീട്ടി സ്വീകരിച്ചു. ഉയരെയും സമാനമായ പ്രമേയമാണ് മുന്നോട്ടുവെച്ചത്. ആണധികാരത്തിന്റെ ഹുങ്കിനെതിരെ ഉറച്ച നീക്കം നടത്തുന്ന സ്ത്രീയുടെ നിശ്ചയദാർഢ്യം, മനസ്സിന്റെ കരുത്ത്, ഉയിർത്തെഴുന്നേല്പ് എന്നിവ അതിമനോഹരമായി ഉയരെയിൽ പാർവതിയിലൂടെ കാണാം. ഉണ്ടയിൽ തികച്ചും വ്യത്യസ്തമായ മമ്മൂട്ടിയുടെ പോലീസ് വേഷത്തിനു പുതുമയുണ്ട്. ഇൻസ്പെക്ടർ ബൽറാമും ഡാഡി കൂളും കണ്ട മമ്മൂട്ടി ഫാൻസിനെ തീർത്തും

**ഏതായാലും മെഗാസ്റ്റാറുകൾ അമാനുഷ കഥാപാത്രങ്ങളായി അടക്കിവാണിരുന്ന മലയാള സിനിമയിൽ പുതിയ പരീക്ഷണങ്ങൾക്കു തയ്യാറാകുന്ന ന്യൂ ജനറേഷൻ വന്നതോടെ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. പലതും ഗുണകരമായ മാറ്റങ്ങൾ തന്നെയാണ്. സർക്കാർ നേതൃത്വത്തിൽ കേരളത്തിൽ നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവം കാഴ്ചയുടെ പുത്തൻസംസ്കാരം സൃഷ്ടിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നുണ്ട്. 24 വർഷത്തിലെത്തിയ ഈ മേളയിലെ പ്രതിനിധികളുടെ സ്ഥിതിവിവരക്കണക്കുകൾ നൽകുന്ന സൂചന പുത്തൻ തലമുറയുടെ കൂടി വരുന്ന പങ്കാളിത്തമാണ്.**

നിരാശപ്പെടുത്തുന്ന മേക്ക് ഓവർ ആണ് ഉണ്ടയിലെ പോലീസ് ഓഫീസർ. അന്യസംസ്ഥാനത്തെ തീവ്രവാദി ആക്രമണ സാധ്യതയുള്ള മേഖലയിലേക്കു ഡ്യൂട്ടിക്കു നിയോഗിച്ചതിന്റെ ഭാഗമായി ഉണ്ടാകുന്ന വിഷയങ്ങൾ അതിഭാവുകത്വങ്ങളില്ലാതെയാണ് പകർത്തിയിട്ടുള്ളത്.

ഏതായാലും മെഗാസ്റ്റാറുകൾ അമാനുഷ കഥാപാത്രങ്ങളായി അടക്കിവാണിരുന്ന മലയാള സിനിമയിൽ പുതിയ പരീക്ഷണങ്ങൾക്കു തയ്യാറാകുന്ന ന്യൂ ജനറേഷൻ വന്നതോടെ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. പലതും ഗുണകരമായ മാറ്റങ്ങൾ തന്നെയാണ്. സർക്കാർ നേതൃത്വത്തിൽ കേരളത്തിൽ നടക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവം കാഴ്ചയുടെ പുത്തൻ സംസ്കാരം സൃഷ്ടിക്കുന്നതിൽ മുഖ്യപങ്കു വഹിക്കുന്നുണ്ട്. 24 വർഷത്തിലെത്തിയ ഈ മേളയിലെ പ്രതിനിധികളുടെ സ്ഥിതിവിവരക്കണക്കുകൾ നൽകുന്ന സൂചന പുത്തൻ തലമുറയുടെ കൂടി വരുന്ന പങ്കാളിത്തമാണ്. മുൻ മേളകളുടെ ചരിത്ര വായനയിൽ നിന്നും ലോകരാജ്യങ്ങളിൽ നിന്നുള്ള, പ്രത്യേകിച്ചും ലാറ്റിനമേരിക്കൻ സിനിമകൾ, സിനിമാനുഭവങ്ങളിലൂടെ ലോകത്തു നടക്കുന്ന വിവിധ രാഷ്ട്രീയ സംഭവങ്ങൾ, സംസ്കാരികസാമ്പത്തിക വിഷയങ്ങൾ, സാമൂഹ്യ മാറ്റങ്ങൾ, മാനുഷിക ബന്ധങ്ങൾ എന്നിവയോടൊപ്പം സിനിമയോടുള്ള ആധുനിക സമീപനം എന്നിവ മനസ്സിലാക്കാനും പകർത്താനും നമ്മുടെ സിനിമാക്കാർക്കും പ്രയോജനപ്പെടുന്നുണ്ട്.







# പാരീസ്

ഫൈറോസ് ബീഗം

യൂറോപ്യൻ യാത്ര എന്ന ദീർഘകാല സ്വപ്നവും സഫലമായി. നെടുമ്പാശ്ശേരിയിൽ നിന്ന് മസ്കറ്റ് വഴിയായിരുന്നു പാരീസിലേക്ക് ഉള്ള യാത്ര, ഉച്ചക്ക് ഒന്നരയോടെ മസ്കറ്റിൽ ഇറങ്ങി. ഒരു മണിക്കൂറിന്റെ കാത്തിരിപ്പിനൊടുവിൽ പാരിസിലേക്ക് ഉള്ള ഫ്ലൈറ്റ്..

ഏഴ് മണിക്കൂർ നീണ്ട യാത്രക്കൊടുവിൽ പാരീസിൽ ഇറങ്ങുമ്പോൾ അവിടുത്തെ സമയം വൈകുന്നേരം 7.40 ആയിരുന്നു. സായാഹ്ന വെയിൽ അപ്പോഴും നല്ല തെളിമയോടെ ഉണ്ടാ യിരുന്നു. സൂര്യൻ അസ്തമിക്കാൻ പിന്നെയും ഒരു മണിക്കൂർ കഴിയണം. പരിശോധന കഴിഞ്ഞ് പുറത്തേക്കിറങ്ങുമ്പോൾ രാത്രി 9 മണി. തണുപ്പ് പതുക്കെ അരിച്ചു കയറാൻ തുടങ്ങി. കയ്യിലുള്ള സ്വറ്റർ എല്ലാവരും ധരിച്ചു.

പിന്നീടുള്ള യാത്ര ബസ്സിലായിരുന്നു. വർണ്ണ വിളക്കുകൾ നിറം ചാർത്തിയ പാരീസ് നഗരത്തിലൂടെ താമസസ്ഥലത്തേക്ക്. നഗരങ്ങളെല്ലാം കൂടുതൽ സുന്ദരികളാകുന്നത് രാത്രികളിൽ ആണല്ലോ. ഞങ്ങളുടെ ടൂർ കോർഡിനേറ്റർ ജോബി ഹോട്ടലിനെകുറിച്ചും പാരീസിനെ കുറിച്ചും ഒരു ചെറിയ വിവരണം തന്നു. പാരീസ് സിറ്റി കുറച്ച് ശ്രദ്ധിക്കേണ്ട താണെന്ന മുന്നറിയിപ്പും നൽകി. പോക്കറ്റടിയും കളവും നല്ല രീതിയിൽ നടക്കാൻ സാധ്യതയുള്ള സ്ഥലമാണ്. ഞങ്ങളുടെ താമസം ഹോട്ടൽ ക്യാംനെയിലൈലായിരുന്നു.

ഹോട്ടൽ ത്രീസ്റ്റാർ ആണെങ്കിലും റൂമുകൾ താരതമ്യേന ചെറിയതായിരുന്നു. പാരിസ്, സിംഗപ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ എല്ലാം ഹോട്ടലിന്റെ കാറ്റഗറി നിശ്ചയിക്കുന്നതിൽ റൂമിന്റെ വലിപ്പമല്ല പരിഗണിക്കുന്നതെന്നും സൗകര്യങ്ങളാണ് പരിഗണിക്കുന്നതെന്നും ടൂർ ഗൈഡ് ഞങ്ങളെ ഓർമിപ്പിച്ചു. യൂറോപ്യൻ ഹോട്ടലുകളിൽ പൊതുവേ വലിയ സ്വീകരണം ഒന്നും ഉണ്ടാവാറില്ല. പ്രത്യേകിച്ചും ഇന്ത്യക്കാർക്ക്... ഇന്ത്യയിലാണെങ്കിൽ ഹോട്ടലുകളിൽ എത്തുന്നവരുടെ ബാഗേജുകൾ പിടിക്കാനും റൂമുകൾ തുറന്നു തരാനും എല്ലാം സഹായികൾ എത്തുന്നതു പോലെ യൂറോപ്പിൽ പ്രതീക്ഷിച്ചാൽ നിരാശായാകും ഫലം. ഫ്രാൻസിൽ പൊതുവേ ഇംഗ്ലീഷ് സംസാരിക്കുന്നവരെ ഇഷ്ടമല്ല. പഴയ ശീത യുദ്ധത്തിന്റെ ഓർമ്മകൾ ഇപ്പോഴും ബാക്കി നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഫ്രഞ്ച് ഭാഷയാണ് ഇംഗ്ലീഷിനേക്കാൾ മുകളിൽ എന്ന് വിശ്വസിക്കുന്നവരാണ് അവർ. സ്വാഭാവി കമായും ഇംഗ്ലീഷ് സംസാരിക്കാനും അവർ ഇഷ്ടപ്പെടുന്നില്ല, സംസാരിക്കുന്നവരേയും..

യൂറോപ്പിലെ ടോയ്ലറ്റുകളിൽ ബക്കറ്റ്, കപ്പ്, ഹാൻഡ് ഷവർ എന്നിവ ഉണ്ടാവുകയില്ല. പകരം പേപ്പറുകൾ മാത്രമാണ് ഉണ്ടാകുക. ഇന്ത്യൻ സാഹചര്യം ശീലിച്ചവർക്ക് ഒരു പ്ലാസ്റ്റിക് കപ്പ് കയ്യിൽ കരുതുന്നത് പ്രയോജനപ്പെടും. യാത്രക്കിടയിൽ നമുക്ക് ചൂടുവെള്ളം കുടിക്കണമെങ്കിൽ ഒരു ചെറിയ ഫ്ലാസ്ക് കൂടി കയ്യിൽ കരുതുന്നതു നല്ലതാണ്. കാരണം ഒരു ഗ്ലാസ് വെള്ളത്തിന് ഒരു ചായയുടെ വിലയേക്കാൾ കൂടുതൽ കൊടുക്കേണ്ടി വരുന്നുണ്ട്. ഹോട്ടലുകളിലെ ടാപ്പുകളിൽ ലഭിക്കുന്ന വെള്ളം ശുദ്ധജലം ആണെന്നതിനാൽ കുടിക്കാനും അതാണ് ഉപയോഗിക്കുന്നത്. ഇവിടെ ലഭിക്കുന്നതു പോലെ കുപ്പിവെള്ളം ഹോട്ടലുകളിൽ ലഭിക്കുകയില്ല.

അടുത്ത ദിവസം പ്രാതലിനുശേഷം രാവിലെ 8.45 നു തന്നെ ഞങ്ങളുടെ ബസ് പുറപ്പെട്ടു. ആദ്യലക്ഷ്യം ആകാശം തൊട്ടുനിൽക്കുന്ന ഈഫൽ ടവർ ആയിരുന്നു. 300.65 മീറ്റർ ഉയര മുള്ള ഈ വിസ്മയം വിവിധ രാജ്യങ്ങളിൽ നിന്നും ശേഖരിച്ച കൊണ്ടുവന്ന ഏകദേശം പതിനായിരം ടൺ ഉരുക്കു കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നത്. 1930 വരെ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ മനുഷ്യനിർമ്മിതിയായിരുന്നു ഇത്. ഇപ്പോൾ അത് ദുബായിലെ ബുർജ് ഖലീഫ ടവർ ആണ്. അമേരിക്കൻ എൻജിനീയറായിരുന്ന ഗുസ്താവ് ഈഫൽ 1889 ഫ്രഞ്ച് വിപ്ലവത്തിന് നൂറാം വാർഷികത്തിന്റെ ഭാഗമായാണ് ഈ ഗോപുരം നിർമ്മിച്ചത്. താഴെ നിന്ന് നോക്കുമ്പോൾ മേഘങ്ങളോട് മുട്ടിയുരുമ്മി നിൽക്കുകയാണെന്ന് തോന്നും. ലിഫ്റ്റിൽ രണ്ടാമത്തെ നിലവരെയാണ് ഞങ്ങൾ എത്തിയത്. അതിനു മുകളിലേക്കും കയറാമെങ്കിലും രണ്ടാം ഘട്ടം വരെയുള്ള പ്രവേശന പാസ് മാത്രമേ എടുത്തിരുന്നുള്ളു. അവിടെ നിന്നു

നോക്കിയാൽ പാരീസ് നഗരത്തിന്റെ അഞ്ച് കിലോമീറ്ററോളം ചുറ്റളവിൽ ഉള്ള സുന്ദരമായ കാഴ്ചകൾ കാണാം. ടവറിൽ നിന്നും നാലു ദിക്കുകളിലേക്കും നടന്നാൽ പാരിസ് നഗരത്തിന്റെ വിഹഗ വീക്ഷണം ലഭിക്കും. താഴേക്ക് നോക്കിയാൽ തല ചുറ്റുന്ന ആഴങ്ങൾ.

അവിടെ നിന്നും താഴെ ഇറങ്ങിയാൽ ചെറിയ ഏതാനും ഷോപ്പുകൾ. വഴിയരികിൽ പല യിടത്തും കറുത്ത വർഗ്ഗക്കാരായ തെരുവ് കച്ചവടക്കാരെ കാണാം. വഴിയോരങ്ങളിൽ തുണി വിരിച്ച് അതിൽ ഈഫൽ ടവറിനൂ കൊച്ചു രൂപങ്ങൾ, കീചെയിനുകൾ എന്നിവ വിൽക്കുന്നവരും ടൂറിസ്റ്റുകൾക്കിടയിൽ നടന്നു വിൽക്കുന്നവരും പതിവുകാഴ്ചയാണ്. എന്നാൽ യാത്രക്കാർക്കും വാഹനങ്ങൾക്കും ഒരു തടസ്സവും അവർ സൃഷ്ടിക്കുന്നില്ല എന്നത് മാതൃകാപരമാണ്. വഴിയോര കച്ചവടക്കാർ ആയി കാണുന്ന കറുത്തവർഗ്ഗക്കാർ ഭൂരിഭാഗവും അനധികൃത കുടിയേറ്റക്കാർ ആണെങ്കിലും ഫ്രാൻസിന്റെ നിർമ്മാണത്തിൽ പങ്കാളികളായവരുടെ പിന്മുറക്കാർ എന്ന പരിഗണന അവർക്ക് ലഭിക്കുന്നുണ്ട്. പോലീസ് അവരെ വേട്ടയാടുന്നതായി കാണുന്നില്ല.

സഞ്ചാരികളെ നോക്കി മന്ദഹസിക്കുന്ന സീൻ നദിയിലൂടെയുള്ള യാത്രയായിരുന്നു അടുത്തത്. നദിയുടെ ഇരുകരകളേയും ബന്ധിപ്പിക്കുന്ന നിരവധി പാലങ്ങൾക്കിടയിലൂടെയാ ണ് ബോട്ട് യാത്ര. ഇരുകരകളിലുമായി തലയെടുപ്പോടെ നിൽക്കുന്ന കെട്ടിടങ്ങളുൾപ്പെടെ യുള്ള മനോഹരമായ പാരിസ് ദൃശ്യങ്ങൾ... സീൻ നദിയിലൂടെ പോകുമ്പോൾ ഇടതു വശത്തെ കരയിൽ നോത്രദാമിലെ ചർച്ച് കാണാം. ഭൂരിഭാഗവും മരം കൊണ്ട് നിർമ്മിച്ചതായിരുന്നു ഈ പള്ളി. കഴിഞ്ഞ ഏപ്രിലിൽ അത് കത്തിപോയി. ഇപ്പോൾ പുനർനിർമ്മാണത്തിനായി അടച്ചിട്ടിരിക്കുകയാണ്. അകത്തേക്കു ആരെയും പ്രവേശിപ്പിക്കുന്നുണ്ടായിരുന്നില്ല. ഒന്നര മണിക്കൂറിലധികമുള്ള ഈ ക്രൂയിസിനിടയിൽ ഈഫൽ ടവറിന്റെ സുന്ദരമായ ദൃശ്യം ക്യാമറ യിൽ പകർത്താനായി. തുടർന്ന് ചരിത്രം നിറഞ്ഞ പാരീസിലെ തെരുവുകളിലൂടെ അടുത്ത ലക്ഷ്യത്തിലേക്ക് ബസ് വീണ്ടും ഓടിക്കൊണ്ടിരുന്നു.

**ആർക്ക് ഓഫ് ട്രയംഫ്..**

ഫ്രാൻസിനു വേണ്ടി പോരാടി വീരമൃത്യു വരിച്ച മുഴുവൻ സൈനികർക്കും വേണ്ടി പണിത സ്മാരകമാണ് ആർക്ക് ഓഫ് ട്രയംഫ്. കാഴ്ചയിൽ ഡൾലിയിലെ ഇന്ത്യ ഗേറ്റിനെ അനുസ്മരിപ്പിക്കും. ഇന്ത്യാ ഗേറ്റിലെ അമർ ജ്യോതി പോലെ അണയാത്ത ദീപം ഇവിടെ യുമുണ്ട്. ധാരാളം സന്ദർശകർ അവിടെ കൂടിയിരുന്നു. ഇതിന്റെ ചുമരുകളിൽ സൈനിക രുടെ പേരുകൾ കൊത്തിവെച്ചിട്ടുണ്ട്. നെപ്പോളിയന്റെ കാലത്താണ് ഇത് നിർമ്മിച്ചത്. അതിന്റെ അകത്തേക്കുള്ള വാതിലൂടെ മുകളിലേക്ക് എത്താമെങ്കിലും പ്രവേശനം അനു വദിക്കുന്നുണ്ടായിരുന്നില്ല.

അവിടെനിന്ന് മുന്നോട്ടുള്ള വഴിയാണ് പഴയ രാജവീഥിയായ ഷാൻസ് ലിസാ (champs Elysees). 1700 കളിൽ കല്ലുകൾ കിരിച്ചു നിർമ്മിച്ച വീഥി ഇന്നും അതേ രീതിയിൽ സംരക്ഷിച്ച് നിലനിർ ത്തിയിട്ടുണ്ട്. ഓപ്പറ ആർട്ട് രൂപമായ ലിഡോഷോ ഉൾപ്പെടെ എല്ലാ പ്രധാന പ്രദർശനങ്ങളും ഈ വീഥിയിലാണ് നടക്കാറുള്ളത്. വളരെയേറെ ചരിത്രപ്രധാന്യമുള്ളതാണ് ഈ പ്രദേശം. പ്രധാന കമ്പനികളുടെ കാർ ഷോറൂമുകൾ, എയർലൈൻസ് ഓഫീസുകൾ, അമേരിക്കൻ രീതിയിലുള്ള ഷോപ്പിംഗ് ആർക്കേഡുകൾ, ഫാസ്റ്റ്ഫുഡ് റസ്റ്റോറന്റുകൾ സിനിമ എന്നിവയെല്ലാം ഈ 1.8 കിലോമീറ്റർ ദൈർഘ്യമുള്ള വീഥിയിൽ കാണാം.

തുടർന്ന് ല്യൂവർ മ്യൂസിയത്തിലേക്ക് ആണ് പോയത്. ല്യൂവർ കൊട്ടാരവും അതേ കോമ്പൗണ്ടിലാണ്. ഗ്ലാസും ലോഹവും കൊണ്ട് നിർമ്മിച്ച ല്യൂവർ മ്യൂസിയം ലോകത്തിലെ തന്നെ ഏറ്റവും വലിയ ആർട്ട് മ്യൂസിയം ആണ്. ഡാവിഞ്ചിയുടെ ലോകപ്രശസ്ത പെയിന്റിങ്ങ് ആയ മോണാലിസ ഇവിടെയാണുള്ളത്. അവിടേക്ക് കയറുന്നതിനായി ഒരു മണിക്കൂറിലധികം ക്യൂ നിൽക്കേണ്ടി വരുന്നുണ്ട്. ഏതായാലും ഞങ്ങളുടെ പാക്കേജിൽ ഇത് ഉൾപ്പെടാത്തതിനാൽ അകത്തു കയറിയില്ല. ഞങ്ങൾക്ക് സ്വന്തമായി ടിക്കറ്റെടുത്ത് കാണാനുള്ള അവസരമുണ്ടായിരുന്നെങ്കിലും ആരും പോവുകയു






നടുവിൽ ഒറ്റക്കല്ലിൽ തീർത്ത സ്തൂപത്തിന് മുകളിൽ സ്വർണ നിറത്തിലുള്ള ഒരു പിരമിഡ് സ്ഥാപിച്ചിട്ടുണ്ട്. എല്ലാ വർഷവും വിശിഷ്ട വ്യക്തികൾക്കു മിലിറ്ററി പരേഡ് വീക്ഷിക്കുന്നതിനായി ഇവിടെ ഒരു താൽക്കാലിക സ്റ്റേജ് നിർമ്മിക്കാറുണ്ട്. ഫ്രാൻസിന്റെ ചരിത്ര വുമായി ബന്ധപ്പെട്ട സ്ഥലങ്ങളായിരുന്നു ഇന്നത്തെ പ്രധാന സന്ദർശനങ്ങൾ.. കൂടെയുള്ള ടൂർ ഓപ്പറേറ്റർ – കം–ഗൈഡ് മലയാളിയായതിനാൽ സംശയനിവാരണങ്ങൾക്കു തടസ്സമുണ്ടായിരുന്നില്ല.


പാരീസിൽ പൊതുഗതാഗത സംവിധാനത്തിൽ പ്രധാനം മെട്രോ സിസ്റ്റം ആണ്. ഇവിടെ ഭൂമിക്കടിയിലൂടെ ഉള്ള മെട്രോ സംവിധാനവുമുണ്ട്. ഏകദേശം 14 നില കെട്ടിടത്തിന്റെ താഴ്ചയിലാണ് ഇത് നിലനിൽക്കുന്നത്. പാരീസിലെ ഒട്ടുമിക്ക ഭാഗത്തേക്കും സഞ്ചരിക്കാൻ മെട്രോവഴി സാധിക്കും. നഗരത്തിലെ തെരുവുകളെല്ലാം ഏകദേശം ഒരേ പോലെ തോന്നിക്കുന്നതാണ്. ഒരേ നിറത്തിലും രൂപത്തിലുമുള്ള കെട്ടിടങ്ങൾ പൗരാണികതയുടെ തനിമ നിലനിർത്തികൊണ്ടുള്ളതാണ്.

ഡിസൈൻ മാറ്റാൻ പൊതുവെ സർക്കാർ സമ്മതിക്കാറില്ല യെന്നാണ് മനസ്സിലായത്. വളരെ മനോഹരമായി അടുക്കും ചിട്ടയോടെയും ആണ് ഈ സിറ്റി രൂപകൽപ്പന ചെയ്തിട്ടുള്ളത്. യൂറോപ്യൻ നാടുകളിൽ കാൽനടയാത്രക്കാർക്ക് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. സൈക്കിൾ യാത്രക്കാർക്കായി ഒരു ചെറിയ റോഡ് പ്രത്യേകമായി നിർമ്മിച്ചിട്ടുണ്ട്. നഗരങ്ങളിൽ പൊതുവിൽ ഇലക്ട്രിക് ലൈനുകൾ പുറത്തു കാണാനാവില്ല. എന്നാൽ ഉൾപ്രദേശങ്ങളിൽ ഇത് കാണാം. മൊത്തത്തിൽ അവിടത്തെ ജനങ്ങൾ അച്ചടക്കം ഉള്ളവരാണ്. ക്യൂ സമ്പ്രദായം, ട്രാഫിക് നിയമങ്ങൾ എന്നിവയിൽ പ്രത്യേകിച്ചും. റോഡ് മുറിച്ചു കടക്കുന്നതിനു പോലും സിഗ്നൽ പാലിക്കുന്നു. സീബ്രാ ലൈനുകളുടെ യഥാർത്ഥ ഉപയോഗം കണ്ടു പകർത്താ വുന്നതാണ്. ഇത് നമുക്ക് അത്ര പരിചിതമല്ലാത്തതാണ്.

ണ്ടായില്ല.

അവിടെ നിന്നും അതിനടുത്തുള്ള രാജകീയ ഉദ്യാനത്തിലൂടെ കോൺകോഡ് ചത്വരത്തിലേക്കാണ് നടന്നത്. പോകുന്ന വഴിയിൽ ചുറ്റും നിറയെ പ്രാവുകളുമായി ഒരാൾ നടക്കുന്നു. കൗതുകകരമായ കാഴ്ച ടൂറിസ്റ്റുകളെല്ലാം ശ്രദ്ധിക്കുന്നുണ്ട്. മൊബൈലിൽ പകർത്തുന്നു. അയാളുടെ കയ്യിലും തലയിലും തോളിലും എല്ലാം പ്രാവുകൾ ഇരിക്കുന്നു. അയാൾ ടൂറിസ്റ്റുകളുടെ അടുത്തേക്ക് വന്നു കയ്യിൽ കുറച്ച് ധാന്യങ്ങൾ വച്ചു തരും. പ്രാവുകൾ നമ്മുടെ കൈയിലേക്കും കൂട്ടമായി വരും. ഇതിന്റെ പ്രതിഫലമായി പണത്തിനു കൈനീട്ടി അയാൾ പുറകെ വരികയും ചെയ്യും. ഇത്തരത്തിൽ ടൂറിസ്റ്റുകളെ കെണിയിൽ ആക്കുന്ന കൗശലക്കാർ യൂറോപ്പിൽ പുതുമയല്ല. എന്നാൽ വഴിയിൽ മ്യൂസിക് ഇൻസ്ട്രുമെന്റ് വായിച്ച് നിർബന്ധങ്ങളൊന്നുമില്ലാതെ മാന്യമായി സംഭാവനകൾ സ്വീകരിക്കുന്നവരെയും കാണാം. ഉദ്യാനത്തിന് നടുവിൽ ആയി വൃത്താകൃതിയിലുള്ള ഒരു കുളമുണ്ട്. ചുറ്റും സന്ദർശകർക്കുള്ള ഇരിപ്പിടങ്ങൾ. കുളത്തിൽ താറാവുകളും കുഞ്ഞുങ്ങളും ധാരാളമായി നീന്തികളിക്കുന്നുണ്ടായിരുന്നു. അവിടെ നിന്നു 100 മീറ്റർ നടന്നാൽ കോൺകോഡ് എത്തി.

കോൺകോഡ് ചത്വരം പാരീസിലെ ഏറ്റവും വലിയ ചത്വരമാണ്. 19 ഏക്കറോളം വിസ്തൃതിയുണ്ട്. ഫ്രഞ്ച് വിപ്ലവകാലത്ത് ലൂയി പതിനാറാമൻ ഉൾപ്പെടെയുള്ള പല രാജാക്കന്മാരുടേയും ശിക്ഷ നടപ്പാക്കിയത് ഇവിടെ വച്ചായിരുന്നു. ചത്വരത്തിന്





# തഴുതാമ

എ.സി. ആനന്ദൻ

കർക്കിടകത്തിൽ പത്തിലകൾ കഴിക്കണമെന്നാണു പ്രമാണം. കർക്കിടകത്തിൽ മാത്രമല്ല, എല്ലാ മാസങ്ങളും കഴിക്കാവുന്നതാണ് തഴുതാമയില. വേനലിന്റെ മൂർദ്ധന്യത്തിൽ ഉണങ്ങിക്കരിഞ്ഞുപോകുമെങ്കിലും മഴ പെയ്യുന്നതോടെ ശക്തിയായി മുളച്ചു വളരുന്ന ചെടിയാണ് തഴുതാമ. ഇലയും തണ്ടും ഉണങ്ങിയാലും വേര് മണ്ണിനടിയിൽ ഉണ്ടാവും. വേനൽ മഴ പെയ്യുമ്പോൾ തകരയോടൊപ്പം തന്നെ തഴുതാമയും മുളക്കും. സംസ്കൃതത്തിൽ പുനർനവം എന്നു തഴുതാമയെ വിളിക്കുന്നത് അർത്ഥവത്താണ്.

തണ്ടിനു ചുവപ്പുനിറമുള്ളതും വെള്ള നിറമുള്ളതുമായ രണ്ടിനം തഴുതാമയുണ്ട്. രണ്ടും ഒരു പോലെ ഭക്ഷ്യയോഗ്യം. ഔഷധഗുണങ്ങളും ഒരു പോലെ തന്നെ. വേരും ഇലയും തണ്ടും ഔഷധത്തിനെടുക്കുന്നു. വയലോരങ്ങളിൽ പണ്ട് സമൃദ്ധിയായി വളർന്നിരുന്നു. വെട്ടും കിളയുമില്ലാതെ ഉപേക്ഷിക്കപ്പെട്ട പുരയിടങ്ങളിലും ചപ്പുചവറുകൾക്കിടയിലും ഇപ്പോഴും സമൃദ്ധിയായി വളരുന്നതും കാണാം. നന്നേ ചെറിയ പൂവും കാണാൻ കഴിയാത്തത്ര ചെറിയ വിത്തുകളും ഉണ്ട്. വിത്തിൽ നിന്നു പുതിയ തൈകൾ ചുറ്റുപാടും മുളച്ചു വരുന്നു. തൈകൾ നട്ടും തണ്ട് മുറിച്ചും പ്രജനനം സാദ്ധ്യമാണ്.

തഴുതാമയില തുവരനാക്കി കഴിക്കുന്നത് പണ്ട് മലയാളികളുടെ ശീലമായിരുന്നു. പല രോഗങ്ങളും ശമിക്കുന്നതിനു സഹായകരമാണ്. പ്രമേഹരോഗികൾക്ക് പതിവായി കഴിക്കാം. പ്രമേഹത്തിന്റെ തീവ്രത കുറക്കും. കാഴ്ചശക്തിയെ വർദ്ധിപ്പിക്കും. കുട്ടികൾക്കുണ്ടാകുന്ന നേത്രപ്രശ്നങ്ങൾ തഴുതാമയില പതിവായി കഴിച്ചാൽ മാറുന്നു. തഴുതാമയിലയുടെ രുചി ഇഷ്ടപ്പെടാത്തവർക്ക് ഒരു തക്കാളി കൂടി ചേർത്ത് തുവരനുണ്ടാക്കിയാൽ രുചികരമായി അനുഭവപ്പെടും. കുട്ടികൾക്ക് തഴുതാമയില ചെറുതായി അരിഞ്ഞ് മുട്ടയോടൊപ്പം ഓംലറ്റായി നൽകാം.

മൂത്രതടസ്സം ഒഴിവാക്കുന്നതിനും പാദങ്ങളിൽ ഉണ്ടാകുന്ന നീരിന്റെ ശമനത്തിനും തഴുതാമ ഉത്തമമാണ്. തഴുതാമ ചേർത്തുണ്ടാക്കുന്ന പുനർനവാസവം മലമൂത്രതടസ്സത്തിനു പ്രത്യൗഷധമാണ്. സർവാംഗശോഫം (ശരീരത്തിൽ നീരുണ്ടാകുക), ഹൃദ്രോഗം, കാസശ്വാസങ്ങൾ, അതിസാരം ഇവയ്ക്കെല്ലാം ഔഷധമാണു പുനർനവാസവം. വീടിന്റെ പരിസരത്ത് തഴുതാമ നട്ടുവളർത്തിയാൽ പതിവായി ഇല തുവരനാക്കി കഴിക്കാം. വളപ്രയോഗമോ ജലസേചനമോ ഇല്ലാതെ പ്രകൃതിയുടെ പരിലാളനകളേറ്റ് തനിയെ വളർന്നു കൊള്ളും. ബൊർഹേവിയ ഡിഫൂസ എന്നു ശാസ്ത്രനാമം.

# ചെമ്പരത്തി



കടുംപച്ച നിറത്തിലുള്ള ഇലകൾക്കിടയിൽ കടുംചുവപ്പുനിറത്തിലുള്ള പൂക്കളോടുകൂടിയ ചെമ്പരത്തി നമ്മുടെ നാട്ടിൻപുറങ്ങളിലെ പതിവുകാഴ്ചകളിലൊന്നായിരുന്നു. വീടിനുചുറ്റും മതിലുകൾ വരുന്നതിനു മുൻപുള്ള കാലത്ത് ചെമ്പരത്തികൊണ്ടുള്ള വേലികൾ അതിരുകളെ നിർണ്ണയിച്ചു നിന്നിരുന്നു. എല്ലാ കാലത്തും പൂവണിയുന്ന ചെമ്പരത്തി നട്ടുവളർത്താനും ബുദ്ധിമുട്ടില്ല. ഏതു കാലാവസ്ഥയിലും വളരുന്നതിനാൽ പ്രത്യേക പരിചരണവും ആവശ്യമില്ല. പൂവിന്റെ എല്ലാ ഭാഗങ്ങളും വ്യക്തമായി തിരിച്ചറിയുവാൻ എളുപ്പമായതിനാൽ ബോട്ടണി ക്ലാസുകളിൽ മാതൃകാപുഷ്പമായി സ്ഥാനം ലഭിച്ചു. ഹിബിസ്കസ് റോ സൈനൻസിസ് എന്ന ശാസ്ത്രീയനാമം കുട്ടികൾക്കു സുപരിചിതമായി.

ചൈനയാണ് ചെമ്പരത്തിയുടെ ജന്മദേശം എന്നു പറയപ്പെടുന്നുവെങ്കിലും ഇന്ത്യയിൽ എല്ലായിടത്തും വളരുന്നുണ്ട്. മലയാളികളാണ് ചെമ്പരത്തിയെ കൂടുതൽ ഇഷ്ടപ്പെട്ടവർ. ഇവിടെ ക്ഷേത്രങ്ങളിൽ,പൂജയ്ക്കെടുക്കുന്ന പൂക്കളിലൊന്നായി മാല കെട്ടുവാനും ഉപയോഗിക്കുന്നുണ്ട്. അത്തപ്പൂക്കളത്തിലും ചെമ്പരത്തിക്കു സ്ഥാനമുണ്ട്. കരപ്പന് പ്രത്യൗഷധമായി ഉപയോഗിക്കുന്ന ചെമ്പരത്യാദി തൈലം കേരളത്തിന്റെ സംഭാവനയാണ്. കേരളത്തിലെ സ്ത്രീകളിൽ അധികം പേരും താളിയായി ചെമ്പരത്തിയില ഉപയോഗിച്ചിരുന്നു. മുടി സമൃദ്ധിയായി വളരുവാൻ സഹായിക്കുന്ന താളി എന്ന നിലയിൽ ചെമ്പരത്തിക്കു പ്രത്യേക പരിഗണന ഉണ്ട്. പൂവ് ഇടിച്ചു പിഴിഞ്ഞ നീരിൽ സമം ഒലിവെണ്ണയും ചേർത്ത് കാച്ചിയെടുക്കുന്ന തൈലം മുടി വളരുന്നതിന് സഹായകമത്രെ. ചെമ്പരത്തിപ്പൂവ് ഭക്ഷ്യയോഗ്യവുമാണ്. ചമ്മന്തിയിലും കറികളിലും ചേർത്ത് ഉപയോഗിക്കാറുണ്ട്. ചെമ്പരത്തിയുടെ നിരവധി ഇനങ്ങൾ ഇപ്പോൾ പ്രചാരത്തിലുണ്ട്.




# Eggless Kerala Fruit Cake

**Ingredients**
" 1 ¼ Cups All Purpose Flour
" ½ Tsp Soda Bicarbonate
" ½ Tsp Baking Powder
" 1 Cup Brown Sugar I Used Light Brown Sugar
" 85 Gms Butter Softened
" ½ Cup Whisked Yogurt Room Temp
" ¼ Cup Hot Milk
" ½ tsp Vanilla Essence

**For Soaking**
" 1¾ Cups Mixed Dry Fruits
" 1 Cup Apple Juice
" For Spice Powder
" 1 Cloves
" 2 Cardamom
" A Small piece Cinnamon

**Instructions**
1. Soaking of Fruits
2. Soak the fruits overnight in Apple juice. I used a combination of sultanas, seedless raisins, currants & candied orange & lemon peel. I didn't chop the fruits & used it as such. You can use dried fruits of your choice. If you are using dates/apricots etc; chop it into small pieces & soak it.
3. For the cake
4. Preheat the oven @ 180 C, 10 minutes before baking.
5. Just before making the cake, drain the fruits and keep aside. Grind together cloves, cinnamon and cardamom with a tsp of sugar and keep aside.
6. Sift together all purpose flour, baking powder & soda bicarbonate. Using a manual whisk combine softened butter and brown sugar till light & fluffy. Add hot milk, yogurt & vanilla essence and mix well. Batter might look curdled at this point, but it comes together after adding the flour. Fold in the sifted flour in two batches.
7. Coat the drained fruits with 1 tbsp flour before adding to the batter. Fold in the drained fruits and spice powder.
8. Grease and line a cake tin (refer notes) with parchment / baking paper. Pour the batter into the prepared pan. Bake the cake in the preheated oven till a tooth pick inserted comes out clean. The timing can vary from 25-45 mins, depending on the size of the tin used (refer notes).
9. Cool the cake completely before slicing. You can store the cake in an airtight container @ room temp for 3-4 days. If you are living in a very hot or humid place, you may refrigerate the cake after 2 days.

# Homemade Grape Wine



Ingredients
" 1 Kg Black Grapes
" 650-800 Gms Sugar Refer Notes
" 1 tsp Yeast
" 1.5 litre Water Boiled And Cooled Completely
" 1 Tbsp Wheat Kernels (Gothambu Mani)

Instructions
1. Wash the Grapes well. Take clean big glass or porcelain jar of 3 litre size. Put the grapes into the jar and crush it well, using your hands. Add all the other ingredients to the crushed grapes. Cover the jar tightly with the lid. Store it, in a dark place . Keep it like that for 1 week. After one week, start stirring it with wooden spoon (Not metal) everyday until 21 days. (Try to do it at same time everyday. Dont stir for the next 2 days). On 24th day, drain the clear wine and leave behind the sediment in the bottom. Bottle it in colored glass bottles, this will help to retain the color of the wine. Refrigerate and serve chilled.

NOTES: The color of the wine very much depends on the type of grapes. We used Australian Black seedless grapes. Also, the quantity of sugar should be adjusted as per the sweetness of the grapes used. Do a taste test of the grapes first, and then add sugar accordingly. Please note that the water to be used in this recipe should be boiled and cooled well. If you miss to stir the wine everyday, dont worry about it. I've missed it a few days and still it turned out well. However, please try to stir it daily.

**Jesna C.A. Detroit, USA** ●



# വിരാട് കോഹ്‌ലി
## നമ്പർ 1

**ലോ**കത്തെ ഒന്നാം നമ്പർ ബാറ്റ്സ്മാനെന്ന നേട്ടത്തോടെ ഇന്ത്യൻ ക്യാപ്റ്റൻ വിരാട് കോഹ്‌ലി ഈ വർഷം അവസാനിപ്പിക്കുന്നു. ഏകദിനത്തിനു പിന്നാലെ ടെസ്റ്റ് റാങ്കിങ്ങിലെ പുതിയ പട്ടികയിലും കോഹ്‌ലി ഒന്നാം റാങ്ക് നിലനിർത്തി.

928 പോയിന്റാണ് കോഹ്‌ലിക്ക്. രണ്ടാമതുള്ള ഓസ്ട്രേലിയയുടെ സ്റ്റീവ് സ്മിത്തിനെക്കാൾ 17 പോയിന്റ് മുന്നിൽ. ന്യൂസിലൻഡ് ക്യാപ്റ്റൻ കെയ്ൻ വില്യംസൺ (864) മൂന്നാമത്. ചേതേശ്വർ പൂജാര 791 പോയിന്റുമായി നാലാമതുണ്ട്. വൈസ് ക്യാപ്റ്റൻ അജിൻക്യ ഹൊനെയ്ക്ക് ഒരു സ്ഥാനം നഷ്ടമായി. പാകിസ്ഥാന്റെ ബാബർ അസം ഹോനയെ മറികടന്നു. അസം ആറാമതും ഹോനെ ഏഴാമതുമാണ്.

ഈ വർഷം 8 ടെസ്റ്റിൽ 11 ഇന്നിങ്സുകളിലായി 612 റണ്ണാണ് കോഹ്‌ലി നേടിയത്. രണ്ടുവീതം സെഞ്ചുറിയും അരസെഞ്ചുറിയും സ്വന്തമാക്കി. 67.6 ആണ് ബാറ്റിങ് ശരാശരി ടെസ്റ്റ് ക്രിക്കറ്റിലെ ഏറ്റവും ഉയർന്ന സ്കോർ കുറിച്ചതും ഈ വർഷംതന്നെ. ദക്ഷിണാഫ്രിക്കയ്ക്കെതിരെ നേടിയ 254 റൺ.

ടെസ്റ്റ് ഏകദിനം, ട്വന്റി–20 എന്നിവയിലായി ആകെ നേടിയത് 2455 റൺ.

26 ഏകദിനത്തിൽ 1377 റൺ ഈ വർഷം കുറിച്ചു. ടി്വന്റി–20കളിൽ 466 റണ്ണും. ഏകദിനത്തിൽ 7 സെഞ്ചുറിയും

- വിരാട് കോഹ്‌ലി ടെസ്റ്റിലും ഏകദിനത്തിലും ഒന്നാം റാങ്കിൽ
- ഈ വർഷം എട്ട് ടെസ്റ്റിൽ 512 റൺ 2 സെഞ്ചുറി. 2 അരസെഞ്ചുറി.
- ഏകദിനത്തിൽ 1377 റൺ 7 സെഞ്ചുറി. 5 അരസെഞ്ചുറി.
- ട്വന്റി- 20യിൽ 446 റൺ.
- ആകെ 2455 റൺ.

5 അരസെഞ്ചുറിയുമാണ് കോഹ്‌ലിയുടെ പേരിൽ. ട്വന്റി–20യിൽ 5 അരസെഞ്ചുറി.

ടെസ്റ്റ് റാങ്കിങ് പട്ടികയിൽ ആദ്യ 15–ൽ 2 ഇന്ത്യൻ താരങ്ങൾ കൂടിയുണ്ട്. മായങ്ക് അഗർവാളും (12), രോഹിത് ശർമ്മയും (15).

ബൗളർമാരിൽ ജസ്പ്രീത് ബുമ്ര ആറാംസ്ഥാനം നിലനിർത്തി. ഓസ്ട്രേലിയൻ പേസർ പാറ്റ് കമ്മിൻസാണ് ഒന്നാം സ്ഥാനത്ത്.

ഓൾ റൗണ്ടർമാരിൽ രവീന്ദ്ര ജഡേജ രണ്ടാമതുണ്ട്. വെസ്റ്റിൻഡീസിന്റെ ജാസൺ ഹോൾഡറാണ് പട്ടികയിൽ ഒന്നാമത്.

ടീം റാങ്കിങ്ങിൽ, ടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ ഈ വർഷം എല്ലാ കളിയും ജയിച്ച് ഇന്ത്യ ഒന്നാമതുണ്ട്. 360 പോയിന്റ്. ഓസ്ട്രേലിയ (216), പാകിസ്ഥാൻ (80), ശ്രീലങ്ക (80), ന്യൂസിലൻഡ് (60), ഇംഗ്ലണ്ട് (56) ടീമുകളാണ് പിന്നിൽ.

ഫെബ്രുവരിയിൽ മാത്രമേ ഇന്ത്യക്ക് ഇനി ടെസ്റ്റ് മത്സരങ്ങളുള്ളു. ഫെബ്രുവരിയിൽ ന്യൂസിലൻഡിനെതിരെയാണ് പരമ്പര.



എലിസബേത്ത് ചാക്കോ



# പൂർണ്ണതയുള്ള ചുണ്ടുകൾ

**ന**മ്മൾ ആരുടെയെങ്കിലും മുഖത്ത് നോക്കുമ്പോൾ, ആദ്യം നമ്മൾ ശ്രദ്ധിക്കുന്നത് കണ്ണുകളും ചുണ്ടുകളുമാണ്. ഒരു സ്ത്രീയുടെ മുഖകാന്തി ഒരു പരിധി വരെ അവളുടെ ചുണ്ടിന്റെ ഭംഗിയിലാണ്. ഒരാളുടെ ഫോട്ടോയിലെ ചുണ്ടുകൾ ഭംഗിയുള്ളതാണെങ്കിൽ, ആ ഫോട്ടോ നമ്മൾ വീണ്ടും വീണ്ടും നോക്കും. താഴെപ്പറയുന്ന ലളിതമായ സ്റ്റെപ്പുകൾ എടുത്താൽ നമ്മുടെ ചുണ്ടുകൾ ഭംഗിയുള്ളതാക്കാം.

**നാരങ്ങ**– നാരങ്ങ മുറിച്ച്, പിഴിഞ്ഞ് ജ്യൂസ് എടുത്ത ശേഷം നാരങ്ങാ തോടിട്ട് ചുണ്ടിൽ തേക്കുകയാണെങ്കിൽ നാരങ്ങയുടെ അമ്ലത്വം ചുണ്ടുകളെ പിങ്ക് നിറമാക്കുകയും സ്മൂത്ത് ആകുകയും ചെയ്യും. നാരങ്ങ പിടിപ്പിച്ച ശേഷം കാൽ മണിക്കൂറെങ്കിലും വെയിറ്റ് ചെയ്ത ശേഷം കഴുകി കളയുക.

**വെള്ളം** – ശരീരത്തിനാവശ്യമായ വെള്ളം ധാരാളം കുടിക്കണം. ഐസ് ഒരിക്കലും ചുണ്ടിൽ തേക്കരുത്.

**പഴങ്ങൾ ഭക്ഷിക്കുക** – പപ്പായം പഴം, തണ്ണിമത്തൻ, ആപ്പിൾ, ഓറഞ്ച്, ഇവ ഭക്ഷിക്കാൻ ശ്രദ്ധിക്കുക ഇവ ചുണ്ട് ഫ്രഷ് ആയി ഇരിക്കാൻ ശരീരത്തെ സഹായിക്കുന്നു.

**ലിപ്സ്റ്റിക്ക് ഉപയോഗം കുറയ്ക്കുക**– ലിപ്സ്റ്റിക്ക് നല്ല കമ്പനിയുടേതാണെന്ന് ഉറപ്പ് വരുത്തിയ ശേഷമേ ഉപയോഗിക്കാവൂ.

**ഔട്ട്ലൈനർ ഉപയോഗിക്കുക**– ലിപ്സ്റ്റിക്ക് ഉപയോഗിക്കുന്നതിന് മുൻപ് ചുണ്ടിൽ ലിപ്സ്റ്റിക്ക് ഉപയോഗിക്കുന്ന ഭാഗം അടയാളമിടണം. അടയാളമിട്ട ഭാഗത്തിനും ലിപ്സ്റ്റിക്കിനും വ്യത്യാസം കാണാൻ പാടില്ല. രണ്ടും സാമ്യമുള്ള നിറമായിരിക്കണം. മോയിചറൈസിംഗ് ഇടയ്ക്കിടെ പ്രയോഗിച്ച് ഫ്രഷ്നസ്സ് നിലനിർത്താം.

# ഡാൻ മാത്യൂസ്: റിപ്പബ്ലിക്കൻ കോൺഗ്രസ് സ്ഥാനാർത്ഥി



അമേരിക്കൻ കോൺഗ്രസിലേക്ക്, ഡാൻ മാത്യൂസ് റിപ്പബ്ലിക്കൻ കോൺഗ്രസ് സ്ഥാനാർത്ഥിയായി ടെക്സസ് 22 സീറ്റിൽ നിന്ന് മത്സരിക്കുന്നു. ഒക്ടോബർ 20-ന് സ്റ്റാഫോർഡ് ക്രിസ്ത്യൻ സെന്ററിൽവച്ച് ഡാൻ മാത്യൂസ് സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ചു. കൈറ്റി, റീച്ച്മണ്ട്, റോസെൻബെർഗ്, ഷുഗർ ലാൻഡ്, മിസോറിസിറ്റി, സ്റ്റാഫോർഡ്, മാൻവെൽ, ആൽവിൻ, പിയർലാൻഡ്, വെബ്സ്റ്റർ, ഹാരിസ് കൗണ്ടിയുടെ ചില ഭാഗങ്ങൾ ഈ ജില്ലിയലുണ്ട്.

പ്രാഥമിക തിരഞ്ഞെടുപ്പ് 2020 മാർച്ച് 3 നാണ്. എന്നാൽ അതിനുമുമ്പ് ഫെബ്രുവരി 18 മുതൽ 28 വരെ നേരത്തെ വോട്ടെടുപ്പ് ആരംഭിക്കും. ആ തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പ്രൈമറി ബാലറ്റിൽ തന്റെ സ്ഥാനാർത്ഥിത്വത്തെ പിന്തുണയ്ക്കാൻ ഡാൻ എല്ലാ ഇന്ത്യാക്കാരോടും പ്രത്യേകിച്ച് എല്ലാ മലയാളികളോടും അഭ്യർത്ഥിച്ചു.

അമേരിക്കയിൽ ഒരു പ്രധാന സ്ഥാനത്തിനായി റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായി മലയാളി മത്സരിക്കുന്നത് ഇതാദ്യമാണ്. ഒരു ഇന്ത്യാക്കാരനെന്ന നിലയിൽ, റിപ്പബ്ലിക്കൻ സ്ഥാനാർത്ഥിയായി മത്സരിക്കാനുള്ള ഈ തീരുമാനത്തെ പാർട്ടി വളരെയധികം സ്വാഗതം ചെയ്തു.

# ഓക്സിജൻ ഇനി കുപ്പിയിൽ

മിനറൽ വാട്ടർ പോലെ പ്രാണവായുവും കുപ്പിയിലാക്കി എത്തിയിരിക്കുന്നു. ഇന്ത്യയിൽ തന്നെയാണ് സംഭവം.

പരിസ്ഥിതി മലിനീകരണം ഏറ്റവും ഉയർന്ന തോതിലെത്തിയിരിക്കുന്ന ന്യൂഡൽഹിയിലാണ് കുപ്പിയിലടച്ച ഓക്സിജൻ മാർക്കറ്റിലെത്തിയിരിക്കുന്നത്. ഓസെയർ, വിറ്റാലിറ്റി എയർ, പ്യൂവർ ഹിമാലയൻ എയർ എന്നീ കമ്പനികളാണ് ഇതിന് പിന്നിൽ. നേരത്തെ ചൈനയിലും ഇത്തരത്തിൽ ശുദ്ധവായു ടിന്നിലടച്ച് വിൽപന തുടങ്ങിയിരുന്നു. പ്യുവർ ഹിമാലയൻ എയർ കമ്പനി പത്തു ലിറ്റർ ഓക്സിജന്റെ ഒരു കുപ്പി 550 രൂപയ്ക്കാണ് വിൽക്കുന്നത്. ഓൺലൈൻ വഴിയാണ് വിൽപന.

ഓസ്ട്രേലിയൻ കമ്പനിയായ ഓസയർ ആകട്ടെ ഏഴര ലിറ്ററിന്റെ ഒരു കുപ്പി ശുദ്ധവായു വിൽക്കുന്നത് 1500 രൂപയ്ക്കാണ്. മൂന്നു ലിറ്ററിന്റെ ഒരു ബോട്ടിലിന് 1450 രൂപയ്ക്കും എട്ടു ലിറ്ററിന് 2800 രൂപയ്ക്കുമാണ് കനേഡിയൻ കമ്പനിയായ വിറ്റാലിറ്റി എയർ ശുദ്ധവായു വിൽക്കുന്നത്. എട്ടു ലിറ്ററിന്റെ ഒരു ബോട്ടിൽ ഉപയോഗിച്ച് 160 തവണയാണ് ശ്വസിക്കാനാവുക.




# ആരോഗ്യ ഭീഷണിയായി അമീബ

ആരോഗ്യ ഭീഷണിയായി നെഗ്ലേറിയ ഫൗലെറി അമീബയുടെ സാന്നിധ്യം കേരളത്തിലും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഏതാനും ആഴ്ചകൾക്കു മുൻപ് മലപ്പുറത്തെ അരിപ്രയിൽ പത്തുവയസ്സുകാരി മരിച്ചത് നെഗ്ലേറിയ ഫൗലെറി മൂലമുണ്ടായ മസ്തിഷ്ക ജ്വരം മൂലമാണെന്ന് കണ്ടെത്തി.

1962 മുതൽ തന്നെ ഈ രോഗം ലോകത്തിന്റെ പല ഭാഗങ്ങളിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും കേരളത്തിൽ ആദ്യമായാണ് രോഗാണു സാന്നിധ്യം തിരിച്ചറിയുന്നത്.

ഒരു ഏകകോശ ജീവിയാണ് നെഗ്ലേറിയ ഫൗലെറി. കുളങ്ങൾ, പുഴകൾ തുടങ്ങിയ ജലാശയങ്ങളിൽ മുങ്ങിക്കുളിക്കുന്നവരിലാണ് രോഗാണു പ്രവേശിക്കുന്നത്.

മുങ്ങിക്കുളിക്കുമ്പോൾ മൂക്കിലൂടെ രോഗാണു ശരീരത്തിൽ പ്രവേശിക്കുന്നു. തുടർന്ന് ഇത് മസ്തിഷ്കത്തിലെത്തിച്ചേരുകയും പ്രൈമറി അമീബിക് മെനിഞ്ചോ എൻസഫലൈറ്റിസ് എന്ന അവസ്ഥയ്ക്ക് കാരണമാവുകയും ചെയ്യുന്നു. രോഗാണു മസ്തിഷ്കത്തിലെത്തുന്നതോടെ അവിടെ നീർക്കെട്ടുണ്ടാവുകയും അത് മസ്തിഷ്ക കോശങ്ങൾ നശിക്കുന്നതിന് കാരണമാവുകയും ചെയ്യുന്നു. ഇതാണ് മരണത്തിലേക്ക് നയിക്കുന്നത്. രോഗാണു ശരീരത്തിൽ പ്രവേശിച്ച് ഒരാഴ്ചയ്ക്കുള്ളിൽ തന്നെ മരണം സംഭവിക്കാം.

കടുത്ത പനി, തലവേദന, ഛർദി എന്നിവയൊക്കെയാണ് ആദ്യ ഘട്ടത്തിലുണ്ടാകുന്ന ലക്ഷണങ്ങൾ. മൂക്കിലൂടെ മാത്രമേ രോഗാണുവിന് ശരീരത്തിൽ പ്രവേശിക്കാനാകൂ. അതിനാൽ കുളങ്ങളിലും പുഴകളിലും മറ്റും മുങ്ങിക്കുളിക്കുന്നത് ഒഴിവാക്കുന്നത് രോഗബാധ തടയാൻ സഹായിക്കും. കുടിവെള്ളത്തിലൂടെ രോഗാണു പകരില്ല.




# പ്രവാസി പുനരധിവാസം കേന്ദ്ര സർക്കാരിന്റെ നിലപാട് പ്രതിഷേധാർഹം– കെ.വി. അബ്ദുൾ ഖാദർ എംഎൽഎ

**ജിസാൻ:** ലോകരാജ്യങ്ങളിൽ ഏറ്റവും കൂടുതൽ പ്രവാസി പണം നേടുന്ന ഇന്ത്യയിൽ വിദേശനിക്ഷേപത്തെക്കാൾ കൂടുതൽ വരുമാനം നൽകുന്ന പ്രവാസി സമൂഹത്തോട് കടുത്ത അവഗണനയും വിവേചനവുമാണ് കേന്ദ്ര സർക്കാർ പിന്തുടരുന്നതെന്ന് കെ വി അബ്ദുൾ ഖാദർ എംഎൽഎ അഭിപ്രായപ്പെട്ടു. പ്രവാസി ക്ഷേമത്തിനും പുനരധിവാസത്തിനും ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കാൻ കേന്ദ്രസർക്കാരിന് ഭരണഘടനാപരമായി ബാധ്യതയുണ്ട്.

പ്രവാസി ക്ഷേമത്തിനും പുനരധിവാസത്തിനും പ്രഥമ പരിഗണന നൽകുന്ന സംസ്ഥാന സർക്കാർ കഴിയാവുന്ന എല്ലാ സഹായങ്ങളും പിന്തുണയുമായി ജീവിത പ്രതിസന്ധി നേരിടുന്ന പ്രവാസികളോടൊപ്പമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജിസാൻ ആർട്ട് ലവേഴ്സ് അസോസിയേഷ(ജല)ന്റെ നേതൃത്വത്തിൽ സൗദിയിലെ വിവിധ പ്രവാസി സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ജിസാനിൽ സംഘടിപ്പിച്ച ദേശീയ പ്രവാസി സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

'പ്രവാസി പുനരധിവസം: പ്രശ്നങ്ങളും പ്രായോഗിക പരിഹാരങ്ങളും' എന്ന വിഷയം അദ്ദേഹം സെമിനാറിൽ അവതരിപ്പിച്ചു. പ്രമുഖ സാമ്പത്തിക വിദഗ്ധനും സംസ്ഥാന ആസൂത്രണ ബോർഡ് അംഗവുമായ ഡോ.കെ.എൻ.ഹരിലാൽ 'പ്രവാസി പുനരധിവാസവും കേരള വികസനവും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തി. ആഗോളതലത്തിൽ കോർപ്പറേറ്റ് മൂലധനത്തിന്റെ അവകാശ സംരക്ഷണത്തിനായി അന്തർദേശീയ കരാറുകൾ നിലവിലുണ്ടെങ്കിലും പ്രവാസി തൊഴിലാളികളുടെ തൊഴിൽ അവകാശങ്ങളും പൗരാവകാശങ്ങളും മനുഷ്യാവകാശങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള ഫലപ്രദമായ നിയമങ്ങളോ ആഗോള കരാറുകളോ നിലവിലില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ആഗോള ഉപഭോഗചരക്കുകളുടെ വിപണിയായി മാറിയ കേരളത്തിൽ പ്രവാസി പണം സമഗ്രമായി ഉപയോഗപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്ക് പ്രവാസി കൂട്ടായ്മകൾ തന്നെ മുൻകൈയെടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. ജിസാൻ അൽമസ്രാത്ത് ഹാളിൽ നടന്ന ഏകദിന സെമിനാറിൽ മാധ്യമ പ്രവർത്തകനും ജല രക്ഷാധികാരിയുമായ താഹ കൊല്ലേത്ത് മോഡറേറ്ററായിയിരുന്നു. ഉദ്ഘാടന സെഷനിൽ ലോക കേരള സഭ അംഗം കുഞ്ഞമ്മദ് കൂരാച്ചുണ്ട് , ജിദ്ദ നവോദയ ജനറൽ സെക്രട്ടറി ശ്രീകുമാർ മാവേലിക്കര, അസീർ പ്രവാസിസംഘം രക്ഷാധികാരി ബാബു പരപ്പനങ്ങാടി എന്നിവർ സംസാരിച്ചു. പ്രവാസി പുനരധിവാസ ചർച്ചക്കുള്ള കരട് രേഖ ലോക കേരള സഭാംഗവും ജിസാൻ സർവകലാശാല മെഡിക്കൽ കോളജ് പ്രൊഫസറുമായ ഡോ.മുബാറക്ക് സാനി അവതരിപ്പിച്ചു.


നാടിന്റെ സമ്പദ്ഘടനയിൽ മുഖ്യ പങ്കുവഹിക്കുന്ന പ്രവാസികളുടെ ക്ഷേമവും പുനരധിവാസവും നമ്മുടെ വികസന അജണ്ടയിൽ പ്രധാന പരിഗണനാ വിഷയമാകണമെന്നും കാർഷിക വ്യവസായിക സേവന മേഖല




കളിൽ പ്രവാസി നിക്ഷേപം അടിസ്ഥാനമാക്കി ആരംഭിക്കുന്ന സംരംഭങ്ങളിൽ പ്രവാസികൾക്ക് അർത്ഥവത്തായ പങ്കാളിത്തവും തൊഴിൽ സംവരണവും ഉറപ്പാക്കണമെന്നും സെമിനാറിൽ പങ്കെടുത്തവർ അഭിപ്രായപ്പെട്ടു. പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളും പ്രവാസി പുനരധിവാസത്തിന്റെ പ്രായോഗികവും ക്രിയാത്മകവുമായ നിർദ്ദേശങ്ങളും ചർച്ച ചെയ്ത സംവാദാത്മകമായ സെമിനാർ സൗദിയിലെ വിവിധ പ്രവാസി സംഘടനാ നേതാക്കളുടെയും പ്രവർത്തകരുടെയും സംഗമവേദി കൂടിയായി മാറി. തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ സാങ്കേതിക വൈദഗ്ധ്യവും പരിചയവും അനുഭവ സമ്പത്തും ഉപയോഗപ്പെടുത്തി കേരളത്തിന്റെ കാർഷിക വ്യാവസായിക സേവനമേഖലകളിൽ വൻകിട സംരംഭങ്ങൾ ആരംഭിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്ന് വിവിധ വിഷയങ്ങൾ അവതരിപ്പിച്ചവർ അഭിപ്രായപ്പെട്ടു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണവും പ്രവാസി പങ്കാളിത്തവും ഉപയോഗപ്പെടുത്തി സമഗ്രമായ ഗ്രാമീണ വികസനത്തിലൂടെ പ്രവാസി പുനരധിവാസത്തിന് അനന്തമായ സാദ്ധ്യതകളുണ്ടെന്ന് 'പ്രവസി പുനരധിവാസവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും' എന്ന വിഷയം അവതരിപ്പിച്ചു കൊണ്ട് മാധ്യമ പ്രവർത്തകനും ദമ്മാം നവോദയ രക്ഷാധികാരിയുമായ എം.എം.നയീം ചൂണ്ടിക്കാട്ടി. സ്ത്രീ പ്രവസത്തിന്റെ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും മുന്നോട്ട് വെച്ചുകൊണ്ട്' റിയാദ് കേളി സാംസ്കാരിക വേദിയുടെ പ്രസിഡന്റ് ഷമീർ കുമ്മൽ 'സ്ത്രീപ്രവാസവും പുനരധിവാസവും' എന്ന വിഷയം അവതരിപ്പിച്ചു. പ്രവാസി പുനരധിവസത്തിന്റെ പ്രായോഗിക സാധ്യതകൾ ചർച്ചാ വിഷയമാക്കുന്ന രേഖകളുടെ അവതരണവും സംവാദവുമാണ് സെമിനാറിന്റെ പ്രധാന സെഷനുകളിൽ ഉൾപ്പെടുത്തിയത്. 'പ്രവാസി പുനരധിവാസവും നിർമ്മാണമേഖലയും' (ഹനീഫ മൂവാറ്റുപുഴ, നവോദയ, ദമ്മാം), വിനോദ സഞ്ചാര മേഖലയും പ്രവാസി പുനരധിവാസ സാദ്ധ്യതകളും' (മാത്യു നെല്ലുവേലിൽ, മാസ് തബൂക്ക്), 'പ്രവാസത്തിന്റെ പ്രതിസന്ധികളും തിരിച്ചുപോക്കിനുള്ള തയ്യാറെടുപ്പുകളും' (ബക്കർ കരിമ്പ, അറാർ പ്രവാസി സംഘം) ചെറുകിട വ്യാപാര മേഖലയും പ്രവാസി പുനരധിവാസവും' (റഷീദ് ചന്ദ്രാപ്പിന്നി, അസീർ പ്രവാസിസംഘം ഖമീസ്മുഷൈത്ത്), 'വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ കുടുംബങ്ങളുടെ സംരക്ഷണവും പുനരധിവാസവും' (എം.കെ.ഓമനക്കുട്ടൻ, ജല ജിസാൻ), 'വ്യവസായ മേഖലയും പ്രവാസി പുനരധിവാസവും' (ഷാനവാസ്, പ്രതിഭ നജ്റാൻ), കാർഷിക മേഖലയിലെ പ്രവാസി പുനരധിവാസ സാദ്ധ്യതകൾ' (ഡോ.രമേശ് മൂച്ചിക്കൽ), 'നെഴ്സിംഗ് പ്രവാസം: പ്രശ്നങ്ങളും സാധ്യതകളും' (ജിപ്സി ബേസിൽ), പ്രവാസി പുനരധിവാസവും ആരോഗ്യമേഖലയും' (ഡോ.ജോ വർഗീസ്) എന്നീ വിഷയങ്ങളിലുള്ള പ്രബന്ധങ്ങളും സെമിനാറിൽ അവതരിപ്പിച്ചു. അഞ്ജലി അപ്പുക്കുട്ടൻ, സജീവ് കടകശേരി, കബീർ മുഹമ്മദലി, സജീവ്, ഉണ്ണി എന്നിവർ പൊതുചർച്ചയിൽ പങ്കെടുത്തു. ദേശീയ സെമിനാർ സംഘാടക സമിതി ജനറൽ കൺവീനർ വെന്നിയൂർ ദേവൻ സ്വാഗതവും റസൽ കരുനാഗപ്പള്ളി നന്ദിയും പറഞ്ഞു.

സെമിനാറിനോടനുബന്ധിച്ച് വൈകുന്നേരം നാലിന് നടന്ന പൊതു സമ്മേളനത്തിൽ കെ.വി.അബ്ദുൾ ഖാദർ എം.എൽ.എ യും സംസ്ഥാന ആസൂത്രണ ബോർഡ് അംഗം ഡോ. കെ.എൻ.ഹരിലാലും സെമിനാറിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളോടും പ്രതിനിധികളുടെ അഭിപ്രായങ്ങളോടും പ്രതികരിച്ചു.

ജല പ്രസിഡന്റ് എം.കെ.ഓമനക്കുട്ടൻ അധ്യക്ഷത വഹിച്ചു. പ്രവാസി പുനരധിവാസത്തിന്റെ രൂപരേഖ സംഘാടക സമിതി ചെയർമാൻ ഡോ.മുബാറക്ക് സാനി അവതരിപ്പിച്ചു. ജിസാനിലെ വിവിധ സംഘടനാ പ്രതിനിധികളായ ഹാരിസ് കല്ലായി (കെ.എം.സി.സി), മുഹമ്മദ് ഇസ്മയിൽ മാനു (തനിമ സാംസ്കാരിക വേദി), താഹ കോഴിക്കോട് (ഐ.സി.എഫ്), നൗഫൽ മമ്പാട് (ജല ജിസാൻ) എന്നിവർ സംസാരിച്ചു.





## പുസ്തകപരിചയം




# പ്രവാസം
## ഓർമ്മ എഴുത്ത്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ രചിച്ച 'ഓർമ്മ എഴുത്ത്' എന്ന ചെറുഗ്രന്ഥം താൻ പിന്നിട്ട വഴികളെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകളാണ്. കൗമാരം പിന്നിടുന്നതിനു മുമ്പുതന്നെ  ഉപജീവനമാർഗ്ഗം തേടി ഗൾഫിൽ എത്തിയ അദ്ദേഹം കണ്ട  സ്വപ്നങ്ങൾ വെറും മരീചിക മാത്രമായിരുന്നു. അതിജീവനത്തിന്റെ പാതയിൽ പ്രതികൂല സാഹചര്യങ്ങളോട് മല്ലടിച്ച് ഭക്ഷണവിതരണ സ്ഥാപനത്തിലെ തൊഴിലാളിയായി തുടർന്ന്, ഫോട്ടോഗ്രാഫർ വരെ ആയ സംഭവവികാസങ്ങൾ ആണ് ഇതിലെ ഉള്ളടക്കം. എട്ടു വർഷത്തോളം ജോലി ചെയ്ത തനിക്ക് സാമ്പത്തികനേട്ടമൊന്നും നേടാനായില്ല. പ്രവാസി കൂട്ടായ്മകളിലെ സാന്നിധ്യവും പുരോഗമന ചിന്താശേഷിയുള്ള സുഹൃത്തുക്കളുടെ കൂട്ടുകെട്ടുകളും തന്നിലെ സർഗവാസനകൾ പരിപോഷിപ്പിക്കുന്നതിനിടയായി. ലേഖകന്റെ  അനുഭവങ്ങൾ പ്രവാസജീവിതം നയിച്ച, നയിക്കുന്ന ഓരോരുത്തരുടേയും ജീവിതത്തോട് ചേർത്തുവയ്ക്കാവുന്നതാണ്.  ഗൾഫ് ജീവിതം മതിയാക്കി മടങ്ങിയെത്തിയ താൻ  പത്രപ്രവർത്തനങ്ങളിലേക്ക് തിരിയുകയായിരുന്നു.  ഈടുറ്റ ലേഖനങ്ങൾ, യാത്രാവിവരണങ്ങൾ, പ്രശസ്ത  വ്യക്തികളുമായുള്ള അഭിമുഖങ്ങൾ തുടങ്ങി നിരവധി സാഹിത്യസൃഷ്ടികൾ അദ്ദേഹത്തിന്റെ  തൂലികയിൽ നിന്നും പുറത്തിറങ്ങിയിട്ടുണ്ട്. ഓർമ്മകളും,  അനുഭവങ്ങളും, സാഹിത്യസൃഷ്ടികളും ചേർന്ന ഈ ഗ്രന്ഥം മലയാളി വായനക്കാർക്കും, പ്രവാസി സമൂഹത്തിനും ഏറെ പ്രിയങ്കരമായിരിക്കും.

**പീറ്റർ മാത്യു**, എഡിറ്റർ, പ്രവാസലോകം


PRAVASIS LIMITED
ക്ലാസ് I സൊസൈറ്റി
നിക്ഷേപങ്ങൾ
സ്ഥിര നിക്ഷേപം
സേവിംഗ്സ് എക്കൗണ്ട്
കറന്റ് എക്കൗണ്ട്
നിത്യനിധി എക്കൗണ്ട്
റക്കറിംഗ് എക്കൗണ്ട് (RD)
ഗ്രൂപ്പ് ഡെപ്പോസിറ്റ് (GDS)
വായ്പകൾ
വാഹന വായ്പ
സ്വയം തൊഴിൽ വായ്പ
സ്വർണ്ണപണയ വായ്പ
ഭവന വായ്പ
വ്യക്തിഗത വായ്പ
നിത്യപിരിവ് വായ്പ
NDPREM വായ്പ
ഗോൾഡ് ലോൺ
7% പലിശയിൽ
സഹകാരി കൺസ്യൂമർ കാർഡ്
സാധാരണക്കാരന്റെ ഡിജിറ്റൽ പേയ്മെന്റ്
ഐ.ടി. ഡിവിഷൻ
വെബ് ആപ്ലിക്കേഷൻ
സോഫ്റ്റ് വെയേർസ്
ആൻഡ്രോയ്ഡ് ആപ്ലിക്കേഷൻ
എഡ്യുമിത്ര-സ്റ്റുഡന്റ് ആപ്പ്
ഐ.ടി. കൺസൾട്ടൻസി സർവ്വീസസ്
മുല്ല മിത്ര
സഹകാരി MIS
ഇൻഷൂറൻസ് ഡിവിഷൻ
വാഹന ഇൻഷൂറൻസ്
മെഡി ക്ലെയിം
ജനറൽ ഇൻഷൂറൻസ്
പ്രവാസി ഭീമായോജന
പ്രവാസി സേവാ കേന്ദ്ര
പാസ്പോർട്ട്
പ്രവാസി ക്ഷേമനിധി
നോർക്ക ഐഡി കാർഡ്
മണി ട്രാൻസ്ഫർ
ഫോറിൻ എക്സ്ചേഞ്ച്
ഗൈഡൻസ് & ഹെൽപ് ലൈൻ
പാൻ കാർഡ്
പ്രവാസിസ് അക്കാഡമി
ഓൺ ദ ജോബ് ട്രൈനിംഗ് (OJT)
സ്കിൽ അപ്ഗ്രേഡേഷൻ
ഷോർട്ട് ടേം കോഴ്സുകൾ
പ്രസിഡന്റ്
പി.സെയ്താലികുട്ടി
9388 03 34 16
പ്രവാസി നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ
നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ഡെപ്പോസിറ്റ് ഗ്യാരണ്ടി സ്കീം പരിരക്ഷ
സെക്രട്ടറി
പ്രതീഷ് മുല്ലക്കര
8086 29 81 49
കേരള സംസ്ഥാന പ്രവാസിക്ഷേമ വികസന സഹകരണ സംഘം (പ്രവാസിസ് ലിമിറ്റഡ്) നമ്പർ 4455, മലപ്പുറം
Tel: 0483 273 1702, E-mail: mail@pravasisltd.com